


മരിയഭക്തി ഗാനങ്ങൾ



പരിശുദ്ധാത്മ ഗാനങ്ങൾ



ആരാധനാ ഗാനങ്ങൾ



സ്തുതി സ്തോത്ര ഗാനങ്ങൾ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

# മരിയഭക്തി ഗാനങ്ങൾ


- അമല മനോഹരി അമ്മേ
- അമലമനോഹരി അമ്മേ അവിടുത്തെ
- അമ്മ മേരിയോടൊപ്പം ആരാധിക്കുന്നു
- അമ്മേ അമ്മേ തായെ
- ഇടനെഞ്ചിലെരിയുന്ന കനലിന്റെ ചൂടേററ്
- എത്രയും ദയയുള്ള മാതാവേ നിൻ
- എന്നമ്മയെയോർക്കുമ്പോൾ മാതാവേ
- എളിമയെന്ന പരമപുണ്യം തരണമിന്നമ്മേ
- കനിവോലൂമമ്മേ കന്യാംബേ
- കന്യക മേരി അമ്മേ കാവൽ മാലാഖമാരേ
- കർമ്മലസുമമേ നറുതേൻ കുടമേ
- കർമ്മലസൂമമേ നിർമ്മലസൂമമേ
- കുരിശിൻ ചുവട്ടിലെ അമ്മതൻ നൊമ്പരങ്ങൾ
- കുരിശിൽ നിന്നന്ന് ഞാനീ സ്വരംകേട്ടു
- ചൊല്ലുന്ന നിമിഷം മാതാവിൻ ചാരെ
- ജപമാല കൈകളിലേന്തി
- ജയ്ഹോ തേരീ മറിയം മാതാ
- ജ്ഞാനത്തിൻ ഇരിപ്പിടമേ
- ത്രീലോകരാജ്ഞി മേരി അമ്മേ
- ദൈവപുത്രന്റെ ജനനീ നാഥേ
- നന്മ നേരുമമ്മ വിണ്ണിൻ രാജ കന്യ
- നിത്യവിശുദ്ധയാം കന്യാമറിയമേ
- നിൻ ദിവ്യപാദം തേടുന്നു ഞങ്ങൾ
- നിര– തകർച്ചയിൽ ആശ്വാസമേകാൻ
- നിന്റെ സ്നേമേലങ്കിയാൽ
- നീയെൻെറ വെളിച്ചം
- മറിയത്തോടൊത്തു ധ്യാനിച്ചിടാം
- മേരിമനോജ്ഞേ ദേവമാതാവേ

- ലോകത്തിൻ അമ്മയാം മേരി മാതേ
- വിമലേ അംബികേ നിന്നുടെ സവിധേ
- സമുദ്ര താരമേ മേരിമാതേ
- സൗമ്യേ, സിന്ധുയാത്ര മാതാവേ
- സ്വസ്തി മരിയേ അമ്മേ അമലേ


TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

# പരിശുദ്ധാത്മ ഗാനങ്ങൾ


- അഭിഷേകം അഭിഷേകം
- അരൂപിയാൽ നിറയാൻ കവിയാൻ
- അരൂപിയെ അയച്ചീടണേ
- ആത്മനദി എന്നിലേക്കൊഴുക്കുവാനായ്
- ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ
- ആത്മാവാണെൻ സഹായകൻ
- ആത്മാവിൻ തീനാളങ്ങൾ മഴയായ് പെയ്യട്ടെ
- ആത്മാവിൻ ശക്തി അത്യുന്നത ശക്തി
- ആത്മാവിനാൽ നിറഞ്ഞ് ശക്തരാകുവിൻ
- ആത്മാവിനെ തരൂ ദേവാ ആത്മാവിനെ നേടാൻ
- ആത്മാവേ അഗ്നിയായ് നിറയണമേ
- ആത്മാവേ ആത്മാവേ നിത്യസഹായകനേ
- ആത്മാവേ കനിയണമേ അഭിഷേകം ചൊരിയണമേ
- ആത്മാവേ പരിശുദ്ധാത്മാവേ
- ആത്മാവേ ശുദ്ധാത്മാവേ
- ആദി ചൈതന്യമേ ആത്മ ചൈതന്യമേ
- ആദിയിൽ ആകാശവും അജ്ഞിതഭൂതലവും
- ഉണർവ്വിൻ കൊടുങ്കാറ്റേ നീ വീശണമേ വീ ും
- ഉണർവ്വിന്നേകാൻ പറന്നിറങ്ങൂ പരിശുദ്ധാത്മാവേ
- ഉയരത്തിലെ കാററിവിടെ അടിച്ചീടട്ടെ
- എന്നിൽ വാഴും ത്രിത്വമേ
- ഓ പാവനാത്മാവേ പറന്നിറങ്ങേണമേ
- ഓ..പാവനാത്മാവേ ശൂന്യത നിറയുമീ

- കർത്താവേ  നിന്നാത്മാവാൽ
- കർത്താവിൻ പ്രിയദാസിയാം
- ജീവജലത്തിൻ അരുവിയൊഴുക്കും
- ജീവിക്കും  ദൈവത്തിൻ  അരൂപിയേ
- ജോയേൽ  പ്രവാചകൻ  വഴിയായ്
- തന്നാലും  നാഥാ  ആത്മാവിനെ
- ദൈവാരൂപിയേ സ്നേഹജ്വാലയായ്
- പരിശുദ്ധ റൂഹായേ പാവനത്മാവേ
- പരിശുദ്ധാത്മാവാം  ദൈവമേ
- പരിശുദ്ധാത്മാവേ എന്നിലൂടെ ഒഴുകണമേ
- പരിശുദ്ധാത്മാവേ  നീയെഴുന്നള്ളി
- പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
- പരിശുദ്ധാത്മാവേ പറന്നിറങ്ങണമേ..
- പരിശുദ്ധാത്മാവേ (2) വരദാനത്തിൻ
- പരിശുദ്ധാത്മാവേ  വരമേഴും  നൽകും
- പരിശുദ്ധാത്മാവേ  ശക്തി  പകർന്നിടണേ
- പരിശുദ്ധാത്മാവേ ശക്തിയാലെയിന്ന്
- പരിശുദ്ധാത്മാവേ സഹായകാ
- പാവനാത്മാ വരദായകാ
- പാവനാത്മാവേ  എൻ  ജീവദായകനേ
- പാവനാത്മാവേ പരിശുദ്ധനേ
- പാവനാത്മാവേ പറന്നിറങ്ങണമേ.
- പാവനാത്മാവേ  നീ  വന്ന  നേരം
- പാവനാത്മാവേ  നീ  വരേണമേ
- പുതിയൊരു ജനനം നല്കും പരിശുദ്ധാത്മാവേ
- പെന്തക്കുസ്തനാളിൽ  മുൻമഴപെയ്യിച്ച
- പ്രവാചകൻ എസെക്കിയേൽ ക    ജീവനദിയേ
- ബാവാ പുത്രൻ റൂഹായേ
- യേശു നാഥന്റെ വാഗ്ദാനമേ
- യേശുക്രിസ്തുവിൻ വാഗ്ദാനമേ പരിശുദ്ധാത്മാവേ
- വിശുദ്ധിതൻ  ഉറവിടമാകും  പരിശുദ്ധാത്മാവേ
- വിടുതലിൻ ആത്മാവേ എന്നിൽ നിറയണമേ

- ശുദ്ധാത്മാവേ വന്നെന്നുള്ളിൽ വാസം ചെയ്യണെ
- സഹായകൻ പരിശുദ്ധാത്മാവേ
- റൂഹയിൽ ഞാൻ സ്നാനം ചെയ്തു
-


TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

# ആരാധനാ ഗാനങ്ങൾ


- ആത്മാവിൽ നിറയുന്ന സങ്കീർത്തനം
- ആത്മാവുണരുന്ന നിമിഷം
- ആബാ പിതാവേ, ആരാധന
- ആരതി ആരതി ആരാധന
- ആരാധനയായ് ഏകിടുന്നു
- ആരാധനയിൻ നായകനെ
- ആരാധനയുടെ നിമിഷങ്ങളിൽ
- ആരാധനയ്ക്കുയോഗ്യനേ നിന്നെ ഞങ്ങൾ
- ആരാധനയ്ക്കേറ്റം യോഗ്യനായവനേ
- ആരാധന..... ആരാധന....അബ്രഹാമിൻ
- ആരാധിക്കാം നമുക്കാരാധിക്കാം
- ആരാധിക്കും എന്റെ ദൈവത്തെ
- ആരാധിക്കുമ്പോൾ വിടുതൽ
- ആരാധിക്കുന്നു ആരാധിക്കുന്നു
- ആരാധിക്കുന്നു ഞങ്ങൾ, നിൻ
- ആരാധിക്കുന്നേ,ഞങ്ങൾ ആരാധിക്കുന്നേ
- ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം
- ആരാധിച്ചീടുവാനായി അങ്ങേ സന്നിധി തന്നിൽ
- ആരാധ്യനാഥനെ പാടിവാഴ്ത്തുവിൻ
- ആരാധ്യൻ യേശുപരാ
- ഈശോ അണയും പാവന നിമിഷമിതാ
- ഈശോ എഴുന്നള്ളുമീ നിമിഷം
- എല്ലാ നേരവും സ്തുതി പാടും
- എരിയും മെഴുതിരിപോലെ
- ഏഴുവിളക്കിൻ നടുവിൽ ശോഭപൂർണ്ണനായ്

- ഓ . . . ആരാധന ദൂതന്മാർ പാടുന്നേ
- ഓ ദിവ്യമാം സ്നേഹമേ
- ഓസ്തിയിൽ വാഴും ദൈവമേ
- ദൈവപിതാ – സ്നേഹതാതാ
- ദൈവപിതാവേ അങ്ങയെ ഞങ്ങൾ ആരാധി
- ദൈവ പിതാവേ അങ്ങയെ ഞാൻ
- ദൈവപിതാവേ എന്നുടെ താതൻ നീ
- ദൈവപുത്രാ അങ്ങേയ്ക്കാരാധന
- നിൻപാദം പുണർന്നു ഞാൻ ഒന്ന് ആരാധിക്കട്ടെ
- നീയെത്ര സങ്കേതവും നീയെത്ര കോട്ടയും
- പൂർണ്ണമനസ്സോടും പൂർണ്ണഹൃദയമോടും
- മാലഖമാരൊത്തു വാഴും


TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

# സ്തുതി സ്തോത്ര ഗാനങ്ങൾ

ആ | ഇ | ഈ | ഉ | എ | ഏ | ഒ | ക | ച |
ത | പ | മ | യ | ര | വ | ശ | സ | ഹ | റ |


- അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി
- അക്കരെ നാട്ടിലെ നിത്യഭവനമെത്രയോ മോഹനമേ
- അഖിലേശ്വര നാമം അനവരതം വാഴ്ത്താം
- അങ്ങേ തിരുമുറിവുകളിൽ
- അതിരുകളില്ലാത്ത സ്നേഹം
- അത്യുന്നതന്റെ മറവിങ്കൽ
- അത്ഭുതങ്ങൾ തീർന്നിട്ടില്ല
- അത്ഭുതമായ വിടുതൽ
- അനന്ത സ്നേഹത്തിൻ ആശ്രയം തേടി
- അനുഗ്രഹത്തിൻ അധിപതിയേ
- അനുഗ്രഹമാകും ഞാൻ അനുഗ്രഹമാകും

- അനുതപിച്ചീടുവിനെല്ലാരും, സ്വർഗ്ഗ
- അന്വേഷിക്കുവിൻ ആദ്യം നിങ്ങൾ
- അന്യോന്യം സ്നേഹിക്കുവിൻ, നിങ്ങൾ
- അബ്രാഹത്തിൻ ദൈവമാണെന്റെ ഇടയൻ
- അബ്രാഹത്തിൻ ദൈവമേ
- അവിശ്വാസിയാകാതെ മകനേ
- അസാധ്യമായെനിക്കൊന്നുമില്ല, എന്നെ
- ആകാശം പോലെ വിശാലം
- ആകാശങ്ങളിരിക്കും ഞങ്ങടെ
- ആകാശമാകെ ആത്മാവുണർന്നു തെളിഞ്ഞു
- ആകാശത്തിൻ കീഴിൽ വേറൊരു
- ആകാശം മാറും ഭൂതലവും മാറും
- ആകാശമേ കേൾക്ക
- ആകുലനാകരുതേ- മകനേ
- ആത്മനാഥനേശുവേ നിൻ തിരുമുമ്പിലെന്റെയീ
- ആത്മാവിൽ ദാരിദ്ര്യം പേറുമെങ്കിൽ
- ആത്മാവിൽ വരമരുളിയാലും
- ആത്മാവിന്നാഴങ്ങളിൽ അറിഞ്ഞു നിൻ
- ആന്തരീക സൗഖ്യമേകാൻ നീ വരേണമേ
- ആനന്ദമു ാനന്ദമു ്
- ആബാ ദൈവമേ അലിയും സ്നേഹമേ
- ആബാ പിതാവേ എൻ ദൈവമേ
- ആയിരങ്ങൾ വീണാലും
- ആവോ യേശു ദേവാ
- ആഹാ പാടാം പാടാം നാഥനു ജയസങ്കീർത്തനം
- ആഹ്ലാദചിത്തരായ് സങ്കീർത്തനങ്ങളാൽ
- ആഴങ്ങൾ തേടുന്ന ദൈവം
- ആർത്തുപാടാം തപ്പുതാളവുമായ്

- ഇടയഹിതം കേൾക്കാനണയു കാതുകളേ
- ഇടറി വീഴുവാൻ ഇടതരല്ലേ നീ
- ഇതാ ഞാൻ പിതാവേ ഇതാ ഞാനിതാ
- ഇതുവരെയെന്നെ കരുതിയവൻ
- ഇത്രത്തോളം ജയം തന്ന ദൈവത്തിനു
- ഇത്രത്തോളം യഹോവ സഹായിച്ചു
- ഇത്രനാൾ ഞാൻ മറന്ന
- ഇത്രയഗാധമായ് സ്നേഹിച്ചതില്ല
- ഇന്നയോളം എന്നെ നടത്തി
- ഇന്നു ഞാനാരായിരിക്കുന്നു എന്നത്
- ഇന്നോളമെന്നെന്നും വീണാലും കണ്ണീരോപ്പി
- ഇലപൊഴിയും കാലങ്ങൾക്കപ്പുറം
- ഇല്ലിമുളം കാറേററു പാടി
- ഇസ്രയേലിൻ നാഥനായ് വാഴുമേക ദൈവം
- ഇസ്രയേലിൻ നായകാ
- ഇസ്രായേലിൻ നാഥൻ യഹോവയാം ദൈവം
- ഇസ്രായേലേ സ്തുതിച്ചിടുക
- ഈ യാത്രയിൽ വഴി കാട്ടുവാൻ
- ഈയൊരായുസ്സേ നമുക്കുള്ളു സോദരാ
- ഈശോ എന്നെ സ്പർശിച്ചു
- ഈശോ നീ വന്നാലുമെൻ
- ഈശോയേ നിന്നെ എനിക്കെന്തൊരിഷ്ടം
- ഈശ്വര സച്ചിതാനന്ദ
- ഉണരുണരൂ ദൈവമക്കളേ
- ഉണർത്തണമേ എന്നെ ഉണർത്തണമേ
- ഉണർവ്വിൻ വരം ലഭിപ്പാൻ
- എനിക്കു വേണം നിന്നെ
- എല്ലാ പ്രശംസയും എല്ലാ പുകഴ്ചയും

- എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനവൻ
- എല്ലായിപ്പോഴും എല്ലാ കാര്യത്തിനും
- എല്ലാവരും പങ്കു വെച്ചു
- എല്ലാർക്കും ആശ്വാസമേകുവാൻ
- എല്ലാം അന്യമായ് തീരുമ്പോൾ
- എല്ലാം നന്മയ്ക്കായ് ദൈവമേ നിൻ പദ്ധതികൾ
- എമ്മാനുവേൽ എമ്മാനുവേൽ
- എൻ ജീവിതത്തിൻ തകർച്ചകളിൽ
- എൻ ജീവിതമാം രഥത്തിൽ
- എൻ പ്രിയനേ, യേശു രക്ഷകാ
- എൻ പ്രിയൻ വലംകരത്തിൽ പിടിച്ചെന്നെ
- എൻ യേശുവിൻ സന്നിധിയിൽ എന്നും
- എൻ യേശുവേ നാഥനേ വരണേ
- എെ– ദൈവത്താൽ എെ– ദൈവത്താൽ
- എന്റെ യേശുവെ പോലുന്നതനാരുള്ളു
- എന്റെ ഭാരം ചുമക്കുന്നവൻ . . .യേശു
- എന്നുമെന്റെ കരം പിടിക്കും
- എന്നെ കൈപിടിച്ചുനടത്തുന്ന സ്നേഹം
- എന്നെക്കാക്കും ദൈവം
- എന്നെ നിത്യതയോടടുപ്പിക്കുന്ന
- എന്നേശുനാഥൻെറ പാദത്തിങ്കൽ ഞാൻ
- എണ്ണമില്ലാത്ത പാപങ്ങൾ
- എണ്ണമേറും പാപത്താൽ ഭാരമേറും
- എന്തതിശയമേ ദൈവത്തിൻ സ്നേഹം
- എഫാത്താ എഫാത്താ ഗലീലിലുയർന്ന വചനം
- എഫ്രായേം നീയെ– വൽസലപുത്രൻ
- എഴുന്നള്ളുന്നേശു രാജാവായ്
- എഴുന്നുള്ളുന്നു രാജാവെഴുന്നുള്ളുന്നു

- ഏറ്റേറ്റു ചൊല്ലുന്ന പാപങ്ങൾ നീ
- ഒന്നു തൊട്ടാലും നാഥാ
- ഒന്നുവിളിച്ചാലോടിയെത്ത– അരികിലെത്തും
- ഒരുനാളും എൻ വീഴ്ചകളിനി നീ
- ഒരുനിമിഷം എൻ യേശുവിൻ മുമ്പിൽ
- ഒരുപാടു പാപത്തിൻ ചുമടുമായ് ഞാൻ
- ഒരുവാക്ക് ചൊല്ലാൻ ഒരുനോക്ക് കാണാൻ
- ഒത്തിരിയൊത്തിരി സ്നേഹിച്ചോരെല്ലാം
- ഓ. . ദിവ്യകാരുണ്യമേ, ഓ. . സ്നേഹസാഗരമേ
- ഓരോ നിമിഷവും ഒരായിരം സ്തുതി
- ഓം ഭഗവാൻ ഓം ഭഗവാൻ
- കൺമണിപോലെന്നെ കാത്തുപാലിക്കും
- കണ്ണീരെല്ലാം തുടച്ചീടുവാൻ
- കണ്ണീരൊപ്പും ദൈവവേലകൾ നൽകീടണമേ
- കണ്ണുനീർത്താഴ്വരയിൽ
- കരയുന്ന മിഴികളിൽ കണ്ണീർ തുടയ്ക്കുവാൻ
- കരുതുന്നവൻ ഞാനല്ലയോ
- കരുണ നിറഞ്ഞ പിതാവേ നീ
- കരുണയുള്ള ദൈവം കരുണ കാട്ടും ദൈവം
- കരുണാമയനേ കരുണാമയനേ
- കരുണാരൂപനീശോ
- കർത്താവാണെൻ ഇടയൻ
- കർത്താവ് ഭവനം പണിയാതെ വന്നാൽ
- കർത്താവിൻ സ്നേഹത്തിൽ എന്നും വസിച്ചീടുവാൻ
- കർത്താവിൽ നാം എപ്പോഴും സന്തോഷിക്ക
- കർത്താവിൽ സന്തോഷം അവനെൻ ബലം
- കർത്താവിലെന്നും എന്റെയാശ്രയം
- കർത്താവിന്റെ കരബലം പൂർണ്ണമായ് വെളിപ്പെടും

- കർത്താവേ കരം നീട്ടണമേ
- കഷ്ടങ്ങൾ സാരമില്ല
- കയ്യടിച്ചു പാടിടാം
- കാണുന്നു ഞാൻ വിശ്വാസത്താൽ
- കാരുണ്യവാനായ കർത്താവേ ഞാനിതാ
- കാലത്തിൻ അടയാളങ്ങൾ
- കാറ്റേ കടലേ വാ
- കാൽവരിക്കുന്നിലേയ്ക്കു പോകാം
- കുരിശിൽ നിന്നന്ന് ഞാനീ സ്വരംകേട്ടു
- കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ
- കുഞ്ഞേ നീയെൻ കൈയിൽ ചാഞ്ചാടുമ്പോൾ
- കൂടുമ്പോൾ ഇമ്പമുള്ള കുടുംബം
- കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടേ
- ക്ലേശം സഹിക്കുന്നോർക്കും
- കോടാനുകോടി പാപം മറന്നെന്നെ
- കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
- ക്രൂശിതരൂപനായ് സ്നേഹസ്വരൂപനായ്
- ക്രൂശിൽ ക ു ഞാൻ നിൻ സ്നേഹത്തെ
- ക്രൂശിൻ നിഴലിൽ നീറും മുറിവിൽ
- ക്ഷമാശീലനാമെന്നേശുവേ
- ക്ഷമിക്കുന്ന സ്നേഹം ദൈവിക ഭാവം
- ക്ഷമിക്കുവാനാവാത്ത നിമിഷങ്ങളെ
- ഗാനാലാപനങ്ങളാൽ പൂർണ്ണഹൃദയമോടെ
- ചോര വാർന്ന മുഖവും
- ജീവനേകും ദിവ്യവചനം
- ജീവിതത്തോണി തുഴഞ്ഞുതുഴഞ്ഞു
- ജീവിതമാം അലകടലിൽ തോണിയേറി
- ഞങ്ങൾ ഒന്നായ് നിന്റെ ജനമായ്

- ഞങ്ങൾ നിന്‍ നാമത്തിൽ വരുന്നു
- ഞങ്ങൾ വരവായി യേശുനാഥാ
- ഞങ്ങൾക്കല്ല കർത്താവേ
- ഞാനുറങ്ങാൻ പോകും മുമ്പായ്
- ഞാനെന്‍ ദൃഷ്ടികളുയർത്തിടുന്നു
- ഞാൻ തേടിയതെല്ലാം നേടേ തല്ലെന്നും
- ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
- തമ്പേറിൻ താളത്തോടെ
- തിരുക്കരത്താൽ താങ്ങിയെന്നെ
- തിരുനാമ കീർത്തനം പാടുവാനല്ലങ്കിൽ
- ത്രിഭുവന രാജ കൈതൊഴുന്നേൻ തവ
- ദിവ്യകാരുണ്യനാഥാ നിൻ ദിവ്യപ്രകാശം
- ദു:ഖങ്ങൾ നീക്കിടും ദൈവപുത്രൻ
- ദൈവകൃപയിൽ ഞാൻ ആശ്രയിച്ച്
- ദൈവത്താൽ അസാദ്ധ്യമായ് ഒന്നുമില്ലല്ലോ
- ദൈവത്തിൻ ചൈതന്യമേ
- ദൈവത്തിനു സ്തോസ്ത്രം പാടിടുവിൻ
- ദൈവത്തെ സ്തുതിപ്പിൻ നിത്യം സ്തുതിപ്പിൻ
- ദൈവത്തെ വാഴ്ത്തി പാടാം
- ദൈവത്തെ വാഴ്ത്തിടുവിൻ
- ദൈവപിതാവേ നന്ദി
- ദൈവമക്കൾ പാടുന്നു ഹല്ലേലൂയാ ഓശാനാ
- ദൈവസന്നിധേ ഞാൻ സ്തോത്രം പാടിടും
- ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ
- ദൈവം നമ്മോടുകൂടെ യഹോവയാം
- ദൈവം തന്നതല്ലാതൊന്നും ഇല്ലയെന്റെ ജീവിതത്തിൽ
- ദൈവമേ നിൻഗേഹമെത്ര മോഹനം
- ദൈവാരൂപിയാൽ നിറഞ്ഞിടുവാൻ

- ദൈവാത്മാവാൽ അഭിഷേചിതരാം
- നല്ലിടയാ നല്ലിടയാ വല്ലഭനാമെൻ നായകാ
- നന്ദി ദൈവമേ... നന്ദി ദൈവമേ
- നന്ദി നിറഞ്ഞൊരു ഹൃദയവുമായ്
- ന്യായാധിപനേ കർത്താവേ
- നാടുനിരക്കേയലഞ്ഞുനടക്കും
- നാഥാ- വാഗ്ദാന വാക്യങ്ങളെൻ
- നാഥാ നിനക്കായ് പാടിപ്പാടിയെൻ
- നാഥാ സമർപ്പിക്കുന്നു
- നിൻ തിരുരക്തത്താൽ കഴുകണമേ
- നിൻ ദാനം ഞാൻ അനുഭവിച്ചു
- നിന്നെ പിരിഞ്ഞ് ഒന്നും ചെയ്യുവാൻ കഴിവതില്ല
- നിർമ്മലമായൊരു ഹൃദയമെന്നിൽ
- നിഴലായ് വരുമേ അവനെപ്പോഴും എന്റെ കൂടെ
- നിസ്സാരമാ നിസ്സാരമാ
- നീതിസൂര്യനാം ദൈവമേ
- നീ പ്രഭോ എൻ നല്ലിടയൻ
- നീ ബലവാനാണെങ്കിലും
- നീങ്ങിപ്പോയെന്റെ ഭാരങ്ങൾ
- നീയല്ലാതാരെനിക്കേശുവേ, നീയല്ലാതാരെനിക്ക്
- നീയെന്റെ സ്വന്തം ഞാൻ നിന്റെ ദൈവം
- നീലാകാശക്കോണിൽ തൂവെൺമേഘത്തേരിൽ
- പതിനായിരം പാട്ടുകളാലേ
- പരമപിതാവിന് സ്തുതി പാടാം
- പരിശുദ്ധൻ മഹോന്നത ദേവൻ
- പാടാം ഹല്ലേലൂയ സ്തുതിഗീതങ്ങൾ
- പാടി വാഴ്ത്തുന്നെല്ലാരും പ്രിയനേ നിൻ
- പാടിടാം കൊണ്ടാടിടാം

- പാട്ടു പാടാം കയ്യടിക്കാം
- പാട്ടു പാടി സ്തുതിക്കാം നമുക്ക്
- പാപബോധവും പശ്ചാത്താപവും
- പാവൻ പാവൻ പാവൻ ഈശ്വർ
- പാവനം പാവനം യേശു നാമം പാവനം
- പാവനനാം ആട്ടിടയാ
- പുതിയൊരാത്മാവും പുതിയ ചിന്തയും
- പുതിയൊരു ജീവിതമിനി ഞങ്ങൾ
- പൂത്തപൂഞ്ചപ്പാടം പൂത്തുലയണ നേരം
- പ്രപഞ്ചസ്രഷ്ടാവിൻ നാമം
- പ്രഭാതത്തിലെന്നെ സമർപ്പിച്ചു നാഥാ
- പ്രാർത്ഥനാ ഗാനം പാടി പദതാരിൽനിന്ന്
- പ്രാർത്ഥിച്ചാൽ പ്രവർത്തിക്കും ദൈവമു ്
- പിതാവേ അനന്ത നൻമയാകും പരമോന്നതാ
- പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹമേ
- പെറ്റമ്മയേക്കാൾ സ്നേഹിക്കും ദൈവമേ
- പൊന്നേശു തമ്പുരാൻ തന്നീടും സ്നേഹം
- ഭയമേതുമില്ലെന്റെ ദൈവം
- ഭൂമിയിൽ ഏറെക്കാലം ജീവിച്ചിരിക്കുവാനായ്
- ഭൂവാസികളേ യഹോവയ്ക്കാർപ്പിടുവിൻ
- ഭൂവാസികളും മാലഖവൃന്ദങ്ങളും
- ബലഹീനതയിൽ ബലമേകി
- ബാവാ പുത്രൻ റൂഹായേ
- മനമേ യേശുവിൻ പാദുകമാകു
- മനസ്സാകുമോനാഥാ സുഖമാക്കുവാൻ
- മനസ്സിൽ നിറയും മലിനതയെല്ലാം
- മനുഷ്യാ, നീ മണ്ണാകുന്നു
- മൽപ്രിയനേ എന്നേശുനായകനേ എപ്പോൾ വരും

- മാനുഷാ നീ ലോകമഖിലം നേടിയെന്നാലും
- മാലാഖേ മാലാഖേ എന്റെ കാവൽ മാലാഖേ
- മാറിടാത്ത യേശുനാഥൻ
- മുന്തിരിച്ചെടിതൻ ശാഖയാം ഞാൻ
- മൃദുവായ് നീ തൊടുകിൽ
- യഹോവായിരേ
- യഹോവ യിരേ ദാദാവാം ദൈവം
- യേശു കർത്താവാണെന്നും
- യേശു ക്രിസ്തുവിന്നും ജീവിക്കുന്നു
- യേശുനല്ലവൻ അവൻ വല്ലഭൻ
- യേശു നാമം എന്റെ ആശ്രയം
- യേശു നീ യേശു നീ
- യേശു വിളിക്കുന്നു യേശു വിളിക്കുന്നു
- യേശുവിളിക്കുന്നു ഇന്നും യേശുവിളിക്കുന്നു
- യേശുവിൽ നാമൊരു നവജനമായ്
- യേശുവിൻ മാധുര്യമേറും ഹൃദയമേ
- യേശുവിൻ രക്തത്താലഭിഷേകം
- യേശുവിൻ സ്നേഹത്തിൽ എന്നും വസിച്ചീടുവാൻ
- യേശുവിനെപ്പോലെയാകണം
- യേശുവിനെ കാണേണം
- യേശുവെൻ സ്വന്തം ഹല്ലേലൂയ
- യേശുവേ എൻ ദൈവമേ
- യേശുവേ നീയെനിക്കായ്
- യേശു യേശു യേശുവേ
- രക്ഷകനേശുവേ എന്നിൽ വന്നീടണേ
- രക്തകോട്ട തിരു രക്തകോട്ട
- രാത്രിയിലുള്ള നിന്റെ കരുതലിനും
- രോഗികളെ സുഖമാക്കുന്ന ശക്തി

- വരിക വരിക യേശുവേ
- വരൂ അരുണോദയമേ വരൂ അലയാഴികളേ
- വന്ദനം വന്ദനം സർവ്വലോകാധിപനേശുവേ വന്ദനം
- വാ വാ യേശു ദേവാ
- വാ വാ യേശുനാഥാ
- വാഗ്ദത്തം ചെയ്തവൻ വാക്കു മാറുമോ
- വാനിടവും ഭൂതലവും
- വിടുതലിൻ ദൈവമെ ആരാധന
- വിളികേട്ടുണർന്നിടാം അണിചേർന്നു നീങ്ങിടാം
- വിശ്വസിക്കുന്നു ഞാനെൻ കർത്താവിൻ കൃപയിൽ
- വീണുപോകും വേളകളിൽ
- വെളിച്ചം പകരണമേ വെളിവ് നിറക്കണമേ
- ശ്രീയേശുനാമം അതിശയനാമം
- സഹനം ദൈവത്തിൻ സ്നേഹം
- സമയം സമാഗതമായ്
- സങ്കീർത്തന മാലകൾ പാടി
- സന്തോഷം സന്തോഷം
- സർവ്വശക്തനായൊരു നല്ല ദൈവമേ
- സർവ്വവും യേശുനാഥനായ് സമർപ്പണം
- സാഗരങ്ങളെ ശാന്തമാക്കിയോൻ
- സീയോൻ യാത്രയതിൽ
- സ്തോത്രഗാനങ്ങൾ പാടിപ്പുകഴ്ത്തീടുമേ
- സ്തുതി സ്തുതി എൻമനമേ
- സ്തുതിച്ചു പാട് നീ ദൈവനാമത്തിൽ
- സ്തുതിച്ചു സ്തുതിച്ചു പാടിടാം യേശുനാമത്തെ
- സ്തുതിപ്പിൻ സ്തുതിപ്പിൻ
- സ്തുതിപ്പിൻ സ്തുതിപ്പിൻ നൻമസ്വരൂപനാം
- സ്തുതിപ്പിൻ...സ്തുതിപ്പിൻ...സ്തുതിപ്പിൻ..

- [സ്നേഹ തൂവാല കൊ ു തുടയ്ക്കാം]
- [സ്നേഹമാകാൻ സ്നേഹമേകുവാൻ]
- [സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും]
- [സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യാം]
- [സൃഷ്ടികളേ സ്തുതി പാടുവിൻ]
- [സ്ലീവാ സ്ലീവാ സ്ലീവാ വിജയക്കൊടിയല്ലോ]
- [ഹല്ലേലൂയ സ്തുതി പാടിടും ഞാൻ]
- [ഹേ പ്രഭു ദർശൻ ദോ]
- [റാഫാ . . . യഹോവാ . . .എന്നെ സൗഖ്യമാക്കും]


TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

1

ആരാധിക്കാം നമുക്കാരാധിക്കാം
മാലാഖമാരൊന്നിച്ചാരാധിക്കാം
ആരാധിക്കാം നമുക്കാരാധിക്കാം
ആത്മാവിൻ ശക്തിയോടാരാധിക്കാം (2)

ദാനിയേലോ സിംഹക്കുഴിയിൽ ആരാധിച്ചപോൾ
അപ്പസ്തോലർ ജയിലുകളിലാരാധിച്ചപോൾ
ദൈവജനം രക്തം ചിന്തി ആരാധിച്ചപോൾ
കഷ്ടതയിൽ ഞങ്ങളങ്ങേ ആരാധിക്കുന്നു.

(ആരാധിക്കാം

ആദ്യസഭ വാളിൻ മുമ്പിൽ ധീരതയോടെ
ഹല്ലേലൂയ ഗീതം പാടി ആരാധിച്ചപോൾ
യേശുവിനായ് ഈ ലോകത്തിൽ മരണം വന്നാലും
ഹല്ലേലൂയ ഗീതം പാടി ആരാധിക്കുമേ

(ആരാധിക്കാം

ജീവിതത്തിൽ വേദനകളേറിടുമ്പോൾ
കഷ്ടനഷ്ട പീഢകളേറിടുമ്പോൾ
പീഢിതർക്കായ് രാജ്യം നൽകും സ്വർഗ്ഗനാഥനേ
നന്ദിചൊല്ലി നന്ദിചൊല്ലി ആരാധിക്കാം

(ആരാധിക്കാം

എല്ലാ നാവും നിന്റെ നാമം പാടിടുന്ന

സ്നേഹരാജ്യം സ്വപ്നം ക ് ആരാധിക്കുന്നു
എല്ലാ മുട്ടും നിന്റെ മുമ്പിൽ മടങ്ങിടുന്ന
ദൈവരാജ്യം സ്വപ്നം ക ് ആരാധിക്കുന്നു
(ആരാധിക്കാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

2

ആരാധിക്കുമ്പോൾ വിടുതൽ
ആരാധിക്കുമ്പോൾ സൗഖ്യം (2)
ദേഹം ദേഹി ആത്മാവിൽ
സമാധാനം സന്തോഷം
ദാനമായ് അവൻ നൽകീടും (2)

പ്രാർത്ഥിക്കാം ആത്മാവിൽ
ആരാധിക്കാം കർത്തനെ
നല്ലവൻ അവൻ വല്ലഭൻ (2)
വിടുതൽ എന്നും പ്രാപിക്കാം (2)

മടുത്തു പോകാതെ പ്രാർത്ഥിക്കാം
വിശ്വാസത്തോടെ പ്രാർത്ഥിക്കാം (2)
നീതിമാന്റെ പ്രാർത്ഥന
ശ്രദ്ധയുള്ള പ്രാർത്ഥന
ഫലിക്കും രോഗിക്ക് സൗഖ്യമായ് (2)
(പ്രാർത്ഥിക്കാം ആത്മാവിൽ
യാചിപ്പിൻ എന്നാൽ ലഭിക്കും
അന്വേഷിപ്പിൻ കെ ത്തും (2)
മുട്ടുവിൻ തുറക്കും സ്വർഗ്ഗത്തിൻ കലവറ
പ്രാപിക്കാം എത്രയോ നന്മകൾ (2)
(പ്രാർത്ഥിക്കാം ആത്മാവിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

3

ആരാധന..... ആരാധന....
അബ്രഹാമിൻ നാഥന് ആരാധന
യാക്കോബിൻ ദൈവമേ ആരാധന
ഇസഹാക്കിൻ ഇടയനേ ആരാധന

ഇസ്രയേലിൻ രാജനേ ആരാധന

ആത്മാവിലായിരം മുറിവുണങ്ങിടും
ആത്മീയ നിമിഷമീയാരാധന
ആത്മശരീര വിശുദ്ധി നൽകും
അനുഗ്രഹ നിമിഷമീ ആരാധന

തുമ്പങ്ങളെല്ലാം മാറ്റുന്ന ദൈവം
അണയുന്ന നിമിഷമീയാരാധന
അലറുന്ന സാത്താനെ ആട്ടിയകറ്റുന്ന
അഭിഷേക നിമിഷമീയാരാധന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

4

ആബാ ദൈവമേ അലിയും സ്നേഹമേ
ആശാനാളമേ അഭയം നൽകണേ
നിൻ– ദിവ്യരാജ്യം മന്നിടത്തിൽ വരണം
നിൻ– ഉള്ളം ഭൂവിലെന്നും നിറയാൻ
മണ്ണും വിണ്ണും പാടും നിൻ– പുണ്യഗീതം
പാരിടത്തിൽ ദൈവരാജ്യം പുലരാൻ
അന്നന്നുള്ള ദിവ്യഭോജ്യം ഞങ്ങൾക്കിന്നും
നൽകിടേണം – താതനാം മഹേശനേ (2)
(ആബാ ദൈവമേ

സ്വർഗ്ഗരാജ്യസീയോനിൽ വാനദൂതരെല്ലാരും
കീർത്തിക്കും രാജാവേ
മന്നിടത്തിൽ മാലോകർ ആമോദത്തോടൊന്നായി
പൂജിക്കും രാജാവേ (2)
(നിൻ– ദിവ്യരാജ്യം
(ആബാ ദൈവമേ

അദ്ധ്വാനിച്ചീടുന്നോനും ഭാരം വഹിക്കുന്നോനും
ആലംബം നീയല്ലോ
പ്രത്യാശിച്ചീടുന്നോർക്ക് നിത്യരക്ഷയേകീടും
ആനന്ദം നീയല്ലോ (2)

(നിത്യ ദിവ്യരാജ്യം
(ആബാ ദൈവമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

5

ആത്മനാഥനേശുവേ നിൻ തിരുമുമ്പിലെന്റെയീ

ആത്മാർപ്പണം . . . ഹൃദയാർപ്പണം

എന്റെ ദേഹദേഹിയും ആശയും പ്രതീക്ഷയും

സാദരം നിൻ സവിധം ഒന്നായ് ചേർത്തുനിൽപ്പൂ ഞാൻ

(ആത്മനാഥനേശുവേ

ജീവനാഥനേശുവേ നിൻ മഹിതപദമലർസവിധമീ

ഉരുകുമെന്റെ ഹൃദയതാലം അർപ്പണം ചെയ്‌വൂ

ഞാനുമെന്റെ സകലതും നിനക്കു സ്വന്തമായിടാൻ

നിന്നിൽ ഞാനും എന്നിൽ നീയും ഒന്നു ചേരവാൻ. .

(ആത്മനാഥനേശുവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

6

ആബാ പിതാവേ, ആരാധന
സ്നേഹസ്വരൂപാ, ആരാധന
സ്വർല്ലോകത്തിൻ രാജാവാകും
സർവ്വേശ നാഥാ, ആരാധന

സ്നേഹതാതാ , ദൈവപുത്രാ
പാവനാത്മാ, ആരാധന (2)
(ആബാ പിതാവേ
ഓരോ പ്രഭാതവും പുതുസ്നേഹത്താൽ
നിറയ്ക്കുന്ന ദൈവമേ ആരാധന
ഓരോ നിമിഷവും കൃപയേകിടും
അനവദ്യ സ്നേഹമേ ആരാധന (2)

സ്നേഹതാതാ, ദൈവപുത്രാ
പാവനാത്മാ, ആരാധന (2)
(ആബാ പിതാവേ, ആരാധന
സ്തുതികളിൽ വാഴുന്ന ത്രീയേകനേ
സ്തുതിയും പുകഴ്ചയും ഏകിടുന്നേ
ആദിയും അന്തവുമായവനേ
ആത്മാവിലുണരുന്ന ആരാധന (2)

സ്നേഹതാതാ, ദൈവപുത്രാ
പാവനാത്മാ, ആരാധന (2)
(ആബാ പിതാവേ, ആരാധന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

7

ആബാ പിതാവേ എൻ ദൈവമേ
പുത്രനാം യേശുവേ എൻ ദൈവമേ
പാവനാത്മാവേ എൻ ദൈവമേ
ത്രീയേക ദൈവമേ ആരാധന

സ്വർഗ്ഗപിതാവേ ആരാധന
രക്ഷകനേശുവേ ആരാധന
ദിവ്യരൂപിയേ ആരാധന
എൻ ഹൃത്തലെന്നും നീ വാഴേണമേ
(ആബാ പിതാവേ

കാരുണ്യ രൂപനേ എൻ ദൈവമേ
ജീവന്റെ നാഥനേ എൻ ദൈവമേ
റൂഹായാം ദൈവമേ എൻ ദൈവമേ
ആത്മാവിൽ എന്നും നീ വന്നീടണേ
(ആബാ പിതാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

8

അബ്രാഹത്തിൻ ദൈവമാണെന്റെ ഇടയൻ
ഇസഹാക്കിൻ ദൈവമാണെന്റെ ഇടയൻ
യാക്കോബിൻ ദൈവമാണെന്റെ ഇടയൻ

അത്യുന്നതനാണെന്റെ നല്ലയിടയൻ (2)

ഭയപ്പെടില്ല തെല്ലും ഭയപ്പെടില്ല
അത്യുന്നത ദൈവമാണെന്റെ ഇടയൻ (2)
ഇടറുകില്ല ഞാൻ തളരുകില്ല
സർവ്വശക്തതനാണെന്റെ നല്ലയിടയൻ(2)

തേനും പാലും ഒഴുകുന്ന കാനാൻ ദേശമൊരുക്കി
മന്നപൊഴിച്ചന്നു ദൈവമനുഗ്രഹിച്ചു
ഇസ്രായേലിൻ അടിമത്തച്ചങ്ങലകൾ പൊട്ടിച്ചന്നു
ആഴിതന്നിലൂടെ ദൈവം വഴിതെളിച്ചു
കാരുണ്യത്തിൻ കൈപിടിച്ചു സ്വന്തജനത്തെ
മരുഭൂവിലൂടെയെന്നും അവൻ നയിച്ചു (2)
(അബ്രാഹത്തിൻ ദൈവമാണെന്റെ

ഭയപ്പെടില്ല തെല്ലും ഭയപ്പെടില്ല
അത്യുന്നത ദൈവമാണെന്റെ ഇടയൻ (1)
ഇടറുകില്ല ഞാൻ തളരുകില്ല
സർവ്വശക്തതനാണെന്റെ നല്ലയിടയൻ(1)

പാപത്തിന്റെ കരിനിഴൽ മന്നിലെങ്ങും നിറഞ്ഞു
പരിശുദ്ധൻ മനുജനായ് മന്നിൽ പിറന്നു
മാനവർക്കു രക്ഷയേകാൻ മന്നിടത്തിൽ മരിച്ചു
നിത്യജീവനേകി ദൈവമനുഗ്രഹിച്ചു.
ഇത്രത്തോളം സ്നേഹമേകും സത്യദൈവമേ
അങ്ങുമാത്രമങ്ങുമാത്രം നല്ലയിടയൻ (2)
(അബ്രാഹത്തിൻ ദൈവമാണെന്റെ

ഭയപ്പെടില്ല തെല്ലും ഭയപ്പെടില്ല
അത്യുന്നത ദൈവമാണെന്റെ ഇടയൻ (2)
ഇടറുകില്ല ഞാൻ തളരുകില്ല
സർവ്വശക്തതനാണെന്റെ നല്ലയിടയൻ(4)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 9

അബ്രാഹത്തിൻ ദൈവമേ
ഇസഹാക്കിൻ ദൈവമേ
യാക്കോബിൻ പ്രിയ ദൈവമേ
വാഴ്ത്തീടാം തിരുനാമം (2)

അവിടുന്നല്ലോ സത്യം
അവിടുന്നല്ലോ സ്നേഹം
അവിടുന്നല്ലോ ജീവൻ
അവിടുന്നേക ദൈവം (2)
(അബ്രാഹത്തിൻ ദൈവമേ (2)

ഹോറബിൽ മാമലയിൽ
മുൾപ്പടർപ്പിൻ നടുവിൽ
ഉണർന്നു കത്തിജ്വലിച്ചവനേ
ഉണർവ്വിൻ വരമേകണമേ (2)

അവിടുന്നല്ലോ സത്യം
അവിടുന്നല്ലോ സ്നേഹം
അവിടുന്നല്ലോ ജീവൻ
അവിടുന്നേക ദൈവം (2)
(അബ്രാഹത്തിൻ ദൈവമേ (2)

ഹാഗാറിനായി മരുഭൂവിൽ
ദാഹജലത്തിൻ ഉറവ
രക്ഷകനിഞ്ഞു പകർന്നവനേ
പുതുജീവൻ പകരണമേ (2)
(അബ്രാഹത്തിൻ ദൈവമേ (2)

അവിടുന്നല്ലോ സത്യം
അവിടുന്നല്ലോ സ്നേഹം
അവിടുന്നല്ലോ ജീവൻ
അവിടുന്നേക ദൈവം (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

10

ആഹ്ലാദചിത്തരായ് സങ്കീർത്തനങ്ങളാൽ
ദൈവത്തെ വാഴ്ത്തീടുവിൻ
ശക്തി സങ്കേതമാം ഉന്നതനീശനെ
പാടി പുകഴ്ത്തീടുവിൻ
(ആഹ്ലാദചിത്തരായ്

തപ്പുകൾ കൊട്ടുവിൻ കിന്നര വീണകൾ
ഇമ്പമായ് മീട്ടീടുവിൻ (2)
ആർത്തു ഘോഷിക്കുവിൻ

കാഹളം മുഴക്കുവിൻ
ആമോദമോടെ വാഴ്ത്തുവിൻ (2)
(ആഹ്ലാദചിത്തരായ്
നാഥനെ വാഴ്ത്തുക ഇസ്രയേലിന്നൊരു
ചട്ടമാണോർത്തീടുവിൻ (2)
സ്തുതികളിൽ വാണിടും
സർവ്വശക്തനെ സദാ
സ്തോത്രങ്ങളാൽ പുകഴ്ത്തുവിൻ (2)
(ആഹ്ലാദചിത്തരായ്
കഷ്ടകാലത്തവൻ മോചനം നല്കിയെൻ
ഭാരവും നീക്കി ദയാൽ (2)
താളമേളങ്ങളാൽ പാട്ടുപാടി ഉന്നത
നാമം സദാപി വാഴ്ത്തുവിൻ (2)
(ആഹ്ലാദചിത്തരായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

11

ആകാശം മാറും ഭൂതലവും മാറും
ആദിമുതൽക്കേ മാറാതുള്ളത്
നിൻ വചനം മാത്രം
കാലങ്ങൾ മാറും രൂപങ്ങൾ മാറും
അന്നും ഇന്നും മായാതുള്ളത്
തിരുവചനം മാത്രം

വചനത്തിൻ- വിത്തു വിതക്കാൻ പോകാം
സ്നേഹത്തിൻ- കതിരുകൾ കൊയ്യാൻ പോകാം (2)
(ആകാശം മാറും
ഇസ്രായേലേ ഉണരുക നിങ്ങൾ
വചനംകേൾക്കാൻ ഹൃദയമൊരുക്കൂ(2)
വഴിയിൽ വീണാലോ വചനം ഫലമേകില്ല
വയലിൽവീണാലെല്ലാം കതിരായിടും
വയലേലകളിൽ കതിരുകളായി (2)
വിളകൊയ്യാനായ് അണിചേർന്നീടാം

കാതുണ്ടായിട്ടും എന്തേ കേൾക്കുന്നില്ല
മിഴികൾ സത്യം എന്തേ കാണുന്നില്ല(2)
(ആകാശം മാറും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

12

ആകാശം പോലെ വിശാലം
നാഥാ നിൻസ്നേഹമെത്രയഗാധം
പെറ്റമ്മ പോലും അറിയും മുമ്പേ
സ്നേഹിച്ചുവല്ലോ എന്നെ
നാഥാ സീമാതീതമനന്തം
(ആകാശം പോലെ

ജനിക്കുംമുമ്പേ എൻപേരും രുപവും
ഉള്ളം കയ്യിൽ നീ കുറിച്ചുവല്ലോ
ഒരു വാക്കു നാവിൽ വിരിയുംമുമ്പേ
അതുപോലുമറിവൂ നീയൊരുവൻ
ചിന്തകൾ പണ്ടേ നീയറിവൂ
(ആകാശം പോലെ

ആകാശത്തിൽ കുരുവികളെയും
വയലിലെ മൃദുവാം പൂവിനേയും
വീഴാതെ കാക്കുന്ന കരുണാമഹേശ്ന്റെ–
വാത്സല്യഭാജനം ഞാനല്ലോ
എന്നെ പാലിക്കുമവിടുന്നു കൃപയാലേ
(ആകാശം പോലെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

13

ആകാശമാകെ ആത്മാവുണർന്നു തെളിഞ്ഞു
ശ്രീയേശുവായി വചനം ജഗത്തിൽ വിരിഞ്ഞു
താതന്റെ സ്നേഹം ആത്മീയമാരി ചൊരിഞ്ഞു
ജീവന്റെ വചനമെങ്ങും നിറഞ്ഞു കവിഞ്ഞു

യേശുവിൻ സ്നേഹമാകാം
യേശുവിൻ സ്നേഹമേകാം
ഈ വചനമാകുന്ന സത്യത്തിലൂടെ
ലോകത്തിലെങ്ങും പോകാം

വറ്റിവരളുന്ന മാനസങ്ങൾ ഉറ്റുനോക്കുന്നു നമ്മളെ
ചുറ്റുമുയരുന്ന രോദനങ്ങൾ
കേൾക്കുമോ ഹൃദയങ്ങളെ
ഒരു തരി സ്വാന്തനമേകാൻ
ഒരു കൈത്തിരിയായ് തെളിയാൻ
വഴിയും സത്യവുമായവനീശോ
അയയ്ക്കുന്നിതാ നമ്മെ

(യേശുവിൻ സ്നേഹമാകാം

ഒഴുകിയെത്തുന്ന തീരമെല്ലാം കുളിരുകോരട്ടെ ജീവനാൽ
ഉയിരുനേടുന്ന ജീവിതങ്ങൾ സ്തുതികൾ പാടട്ടെ
നാഥനായ് ഒരുനവലോകം പണിയാൻ
ഒന്നായ് സ്വർഗ്ഗം പൂകാൻ
നിത്യജീവനാം സത്യനായകൻ വിളിക്കുന്നിതാ നമ്മെ

(യേശുവിൻ സ്നേഹമാകാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 14

ആകാശമേ കേൾക്ക
ഭൂമിയേ ചെവി തരിക
ഞാൻ മക്കളെ പോറ്റി വളർത്തി
അവർ എന്നോടു മൽസരിക്കുന്നു

(ആകാശമേ കേൾക്ക

കാള തന്റെ ഉടയവനേ
കഴുത തന്റെ യജമാനന്റെ
പുൽത്തൊട്ടി അറിയുന്നല്ലോ
എൻ ജനം അറിയുന്നില്ല.

(ആകാശമേ കേൾക്ക

അകൃത്യഭാരം ചുമക്കും ജനം
ദുഷ്പ്രവർത്തിക്കാരുടെ മക്കൾ
വഷളായി നടക്കുന്നവർ
ദൈവമാരെന്നറിയുന്നില്ല

(ആകാശമേ കേൾക്ക

ആകാശത്തിൽ പെരിഞ്ഞാറയും

കൊക്കും മീവൽ പക്ഷിയും
അവർ തൻ- കാലമറിയും
എൻ ജനമറിയുന്നില്ല
(ആകാശമേ കേൾക്ക

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 15

ആകാശങ്ങളിരിക്കും ഞങ്ങടെ
അനശ്വരനായ പിതാവെ
അവിടത്തെ നാമം വാഴ്ത്തപ്പെടേണമെ
അവിടത്തെ രാജ്യം വരേണമേ
(ആകാശങ്ങളിരിക്കും. . .
സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും
നിൻെറ സ്വപ്നങ്ങൾ വിടരേണമേ
അന്നന്നു ഞങ്ങൾ വിശന്നു വരുമ്പോൾ
അപ്പം നൽകേണമേ. . .
ആമ്മേൻ. . . ആമ്മേൻ. . . ആമ്മേൻ.
(ആകാശങ്ങളിരിക്കും. . .
ഞങ്ങൾ തൻ കടങ്ങൾ പൊറുക്കേണമേ
എന്നും ഞങ്ങളെ നയിക്കേണമേ
അഗ്നി പരീക്ഷയിൽ വീഴാതെ ഞങ്ങളെ
രക്ഷിച്ചീടണമേ
ആമ്മേൻ. . . ആമ്മേൻ. . . ആമ്മേൻ.
(ആകാശങ്ങളിരിക്കും. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 16

ആകാശത്തിൻ കീഴിൽ വേറൊരു
നാമമില്ലല്ലോ യേശുനാമമല്ലാതെ
യേശുനാമമല്ലാതെ
മാനവരക്ഷയ്ക്കൂഴിയിൽ വേറൊരു
നാമമില്ലല്ലോ യേശുനാമമല്ലാതെ
യേശുനാമമല്ലാതെ

പറുദീസായിൽ ദൈവം തന്നൊരു

രക്ഷാ വാഗ്ദാനം – യേശുനാഥനല്ലയോ
പ്രവാചക ാർ മുന്നേ ചൊന്നൊരു
രക്ഷാസന്ദേശം – യേശുനാഥനല്ലയോ

ദൈവം മാനവ രക്ഷയ്ക്കായ്
തന്നൊരു നാമമേ,
യേശുവെന്നൊരു നാമമേ
മൂലോകങ്ങൾ മുട്ടുമടക്കും
ഉന്നതനാമമേ യേശുവെന്നൊരു നാമമേ (2

മറ്റൊരുവനിലും രക്ഷയതില്ല
യേശുവിലല്ലാതെ– ഏകരക്ഷകനവനല്ലോ
യേശുവിലുള്ളൊരു വിശ്വാസത്താൽ
രക്ഷവരിച്ചീടാം– നിത്യ രക്ഷവരിച്ചീടാം (2

വഴിയും സത്യവും ജീവനുമേശു
മാത്രമല്ലയോ– പരനേകമദ്ധ്യസ്ഥൻ
താതന്നരികിൽ ചേരാനുള്ളൊരു
വഴിയല്ലോ യേശു– ഏകവഴിയല്ലോയേശു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

17

അഖിലേശ്വര നാമം അനവരതം വാഴ്ത്താം
അണയാം ഒരു ഗണമായ് അണിയായ് ഒരു മനമായ്
രൂരൂ രൂരൂ രൂരൂ രൂരൂ

താരകളേ വിരിയും പുലരികളേ
തളിരുകളേ പോരൂ മഞ്ഞിൻ കണികകളേ
പറവകളേ വാനിൻ മുകിലുകളേ
മലരുകളേ മൃദുവായ് വാഴ്ത്താം നായകനെ
(അഖിലേശ്വര നാമം

സന്ധ്യകളേ മഴവിൽ മാലകളേ

സുരഭിയുമായ് പോരൂ വയലിൻ ലില്ലികളേ
അരുവികളേ പാടൂ കുരുവികളേ
തടിനികളേ മൃദുവായ് വാഴ്ത്താം നായകനെ
(അഖിലേശ്വര നാമം

ഹൊഹോഹോ ഹൊഹോഹോ ഹൊഹോഹോ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

18

അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരീ
ഓളങ്ങൾ ക ു നീ ഭയപ്പെടേ
കാറ്റിനേയും കടലിനേയും
നിയന്ത്രിപ്പാൻ കഴിവുള്ളോൻ പടകിലു ്.

എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണ് എന്റെ ശാശ്വതനാട്
അവിടെനിക്കൊരുക്കിയ ഭവനമു ്

വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
ത ുവലിച്ചു ഞാൻ വലഞ്ഞിടുമ്പോൾ
ഭയപ്പെടേ കർത്തൻ കൂടെയു ്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത്

മരണ യോർദ്ദാൻ കടക്കുമ്പോഴും
അവിടെയും വിശ്വാസി ഭയപ്പെടേ
മരണത്തെ ജയിച്ചേശു കൂടെയു ്
ഉയർപ്പിക്കും കാഹളധ്വനിയതിങ്കൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

19

ആകുലനാകരുതേ- മകനേ
അസ്വസ്ഥനാകരുതേ
ആധിയാലായുസിനെ നീട്ടാൻ
ആവുമോ നരനുലകിൽ

സോളമനേക്കാൾ മോടിയിലായ്

ലില്ലിപ്പൂവുകളണിയിപ്പോൻ
നിന്നെ കരുതി നിനച്ചിടുമേ
പിന്നെ നിനക്കെന്താശങ്ക ?

വിതയും കൊയ്ത്തും കലവറയും
അറിവില്ലാത്തൊരു പറവകളെ
പോറ്റും കരുണാമയനല്ലോ
വത്സല താതൻ പാലകനായ്

ക്ലേശം ദുരിതം പീഡനവും
രോഗമനർത്ഥം ദാരിദ്ര്യം
ഒന്നും നിന്നെയകറ്റരുതേ
രക്ഷകനിൽ നിന്നൊരുനാളും

(ആകുലനാകരുതേ- മകനേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

20

അത്ഭുതമായ വിടുതൽ
തലമുറകൾക്കെന്നും അവകാശം
യേശുവിൻ ബലിയുടെ യോഗ്യതയാലേ
ബന്ധനത്തിൽ നിന്നും വിടുതൽ (2)

ബന്ധനമഴിയട്ടെ കെട്ടുകൾ പൊട്ടട്ടെ
യേശുവിെ- തിരുരക്തം
ഞങ്ങളിൽ നിറയട്ടെ (2)

യേശുവിെ- തിരുരക്തത്താൽ
അടിമച്ചങ്ങല അഴിയട്ടെ (2)
സാത്താനേ..... നീ നിത്യനരകത്തിൽ പോകൂ
ഞാനും എെ- കുടുംബവുമെല്ലാം
യേശുവിെ- തുമാത്രം (2)

(അത്ഭുതമായ വിടുതൽ)

തിന്മകളൊന്നും തൊടുകയില്ല

അനർത്ഥങ്ങളൊന്നും തൊടുകയില്ല (2)
ഈശോയേ..... മരണത്തെ ജയിച്ചവനേ
കർത്താവായി അധിപതിയായി
എന്നെന്നും വാഴണമേ (2)
(അത്ഭുതമായ വിടുതൽ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

21

അത്ഭുതങ്ങൾ തീർന്നിട്ടില്ല
അടയാളങ്ങൾ തോർന്നിട്ടില്ല
കാലത്തിൽ ഈ ലോകത്തിൽ
ദൈവശക്തി കുറഞ്ഞിട്ടില്ല
ദൈവത്തിൻ കൈ താന്നിട്ടില്ല
ലോകത്തിൽ ഈ കാലത്തിൽ

പെരുമഴപോൽ പെരുമഴപോൽ പെയ്യുന്നു
അത്ഭുതവും വിടുതലുമീ ജനതതിയിൽ

സങ്കടമായും ചെങ്കടലെന്നെ ചുററുമ്പോൾ – (2)
തൃക്കരമെന്നെ താങ്ങുന്നേ
അക്കരെയെത്തിച്ചീടുന്നേ (2)
(അത്ഭുതങ്ങൾ തീർന്നിട്ടില്ല

നീ കടക്കും കണ്ണീർക്കുഴിയിൽ
ദൈവം ഇറങ്ങിവരുന്നു
നിന്റെ രോഗശയ്യയിലേയ്ക്ക്
യേശു നടന്നുവരുന്നു.
ഇപ്പോൾത്തന്നെ സൗഖ്യം നേടും നീ
ഇപ്പോൾത്തന്നെ വിടുതൽ പ്രാപിക്കും
രോഗക്കിടക്ക മടക്കിയെടുത്ത്
ശാപക്കിടക്ക ചുരുട്ടിയെടുത്ത്
ജീവനിലേയ്ക്കു നടന്നുപോകൂ നീ
(അത്ഭുതങ്ങൾ തീർന്നിട്ടില്ല

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

22

അനന്ത സ്നേഹത്തിൻ ആശ്രയം തേടി

മരിച്ചവനൊരു നാൾ തിരിച്ചു വന്നു
അത് സുവിശേഷകഥയിലെ ധൂർത്തപുത്രൻ (2)
(അനന്ത സ്നേഹത്തിൻ. . .

ആ ധൂർത്തൻ ഞാനായിരുന്നു
ആ താതൻ ദൈവമായിരുന്നു
ആ പിതൃവാത്സല്യം അലിവോടെയെന്നെ
വഴി നോക്കി നിൽക്കയായിരുന്നു
(അനന്ത സ്നേഹത്തിൻ. . .

ആ ദിവസം ഇന്നായിരുന്നു
ആ ഭവനം യേശുവായിരുന്നു
സുവിശേഷം കേൾക്കുമ്പോൾ
ആത്മാവിലെന്നെ
തഴുകുന്ന സ്നേഹമായിരുന്നു
(അനന്ത സ്നേഹത്തിൻ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

23

അങ്ങേ തിരുമുറിവുകളിൽ
എന്നെ മറയ്ക്കേണമേ
അങ്ങേ തിരുഹൃദയത്തിൽ
എന്നെ ഇരുത്തേണമേ
എല്ലാം എനിക്കെന്റെ ഈശോ
എന്റെ ജീവന്റെ ജീവനാം ഈശോ

രാജാധിരാജൻ കാലിത്തൊഴുത്തിൽ
മനുജനായ് തീർന്നതിൻ രഹസ്യമെന്തേ
പാപിയീ ദാസന് പാഥേയമേകാൻ
തിരുവോസ്തിയായതിൻ രഹസ്യമെന്തേ
അറിയില്ല നാഥാ ഒന്നെനിക്കറിയാം
സ്നേഹം സ്നേഹം സ്നേഹമെന്ന്

നീതിമാൻ ദൈവം കാൽവരിക്രൂശിൽ
ബലിദാനമായതിൻ രഹസ്യമെന്തേ
മൃതിയെത്തകർത്ത് മൂന്നാംദിനത്തിൽ
ഉയിർത്തെഴുന്നേറ്റതിൻ രഹസ്യമെന്തേ

അറിയില്ല നാഥാ ഒന്നെനിക്കറിയാം
സ്നേഹം സ്നേഹം സ്നേഹമെന്ന്
(അങ്ങേ തിരുമുറിവുകളിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

24

ആന്തരീക സൗഖ്യമേകാൻ നീ വരേണമേ
ദാവീദിൻ സുതനെ എന്നിൽ കനിവു തോന്നണമേ (2)

അമ്മതൻ ഉദരത്തിൽ ഞാൻ കിടന്നപ്പോൾ
അമ്മയിൽ ഭവിച്ച തിന്മകളെന്നിലു ങ്കിൽ
അവയെല്ലാം നീക്കി എന്നിൽ മോചനം നൽകൂ
നിന്റെ ദിവ്യസ്പർശനത്താൽ സൗഖ്യവും നൽകൂ
(ആന്തരീക സൗഖ്യമേകാൻ
ഗർഭത്തിൽ ഭ്രൂണമായ് വളർന്ന കാലം
അമ്മയിൽ വന്നതാം കോപനീരസം
വൈര്യവും വെറുപ്പുമെന്നിൽ നിറച്ചുവെങ്കിൽ
സർവ്വരോഗ മോചക സൗഖ്യമേകണേ
(ആന്തരീക സൗഖ്യമേകാൻ
ഞാൻ പിറന്ന സ്വന്തവീട്ടിൽ വളർന്ന പ്രായം
അന്നെനിക്കു ലഭിക്കേ സ്നേഹ വാത്സല്യം
പുൽക്കൂട്ടിൽ പിറന്നതാം ഉണ്ണിയേശുവേ
നിന്റെ സ്നേഹവാത്സല്യം നൽകിടൂ എന്നിൽ
(ആന്തരീക സൗഖ്യമേകാൻ
വിദ്യതേടി സ്കൂളിലാദ്യം പോയ നാളതിൽ
ഒരിക്കലും ക ിടാത്ത ഗുരുഭൂതർതൻ
ശിക്ഷണങ്ങളേററു ഞാൻ തളർന്നുവെങ്കിൽ
ഗുരുഭൂതനേശുവേ രക്ഷയേകണേ
(ആന്തരീക സൗഖ്യമേകാൻ
കൗമാര പ്രായത്തിൽ ഞാൻ കടന്നപ്പോൾ
എന്റെ മെയ്യിൽ വന്നതാം വ്യതിയാനങ്ങൾ
നാണവും ഭീതിയും തളർത്തിയെങ്കിൽ
നന്മപൂരിതാ സർവ്വം തൊട്ടുനീക്കണമേ
(ആന്തരീക സൗഖ്യമേകാൻ
യൗവ്വനത്തിൻ തിളപ്പിൽ ഞാൻ ചിന്തയില്ലാതെ
കാമ മോഹ വലയത്തിൽ വീണുലഞ്ഞപ്പോൾ

ആ കുറ്റബോധങ്ങൾ രോഗമായെങ്കിൽ
നിൻദിവ്യ സ്നേഹത്താൽ സൗഖ്യമേകണമേ
(ആന്തരീക സൗഖ്യമേകാൻ
അച്ഛനമ്മമാരിൽ നിന്നും സ്നേഹമില്ലാതെ
ആർക്കുമെന്നെ ഇഷ്ടമില്ല എന്ന തോന്നലും
ആധിയും വ്യാധിയും വിതച്ചുവെങ്കിൽ
ആശ്വാസദായകാ സൗഖ്യമേകണേ
(ആന്തരീക സൗഖ്യമേകാൻ
നീയെനിക്ക് ജീവിതത്തിൽ തുണയായ് തന്ന
ഇണയെ നിൻകരങ്ങളിൽ സമർപ്പിക്കുന്നു
പരസ്പരം കുറവെല്ലാം ക്ഷമിച്ചാമോദാൽ
നിൻഹിതം പോൽ ജീവിക്കാൻ ശക്തിയേകണമേ
(ആന്തരീക സൗഖ്യമേകാൻ
ഈ ഉലകിൽ നഷ്ടമായ സ്നേഹമൊക്കെയും
ഈ നിമിഷം ചൊരിഞ്ഞെന്നെ ധന്യനാക്കണേ
നിന്റെ സ്നേഹസാഗരത്തിൽ മുങ്ങിടട്ടെ ഞാൻ
നിത്യമായ മോചനം നേടിടട്ടെ ഞാൻ
(ആന്തരീക സൗഖ്യമേകാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

25

അനുഗ്രഹത്തിൻ അധിപതിയേ
അനന്തകൃപാ പെരുംനദിയെ
അനുദിനം നിൻ പദംഗതിയേ
അടിയനു നിൻകൃപ മതിയേ

വൻവിനകൾ വന്നീടുകിൽ
വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീ എന്നഭയം
വന്നീടുമോ പിന്നെ ഭയം
(അനുഗ്രഹത്തിൻ അധിപതിയേ
തിരുക്കരങ്ങൾ തരുന്ന നല്ല
ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ
സ്നേഹത്തിൻ പ്രകാശനങ്ങൾ
(അനുഗ്രഹത്തിൻ അധിപതിയേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

26

അനുതപിച്ചീടുവിനെല്ലാരും, സ്വർഗ്ഗ
രാജ്യം സമാഗതമായ്
ദൈവിക രാജ്യം കൈവരിക്കാൻ
സുവിശേഷത്തിൽ വിശ്വസിപ്പിൻ

(അനുതപിച്ചീടു.........

പാപങ്ങളിൽ നിന്നും പിന്തിരിയൂ
മേലിൽ നൽവഴി തേടിടുവിൻ
വെടിയുവിനെല്ലാ തി കളും
എന്നും ന കൾ ചെയ്തിടുവിൻ

(അനുതപിച്ചീടു.........

മലിനതയെല്ലാം കഴുകിടുവിൻ
അനുതാപത്തിൻ മിഴിനീരാൽ
പാപവിമോചകനേശുവിനെ
സ്വന്ത രക്ഷകനായ് വരിക്കൂ

(അനുതപിച്ചീടു.........

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

27

അന്വേഷിക്കുവിൻ ആദ്യം നിങ്ങൾ
ദൈവത്തിൻ രാജ്യം, എന്നാൽ
താതൻ നിങ്ങൾക്കായ് എല്ലാം
ചേർത്തു തന്നീടും

(അന്വേഷിക്കുവിൻ

വാനിടത്തിൽ പറവജാലം
വിതയ്ക്കുന്നില്ലല്ലോ, അവയോ കൊയ്യുന്നില്ലല്ലോ
എങ്കിലുമെൻ താതനെന്നും
പോറ്റിടുന്നല്ലോ അവയെ പോറ്റിടുന്നല്ലോ

(അന്വേഷിക്കുവിൻ

വെൺമയേറും ലില്ലിപ്പൂക്കൾ
കാണുവിൻ നിങ്ങൾ
അവയോ നെയ്യുന്നില്ലല്ലോ

സോളമൻ- മഹിമ പോലും ഇത്രയില്ലല്ലോ
കാൺവിൻ ഇത്രയില്ലല്ലോ

(അന്വേഷിക്കുവിൻ

ദേഹത്തേക്കാൾ ദേഹിയല്ലോ
ശ്രേഷ്ഠമെന്നോർക്കൂ നിങ്ങൾ ശ്രേഷ്ഠമെന്നോർക്കൂ
നീതിയോടെ തേടുകെന്നും
ആത്മകാര്യങ്ങൾ ആദ്യം ആത്മകാര്യങ്ങൾ

(അന്വേഷിക്കുവിൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

28

അന്യോന്യം സ്നേഹിക്കുവിൻ, നിങ്ങൾ
അന്യോന്യം സ്നേഹിക്കുവിൻ (2)
സ്നേഹിച്ചു ജീവൻ തന്നവൻ നാഥൻ
സ്നേഹമായോതുന്നിതാ (2)

(അന്യോന്യം

അന്യർതൻ ദു:ഖത്തിൽ പങ്കു- ചേർന്നീടണം,
അർദ്രത കാട്ടീടണം (2)
ഉള്ളതിൽ പങ്കു നാം അഗതികൾക്കായ്
അറിഞ്ഞു നൽകേണം മടിച്ചിടാതെ (2)

(അന്യോന്യം

ദൈവത്തിൻ നൽസ്നേഹം ഉള്ളിലു-
ള്ളോരാരും ആരോടും കോപിക്കില്ല (2)
എല്ലാം സഹിക്കുവാൻ ക്ഷമിച്ചിടുവാൻ
ശ്രീയേശു നമ്മളോടോതിയല്ലോ (2)

(അന്യോന്യം

അയൽക്കാരെ നമ്മൾ സ്നേഹിക്കാ-
തെങ്ങനെ, ദൈവത്തെ സ്നേഹിച്ചിടും(2)
ക്രിസ്തുവിൻ താഴ്മ നാം ധരിച്ചിടേണം
എളിയവരെ നാം മാനിക്കണം (2)

(അന്യോന്യം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

29

ആരാധനയായ് ഏകിടുന്നു
ആത്മനാഥനായ് ഏകിടുന്നു
ആനന്ദാമൃതമീ നിമിഷം
ദേവാധിദേവൻ വരും നിമിഷം
ആരാധനാസ്തുതി യേശുവേ (2)

തിരുവോസ്തി രൂപൻ ഈശോ
തിരുമാംസം നൽകിയ സ്നേഹം
തകരുമീ മനുജരെ- ജീവിതദു:ഖങ്ങൾ
ഉയർത്തുന്നു നാഥാ അഞ്ജലിയായ്
(ആരാധനയായ് ഏകിടുന്നു

കാരുണ്യവർഷം ചൊരിയും
ക്രൂശിതനായ ദൈവം
കരുണയോടെന്നും കൈകൾ നീട്ടി
അനുഗ്രഹംനൽകും ദൈവസുതൻ.
(ആരാധനയായ് ഏകിടുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

30

ആരാധനയ്ക്കേറ്റം യോഗ്യനായവനേ
അനശ്വരനായ തമ്പുരാനേ
അങ്ങേ സന്നിധിയിൽ അർപ്പിക്കുന്നീ കാഴ്ചകൾ
അവിരാമം ഞങ്ങൾ പാടാം ആരാധന
ആരാധന നാഥാ ആരാധന

ഈ തിരുവോസ്തിയിൽ കാണുന്നു ഞാൻ
ഈശോയെ നിൻ ദിവ്യരൂപം
ഈ കൊച്ചു ജീവിതമേകുന്നു ഞാൻ ഈ
ബലിവേദിയിലെന്നും
അതിമോദം ഞങ്ങൾ പാടാം ആരാധന
ആരാധന നാഥാ ആരാധന

ഈ നിമിഷം നിനക്കേകിടാനായ്
എൻ കൈയ്യിലില്ലൊന്നും നാഥാ
പാപവുമെന്നുടെ ദു:ഖങ്ങളും

തിരുമുമ്പിലേകുന്നു നാഥാ
അതിമോദം ഞങ്ങൾ പാടാം ആരാധന
ആരാധന നാഥാ ആരാധന

(ആരാധനയ്ക്കേറ്റം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

31

ആരാധനയ്ക്കുയോഗ്യനേ നിന്നെ ഞങ്ങൾ
ആരാധിച്ചീടുന്നിതാ
ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിലാരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചിടും ഞാൻ

പാപത്താൽ നിറയപ്പെട്ട എന്നെ നിൻ-
പാണിയാൽ വീണ്ടെടുത്തു
പാവന നിണം തന്നു പാപത്തിൻ കറപോക്കി
രക്ഷിച്ചതാൽ നിന്നെ ഞാൻ എന്നാളും
ആത്മാവിലാരാധിക്കും

(ആരാധനയ്ക്കു...

വാഗ്ദത്തം പോലെ നിൻ- സന്നിധാനേ
നിൻ മക്കൾ കുമ്പിടുന്നു
മദ്ധ്യേ വന്നനുഗ്രഹം ചെയ്തിടാമെന്നുര-
ചെയ്തവൻ നീ മാത്രമാം നിന്നെഞങ്ങൾ
ആത്മാവിലാരാധിക്കും

(ആരാധനയ്ക്കു...

ആദിമനൂറ്റാണ്ടിൽ നിൻ ദാസർ
മർക്കോസിൻ മാളികയിൽ
നിൻ ആത്മാവാൽ നിറഞ്ഞതുപോൽ
നിൻ ദാസർ മദ്ധ്യത്തിൽ നിൻ ശക്തി അയച്ചീടുക
നിന്നെയിന്ന് ആത്മാവിലാരാധിക്കും

(ആരാധനയ്ക്കു...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

32

ആരാധനയുടെ നിമിഷങ്ങളിൽ

ആത്മ നാഥനെ കാണുവാൻ
ആരാധകരിവർ കാത്തിരിപ്പൂ
ആത്മനാഥനേശുവേ

ആരാധന (2) ആയിരം ആരാധന
ആരാധന (2) ആത്മാവിലാരാധന

അങ്ങേ സന്നിധിയിലല്പനേരം
ജീവിപ്പതോ മഹാ ഭാഗ്യമേ
അന്യ ഗൃഹത്തിലൊരായിരം നാൾ
വാഴ്‌വതേക്കാളെത്ര മോഹനം

ആരാധന (2) ആയിരം ആരാധന
ആരാധന (2) ആത്മാവിലാരാധന

തിരുനാമമെന്നും പ്രകീർത്തിക്കാൻ
ജനതകൾ മദ്ധ്യേ പ്രഘോഷിക്കാൻ
ആകാശത്തോളം ഉയർന്നിടുന്ന

സ്തോത്ര ഗീതം ഏറ്റു പാടിടാം

ആരാധന (2) ആയിരം ആരാധന
ആരാധന (2) ആത്മാവിലാരാധന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

33

ആരാധിച്ചീടാം കുമ്പിട്ടാരാധിച്ചീടാം
ആരാധിക്കുമ്പോൾ അപദാനം പാടീടാം
ആ പൂജിതമാം രക്ഷാനാമം വാഴ്ത്തിപ്പാടാം
ആ പദമലരിൽ താണുവീണുവന്ദിച്ചീടാം
ആത്മനാഥാ ഞാൻ നിന്നിൽ ചേരേണം
എൻ മനസ്സിൽ നീ നീണാൾ വാഴേണം

(ആരാധിച്ചീടാം

യേശുനാഥാ ഒരു ശിശുവായ്
എന്നെ നിെ– മുമ്പിൽ നൽകീടുന്നേ
എെ– പാപമെല്ലാം മായിച്ചു നീ
ദു:ഖഭാരമെല്ലാം മോചിച്ചു നീ
ആത്മാവിൽ നീ വന്നേരമെൻ
കണ്ണീരു വേഗം ആനന്ദമായ് (2)

(ആരാധിച്ചീടാം

സ്നേഹ നാഥാ ഒരു ബലിയായ്
ഇനി നിന്നിൽ ഞാനും ജീവിക്കുന്നേ
എേ– തായതെല്ലാം സമർപ്പിക്കുന്നു
പ്രിയനായ് എന്നെ സ്വീകരിക്കൂ
അവകാശിയും അധിനാഥനും
നീ മാത്രമീശോ മിശിഹായേ (2)

(ആരാധിച്ചീടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

35

ആരാധിക്കുന്നേ,ഞങ്ങൾ ആരാധിക്കുന്നേ
ആത്മനാഥനേശുവിനെ ആരാധിക്കുന്നേ
ആരാധിക്കുന്നേ,ഞങ്ങൾ ആരാധിക്കുന്നേ
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നേ

ഹല്ലേലൂയ ഹല്ലേലൂയ ഗീതം പാടിടാം
ഹല്ലേലൂയ ഗീതം പാടി ആരാധിച്ചീടാം
ഇന്നുഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നേ
അന്നുഞങ്ങൾ മുഖംകണ്ട് ആരാധിച്ചീടും

(ആരാധിക്കുന്നേ

സെറാഫുകൾ ആരാധിക്കും പരിശുദ്ധനേ
സന്തോഷത്താൽ സ്വന്ത മക്കൾ ആരാധിച്ചീടും
ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകൾ ഒഴിയും ആരാധനയിങ്കൽ

(ആരാധിക്കുന്നേ

രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടമുടയും തീ കത്തീടും ആരാധനയിങ്കൽ
അപ്പസ്തോലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ
(ആരാധിച്ചീടാം..

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 36

ആരാധിക്കുന്നു ആരാധിക്കുന്നു
യേശുനാഥനെ ആരാധിക്കുന്നു
ആരാധിക്കുന്നു ആരാധിക്കുന്നു
ഓസ്തിരൂപനെ ആരാധിക്കുന്നു

ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

ഏകരക്ഷകാ, യേശുകർത്താവേ
ഏകമദ്ധ്യസ്ഥൻ യേശുകർത്താവേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ എന്റെ ദൈവമേ
എന്റെ കർത്താവേ എന്റെ യേശുവേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ കാരുണ്യക്കടലേ
എന്റെ കർത്താവേ സ്നേഹസാഗരമേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ പാപമോചകാ
എന്റെ കർത്താവേ ക്ഷമാശീലനേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .

ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ ദിവ്യവൈദ്യനേ
എന്റെ കർത്താവേ സൗഖ്യദായകാ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ എന്റെ ശക്തിയേ
എന്റെ കർത്താവേ എന്റെ ധൈര്യമേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ എന്റെ നാഥനേ
എന്റെ കർത്താവേ എന്റെ മാർഗ്ഗമേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ എന്റെ സത്യമേ
എന്റെ കർത്താവേ എന്റെ ജീവനേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ രാജരാജനേ
എന്റെ കർത്താവേ സ്നേഹരാജനേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ എന്റെ ശാന്തിയേ
എന്റെ കർത്താവേ എൻ പ്രത്യാശയേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ ലോകരക്ഷകാ
എന്റെ കർത്താവേ ലോകനാഥാ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .

ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

എന്റെ കർത്താവേ ലോകനായകാ
എന്റെ കർത്താവേ സമാധാനമേ
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . .
ഹല്ലേലൂയാ . . . ഹല്ലേലൂയാ . . . ഹല്ലേലൂയാ . .(2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

37

ആരാധിക്കുന്നു ഞങ്ങൾ, നിൻ
സന്നിധിയിൽ സ്തോത്രത്തോടെന്നും
ആരാധിക്കുന്നു ഞങ്ങൾ, നിൻ–
സന്നിധിയിൽ നന്ദിയോടെന്നും
ആരാധിക്കുന്നു ഞങ്ങൾ, നിൻ–
സന്നിധിയിൽ നൻമയോർത്തെന്നും
ആരാധിക്കാം യേശുകർത്താവിനെ

(ആരാധിക്കുന്നു

നമ്മെ സർവ്വം മറന്ന്, തൻ–
സന്നിധിയിൽ മോദമോടിന്ന്
നമ്മെ സർവ്വം മറന്ന്, തൻ–
സന്നിധിയിൽ ധ്യാനത്തോടിന്ന്
നമ്മെ സർവ്വം മറന്ന്, തൻ–
സന്നിധിയിൽ കീർത്തനത്തിനാൽ
ആരാധിക്കാം യേശുകർത്താവിനെ

(ആരാധിക്കുന്നു

നീയെൻ സർവ്വനീതിയും
ആയിത്തീർന്നതാൽ ഞാൻ പൂർണ്ണനായ്
നീയെൻ സർവ്വനീതിയും
ആയിത്തീർന്നതാൽ ഞാൻ ഭാഗ്യവാൻ
നീയെൻ സർവ്വനീതിയും
ആയിത്തീർന്നതാൽ ഞാൻ ധന്യനായ്
ആരാധിക്കാം യേശുകർത്താവിനെ

(ആരാധിക്കുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

38

ആരാധ്യനാഥനെ പാടിവാഴ്ത്തുവിൻ
ആമോദചിത്തരായ് സ്തോത്രമേകുവിൻ
ആകാശനാട്ടിലെ തമ്പുരാന്
ആയിരം സ്തുതികളേകി പാടുവിൻ
ഹാലേലൂയാ.. ഹാലേലൂയാ..

വാനദൂതൻ പാടിടുന്നു നിൻ മഹിമകൾ
പാരിലിന്ന് ദൈവമക്കളേറ്റുപാടുന്നു
പാപികളെ തേടിവരും
ദൈവപുത്രനെ സ്തുതിച്ചു പാടിടാം
ഹാലേലൂയാ.. ഹാലേലൂയാ..

വചനസത്യമായിടുന്ന നാഥനേശുവേ
വരികയെന്റെ ജീവിതത്തിനാശയേ കുവാൻ
സാക്ഷികളായ് തീർത്തിടുകിൽ
സർവ്വശക്തനെ സ്തുതിച്ചുപാടിടാം

ആരാധ്യനാഥനെ പാടിവാഴ്ത്തുവിൻ
ആമോദചിത്തരായ് സ്തോത്രമേകുവിൻ
ആകാശനാട്ടിലെ തമ്പുരാന്
ആയിരം സ്തുതികളേകി പാടുവിൻ
ഹാലേലൂയാ.. ഹാലേലൂയാ..

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

39

ആരതി ആരതി ആരാധന
ആത്മാവിൻ ക്ഷേത്രത്തിലാരാധന
അഞ്ജലി അഞ്ജലി പ്രണവാർച്ചനാ
മാനസകോവിലിൽ ഹൃദയാർച്ചന
(ആരതി ആരതി.....

നിത്യമാം സത്യമേ ആത്മാർപ്പണം
ആത്മാർത്ഥമായുള്ള സ്നേഹാർപ്പണം(2)
സ്നേഹത്തിൻ ത്യാഗത്തിൻ സാഗരം നീ
സർവ്വസാഹോദര്യ സംഗമം നീ

സംഗമം നീ . . .സംഗമം നീ. . .

(ആരതി ആരതി......

നിൻ യാഗവേദിയിൽ പുഷ്പാർച്ചനാ
സ്നേഹത്തിൻ തിരിയിട്ട ദീപാർച്ചനാ (2)
നിൻ തിരുമുമ്പിലെൻ സ്മരണ പൂജ
തൃപ്പാദ പത്മത്തിൻ ശരണപൂജ
ശരണപൂജ.. . . ശരണപൂജ. . .

(ആരതി ആരതി......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

40

ആർത്തുപാടാം തപ്പുതാളവുമായ്
വാദ്യഘോഷവുമായ്

വിണ്ണിൻ പൊൻതാരകം മന്നിൽ ഭൂജാതനായ്
ദൈവത്തിൻ സൂനു മേരിതൻ പൊന്നോമലായ്
എന്റെ സന്താപവും ഹൃത്തിൻ വൻഭാരവും
ഇന്നീ മഞ്ഞിൻകണം പോലലിഞ്ഞില്ലാതായ്

(ആർത്തുപാടാം

താതന്നു പ്രിയനാകും പൊന്നുണ്ണിയേ
മാലാഖമാർക്കെല്ലാം ആനന്ദമെ
ഇടയർതൻ ആമോദമേ
ജ്ഞാനികൾ തൻനിധിയേ
ഇന്നുമെന്നാളിലും ശാന്തിസന്തോഷമായ്
മനസ്സിന്റെ പുൽക്കൂട്ടിൽ വാഴേണമെ

(ആർത്തുപാടാം

പവിഴമ്പോലധരത്തിൻ വചനാമൃതം
പാവന സ്നേഹത്തിൻ വരമേകിയാൽ (2)
പാവങ്ങൾക്കാലംബമായ്
ദിശകാട്ടും നക്ഷത്രമായ്
ഇന്നീത്തിരുന്നാളിലും ഏറെ സന്തോഷമായ്
എളിയോന്നു പുൽക്കൂടായ് മാറീടും ഞാൻ

(ആർത്തുപാടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

41

അസാധ്യമായെനിക്കൊന്നുമില്ല, എന്നെ
ശക്തനാക്കുന്നവൻ മുഖാന്തിരം (2)
ബുദ്ധിയ്ക്കതീതമാം അത്യൽഭുതങ്ങളാൽ
എന്റെ ദൈവം എന്നെ നടത്തുന്നു (2)
സാധ്യമേ എല്ലാം സാധ്യമേ
എന്നേശുവെൻ കൂടെയുള്ളതാൽ (2)

ഭാരം പ്രയാസങ്ങൾ വന്നീടിലും
തെല്ലും കുലുങ്ങുകയില്ലായിനി (2)
ബുദ്ധിയ്ക്കതീതമാം ദിവ്യസമാധാനം
എന്റെയുള്ളത്തിലവൻ നിറയ്ക്കുന്നു(2)
(സാധ്യമേ എല്ലാം സാധ്യമേ

സാത്താന്റെ ശക്തികളെ ജയിക്കും ഞാൻ
വചനത്തിൻ ശക്തിയാൽ ജയിക്കും ഞാൻ (2)
ബുദ്ധിയ്ക്കതീതമാം ശക്തിയെന്നിൽ നിറ
ച്ചെന്നെ ജയാളിയായ് നടത്തുന്നു (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

42

അതിരുകളില്ലാത്ത സ്നേഹം
ദൈവ സ്നേഹം നിത്യ സ്നേഹം
അളവുകളില്ലാത്ത സ്നേഹം
ദൈവ സ്നേഹം നിത്യ സ്നേഹം

ഏതൊരവസ്ഥയിലും
യാതൊരു വ്യവസ്ഥകളും
ഇല്ലാതെ സ്നേഹിക്കും താതന് നന്ദി (2
(അതിരുകളില്ലാത്ത

ദൈവത്തെ ഞാൻ മറന്നാലും
ആ സ്നേഹത്തിൽ നിന്നകന്നാലും
അനുകമ്പാർദ്രമാം ഹൃദയമെപ്പോഴും
എനിക്കായ് തുടിച്ചിടുന്നു
എന്നെ ഓമനയായ് കരുതുന്നു
(അതിരുകളില്ലാത്ത

അമ്മയെന്നെ മറന്നാലും
ഈ ലോകമെന്നെ വെറുത്താലും
അജഗണങ്ങളെ കാത്തിടുന്നവൻ
എനിക്കായ് തിരഞ്ഞിടുന്നു
എന്നെ ഓമനയായ് കരുതുന്നു
(അതിരുകളില്ലാത്ത

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

43

ആത്മാവിൽ ദാരിദ്ര്യം പേറുമെങ്കിൽ
ആയുസ്സിൽ നിങ്ങൾ ഭാഗ്യവാന്മാർ (2)
വിലപിച്ചിടുന്നവർ ഭാഗ്യവാന്മാർ
ആശ്വാസമവരെ തേടിയെത്തും
ഹൃദയശുദ്ധിയുള്ളോർക്കു ദൈവദർശനം
സ്വർഗ്ഗീയ സമ്മാനമല്ലോ മനമേ
(ആത്മാവിൽ ദാരിദ്ര്യം

ശാന്തശീലർ മന്നിൽ ഭാഗ്യവാന്മാർ
ശാലീനമാം ഭൂമി അവർ വരിക്കും (2)
നീതി തേടി കരയുന്നോർ ഭാഗ്യവാന്മാർ
ആധി നീങ്ങി സംതൃപ്തി നേടുമവർ
(ആത്മാവിൽ ദാരിദ്ര്യം

കാരുണ്യം തൂകുന്നോർ ഭാഗ്യവാന്മാർ
ദൈവത്തിൻ കാരുണ്യം അവർ രുചിക്കും (2)
സമാധാനം സ്ഥാപിച്ചു നീങ്ങുന്നവർ
ദൈവസുതരെന്നറിയപ്പെടും
(ആത്മാവിൽ ദാരിദ്ര്യം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

44

അത്യുന്നതന്റെ മറവിങ്കൽ
സർവ്വശക്തന്റെ നിഴലിൻ കീഴിൽ
പാർക്കും ഞാൻ നിർഭയനായി
പാടും ഞാൻ സ്തുതിഗീതങ്ങൾ

(അത്യുന്നതന്റെ

ആപത്തുകൾ രോഗങ്ങളും
നഷ്ടങ്ങളും എന്നെ ജയിക്കയില്ല (2)
എന്റെ അദ്ധ്വാനഫലം
ഞാൻതന്നെ അനുഭവിക്കും (2)

ഞാനും എൻ കുടുംബവുമോ
യേശുവെ ആരാധിക്കും
തൻവചനം അനുസരിക്കും
മാതൃകയായ് ജീവിക്കും (2)

(അത്യുന്നതന്റെ

യാത്രകളിൽ തൻ കാവലു ്
ആളും സഹായവും കരുതീട്ടു ് (2)
ആയുസ്സും ആരോഗ്യവും
എൻ ദൈവം എനിക്കു തരും (2)

ദൂതന്മാർ മുന്നവേ പോകുന്നു
കാര്യം നടത്തിത്തരുന്നു
എപ്പോഴും ദൈവമെന്റെ കൂടെയു ്
ഇതിൽപ്പരം ഭാഗ്യമുേ ാ (2)

(അത്യുന്നതന്റെ

[TOP^] | [MOTHER MARY] | [HOLY SPIRIT] | [ADORATION] | [PRAISE]

## 45

അവിശ്വാസിയാകാതെ മകനേ
വിശ്വാസിയായ് വേഗമണയൂ
അടയാളം തേടാതെ വന്നാൽ
വിശ്വാസവഴി ഞാൻ തെളിക്കാം

കടുകുമണിയോളം വിശ്വാസമുെ ങ്കിൽ
വൻമലയെ ദൂരത്തകറ്റാം
അനുദിനക്ലേശങ്ങളാം പർവ്വതങ്ങളെ
വിശ്വാസനിറവാൽ ജയിക്കാം
അസാധ്യമായൊന്നുമില്ല

(അവിശ്വാസിയാകാതെ മകനേ)

കാണപ്പെടാത്തവ കൺമുന്നിലെന്നപോൽ
വിശ്വാസ ദൃഷ്ടിയാൽ കാണാം
പ്രത്യാശയോടെ കാത്തിരുന്നീടുകിൽ
ഉത്തരം നല്കീടും ദൈവം
പ്രാർത്ഥന കേട്ടിടും തീർച്ച

(അവിശ്വാസിയാകാതെ മകനേ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

46

ആവോ യേശു ദേവാ
ദർശന് ദേദോ തുമ്ഹാരാ
തുമ്ഹോ ജഗ് കീ ജീവൻ ദാതാ (2)
സുന്ലോ മേരി പുകാർ (2)
ജഗ് കീ ജീവൻ ദാതാ

ആവോ യേശു ദേവാ
ദർശന് ദേദോ തുമ്ഹാരാ
തുമ്ഹോ ജഗ് കീ മുക്തി ദാതാ (2)
സുന്ലോ മേരി പുകാർ (2)
ജഗ് കീ മുക്തി ദാതാ

ആവോ യേശു ദേവാ
ദർശന് ദേദോ തുമ്ഹാരാ
തുമ്ഹോ ജഗ് കീ ശാന്തി ദാതാ (2)
സുന്ലോ മേരി പുകാർ (2)
ജഗ് കീ ശാന്തി ദാതാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

47

ആയിരങ്ങൾ വീണാലും
പതിനായിരങ്ങൾ വീണാലും (2)
വലയമായ് നിന്നെന്നെ കാത്തിടുവാൻ
ദൈവദൂതന്മാരു  തികിൽ

അസാദ്ധ്യമായെനിക്കൊന്നുമില്ലല്ലോ
സർവ്വശക്തനാം ദൈവമെന്റെ കൂടെയു  ല്ലോ (2)
സകലതും ഇന്നെനിക്ക് സാദ്ധ്യമാക്കുവാൻ
എന്റെ യേശുവിന്റെ അത്ഭുതമാം നാമമു  ല്ലോ (2)

(ആയിരങ്ങൾ

ആയുധങ്ങൾ ഫലിക്കയില്ല, ഒരു
ഒരു തോൽവിയും ഇനി വരികയില്ല (2)
എന്നെ ശക്തനായ് മാററിടുവാൻ
ആത്മബലമെന്റെ ഉള്ളിലുള്ളതാൽ

(അസാദ്ധ്യ

തിന്മയതൊന്നും വരികയില്ല
എല്ലാം നൻമയായ് തീർന്നിടുമേ (2)
ബാധയതൊന്നും അടുക്കയില്ല
എന്റെ ഭവനത്തിൽ ദൈവമുെ ന്നും

(അസാദ്ധ്യ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 48

ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവെ തേടുന്ന ദൈവം
ആഴത്തിൽ അനന്തമാം
ദൂരത്തിൽ നിന്നെെ–
അന്ത:രംഗം കാണും ദൈവം

(ആഴങ്ങൾ തേടുന്ന

കരതെറ്റിക്കടലാകെ ഇളകുമ്പോൾ അഴലുമ്പോൾ
മറപറ്റി അണയുമെൻ ചാരെ
തകരുന്നതോണിയും ആഴിയിൽ താഴാതെ
കര പറ്റാൻ കരം നൽകും ദൈവം
കര പറ്റാൻ കരം നൽകും ദൈവം

(ആഴങ്ങൾ തേടുന്ന

ഉയരത്തിൽ ഉലഞ്ഞീടും
തരുക്കളിൽ ഒളിക്കുമ്പോൾ
ഉയർന്നെന്നെ ക്ഷണിച്ചീടും സ്നേഹം
കനിഞ്ഞെെ– വിരുന്നിന്
മടിക്കാതെൻ ഭവനത്തിൽ
കടന്നെന്നെ പുണർന്നീടും ദൈവം
കടന്നെന്നെ പുണർന്നീടും ദൈവം

(ആഴങ്ങൾ തേടുന്ന

മനം നൊന്തു കണ്ണുനീർ
തരംഗമായ് തൂകുമ്പോൾ
ഘനമുള്ളെൻ പാപങ്ങൾ മായ്ക്കും
മനം മാറ്റും ശുദ്ധമായ്
ഹിമം പോലെ വെൺമയായ്
കനിവുള്ളെൻ നിത്യനാം ദൈവം
കനിവുള്ളെൻ നിത്യനാം ദൈവം

(ആഴങ്ങൾ തേടുന്ന

പതിർമാറ്റി വിളവേൽക്കാൻ
യജമാനനെത്തുമ്പോൾ
കതിർ കൂട്ടി വിധിയോതും നേരം
അവനവൻ വിതറുന്ന
വിത്തിൻ പ്രതിഫലം
അവനായളന്നീടും ദൈവം
അവനായളന്നീടും ദൈവം

(ആഴങ്ങൾ തേടുന്ന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 49

ഇടറി വീഴുവാൻ ഇടതരല്ലേ നീ യേശുനായകാ
ഇടവിടാതെ ഞാൻ
നല്ലിടയനോടെന്നും പ്രാർത്ഥിക്കുന്നിതാ
മുൾക്കിരീടം ചാർത്തിയ ജീവദായകാ
ഉൾത്തടത്തിൻ തേങ്ങൽ നീ കേട്ടിടില്ലയോ

(ഇടറി വീഴുവാൻ

മഹിയിൽ ജീവിതം മഹിതമാക്കുവാൻ
മറന്നു പോയ മനുജനല്ലോ ഞാൻ
അിറഞ്ഞിടാതെ ഞാൻ ചെയ്ത പാപമോ
നിറഞ്ഞ കണ്ണുനീർക്കണങ്ങളായ്
അന്ധകാരവീഥിയിൽ തള്ളിടല്ലേ രക്ഷകാ
അന്ത:രംഗം നൊന്തു കേണിതാ

(ഇടറി വീഴുവാൻ

വിശ്വമോഹങ്ങൾ ഉപേക്ഷിക്കുന്നു ഞാൻ
ചെയ്ത പാപ പ്രായശ്ചിത്തമായ്
ഉലകിൽ വീ  ും ഞാൻ ഉലഞ്ഞുപോകല്ലേ
ഉടഞ്ഞൊരു പളുങ്കുപാത്രം ഞാൻ
എന്റെ ശിഷ്ടജന്മമോ നിന്റെ പാദലാളനം
എന്നുമാശ്രയം നീ മാത്രമേ

(ഇടറി വീഴുവാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

50

ഇടയഹിതം കേൾക്കാനണയു കാതുകളേ
വചനഹിതം പാടാനുണരു മനസ്സുകളേ

മധുരമായ വചനമേ മഹിതമാർന്ന വചനമേ
ഇരുളിലുഴറും മർത്യനെന്നും വെൺമയാർന്ന വചനമേ

കത്തും സൂര്യനേക്കാൾ പ്രഭയാളും
നിത്യ ശാന്തിയേകും തിരുവചനം
മിന്നും വാളിനേക്കാൾ ശക്തിയേകും
നിത്യം രക്ഷനല്കും തിരുവചനം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

51

ഇല്ലിമുളം കാറേററു പാടി
ഇല്ലായ്മ തീർക്കുവാൻ നാഥൻ വരുന്നേ
ഇമ്പമായ് അവനൊന്ന് ചൊല്ലിയാൽ പോലും
തുമ്പങ്ങളെല്ലാം നീങ്ങിടുമേ

പാടട്ടെ പാടട്ടെ
അലിയുന്ന കരളിന്റെ അത്ഭുതങ്ങൾ
അലിയുന്ന കരളിന്റെ അത്ഭുതങ്ങൾ

ഊമൻ പാടിയ പാട്ടിന്റെ രാഗം
രാഗം രാഗം പാട്ടിന്റെ രാഗം

ചെകിടൻ കേട്ടൊരു ആദ്യത്തെ നാദം
നാദം നാദം ആദ്യത്തെ നാദം
മുടന്തൻ ചവിട്ടിയ ചുവടിന്റെ താളം
കണ്ണില്ലാ കുരുടന് കിട്ടിയ നാളം

പാടട്ടെ പാടട്ടെ
അലിയുന്ന കരളിന്റെ അത്ഭുതങ്ങൾ
അലിയുന്ന കരളിന്റെ അത്ഭുതങ്ങൾ

അലിയുന്ന കരളായ് വീ ു വരുന്നേ
ലാലാ ലാലാ വീ ു വരുന്നേ
അലയുന്ന ജീവിതം പൂവാടിയാക്കാൻ
ആഹാ ആഹാ പൂവാടിയാക്കാൻ
വിങ്ങും വേദന മാററുന്ന നാഥൻ
വി ല നാഥൻ വീ ും വരുന്നേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

52

ഇന്നയോളം എന്നെ നടത്തി
ഇന്നയോളം എന്നെ പുലർത്തി
എന്റെ യേശു എത്ര നല്ലവൻ
അവനെന്നും മതിയായവൻ

എന്റെ പാപഭാരമെല്ലാം
തന്റെ ചുമലിൽ ഏററുകൊ ്
എനിക്കായ് കുരിശിൽ മരിച്ചു
എന്റെ യേശു എത്ര നല്ലവൻ

എന്റെ ആവശ്യങ്ങളറിഞ്ഞ്
ആകാശത്തിൻ കിളിവാതിൽ തുറന്ന്
എല്ലാം സമൃദ്ധയായ് നൽകിടുന്ന
എന്റെ യേശു നല്ല ഇടയൻ

മനോഭാരത്താലലഞ്ഞ്
മനോവേദനയാൽ നിറഞ്ഞ്
മനമുരുകി ഞാൻ കരഞ്ഞിടുമ്പോൾ
എന്റെ യേശു എത്ര നല്ലവൻ

രോഗശയ്യയിൽ എനിക്കു വൈദ്യൻ
ശോകവേളയിൽ ആശ്വാസകൻ
കൊടുംവെയിലതിൽ തണലുമവൻ
എന്റെ യേശു എത്ര വല്ലഭൻ

ഒരുനാളും കൈവിടില്ല
ഒരുനാളും ഉപേക്ഷിക്കില്ല
ഒരുനാളും മറക്കുകില്ല
എന്റെ യേശു എത്ര വിശ്വസ്തൻ

എന്റെ യേശു വന്നിടുമ്പോൾ
തിരുമാറോടണഞ്ഞിടും ഞാൻ
പോയപോൽ താൻ വേഗം വരും
എന്റെ യേശു എത്ര നല്ലവൻ

(ഇന്നയോളം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 53

ഇന്നോളമെന്നെന്നും വീണാലും കണ്ണീരോപ്പി
രാരീരം പാടുന്ന കാരുണ്യമേ
കാണാതെ പോകുമ്പോൾ തേടുന്നു പേരുംചൊല്ലി
മാതാവേക്കാളുമെന്തു വാത്സ്യമേ
(ഇന്നോളമെന്നെന്നും വീണാലും)
കൂട്ടം പിരിഞ്ഞൊരു കുഞ്ഞാടുഞാൻ
മരുഭൂവിൽ തളർന്നു വീഴുന്നിതാ
ഉള്ളം തകർന്നു നാവും കുഴഞ്ഞു
നീ വന്നു മാറോടെന്നെ താലോലിച്ചല്ലോ
(ഇന്നോളമെന്നെന്നും വീണാലും)
മേച്ചിൽ പുറങ്ങളിൽ നീ നായകൻ
സ്വന്ത ജീവൻ തരുന്നതും നീയേ ഗുരോ (2)
ദ്രോഹം മറന്നും സൗഖ്യം പകർന്നു

യാതൊന്നും കർത്താവെന്നിൽ ആരോപിച്ചില്ല
(ഇന്നോളമെന്നെന്നും വീണാലും)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

54

ഇന്നു ഞാനാരായിരിക്കുന്നു എന്നത്
നിന്റെ കൃപയാലെയല്ലയോ
ഇന്നു ഞാനെന്തായിരിക്കുന്നു എന്നതും
നിൻ സ്നേഹമൊന്നിനാൽ മാത്രമല്ലോ
ദൈവമേ നന്ദിയോടങ്ങയെ വാഴ്ത്തുന്നു
എല്ലാററിനും സ്തോത്രമേകിടുന്നു
(ഇന്നു ഞാനാരായിരിക്കുന്നു
എന്റെ മനസ്സിന്റെ ആഴത്തിലുണർന്നിടും
ചിന്തകൾ പോലും നീ അറിയുന്നു
എന്റെ നിഗൂഢമാം ചെയ്തികൾ പോലും നിൻ
കൺമുമ്പിലെപ്പോഴും തെളിയുന്നു
എന്നെ മുഴുവനും അറിയുന്ന ദൈവമേ
എന്നിലെ കുറവുകൾ നികത്തേണമേ. (2)
(ഇന്നു ഞാനാരായിരിക്കുന്നു
എന്നിലഹന്തതൻ വേരോടി നിൽക്കുമ്പോൾ
ഞാൻ തന്നെ സർവ്വവും എന്നു തോന്നും
പരിമിതമാണെന്റെ കഴിവുകളതിലങ്ങേ
കനിവിന്റെ കരമുെ ന്നറിയുന്നു ഞാൻ
ഇന്നു ഞാനെന്തായിരിക്കുന്നുവോ അതിൽ
നിൻ പരിപാലനം കാണുന്നു ഞാൻ
(ഇന്നു ഞാനാരായിരിക്കുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

55

ഇസ്രായേലേ സ്തുതിച്ചിടുക
രാജാധിരാജനെഴുന്നള്ളുന്നു
വിനീതനായ് യേശുനാഥൻ
നിന്നെത്തേടി അണഞ്ഞിടുന്നു
കരഘോഷമോടെ സ്തുതിച്ചിടുവൻ
ഹല്ലേലൂയ ഗീതി പാടിടുവിൻ
ഓർശ്ലേമിൻ രക്ഷകനായവൻ

ദാവീദിൻ പുത്രനെ വാഴ്ത്തുവിൻ

(ഇസ്രായേലേ

പാപിക്കും രോഗിക്കും സൗഖ്യവുമായ്
അന്ധനും ബധിരനും മോചനമായ്
തളർന്നു പോയ മനസ്സുകളിൽ പുതു
ഉത്ഥാനത്തിൻ ജീവനായ്
പാപിനി മറിയത്തെ പോലെ നീ
പാപങ്ങളേററു ചൊല്ലീടുകിൽ
ജീവൻ നിന്നിൽ ചൊരിഞ്ഞിടും
കൺമണിയായ് കാത്തിടും

(ഇസ്രായേലേ

സ്നേഹം മാത്രം പകർന്നിടാൻ
ജീവൻ പോലും നൽശിടും
ഹൃദയങ്ങൾക്ക് ശാന്തിയായ്
കരുണാമയൻ വന്നിടും
സക്കേവൂസിനെ പോലെ നീ
ഈശോ നാഥനിൽ ചേർന്നീടുകിൽ
കുറവുകളെല്ലാമേറെറടുക്കും
ജീവിതം ശോഭനമാക്കിടും

(ഇസ്രായേലേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

56

ഇസ്രായേലിൻ നാഥൻ യഹോവയാം ദൈവം
ഇത്രത്തോളം നമ്മെ വഴി നടത്തി (2)
യഹോവായീരേ യഹോവായീരേ
യഹോവായീരേ ആമ്മേൻ യഹോവായീരേ (2)

(ഇസ്രായേലിൻ നാഥൻ

മരുഭൂമി തന്നിൽ മന്നയൊരുക്കി
മേഘസ്തംഭത്താലെ തണലൊരുക്കി (2)
വെളിച്ചത്തിനായി അഗ്നിസ്തംഭമേകി
ഇരവിലും നമ്മെ വഴി നടത്തി (2)
യഹോവായീരേ യഹോവായീരേ
യഹോവായീരേ ആമ്മേൻ യഹോവായീരേ (2)

(ഇസ്രായേലിൻ നാഥൻ

ചെങ്കടലിൻ മദ്ധ്യേ വെള്ളം നിറുത്തി
തൂവർനിലമാക്കി വഴിയൊരുക്കി (2)
ശത്രുഗണമാകെ നിലം പരിചായി
ജയത്തോടെ നമ്മെ വഴി നടത്തി (2)
യഹോവായീരേ യഹോവായീരേ
യഹോവായീരേ ആമ്മേൻ യഹോവായീരേ (2)

(ഇസ്രായേലിൻ നാഥൻ

വീഴ്ചയാലെ വന്ന അകൽച്ച നീക്കിടാൻ
ഏകജാതനാൽ ദിവ്യരക്ഷയൊരുക്കി (2)
തിരുനിണത്താലെ നമ്മെ വീ ടുപ്പാൻ
കൃപയുടെ വാതിൽ തുറന്നു തന്നു (2)
യഹോവായീരേ യഹോവായീരേ
യഹോവായീരേ ആമ്മേൻ യഹോവായീരേ (2)

(ഇസ്രായേലിൻ നാഥൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

57

ഇസ്രയേലിൻ നാഥനായ് വാഴുമേക ദൈവം
സത്യജീവ മാർഗ്ഗമാണ് ദൈവം
മർത്യനായി ഭൂമിയിൽ പിറന്ന സ്നേഹദൈവം
നിത്യജീവനേകിടുന്ന ദൈവം

ആബാ പിതാവേ ദൈവമേ
അവിടുത്തെ രാജ്യം വരേണമേ
അങ്ങേ തിരുഹിതം ഭൂമിയിൽ
എന്നെന്നും നിറവേറിടേണമേ

(ആബാ പിതാവേ

ചെങ്കടലിൽ നീയന്നു പാത തെളിച്ചു
മരുവിൽ മക്കൾക്കു മന്ന പൊഴിച്ചു
എരിവെയിലിൽ മേഘത്തണലായി

ഇരുളിൽ സ്നേഹനാളമായ്
സീനായ് മാമല മുകളിൽ നീ
നീതി പ്രമാണങ്ങൾ പകർന്നേകി (2)
(ആബാ പിതാവേ

മനുജനായ് ഭൂവിൽ അവതരിച്ചു
മഹിയിൽ ജീവൻ ബലികഴിച്ചു
തിരുനിണവും ദിവ്യഭോജ്യവുമായ്
ഈ ഉലകത്തിൽ ജീവനായ്
വഴിയും സത്യവുമായവനേ
നിൻ തിരുനാമം വാഴ്ത്തുന്നു. (2)
(ആബാ പിതാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

58

ഇസ്രയേലിൻ നായകാ
എന്റെ നല്ല ദൈവമേ
കാഴ്ചയായ് ഞാൻ നേരുന്നു
എന്നെയും എൻ സർവ്വവും
നിന്റെ മുമ്പിലായിതാ സ്വീകരിയ്ക്കണമേ പ്രഭോ
(ഇസ്രയേലിൻ നായകാ. . .

കാറ്റിലുലയും തോണിപോലെൻ ജീവിതം വലയും
വേളയിൽ നീ സാന്ത്വനം നൽകാൻ വരേണമേ (2)
നിൻ കൈകളിൽ എൻ ജീവിതം
നൽകുന്നു ഞാനെൻ ദൈവമേ
ജീവിതത്തിൻ ദു:ഖ വേളയിൽ
നിൻ സ്നേഹമെന്നിൽ ചൊരിയണെ
വൻനിരാശകൾ ദൂരയകറ്റുന്ന എൻ സ്നേഹരൂപനെ
(ഇസ്രയേലിൻ നായകാ. . .
സോദരനോടുള്ളതാം പക എന്നിൽ നിന്നകറ്റാൻ
എന്റെ ഹൃദയം നിർമ്മലമായ് നീ ഒരുക്കീടണെ (2)
എൻ പാപമെല്ലാം മായ്ക്കുവാൻ
നിൻ രക്തത്താലെന്നെ കഴുകണെ

നിന്നിൽ ഞാനൊന്നായ് ലയിക്കുവാൻ
നിൻ രക്ഷാമാർഗ്ഗത്തിൽ നടത്തണെ
നിൻ ഹിതംപോലെ ജീവിതം
നയിക്കുവാൻ കൃപയേകണെ
(ഇസ്രയേലിൻ നായകാ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

59

ഇതാ ഞാൻ പിതാവേ ഇതാ ഞാനിതാ
തിരുഹിതമറിയാൻ നിറവേററാൻ
ഇതാ ഞാൻ – ഇതാ ഞാൻ – ഇതാ ഞാൻ

ഒരുക്കമുള്ളൊരു ഹൃദയവുമായ്
പിതാവേ ഇതാ ഞാൻ
എന്തിനുമേതിനും സന്നദ്ധനായ്
പിതാവേ ഇതാ ഞാൻ
അങ്ങെന്നെ ആത്മാവിൽ അഭിഷേചിക്ക
അങ്ങെന്നെ ദൂതുമായ് അയച്ചീടുക
പിതാവേ ഇതാ ഞാൻ
(ഇതാ ഞാൻ പിതാവേ
ഗോതമ്പുമണിപോൽ അഴുകിയലിഞ്ഞുഞാൻ
പിതാവേ ഇതാ ഞാൻ
മെഴുതിരിപോൽ ഉരുകിയൊലിച്ചു ഞാൻ
പിതാവേ ഇതാ ഞാൻ
അങ്ങേയ്ക്കായ് എൻ ജീവൻ സമർപ്പിക്കുന്നു.
അങ്ങേ ജനത്തിനായ് ഹോമിക്കുന്നു
പിതാവേ ഇതാ ഞാൻ
(ഇതാ ഞാൻ പിതാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

60

ഇത്രയഗാധമായ് സ്നേഹിച്ചതില്ല
യേശുവേ നീയല്ലാതാരുമാരും
ജീവിതാന്ത്യം വരെ ദു:ഖമകന്നീടാൻ
മതിയല്ലോ നിന്നോർമ്മയൊന്നു മാത്രം
മതിയല്ലോ നിന്നോർമ്മയൊന്നു മാത്രം

ദാസരല്ല നിങ്ങൾ സ്നേഹിതരെന്ന് നീ
വാൽസല്യമോടെ അരുളിയല്ലോ
ആ ദിവ്യസ്നേഹത്തിൻ ആഴമറിഞ്ഞു ഞാൻ
ഉണരട്ടെ നിന്നിൽ വളർന്നിടട്ടെ

(ഇത്രയഗാധമായ്

സർവ്വവും പങ്കിട്ടു നൽകുന്ന യേശുവിൻ
സ്നേഹാതിരേകം അവർണ്ണനീയം
ആ തിരുഹൃദയത്തിൻ രക്തം തളിച്ചല്ലോ
ഞങ്ങളിൽ ജീവൻ പകർന്നിടുന്നു

(ഇത്രയഗാധമായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 61

ഇത്രനാൾ ഞാൻ മറന്ന
സത്യമാണ് ദൈവം
ഇത്രനാൾ ഞാൻ മറന്ന
സ്നേഹമാണ് ദൈവം
ഇത്രനാൾ ഞാൻ മറന്ന
വചനമാണ് ദൈവം
എത്ര വൈകി ദൈവമേ
നിന്നെ അറിയുവാൻ

മനമുയർത്തി സ്വരമുയർത്തി
ഹാല്ലേലൂയ പാടീടാം
പാവനാത്മ നിറവിലെന്നും
ഹാലേലൂയ പാടീടാം (4)

ഇത്രനാൾ നഷ്ടമായ
നൻമയാണ് ദൈവം
ഇത്രനാൾ ഞാൻ വെടിഞ്ഞ
മാർഗ്ഗമാണ് ദൈവം
എൻെറ ഏകലക്ഷ്യമാണ്
ജീവനാണ് ദൈവം

എത്ര വൈകി ദൈവമേ
നിന്നെ അറിയുവാൻ

(മനമുയർത്തി. . .

നിത്യമെന്നെ കാത്തിടുന്ന
താതനാണ് ദൈവം
നിത്യരക്ഷ നൽകിടുന്ന
പുത്രനാണ് ദൈവം
ഹൃത്തിനുള്ളിൽ വാസമാകും
ആത്മനാണ് ദൈവം
എത്ര വൈകി ദൈവമേ
നിന്നെ അറിയുവാൻ

(മനമുയർത്തി. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

62

ഇത്രത്തോളം ജയം തന്ന ദൈവത്തിനു സ്തോത്രം
ഇതുവരെ കരുതിയ രക്ഷകനു സ്തോത്രം (2)
ഇനിയും കൃപതോന്നി കരുതിടണേ
ഇനിയും നടത്തണേ തിരുഹിതം പോൽ (2)

നിന്നതല്ലാ, നാം ദൈവം നമ്മെ നിറുത്തിയതാം
നേടിയതല്ലാ, ദൈവമെല്ലാം തന്നതല്ലേ (2)
നടത്തിയ വിധങ്ങൾ ഓർത്തിടുമ്പോൾ
നന്ദിയോടെ നാഥനു സ്തുതി പാടിടാം (2)

(ഇത്രത്തോളം

സാദ്ധ്യതകളോ അസ്തമിച്ചു പോയപ്പോൾ
സോദരങ്ങളോ അകന്നങ്ങു മാറിയപ്പോൾ (2)
സ്നേഹം തന്നു വീടുത്ത യേശുനാഥൻ
സഹനത്തിലും ജയം തന്നുവല്ലോ (2)

ഇത്രത്തോളം

ഉയർത്തില്ലെന്ന് ശത്രുഗണം വാദിക്കുമ്പോൾ
തകർക്കുമെന്ന് ഭീതിയും മുഴക്കിടുമ്പോൾ (2)
പ്രവർത്തിയിൽ വലിയവൻ യേശുനാഥൻ
കൃപനൽകും ജയഘോഷം ഉയർത്തീടുവാൻ (2)

(ഇത്രത്തോളം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

63

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു (2)

ഹാഗറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാനലഞ്ഞപ്പോൾ (2)
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു (2)
(ഇത്രത്തോളം യഹോവ സഹായിച്ചു)
കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായ് മാറിടും ദിനങ്ങളിൽ (2)
അന്നുപാടും ദൂതർ മദ്ധ്യേ
ആർത്തു പാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു (2)
(ഇത്രത്തോളം യഹോവ സഹായിച്ചു)

ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടും വീടും വിട്ടു ഞാനലഞ്ഞപ്പോൾ
സ്വന്തനാട്ടിൽ ചേർത്തുകൊള്ളാം
എന്നുരച്ച നാഥനേ
ഇത്രത്തോളം യഹോവ സഹായിച്ചു (2)
(ഇത്രത്തോളം യഹോവ സഹായിച്ചു)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

64

ഇതുവരെയെന്നെ കരുതിയവൻ
ഇതുവരെയെന്നെ സൂക്ഷിച്ചവൻ
ശോകത്തിലും വൻ ഭാരത്തിലും
കൈവിടാതെന്നെ പരിപാലിച്ചു
കൃപാ (7) എന്നാർത്തിടുവിൻ

നിത്യജീവൻ നീ തന്നുവല്ലോ
നിത്യരക്ഷ എനിക്കേകിയല്ലോ
ജീവനീരുറവയിൽ നിന്നും
ജീവജലം നീ തന്നുവല്ലോ

കൃപാ (7) എന്നാർത്തിടുവിൻ
ആത്മാവിനെ നീ പകർന്നുവല്ലോ
ആത്മരക്ഷ നീ തന്നുവല്ലോ
ആത്മനാഥനാമേശുവിനെ
ആത്മാവിലെന്നും ആരാധിക്കാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

65

ഈ യാത്രയിൽ വഴി കാട്ടുവാൻ
തെളിയൂ പൊൻദീപമേ
ഈ ജീവിതം ശുഭമാക്കുവാൻ
കനിയൂ വരദായകാ
നീയെൻ അഭയം മഹിയിൽ എൻനായകാ

(ഈ യാത്രയിൽ...

നിന്റെ നാമം വാഴ്ത്തപ്പെടേണം
നിന്റെ രാജ്യം വരേണം
നിന്റെ ഉള്ളം സ്വർഗ്ഗത്തിലേപോൽ
മന്നിലും വന്നിടേണം

(ഈ യാത്രയിൽ...

സ്വർഗ്ഗതാതാ രാജാധിരാജാ
സച്ചിതാനന്ദരൂപാ
സർവ്വസൃഷ്ടി ജാലങ്ങളൊന്നായ്
കുമ്പിടുന്നങ്ങേ മുന്നിൽ

(ഈ യാത്രയിൽ...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

66

ഈയൊരായുസ്സ് നമുക്കുള്ളു സോദരാ
ദൈവത്തെ ആരാധിക്കാൻ
ഈയൊരായുസ്സ് നമുക്കുള്ളു സോദരി

ദൈവത്തിന്നായ് ജീവിക്കാൻ
പാടാം നമ്മെ മറന്നു നമ്മൾ
സ്തുതിക്കാം നാം യേശുരാജനെ

നന്മയ്ക്കായ് മാത്രമേശു ചെയ്യുന്നെല്ലാം
കഷ്ടതയിൽ നമ്മെ താൻ കൈവിടുമോ
പാപങ്ങളെല്ലാം മോചിക്കുന്നു
രോഗങ്ങളെല്ലാം സുഖമാക്കുന്നു

ഹാലേലുയ്യാ ഹാലേലുയ്യാ (4)

(ഈയൊരായുസ്സേ

നിരാശപ്പെടാൻ കാര്യം പത്തുങ്കിൽ
ആനന്ദിക്കാനുള്ളതായിരങ്ങൾ
കരഞ്ഞെന്തിനായുസ്സു പാഴാക്കുന്നു
സ്തുതിച്ചു നിൻ വിശ്വാസം വെളിവാക്കിടുക

ഹാലേലുയ്യാ ഹാലേലുയ്യാ (4)

(ഈയൊരായുസ്സേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

67

ഈശോ അണയും പാവന നിമിഷമിതാ
തിരുജീവൻ പകരും നിർമ്മല നിമിഷമിതാ
മമനാഥന് സ്തുതി പാടിടാം
മനവീണകൾ മീട്ടി പാടിടാം (2)

ഈശോ അണയും പാവന നിമിഷമിതാ
തിരുജീവൻ പകരും നിർമ്മല നിമിഷമിതാ
നാഥാ വരേണമേ
എന്നിൽ നിറയണമേ (2)

എൻ ജീവിതദു:ഖങ്ങൾ
തിരു കൈകളിലേകിടുന്നു (2)
എന്റെ രോഗയും എന്റെ വേദനയും
തിരുപാദത്തിലർപ്പിക്കുന്നു (2)

ഈശോ അണയും പാവന നിമിഷമിതാ
തിരുജീവൻ പകരും നിർമ്മല നിമിഷമിതാ
നാഥാ വരേണമേ
സൗഖ്യം തരേണമേ (2)

എൻ ഭാവിയും സ്വപ്നങ്ങളും
തിരു കൈകളിലേകിടുന്നു (2)
എന്റെ ഭീതിയും എന്റെ ആശങ്കയും
തിരുപാദത്തിലർപ്പിക്കുന്നു (2)

ഈശോ അണയും പാവന നിമിഷമിതാ
തിരുജീവൻ പകരും നിർമ്മല നിമിഷമിതാ
നാഥാ വരേണമേ
നേർവഴി കാട്ടേണമേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 68

ഈശോ എഴുന്നള്ളുമീ നിമിഷം എത്ര മോഹനം
ആത്മാവിൽ പൂമഴയായ് സ്വർഗ്ഗനാഥനെന്നിലാഗതനായ്
സ്രാഷ്ടാംഗം പ്രണമിച്ചിതാ
എ൦– ജീവിതം തരുന്നു ഞാൻ
(ഈശോ എഴുന്നള്ളുമീ

അമ്മയേക്കാൾ സ്നേഹമേകും
ദൈവമേ എൻ സർവ്വസ്വമേ
ഏകനായ് ഞാൻ നി൦– മുമ്പിൽ
ദാഹമോടെ നിന്നിടുന്നു
അവിവേകിയായ് അരുതായ്മകൾ
ചെയ്തുപോയതോർക്കരുതേ
അലിവോടെ നിൻ മകനാക്കണേ
ലോകപാത ഞാൻ വെടിയാം
(ഈശോ എഴുന്നള്ളുമീ

ആഴിയേക്കാൾ ആഴമേറും
ശാന്തിയായ് നീ ഒഴുകിവരൂ

സൂര്യനേക്കാൾ ശോഭയേറും
ദീപമായ് നീ തെളിഞ്ഞുയരൂ
ആപത്തിലും പാപത്തിലും
ആശയേകി വന്നിടണേ
ആശ്വാസമായ് ആലംബമായ്
ആത്മതാരിൽ വാണിടണേ

(ഈശോ എഴുന്നള്ളുമീ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

69

ഈശോ നീ വന്നാലുമെൻ
ഹൃദയത്തിൻ നാഥനായി
സ്നേഹത്തിൽ ഒന്നായ് ഞാൻ
നിന്നിൽ ലയിച്ചിടട്ടെ.

യോഗ്യമല്ലെൻ ഭവനം
നാഥാ നിന്നെ എതിരേൽക്കുവാൻ
ഒരുവാക്കരുളിയാലും, എന്നെ
നീ സുഖമാക്കിയാലും

(ഈശോ നീ

നീയെെ- പ്രാണനല്ലോ
നിത്യജീവെ- മാർഗ്ഗമല്ലോ
നിന്നിൽ ചിരം വസിക്കാൻ, എന്നെ
നിഭ- തായ് മാറ്റിയാലും

(ഈശോ നീ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

70

ഈശോയേ നിന്നെ എനിക്കെന്തൊരിഷ്ടം (2)
എൻ ജീവിതം നിന്റെ ദാനം
എൻ സർവ്വവും നിന്റെ ദാനം
എല്ലാം നൽകുന്ന നാഥാ
നിന്നെ എനിക്കെന്തൊരിഷ്ടം (2)

നീയെന്നെ സ്നേഹിക്കും പോലെ
നിന്നേയും സ്നേഹിച്ചിടാനായ്
എന്നെ പഠിപ്പിക്കും വാൽസല്യമേ
നിന്നെ എനിക്കെന്തൊരിഷ്ടം (2)

( ഈശോായേ

എൻ ജീവകാലങ്ങളോളം
നിൻ നാമമെന്നും സ്തുതിക്കാൻ
ശക്തിയേകീടുന്ന കാരുണ്യമേ
നിന്നെ എനിക്കെന്തൊരിഷ്ടം (2)

( ഈശോായേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

71

ഈശോ എന്നെ സ്പർശിച്ചു
ജീവൻ എന്നിൽ വർഷിച്ചു
ഈശോ എന്നെ സ്നേഹിച്ചു
സൗഖ്യം നൽകി രക്ഷിച്ചു

(ഈശോ എന്നെ

നാഥാ എൻ നാഥാ
വാഴ്ത്താം നിന്നെ പുകഴ്ത്താം (2)
നിâ– അനുഗ്രഹങ്ങൾ
എന്നിൽ ചൊരിഞ്ഞതിനാൽ
എâ– ജീവിത കാലം മുഴുവൻ
സ്തുതി പാടാം...

(ഈശോ എന്നെ

നാഥാ എൻ നാഥാ
പോകാം ഞാൻ നിനക്കായ് (2)
നിâ– കരുണയെഴും തിരുമൊഴികളുമായ്
എâ– ജീവിത കാലം മുഴുവൻ
സാക്ഷ്യമേകാം...

(ഈശോ എന്നെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

72

ഈശ്വര സച്ചിദാനന്ദ

ഈശ്വര ചിന്മയാനന്ദ
ഈശ്വര ചിത്താത്മരൂപാ
ഈശ്വര ആനനന്ദ രൂപാ

ഈശ്വര സ്നേഹസ്വരൂപാ
ഈശ്വര തേജസ്വരൂപാ
ഈശ്വര കാരുണ്യരൂപാ
ഈശ്വര ജീവാത്മരൂപാ
ഈശ്വര ജീവാത്മരൂപാ

ഈശ്വര സത്യസ്വരൂപാ
ഈശ്വര ജ്ഞാനസ്വരൂപാ
ഈശ്വര ശക്തിസ്വരൂപാ
ഈശ്വര സച്ചിതാനന്ദ
ഈശ്വര നൻമസ്വരൂപാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

73

ഉണരുണരൂ ദൈവമക്കളേ
ഉണർന്നു പാടുക നവ്യകീർത്തനം
ഉയർത്തെണീററ യേശുനാഥന്റെ
ഉൺമയേററു പാടുക നാം

ഹല്ലേലൂയ്യാ . . . ഹല്ലേലൂയ്യാ . . .(2)

മരണമില്ലാ ഭൂവിലിനി ഭീതിവേ മാനവരേ
മരണത്തെ ജയിച്ചിതാ യേശുനാഥൻ (2)
മാററമില്ലാ വാഗ്ദാനം പൂർത്തിയായി
മാനവനായ് തുറന്നിതാ സ്വർഗ്ഗവാതിൽ (2)
(ഉണരുണരൂ

നന്മയുടെ വിജയക്കൊടി പാറിപ്പറപ്പിച്ച്
നരകത്തിൻ ശക്തിയെ തകർത്തു നാഥൻ (2)
രക്ഷിച്ചു തൻ സുതരെ സ്വർഗ്ഗ താതൻ
നന്ദിയോടെ കീർത്തനങ്ങൾ പാടി വാഴ്ത്താം.

(ഉണരുണരൂ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

74

ഉണർത്തണമേ എന്നെ ഉണർത്തണമേ
ആത്മാവാലെന്നെ ഉണർത്തണമേ
ഞാനുണർന്നാലെൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

എൻ ഭവനമാകും ജറുസലേമും
ഉണരുമാത്മാവാലുണരും
എൻ സഭയാകും ജറുസലേമും
ഉണരുമാത്മാവാലുണരും
ഞാനുണർന്നാലെൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

എൻ സ്നേഹിതരാകും യൂദയായും
ഉണരുമാത്മാവാലുണരും
വിജാതീയരാകും സമരിയായും
ഉണരുമാത്മാവാലുണരും
ഞാനുണർന്നാലെൻ ദേശമുണരും
ഉണർത്തണമേ എന്നെ ഉണർത്തണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

75

ഉണർവ്വിൻ വരം ലഭിപ്പാൻ
ഞങ്ങൾ വരുന്നു തിരു സവിധേ
നാഥാ നിെ– വൻ കൃപകൾ
ഞങ്ങൾക്കരുളൂ അനുഗ്രഹിക്കൂ (നാഥാ....

ദേശമെല്ലാം ഉണർന്നീടുവാൻ
യേശുവിനെ ഉയർത്തീടുവാൻ
ആശിഷമാരി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ

(ഉണർവ്വിൻ വരം

തിരുവചനം ഘോഷിക്കുവാൻ
തിരുനൻമകൾ സാക്ഷിക്കുവാൻ
ശാശ്വത ശാന്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ

(ഉണർവ്വിൻ വരം

തിരുനാമം പാടിടുവാൻ
തിരുവചനം ധ്യാനിക്കുവാൻ
ഉണർവ്വിൻ ശക്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ

(ഉണർവ്വിൻ വരം

രോഷമെല്ലാം വെടിഞ്ഞീടുവാൻ
സ്നേഹത്തിൽ ജീവിക്കുവാൻ
യേശുവിൻ ശക്തി അയക്കേണമേ
ഈ ശിഷ്യരാം നിൻ ദാസരിൻമേൽ

(ഉണർവ്വിൻ വരം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 76

എല്ലാ നേരവും സ്തുതി പാടും
ആത്മാവിൽ വാഴുന്ന ഈശോയ്ക്ക്
അൾത്താരയിൽ വരും തിരുനാഥന്
അപ്പമായ് തീരുന്ന ഗുരുനാഥന്

ആരാധനയുടെ പൊൻചിറകിൽ
ആത്മാവിലലിഞ്ഞ് ഞാൻ പറന്നുയരും
മാലാഖമാർ ചേർന്നു പാടും
ഹാല്ലേലൂയ ഹാല്ലേലൂയ (2)

ഉളളൊന്ന് തുറന്നാൽ
ഉള്ളിൽ വസിക്കാൻ
ആത്മവാതിലിൽ വന്നുമുട്ടുന്ന നേരം
ആ ദിവ്യസ്വരം കേട്ടാത്മഹർഷത്തോടെ
എൻ പൊന്നീശോയെ ഞാൻ സ്വീകരിയ്ക്കാം

(ആരാധനയുടെ........

ആത്മാവിൻ വേദിയിലൾത്താര തീർക്കാം
അൾത്താരയിലെന്നെ ബലിയായ് നൽകാം
ആ സ്നേഹ ബലി ഞാൻ പൂർത്തിയാക്കും നേരം
നിൻ പൊൻ കിരീടം ഞാൻ സ്വീകരിയ്ക്കാം

(ആരാധനയുടെ........

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 77

എല്ലാ പ്രശംസയും എല്ലാ പുകഴ്ചയും യേശുവിന്
എല്ലാ സ്തുതികളും എല്ലാ മഹത്വവും രാജാവിന്
ക്രൂശിൽ മരിച്ചവൻ ആരാധ്യനായവൻ ദൈവപുത്രൻ
വീ ും വരുമവൻ രാജാധിരാജനായ് വാഴുമവൻ

ആരാധിക്കും യേശുവിനെ ഞാൻ അന്ത്യം വരെ
പിൻഗമിക്കും നായകനേ ഞാൻ പിൻമാറാതെ
എന്നിൽ കനിഞ്ഞവനെ കാണും നേരം
ഞാൻ പാടുമേ മോദമോടെ
ഓ ഹോഹോ ഓ ഹോഹോ ഹല്ലേലൂയ്യ
ആ ഹാഹാ ആ ഹാഹാ ഹല്ലേലൂയ്യ

സ്വർഗ്ഗീയ ദൂതരും ഈ ഭൂവിലേവരും പാടിടുമേ
എല്ലാ സ്തുതികളും എല്ലാ മഹത്വവും യേശുവിന്
മൃത്യുഞ്ജ്ജയനവൻ ആരാധ്യനായവൻ ദൈവപുത്രൻ
വീ ും വരുമവൻ രാജാധിരാജനായ് വാഴുമവൻ
ആരാധിക്കും യേശുവിനെ ഞാൻ അന്ത്യം വരെ
പിൻഗമിക്കും നായകനേ ഞാൻ പിൻമാറാതെ
എന്നെ മെനഞ്ഞവനെ ഞാൻ കാണുംനേരം
ഞാൻ പാടുമേ മോദമോടെ
ഓ ഹോഹോ ഓ ഹോഹോ ഹല്ലേലൂയ്യ
ആ ഹാഹാ ആ ഹാഹാ ഹല്ലേലൂയ്യ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

78

എല്ലാ സ്നേഹത്തിനും ഏറ്റം യോഗ്യനവൻ
നല്ല ദൈവമേ നൻമ സ്വരൂപാ
എല്ലാ സൃഷ്ടികളെക്കാളുമുപരിയായി
നിന്നെ സിനേഹിച്ചിടുന്നിതാ ഞാൻ
(എല്ലാ സ്നേഹത്തിനും. . .
എൻെറ സൃഷ്ടാവാം രക്ഷാനാഥനെ ഞാൻ
മുഴു ആത്മാവും ഹൃദയവുമായ്
മുഴുമനമോടെയും സർവ്വ ശക്തിയോടും
സദാ സ്നേഹിച്ചിടുന്നതാ ഞാൻ
(എല്ലാ സ്നേഹത്തിനും. . .
വല്ല പാപത്താലെ നിന്നെ ദ്രോഹിച്ചിടാൻ
വല്ലഭാ അനുവദിക്കരുതേ
നിന്നൊടെളിയതെറ്റും ചെയ്യുന്നതിനുമുമ്പേ
നഷ്ടമാക്കീടാം അഖിലവും ഞാൻ
(എല്ലാ സ്നേഹത്തിനും. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

79

എല്ലാം അന്യമായ് തീരുമ്പോൾ
നീ മാത്രമെൻേറതാകുന്നു
എല്ലാം വ്യർത്ഥമായ് തോന്നുമ്പോൾ
നിന്നിൽ ഞാൻ അർത്ഥം കാണുന്നു
(എല്ലാം അന്യമായ
നീയെൻെറ രക്ഷകനാകുന്നു
ഞാൻ നിൻെറ മിത്രമായ് മാറുന്നു (2)
യേശുവേ ശ്രീയേശുവേ
നീയെൻെറ രക്ഷകനാകുന്നു

പാപികൾക്കിടയിൽ നീചനായ് ഞാൻ
കർമ്മ പാപങ്ങൾക്കെന്നും അടിമയായ് ഞാൻ (2)
കേഴുന്നവരുടെ സ്നേഹിതൻ നീ (2)
തേങ്ങിവീഴുന്ന മർത്യരെ താങ്ങുവോൻനീ

നിൻ കഴിവാണെന്ന് അറിയുന്നു ഞാൻ
സർവ്വം എന്നെ നയിക്കുന്ന നിൻെറ ദയ
(യേശുവേ ശ്രീയേശുവേ. . .
(എല്ലാം അന്യമായ്. . .

കാൽവരിയാണിന്നും എൻ ഹൃദയം
നിൻെറ ചോരകിനിഞ്ഞിടും കുന്നിൻതലം(2)
കുരിശും ചുമന്നിതാ നിൻെറ കൂടെ (2)
എെ– പ്രാണനും പ്രാർത്ഥിച്ചു നേടുന്നു
എെ– യീ ഭാഗ്യത്തെ അറിയുന്നു ഞാൻ
എല്ലാം എന്നെ നയിക്കുന്ന നിൻെറ ദയ
(യേശുവേ ശ്രീയേശുവേ. . .
(എല്ലാം അന്യമായ്. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

80

എല്ലാം നന്മയ്ക്കായ് ദൈവമേ നിൻ പദ്ധതികൾ
എല്ലാമെന്നുടെ നന്മയ്ക്കായ് മാത്രം
നാശമോ ദോഷമോ നിൻ ചിന്തയിലില്ലാ
എല്ലാമെന്നുടെ നന്മയ്ക്കായ് മാത്രം
(എല്ലാം നന്മയ്ക്കായ്

ഭോഷനായെല്ലാരും തള്ളിയാലും
നിന്ദകൊാെ ൻ മനം വാടിയാലും
വെട്ടിയൊരുക്കുന്നു എന്നെ നീ നന്നായ്
എല്ലാമെന്നുടെ നന്മയ്ക്കായ് മാത്രം
(എല്ലാം നന്മയ്ക്കായ്

ശിക്ഷയെന്നാല്ലാരും ചൊല്ലിയാലും
തിന്മയെന്നെൻ മനസ്സോതിയാലും
നന്മസ്വരൂപൻ നീ നൽകും ദാനങ്ങൾ
എല്ലാമെന്നുടെ നന്മയ്ക്കായ് മാത്രം
(എല്ലാം നന്മയ്ക്കായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

81

എല്ലാർക്കും ആശ്വാസമേകുവാൻ
കഴിയുന്ന ഈശോ എഴുന്നള്ളുന്നു
ഉള്ളിൽ ഉറപ്പായ വിശ്വാസമുെ ങ്കിൽ
ആശ്വാസമേകിടുമേ (2)

ഈശോ വരേണമേ ഉള്ളിൽ എന്നും
ഈശോ വരേണമേ ഉള്ളിൽ (2)

ദൈവമാണീ തിരുവോസ്തിയിൽ
എന്നു നീ വിശ്വസിക്കേണമാദ്യം
ദൈവത്തെ ഉള്ളിൽ സ്വീകരിച്ചിടുവാൻ
നന്നായി ഒരുങ്ങിടേണം (2)

(ഈശോ വരേണമേ ഉള്ളിൽ എന്നും)

വിശ്വാസമോടെ നീ ഈ ദിവ്യകൂദാശ
സ്വീകരിച്ചെന്നാകിലോ ആശ്വാസമേകിടും
തമ്പുരാൻ സത്യമായ്
സൗഖ്യവും നൽകിടുമേ (2)

(ഈശോ വരേണമേ ഉള്ളിൽ എന്നും)

എല്ലാർക്കും ആശ്വാസമേകുവാൻ
കഴിയുന്ന ഈശോ എഴുന്നള്ളുന്നു
ഉള്ളിൽ ഉറപ്പായ വിശ്വാസമുെ ങ്കിൽ
ആശ്വാസമേകിടുമേ (2)

(ഈശോ വരേണമേ ഉള്ളിൽ എന്നും)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 82

എല്ലാവരും പങ്കു വെച്ചു
പരസ്നേഹത്തിൽ ജീവിച്ചാൽ
എത്ര മനോഹരമീ ലോകം
സമസ്ത സുന്ദരമീ ലോകം
ഇവിടെ പറുദീസ വിടരും പറുദീസ(2)
സുരഭില പറുദീസ

(എല്ലാവരും......

സ്വത്തും ധനവും ഭിത്തികെട്ടി
പൂട്ടി സൂക്ഷിക്കുന്നവനും (2)
അസ്തമിക്കും ജീവിതമൊരുനാൾ

കൈവെടിയേണം അവയെല്ലാം (2)

(എല്ലാവരും......

മുമ്പിൽ കൈകൾ നീട്ടി നിൽക്കും
മനുഷ്യനേക്കാൾ വലിയ നിധി (2)
എന്തിനിവിടെ തേടിടേണം
നശ്വരമാം സമ്പത്ത്. (2)

(എല്ലാവരും......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

83

എല്ലായിപ്പോഴും എല്ലാ കാര്യത്തിനും
യേശുവിനെ വാഴ്ത്തു
എല്ലാ നാളിലും നമ്മെ കാക്കും
വല്ലഭനെ വാഴ്ത്തു

(എല്ലായിപ്പോഴും. . .

ജോബൊരു നാളിൽ കഷ്ടതയോർത്ത്
ദൈവത്തെ വാഴ്ത്തിയല്ലോ
ദാനിയേലന്ന് സിംഹകുഴിയിൽ
കീർത്തനം പാടിയല്ലോ

(എല്ലായിപ്പോഴും. . .

സാവൂളും സീലാസും അടികളേറ്റ്
സങ്കീർത്തനം ഉയർത്തി
യേശു കുരിശിൽ രക്ത ബലിയായി
ദൈവത്തെ വാഴ്ത്തിയല്ലോ

(എല്ലായിപ്പോഴും. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

84

എമ്മാനുവേൽ എമ്മാനുവേൽ
നിന്നോടുകൂടെ വാഴുന്നു
രാവും പകലും വാഴുന്നു
ദൈവം നിന്നിൽ വാഴുന്നു (2)

(എമ്മാനുവേൽ

ആകാശത്തെങ്ങും തേടേണ്ട നീ
താഴെയീ ഭൂവിലും തേടേണ്ട നീ

കനിവിൻ നാഥൻ സ്നേഹസ്വരൂപൻ
എന്നും നിൻ കൂടെയുണ്ട് (2)

ഇന്നു നിൻ മാനസം നീ തുറന്നീടിൽ
എന്നുമെന്നും ഈശോ നിൻ കൂടെവാഴും
(എമ്മാനുവേൽ

ഭൂമിയിൽ ഏകനാണെന്നോർക്കേണ്ട നീ
ദു:ഖങ്ങൾ ഓരോന്നോർത്തു കേഴേണ്ട നീ
സ്നേഹിതനായി സാന്ത്വനമായി
ദൈവം നിൻ കൂടെയുണ്ട് (2)
(ഇന്നു നിൻ മാനസം. . .
(എമ്മാനുവേൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

85

എൻ യേശുവിൻ സന്നിധിയിൽ എന്നും
ഗീതങ്ങൾ പാടിടും ഞാൻ
തൻ്റെ മാധുര്യമേറിടും നാമമതിൽ
സ്തുതിഗീതങ്ങൾ പാടിടും ഞാൻ
(എൻ യേശുവിൻ.......

കണ്ണുനീരവൻ തുടച്ചിടുമേ
കരുണയിൽ കരം നീട്ടിടുമേ (2)
എൻ്റെ കാൽവരി നായകനേശു മതി
എൻ്റെ പാപങ്ങൾ അകറ്റിടുവാൻ (2)
(എൻ യേശുവിൻ.......

പരനെൻ വിളി കേട്ടിടുമ്പോൾ
പരമാനന്ദം ലഭിച്ചിടുമേ (2)
എൻ്റെ ക്ലേശങ്ങളൊക്കെയും അവൻ
കൃപയാൽ അതിവേഗം അകറ്റിടുമേ (2)
(എൻ യേശുവിൻ.......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

86

എൻ ജീവിതമാം രഥത്തിൽ

നായകനും രക്ഷകനും നീയല്ലോ
എന്റെ ശക്തിയും എന്റെ സൗഖ്യവും
ഈശോ നീമാത്രം നീമാത്രം
(എൻ ജീവിതമാം . . .
ഓരോ രാവിലും നിന്റെ സ്വരം
ഓരോ മുറിവിലും നിൻ രൂപം (2)
സൗഖ്യനാഥാ ആത്മനാഥാ
ലേപനമേകൂ ജീവനാഥാ (2)
(എൻ ജീവിതമാം . . .
ഇനിയൊരു നാളും നിന്നെ പിരിയാതെ
എന്നുംനിൻ ഭവനത്തിൽവാണിടുംഞാൻ
നിൻ മുറിപ്പാടും നോക്കി നിൻചാരെ
എന്നും ഞാൻ സൗഖ്യം നേടും നാഥാ
(എൻ ജീവിതമാം . . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

87

എൻ ജീവിതത്തിൻ തകർച്ചകളിൽ
എൻ ജീവിതത്തിൻ ഉയർച്ചകളിൽ
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു

എൻ ജീവിതത്തിൻ രോഗങ്ങളിൽ
എൻ ജീവിതത്തിൻ സൗഖ്യത്തിലും
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു

എൻ ജീവിതത്തിൻ കോട്ടങ്ങളിൽ
എൻ ജീവിതത്തിൻ നേട്ടങ്ങളിൽ
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു

എൻ ജീവിതത്തിൻ മുറിവുകളിൽ
എൻ ജീവിതത്തിൻ സാന്ത്വനത്തിൽ
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു
എൻ നാഥനെ ഞാൻ സ്തുതിച്ചിടുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

88

എൻ പ്രിയനേ, യേശു രക്ഷകാ (2)
നിൻ കരമെൻ മേൽ വയ്ക്കാൻ ശുദ്ധി ചെയ്കെന്നെ (2)
ഓ. . . കർത്താവേ. .
നിൻ അഗ്നിയെന്നിൽ കത്തട്ടെ (2)
അശുദ്ധിയെല്ലാം ചാരമാകട്ടെ
ഞാൻ തിളങ്ങുന്ന മുത്തായീടട്ടെ (2)
എൻ ഹൃദയം, ചിന്തകൾ, ഇഷ്ടങ്ങൾ (2)
വെൺമയായ് തീരട്ടെ എന്റേതാമെല്ലാം (2)
(ഓ. . . കർത്താവേ
എൻ കരങ്ങൾ, പാദങ്ങൾ, പാതകൾ (2)
വെൺമയായ് തീരട്ടെ എന്റേതാമെല്ലാം (2)
(ഓ. . . കർത്താവേ
എൻ കണ്ണുകൾ, കാതുകൾ, ബന്ധങ്ങൾ
വെൺമയായ് തീരട്ടെ എന്റേതാമെല്ലാം (2)
(ഓ. . . കർത്താവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

89

എനിക്കു വേണം നിന്നെ
നീ രോഗിയാണെന്നാലും
എനിക്കു വേണം നിന്നെ
നീ പാപിയാണെന്നാലും
ലോകം നിന്നെ വെറുത്താലും
ക്ലേശം നിന്നെ മഥിച്ചാലും
എനിക്കു വേണം നിന്നെ
എനിക്കു വേണം നിന്നെ

മെനഞ്ഞെടുത്തു നിന്നെ

ഞാനതിലാനന്ദിച്ചേൻ
സ്നേഹം പകർന്നുകൊണ്ടു പറഞ്ഞു:
ആഹാ നീയെന്നുടെ തനിരൂപം
ആഹാ നീയെന്നുടെ പ്രിയ സൂനു

(എനിക്കു വേണം

തെരഞ്ഞെടുത്തു നിന്നെ
എൻ സ്നേഹം നിന്നിലൊഴുക്കാൻ
എടെ– വിശുദ്ധരെല്ലാമൊന്നായ്
ആഹാ സ്നേഹിച്ചേവം ചൊല്ലി
ആഹാ ഞങ്ങൾക്കതി മോദം

(എനിക്കു വേണം

അണഞ്ഞിടു എൻ മകനേ
എന്നിൽ ആനന്ദിച്ചുല്ലസിക്കൂ
മനസ്സിൽ ആണ്ട വിഷാദം മാറ്റാൻ
തരുന്നിതാ മമ സ്നേഹം
ആഹാ പകർന്നിടൂ പുതു സ്നേഹം

(എനിക്കു വേണം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

90

എണ്ണമേറും പാപത്താൽ ഭാരമേറും ജീവിതം
എണ്ണവറ്റിയ വിളക്കുമായ് നീങ്ങുടുന്ന ജീവിതം
വീണുടഞ്ഞ മൺപാത്രമാണുഞാൻനാഥാ
വീണ്ടുമൊരുജനനം നൽകിടേണമേനാഥാ

(എണ്ണമേറും

കരുണതോന്നണേ എന്നിൽ അലിവുതോന്നണേ
പാപിയാണുഞാൻ നാഥാ പാപിയാണുഞാൻ

പൂർവ്വപാപത്തിൻശാപം പേറിടുന്നുഞാൻ
രോഗവും ദുരിതവും നാൾക്കുനാൾ വളരുന്നു
ദൈവത്തിൻ ആത്മാവ് എന്നിൽ നിർവ്വീര്യമായ്
പാപമെന്നെ പാതാളവഴിയിലെത്തിച്ചു

കരുണതോന്നണേ എന്നിൽ അലിവുതോന്നണേ
പാപിയാണുഞാൻ നാഥാ പാപിയാണുഞാൻ

എഴുന്നള്ളിടുവാൻ മടിച്ചിടല്ലേ ദൈവമേ
സ്നേഹവുംകരുണയും ഒഴുക്കണേനാഥാ
പത്തിരട്ടി സ്നേഹമോടെതിരിച്ചുവന്നീടാൻ
വീണ്ടുമെന്നെ വഹിക്കണേ നിൻ
വിരിച്ച ചിറകുകളിൽ

കരുണതോന്നണേ എന്നിൽ അലിവുതോന്നണേ
പാപിയാണുഞാൻ നാഥാ പാപിയാണുഞാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

91

എണ്ണമില്ലാത്ത പാപങ്ങൾ
എന്റെ ദൈവമേ ചെയ്തുപോയ് ഞാൻ
എന്റെ ഘോരമാം ചെയ്തികളെ
ഏറ്റുകൊള്ളുന്നു മാപ്പേകണേ

(എണ്ണമില്ലാത്ത

സങ്കീർത്തകന്റെ കണ്ണുനീർപോലെ
പാപിനി സ്ത്രീയുടെ രോദനം പോൽ
നിന്റെ തൃപ്പാദത്തിൽ വീണിടുന്നു
ഹീനമെൻ പാപം പൊറുക്കേണമേ

(എണ്ണമില്ലാത്ത

പ്രത്യാശയോടെ നോക്കിടുന്നു ഞാൻ
കുരിശിലെൻ രക്ഷയെ കാണുന്നിതാ
പാപിയെ സ്നേഹിക്കും യേശുനാഥാ
പാപിയാമെന്നെ നീ സ്വീകരിക്കൂ

(എണ്ണമില്ലാത്ത

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

92

എന്നെ കൈപിടിച്ചുനടത്തുന്ന സ്നേഹം
എന്നെ കൈകളിൽതാങ്ങിടുന്ന സ്നേഹം
എന്നെ തോളിലേറ്റും താരാട്ടുപാടും

മെല്ലെ ചാഞ്ചക്കമാട്ടുന്ന സ്നേഹം
ആ സ്നേഹം ആ സ്നേഹം
ആ ദിവ്യസ്നേഹമാണ് ദൈവം

(എന്നെ കൈപിടിച്ചു

എൻെറ കഷ്ടതകൾ നീക്കിടുന്ന സ്നേഹം
എൻെറ ദുഖങ്ങൾ എറ്റുവാങ്ങും സ്നേഹം
എൻെറ മുറിവുകളിൽ ആശ്വാസമേകി
എൻെറ മിഴിനീരു മായ്ക്കുന്ന സ്നേഹം
ആ സ്നേഹം ആ സ്നേഹം
ആ ദിവ്യസ്നേഹമാണ് ദൈവം

എൻെറ പാപങ്ങൾ നീക്കിടുന്നസ്നേഹം
എൻെറ ഭാരങ്ങൾ താങ്ങിടുന്ന സ്നേഹം
എൻെറ ആത്മാവിലാമോദമേകി
എന്നെ മാറോടു ചേർക്കുന്ന സ്നേഹം
ആ സ്നേഹം ആ സ്നേഹം
ആ ദിവ്യസ്നേഹമാണ് ദൈവം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

93

എന്നെക്കാക്കും ദൈവം
എന്നാഴം കാണും ദൈവം
എന്നോടൊപ്പം വാഴാൻ
എന്നെത്തേടി വന്നു
എൻ ദു:ഖം മാറ്റും ദൈവം
എൻ ഭാരം താങ്ങും ദൈവം
എന്നോടൊപ്പം വാഴാൻ
എന്നെത്തേടി വന്നു

(എന്നെക്കാക്കും.......

പാപിയെന്നെത്തേടിയീ
മന്നിടത്തിൽ വന്നൊരു
നിത്യസ്നേഹ രൂപനേ
എെ– നല്ല ദൈവമേ

എന്റെ പാപമേറ്റവൻ
നീക്കിയെന്റെ വൻവിന
മോക്ഷഭാഗ്യമേകുവാൻ
യാഗമാക്കി ജീവിതം

(എന്നെക്കാക്കും.......

ഭൂമിയിൽ പിറന്നവൻ
രക്ഷയേകാൻ വന്നവൻ
മാനവർക്കു നിത്യമായ്
ദൈവമായി തീർന്നവൻ
സ്വർഗ്ഗനാട്ടിലെത്തുവാൻ
കൂട്ടിനായി വന്നവൻ
പാവനാത്മ രുപിയായ്
വാസമായി ഹൃത്തതിൽ

(എന്നെക്കാക്കും.......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

94

എന്നേശുനാഥൻെറ പാദത്തിങ്കൽ ഞാൻ
ഇനി എന്നാളും ഈമന്നിൽ ജീവിച്ചിടും
എന്തോരംക്ലേശങ്ങൾ നേരിട്ടാലും ഞാൻ
എൻെറ കർത്താവിൻ സ്നേഹത്തിൽ ആനന്ദിക്കും
ദൂരെ പോകുന്ന നിമിഷങ്ങളിൽ
തേടിപാഞ്ഞെത്തും ഇടയനവൻ
ആരും കാണാതെ കരഞ്ഞിടുമ്പോൾ
തോളിലേറ്റി താൻ തഴുകിടുന്നു
സ്വർഗ്ഗസീയോനിൽ നാഥനെ കാൺമതിനായ്
എൻെറ ആത്മാവ് ദാഹിച്ചു കാത്തിരിപ്പൂ

(എന്നേശുനാഥൻെറ

ആരെയും ഞാൻ ഭയപ്പെടില്ല
എൻെറ കർത്താവെൻ കൂടെ വന്നാൽ
ഇല്ല താഴുകില്ല ഞാൻ പതറുകില്ല
എന്നും തന്നോട് ചേർന്നു നിന്നാൽ
യാത്രയിൽ ഞാൻ തളർന്നിടുമ്പോൾ

എന്നാത്മ ധൈര്യം ചോർന്നിടുമ്പോൾ
രാത്രികാലെ നടുങ്ങിടുമ്പോൾ
എൻ മേനിയാകെ വിറച്ചിടുമ്പോൾ
ശോഭിതമാം തിരുമുഖമെൻ
ഉള്ളിൽ കണ്ണാലെ കാൺമതിനെൻ ഭാഗ്യം
പാടിടും ഞാൻ സ്തുതിവചനം
തൻെറ സിംഹാസനത്തിങ്കൽ രാജനുഞാൻ

(എന്നേശുനാഥൻെറ

ഭൂവിലാണെൻ ഭവനമെന്ന്
അല്പ വിശ്വാസി ഞാൻ കരുതി
സ്വർഗ്ഗ വീട്ടിലെല്ലാം ഒരുക്കിവച്ച്
എൻെറ നല്ലേശു കാത്തിരിപ്പൂ
ക്രൂശിലേവം സഹിച്ചുവല്ലോ
എൻ ക്ലേശഭാരം അകറ്റിടുവാൻ
പ്രാണനന്ന് സമർപ്പിച്ചല്ലോ
എന്നാത്മരക്ഷാ വഴിതെളിക്കാൻ
തേടുകില്ലാ ജഡികസുഖം
ഇനി ഞാനല്ല ജീവിപ്പതേശുവത്രേ
പാടിടും ഞാൻ സ്തുതിവചനം
തൻെറ സിംഹാസനത്തിങ്കൽ രാജനുഞാൻ

(എന്നേശുനാഥൻെറ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

95

എന്നുമെന്റെ കരം പിടിക്കും
എന്റെ യേശുവേ നീ എത്ര നല്ലവൻ
എന്നുമെന്നെ വഴി നടത്തും
എന്റെ യേശുവേ നീ എത്ര വല്ലഭൻ
നീ മതിയായവൻ നീ എന്നെ നയിക്കും
നീ മാത്രമേ എന്റെ ആശ്രയം

തൻ തൂവലാൽ മറയ്ക്കും
കൺമണിപോൽ നീ കാക്കും
മമ ജീവനിൽ നിറയാൻ
പുതു സ്നേഹമായ് അണയും

(എന്നുമെന്റെ കരം പിടിക്കും )

എൻ പാത കാട്ടിടുവാൻ
മണിദീപമായ് തെളിയും
മൃതിതൻ താഴ്വരയിൽ
പതറാതെ നീ നടത്തും

(എന്നുമെന്റെ കരം പിടിക്കും )

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 96

എ൭– ദൈവത്താൽ എ൭– ദൈവത്താൽ
നിശ്ചയം അനുഗ്രഹം പ്രാപിച്ചിടും ഞാൻ
ത൭– വചനം പോലെ ഞാൻ ചെയ്യും
ത൭– വഴിയിൽ തന്നെ നടക്കും (2)

ദേശത്തിൽ ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും (2)
എ൭– വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങളൊന്നുമേ മുടങ്ങുകില്ല (2)

(എ൭– ദൈവത്താൽ

എന്നെയെതിർക്കുന്ന ശത്രുക്കൾ എല്ലാം
ചിന്നഭിന്നമായ് പോകും എ൭– ദൈവത്താൽ (2)
എ൭– ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും (2)

(എ൭– ദൈവത്താൽ

ജീവിത പങ്കാളിയും എ൭– മക്കളും
എ൭– സമ്പത്തും അനുഗ്രഹിക്കപ്പെടും (2)
എ൭– നൻമയ്ക്കായ് അവൻ സമൃദ്ധിനൽകും
എന്നെ വിശുദ്ധജനമാക്കിടും താൻ (2)

(എ൭– ദൈവത്താൽ

വായ്പ വാങ്ങാൻ ഇടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും (2)
ഉയർച്ചതന്നെ എന്നും പ്രാപിക്കും ഞാൻ
ഉന്നതങ്ങളിൽ എന്നെ മാനിക്കും താൻ (2)

(എ൦– ദൈവത്താൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

97

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ
അത് ചിന്തയിലടങ്ങാം സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ

(എന്തതിശയമേ. . .

ദൈവമേ നിൻമഹാസ്നേഹമതിൻ വിധം
ആർക്കുഗ്രഹിച്ചറിയാം എനി– ക്കാവതില്ലേയതിൻ
ആഴമളന്നീടാൻ എത്ര ബഹുലമത്

(എന്തതിശയമേ. . .

ആയിരമായിരം നാവുകളാലത്
വർണ്ണിപ്പതിനെളുദോ പതി–
നായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ

(എന്തതിശയമേ. . .

മോദമെഴും തിരുമാർവിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന, ഏക
ജാതനാമേശുവേ പാപികൾക്കായ് തന്ന
സ്നേഹമതിശയമേ

(എന്തതിശയമേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

98

എഫ്രായേം നീയെ൦– വൽസലപുത്രൻ
പൊന്നോമന കുട്ടൻ നീ
നിന്നോടുള്ളെൻ സ്നേഹം അചഞ്ചലവും
നിന്നോർമ്മ.... എന്നുള്ളിലവർണ്ണനീയം

(എഫ്രായേം

വഴിതെറ്റി എങ്ങും നീയലഞ്ഞിടാതെ
വരികെ൦– ചാരത്ത് വൈകിടാതെ (2)
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞുനിൽക്കും
എൻ മാറിലായ് നിനക്കഭയമേകാം

(എഫ്രാദയോം

എന്നിൽ നിന്നും നീ അകന്നുപോയി
എൻ പാത വിട്ട് നീ ദൂരത്തായി (2)
എങ്കിലും മകനേ കാരുണ്യമോടെ
തുടിക്കുമെൻ ഹൃദയം നിനക്കുവേണ്ടി

(എഫ്രാദയോം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

99

എഫാത്താ എഫാത്താ ഗലീലിലുയർന്ന വചനം(3)
ആത്മീയ ബധിരത മാററും ആശ്വാസമേകും വചനം
ശ്രവിക്കാം ഹൃദയമൊരുക്കാം
ഈ ജീവിതത്തിൽ പകർത്താം

(എഫാത്താ എഫാത്താ

കദനമേറും വനിയിൽ ആശയില്ലാതലയും (2)
മനുഷ്യമക്കൾക്കഭയം കരുണയേകും വചനം
പുതുജീവനേകിയുണർത്തും
പാവന സ്നേഹ വചനം (2)

(എഫാത്താ എഫാത്താ

ഇരുളു മൂടും വഴിയിൽ ദിശകളറിയാതലയും (2)
ഉഴറും മനസ്സുകൾക്കഭയം നാഥൻ നൽകും വചനം
പറുദീസാ നൽകി നയിക്കും
ആത്മസായൂജ്യ വചനം (2)

(എഫാത്താ എഫാത്താ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

100

എരിയും മെഴുതിരിപോലെ
ഹൃദയം ഉരുകും നേരം (2)
അരികിൽ വരേണെ സദയം തൊടേണെ
സുഖമായിടും എന്റെയുള്ളം (2)

മനസ്സിൻ ഭാരമതെല്ലാം
മായ്ക്കാൻ കഴിയും നാഥാ (2)
അരികിൽ വരേണെ സദയം തൊടേണെ
സുഖമായിടും എന്റെയുള്ളം (2)

കരളിൻ കദനമതെല്ലാം
കഴുകും കുളിർമഴയായ് (2)
അരികിൽ വരേണെ സദയം തൊടേണെ
സുഖമായിടും എന്റെയുള്ളം (2)

സ്നേഹം ത്യാഗമെന്നോതി
കുരിശിൽ മരിച്ചൊരു നാഥാ (2)
അരികിൽ വരേണെ സദയം തൊടേണെ
സുഖമായിടും എന്റെയുള്ളം (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

101

എഴുന്നള്ളുന്നേശു രാജാവായ്
കർത്താവായ് ഭരണം ചെയ്തിടുവാൻ
ദൈവരാജ്യം നമ്മിൽ സ്ഥാപിതമാക്കാൻ
സാത്താന്റെ ശക്തിയെ തകർത്തിടുവാൻ
(എഴുന്നള്ളുന്നേശു

യേശുവേ വന്നു വാഴണമേ
ഇനി ഞാനല്ല, എന്നിൽ നീയല്ലോ
രാജാവേ വന്നു വാഴണമേ
ഇനി ഞാനല്ല, എന്നിൽ നീയല്ലോ

രോഗങ്ങൾ മാറും ഭൂതങ്ങൾ ഒഴിയും
ബന്ധനമെല്ലാം തകർന്നിടുമേ
കുരുടരും മുടന്തരും ചെകിടരുമെല്ലാം
സ്വതന്ത്രമാകുന്ന ദൈവരാജ്യം
(യേശുവേ വന്നു വാഴണമേ

ഭയമെല്ലാം മാറും നിരാശ നീങ്ങും
വിലാപം നൃത്തമായ് തീർന്നിടുമേ
തുറന്നീടും വാതിൽ അടഞ്ഞവയെല്ലാം
പൊരുതും മിശിഹാ രാജൻ നമുക്കായ്
(യേശുവേ വന്നു വാഴണമേ

എഴുന്നള്ളുന്നേശു രാജാവായ്
കർത്താവായ് ഭരണം ചെയ്തിടുവാൻ
ദൈവരാജ്യം നമ്മിൽ സ്ഥാപിതമാക്കാൻ

സാത്താൻെറ ശക്തിയെ തകർത്തിടുവാൻ

(എഴുന്നള്ളുന്നേശു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

102

എഴുന്നുള്ളുന്നു രാജാവെഴുന്നുള്ളുന്നു
നാകലോക നാഥനീശോ എഴുന്നുള്ളുന്നു
മാനവർക്കു വരം തൂകി എഴുന്നുള്ളുന്നു

(എഴുന്നുള്ളുന്നു. . .

ബേത്‌ലഹേമിൽ വന്നുദിച്ചൊരു കനകതാരം
യൂദയായിൽ കതിരുവീശിയ പരമ ദീപം(2)
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
മന്നിടത്തിന് ജീവനേകിയ സ്വർഗ്ഗഭോജ്യം

(എഴുന്നുള്ളുന്നു. . .

കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിൻെറ മീതെ നടന്നു പോയവൻ(2)
മൃതിയടഞ്ഞ മാനവർക്കു ജീവനേകി
മനമിടിഞ്ഞ രോഗിക്കൾക്കു സൗഖ്യമേകി

(എഴുന്നുള്ളുന്നു. . .

മഹിതലേ പുതിയ മലരുകളണിഞ്ഞീടുവിൻ
മനുജരേ മഹിത ഗീതികൾ പൊഴിച്ചീടുവിൻ (2)
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾ കോർത്ത് നിരന്നീടൂവിൻ

(എഴുന്നുള്ളുന്നു. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

103

ഏറ്റേറ്റു ചൊല്ലുന്ന പാപങ്ങൾ നീ
ഭയപ്പെടേണ്ടൊരു നാളും
അനുതാപക്കടലിൽ മുങ്ങിയ നീയിനി
കരയേണ്ടൊരു നാളും, മകനേ
കരയേണ്ടൊരു നാളും

(ഏറ്റേറ്റു ചൊല്ലുന്ന

പശ്ചാത്താപമെന്നും രക്ഷാകരമാം ദാനം
പാപമനസ്സിൽ ദൈവം ശുദ്ധി വിതയ്ക്കും സമയം

വ്യഥകളകന്നീടും വ്യാധികൾ മാറീടും
നിൻ മാനസാന്തര മാർഗ്ഗേ (2)
(ഏറ്റേറ്റു ചൊല്ലുന്ന

ലോകപാപം പേറും
കുഞ്ഞാടായ് ഞാൻ വന്നു
നിത– പാപം കഴുകാൻ
കുരിശിൽ രക്തമൊഴുക്കി
സ്നേഹമായൊഴുകട്ടെ ത്യാഗമായ് മാറട്ടെ
സഹജർക്കായ് ഞാൻ തന്ന ദാനം (2)
(ഏറ്റേറ്റു ചൊല്ലുന്ന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

104

ഏഴുവിളക്കിൻ നടുവിൽ ശോഭപൂർണ്ണനായ്
മാറത്തു പൊൻകച്ചയണിഞ്ഞും കാണുന്നേശുവേ
ആദ്യനും അന്ത്യനും നീ മാത്രമേശുവേ
സ്തുതികൾക്കും പുകഴ്ചയ്ക്കും യോഗ്യനേശുവേ
ഹാലേലൂയ. . . ഹാലേലൂയ. . .

നിന്റെ രൂപവും ഭാവവും എന്നിലാകട്ടെ
നിന്റെയാത്മശക്തിയും എന്നിൽ കവിഞ്ഞിടട്ടെ
(ആദ്യനും അന്ത്യനും
എന്റെ ഇഷ്ടങ്ങളൊന്നുമേ വേ ണ്ടേശുവേ
നിന്റെ ഹിതത്തിൻ നിറവിൽ ഞാൻ പ്രശോഭിക്കട്ടെ
(ആദ്യനും അന്ത്യനും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

105

ഒന്നു തൊട്ടാലും നാഥാ
സൗഖ്യം തന്നാലും
നിൻ കരാംഗുലി സ്പർശനത്താൽ
പൂർണ്ണ സൗഖ്യം ഞാൻ നേടുവാൻ
(ഒന്നു തൊട്ടാലും
ഈ ധരയിലോ നീ പിറന്നത്
മുക്തി നൽകാനല്ലയോ

നിറ- ശക്തിയിലേശു നാഥാ
വിശ്വസിച്ചീടുന്നു ഞാൻ
(ഒന്നു തൊട്ടാലും
നിൻ തിരുമൊഴിയൊന്നിനാൽ മൃതർ
പോലുമന്നുയർത്തില്ലയോ
ഇന്നു നിൻ കരുണാർദ്രമാം സ്വര-
മെന്നെയും സുഖമാക്കിടും
(ഒന്നു തൊട്ടാലും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

106

ഒന്നുവിളിച്ചാലോടിയെൻ- അരികിലെത്തും
ഒന്നു സ്തുതിച്ചാലവനെൻ- മനം തുറക്കും
ഒന്നു കരഞ്ഞാൽ ഓമനിച്ചെൻ മിഴിതുടക്കും
ഓ എത്ര നല്ല സ്നേഹമെൻ- ഈശോ
(ഒന്നുവിളിച്ചാലോടിയെൻ-
ഒന്നു തളർന്നാലവനെൻ- കരംപിടിക്കും
പിന്നെ കരുണാമയനായി താങ്ങിനടത്തും
ശാന്തിപകരും എൻ- മുറിവുണക്കും
എത്ര നല്ല സ്നേഹമെൻ- ഈശോ
ഓ എത്ര നല്ല സ്നേഹമെൻ- ഈശോ
(ഒന്നുവിളിച്ചാലോടിയെൻ-
തന്നെയനുഗമിക്കാനവനെന്നെ വിളിക്കും
തിരുവചനം പകർന്നെന്നെ വഴിതെളിക്കും
ശക്തിപകരും എന്നെയനുഗ്രഹിക്കും
എത്ര നല്ല സ്നേഹമെൻ- ഈശോ
ഓ എത്ര നല്ല സ്നേഹമെൻ- ഈശോ
(ഒന്നുവിളിച്ചാലോടിയെൻ-

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

107

ഒരുനാളും എൻ വീഴ്ചകളിനി നീ
ഓർക്കുകില്ല, ക്ഷമിച്ചതല്ലേ
മൂടൽമഞ്ഞു പോൽ എൻ പാപങ്ങൾ

കാർമേഘം പോലെയെൻ തി കളും
എല്ലാം തുടച്ചുനീക്കി സർവ്വംശുദ്ധമാക്കി
(ഒരുനാളും എൻ

രക്ഷകനായ് നീ ചാരെയണഞ്ഞു
രക്ഷിക്കാനായ് നിൻ കരങ്ങൾ നീട്ടി
മാരക മുള്ളിൻ ഇടയിൽനിന്നും എന്നെ
കോരിയെടുത്തു നിൻ തോളിലെടുത്തു
തോളിലെടുത്തു. . . .
(ഒരുനാളും എൻ

തിരുവചനത്താൽ തിരു രക്തത്താൽ
നവസൃഷ്ടിയായെന്നെ ഉരുക്കി വാർത്തു
ഇനി ഒരുനാളും പിരിയാതെ
നിന്നിൽ വസിക്കാൻ നിൻ
കൃപചൊരിയൂ കൃപചൊരിയൂ....
(ഒരുനാളും എൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

108

ഒരുനിമിഷം എൻ യേശുവിൻ മുമ്പിൽ
ഒന്നു മനസ്സുതുറന്നു പങ്കിടാൻ ദാഹം
കഥനമേറുമെൻ കഥ പറയുമ്പോൾ
കരുണയോടതു മുഴുവൻ കേൾക്കാൻ
നാഥാ നീ മാത്രം എന്നെ കാത്തിരുന്നിതുവരെയും
ക്രൂശിൽ നീ ചേർത്തു എന്റെ രോഗദുരിതങ്ങളെല്ലാം
(ഒരുനിമിഷം

കാരിരുമ്പിൻ ആണിയേക്കാൾ
കഠോര വേദനയേകി ഞാൻ
ഏറെനാളായ് പാപം ചെയ്തു
നിനക്കു മുൾമുടി മെനഞ്ഞു ഞാൻ
ക്രൂശിതാ ക്ഷമിക്കൂ
മറന്നുപോകില്ല നിൻ സ്നേഹം ഞാൻ
മനസ്സു ഞാൻ നിന്നിലർപ്പിച്ചിടാം
(ഒരുനിമിഷം

പാപമെന്നിൽ ഇല്ലയെന്ന്

നിരന്തരം ഞാനോർത്തുപോയ്
നീതിമാനായ് ഞാൻ ചമഞ്ഞു
ചെയ്യ്തേ നന്മകൾ മറന്നു പോയ്
യേശുവേ കനിയൂ,
അകന്നു പോകാതെ നിന്നാത്മനേ
പകരമേകുന്നു എൻ ജീവനെ

(ഒരുനിമിഷം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

109

ഒരുപാടു പാപത്തിൻ ചുമടുമായ് ഞാൻ
തീരാ കറയായ് കളങ്കമായ് ഞാൻ
വെറുപ്പിൻെറ വാശിയുംവീറുമായ് ഞാൻ
ഇല്ല സ്നേഹിച്ചില്ല ഞാനാരേയും
എന്നെ സ്നേഹിച്ചു ഞാൻ എന്നെമാത്രം

(ഒരുപാടു പാപത്തിൻ. . .

പാപ കുഴികളിൽ വീണുപോയി ഞാൻ
സ്വസ്ഥമായുറങ്ങിയിട്ടേറെ നാളായി (2)
ഒന്നുപൊട്ടിച്ചിരിച്ചതിലേറെയായ്
കണ്ടാലും മിണ്ടാൻ തോന്നാത്ത മാതിരി
ബന്ധങ്ങളെല്ലാം മരവിച്ചുപോയി
എൻ ബന്ധങ്ങളെല്ലാം മരവിച്ചുപോയി

(ഒരുപാടു പാപത്തിൻ. . .

ഒരുപാട് തെറ്റുകൾ ചെയ്തുപോയ്ഞാൻ
ഇന്നിതാ യേശുവേ സ്നേഹനാഥാ (2)
സർവ്വം പൊറുക്കുന്ന സ്നേഹനാഥാ
നിൽക്കുന്നു നിൻമുമ്പിൽ അനുതാപമോടെ
ഈ പാപചുമടൊന്നിറക്കിവക്കാൻ
ഈ പാപചുമടൊന്നിറക്കിവക്കാൻ

(ഒരുപാടു പാപത്തിൻ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

110

ഒരുവാക്ക് ചൊല്ലാൻ ഒരുനോക്ക് കാണാൻ
യേശുവേ നീ വരുമോ

എന്നോടു ചേരാൻ എന്നുള്ളിൽ വാഴാൻ
എന്നരികിൽ നീ വരുമോ

എത്രനാളായി ഞാൻ കൊതിപ്പൂ
നിന്നൊടൊന്നായ് ചേർന്നീടുവാൻ
വൈകാതെ വന്നീടണേ ആത്മനായകാ
(ഒരുവാക്ക് ചൊല്ലാൻ ഒരുനോക്ക് കാണാൻ)

നെഞ്ചകം നിറയെ വിതുമ്പും
നൊമ്പരം എല്ലാം അകറ്റാൻ (2)
തിരുവോസ്തിരൂപാ തിരുമാറിലെന്നെ
ചേർക്കുവാൻ മനസ്സാകണേ (2)

എത്രനാളായി ഞാൻ കൊതിപ്പൂ
നിന്നൊടൊന്നായ് ചേർന്നീടുവാൻ
വൈകാതെ വന്നീടണേ ആത്മനായകാ
(ഒരുവാക്ക് ചൊല്ലാൻ ഒരുനോക്ക് കാണാൻ)

ആരാരുമില്ലാത്ത നേരം
ആധിയിലാഴുന്ന നേരം (2)
തൃക്കൈകൾ നീട്ടി തുണയേകുവാനായ്
സ്നേഹമേ മനസ്സാകണേ (2)

എത്രനാളായി ഞാൻ കൊതിപ്പൂ
നിന്നൊടൊന്നായ് ചേർന്നീടുവാൻ
വൈകാതെ വന്നീടണേ ആത്മനായകാ
(ഒരുവാക്ക് ചൊല്ലാൻ ഒരുനോക്ക് കാണാൻ)

എത്രനാളായി ഞാൻ കൊതിപ്പൂ
നിന്നൊടൊന്നായ് ചേർന്നീടുവാൻ
വൈകാതെ വന്നീടണേ ആത്മനായകാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 111

ഒത്തിരിയൊത്തിരി സ്നേഹിച്ചോരെല്ലാം
ഒത്തിരി നൊമ്പരം തന്നീടുമ്പോൾ
നെഞ്ചുതകർന്നു കരയുമ്പോഴെന്നെ

നെഞ്ചോടു ചേർക്കുമെന്നേശു നാഥാ
ഓ എന്റെ സ്നേഹമേ. . . വന്നു നിറഞ്ഞീടണേ (2)

എൻ സ്വന്തനേട്ടങ്ങളെല്ലാം മറന്നു
ത്യാഗം സഹിച്ചേറെ നന്മചെയ്തു
ക ില്ലാരുമെൻ നന്മകളെ
അന്യയായ് എന്നെ തള്ളിയല്ലോ
ഓ എന്റെ സ്നേഹമേ. . . .ശാന്തിയായ് വന്നീടണേ (2)

സമ്പാദ്യമൊന്നുമേ കരുതിയില്ലേലും
നഷ്ടങ്ങളെല്ലാം നേട്ടങ്ങളാക്കി
എന്നെയുയർത്തും നാഥനുവേ ി
ജീവിക്കും ഞാനിനി സന്തോഷിക്കും
ഓ എന്റെ സ്നേഹമേ. . .കാവലായ് വന്നീടണേ
ഓ എന്റെ സ്നേഹമേ. . .ഞാനെന്നും നിന്റേതല്ലോ
ഓ എന്റെ യേശുവേ . . .നീയെന്നും എന്റേതല്ലോ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

112

ഓസ്തിയിൽ വാഴും ദൈവമേ
സ്നേഹത്തിൻ അവതാരമേ
ആത്മാവിൻ ഭോജനമേ
ആരാധനാ പാത്രമേ(2)

(ഓസ്തിയിൽ വാഴും

എല്ലാ നാമത്തിനും മേലായി ഞങ്ങൾ
നിൻതിരുനാമം വാഴ്ത്തീടുന്നു
എല്ലാ മുഴങ്കാലും മടങ്ങിടുന്നു
നിൻ മുമ്പിലാദരവോടെ

(ഓസ്തിയിൽ വാഴും

എല്ലാം ഭരിച്ചീടും ദൈവമേ ഞങ്ങൾ
നിൻ തിരുമുമ്പിൽ നമിച്ചീടുന്നു
ഇല്ല ജഗത്തിൽ വേറൊരു നാമം
മാനവർക്കാലംബമായി.

(ഓസ്തിയിൽ വാഴും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

113

ഓരോ നിമിഷവും ഒരായിരം സ്തുതി
ഉയർത്തുവാനുണരുന്നു കരുണാമയാ
നാഥാ സ്വരമുയർത്തി സ്തുതിപാടുന്നു
ഞാൻ പരമ നാഥനെ നമിച്ചിടുന്നു
ഹാലേല്ലൂയാ ഹാലേല്ലൂയാ
ഓ എന്‍ ദൈവമേ ആരാധന (2)

കാരുണ്യം തേടി ഞാൻ
തൃപ്പാദേ അണയുമ്പോൾ
കരുണാർദ്ര സ്നേഹത്തിൻ
നിറമെൻ മനമറിയും

(ഹാലേല്ലൂയാ

തിരുസന്നിധേ എന്നാളും
വാഴാനൊരു മോഹം
തരു നാഥാ കൃപയതിനായ്
തൃച്ചേവടി പുൽകാം

(ഹാലേല്ലൂയാ

ഒരു നിമിഷം മാത്രമാ
മുഖ ദർശനമരുളൂ
ഒരുകോടി സ്തുതികീർത്തനമീ
താസനുയർത്താം

(ഹാലേല്ലൂയാ

അതിമോഹന ഗാനമെൻ
അധിനാഥനു നല്കാം
അതിനെൻ മനമുരളിയിലൊരു
നവ രാഗം പകരൂ

(ഹാലേല്ലൂയാ

പരമോന്നത ഗുരുവരനാം ശ്രീയേശു നാഥാ
പരംപൊരുളേ തിരുവചനം തവദാസർക്കരുളൂ

(ഹാലേല്ലൂയാ

നിന്നാത്മം മുറിവേൽക്കും പാപങ്ങളൊന്നും

എൻ നേരെ തിരിയില്ല നീ ചാരെ വന്നാൽ

(ഹാലേല്ലൂയാ

കൂരിരുളിൽ കടൽ നടുവിൽ
തീക്കുഴിയിൽ വീണാലും
കാത്തിടുമെൻ നാഥാ
നിൻ തൃക്കൈയുള്ളത്തിൽ

(ഹാലേല്ലൂയാ

നിന്നാത്മം എന്നുള്ളിൽ
വാസം തുടങ്ങും
നേരത്തെൻ ജീവിതമൊരു
പുതു ലഹരിയിലുണരും

(ഹാലേല്ലൂയാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

114

ഓ . . . ആരാധന ദൂതന്മാർ പാടുന്നേ,
ഓ . . . ആരാധന മന്നിതും പാടുന്നേ

ഹല്ലേലൂയ. . . ഹല്ലേലൂയ ആത്മാവിൻ ദീപമേ
വല്ലഭനേ. . നിന്റെ നാമം മന്നിലും വാഴണേ

(ഓ . . . ആരാധന ദൂതന്മാർ പാടുന്നേ,)

ചോര വാർന്ന മുറിവുകൾ
തോർന്നു ദിവ്യ സ്തുതികളാൽ
പാടി നിന്നെ കുമ്പിടുമ്പോൾ
പാപഭാരം അകലുന്നേ

(ഓ . . . ആരാധന ദൂതന്മാർ പാടുന്നേ,)

ശമറായ സ്നേഹമേ ശരണം
നിൻ കൈകളിൽ
യേശുവേ. . . യേശുവേ
നീയെന്നും രാജാധിരാജൻ

(ഓ . . . ആരാധന ദൂതന്മാർ പാടുന്നേ,)

മേഘജാലം വാനിടത്തിൽ
നീന്തി നിന്നെ വാഴ്ത്തുന്നല്ലോ
ക്രോവേ, സ്രാപ്പേൻ വൃന്ദങ്ങളും
പാടി നിന്നെ വാഴ്ത്തുന്നല്ലോ

(ഓ . . . ആരാധന ദൂതന്മാർ പാടുന്നേ,)

മഹോന്നത ഗീതികൾ
താരാജാലം പാടിടുന്നേ
രാവിലും പകലിലും
എല്ലാരും വാഴ്ത്തുന്നു നിന്നെ

(ഓ . . . ആരാധന ദൂതന്മാർ പാടുന്നേ,)

ഹല്ലേലൂയ. . . ഹല്ലേലൂയ ആത്മാവിൻ ദീപമേ
വല്ലഭനേ. . നിന്റെ നാമം മന്നിലും വാഴണേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

115

ഓം ഭഗവാൻ ഓം ഭഗവാൻ
ഓം ഭഗവാൻ പ്രഭു പിതാ ഭഗവാൻ

ഓം ഭഗവാൻ ഓം ഭഗവാൻ
ഓം ഭഗവാൻ പ്രഭു ക്രിസ്ത ഭഗവാൻ

ഓം ഭഗവാൻ ഓം ഭഗവാൻ
ഓം ഭഗവാൻ പ്രഭു ആത്മ ഭഗവാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

116

ഓ. . ദിവ്യകാരുണ്യമേ, ഓ. . സ്നേഹസാഗരമേ
നിത്യജീവൻ പാപിക്കു നൽകിയ യേശുതമ്പുരാനേ
പാപം ക്ഷമിച്ചും ജീവൻ വെടിഞ്ഞും
സ്നേഹം ചൊരിഞ്ഞവനേ (2)

നിന്നെ സ്തുതിക്കുന്നു നിന്നെ നമിക്കുന്നു
ഓ സ്നേഹകാരുണ്യമേ (2)

ആ. . . ആ . . .

അദ്ധ്വാനഭാരവും കണ്ണീരുമായ്
ചാരെവരുന്നു ഞാൻ കാരുണ്യമേ (2)
മാറോടു ചേർക്കണെ, പാപം ക്ഷമിക്കണെ
സാന്ത്വനമേകി നീ സുഖമാക്കണേ

ഈശോ. . . എന്നെ നീ സുഖമാക്കണേ

ഓ. . ദിവ്യകാരുണ്യമേ, ഓ. . സ്നേഹസാഗരമേ
നിന്നെ സ്തുതിക്കുന്നു നിന്നെ നമിക്കുന്നു
ഓ സ്നേഹകാരുണ്യമേ (2)
ആ. . . ആ. . .

പാപബോധവും വ്യാധിയുമായ്
ദൂരെ അലഞ്ഞുഞ്ഞാൻ കാരുണ്യമേ (2)
തിരുനിണമൊഴുക്കണെ, മുറിവുണക്കേണമെ
സാന്ത്വനമേകി നീ സുഖമാക്കണേ
ഈശോ. . . എന്നെ നീ സുഖമാക്കണേ

ഓ. . ദിവ്യകാരുണ്യമേ, ഓ. . സ്നേഹസാഗരമേ
നിത്യജീവൻ പാപിക്കു നൽകിയ യേശുതമ്പുരാനേ
പാപം ക്ഷമിച്ചും ജീവൻ വെടിഞ്ഞും
സ്നേഹം ചൊരിഞ്ഞവനേ (2)

നിന്നെ സ്തുതിക്കുന്നു നിന്നെ നമിക്കുന്നു
ഓ സ്നേഹകാരുണ്യമേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 117

കൺമണിപോലെന്നെ കാത്തുപാലിക്കും
കാവൽ മാലാഖേ താരാട്ടുപാടാൻ വാ
പാടിയുറക്കാൻ വാ ഓരോ നാളും എന്നോടപ്പം
തുള്ളിക്കളിക്കാൻ വാ (2)
(കൺമണിപോലെന്നെ. . .

നീലവാനിൽ നീന്തിക്കളിക്കും
താരങ്ങളെന്നെ നോക്കി
പുഞ്ചിരി തൂകുമ്പോൾ
വാനിലെങ്ങും പറന്നുനടക്കാൻ
എറെ കൊതിക്കുന്നു
ഒപ്പം കൂടാമോ (നീലവാനിൽ)

(കൺമണിപോലെന്നെ. . .

മാനത്തെ അമ്പിളി തേരിലെങ്ങും
ചുറ്റി കറങ്ങീടാം വട്ടം കറങ്ങീടാം
ആർത്തിരമ്പുന്ന ആഴിക്കു മീതെയും
ഓടി കളിച്ചീടാം
ഊഞ്ഞാലിലാടീടാം (മാനത്തെ അമ്പിളി)

(കൺമണിപോലെന്നെ. . .

കല്ലിലുംമുള്ളിലും പൂമെത്ത തീർത്തെ–
പാദങ്ങൾ നോവാതെ
പാലിക്കുന്നെന്നെ നീ
അമ്മയേക്കാൾ എന്നെ സ്നേഹിക്കും
ഈശോയോടൊന്നാകാം
സ്നേഹം നുകർന്നീടാം (കല്ലിലും)

(കൺമണിപോലെന്നെ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

118

കണ്ണീരെല്ലാം തുടച്ചീടുവാൻ
സ്വർഗ്ഗാധിരാജൻ വന്നീടുന്നു
വേദനയാൽ തളരും നേരം
താങ്ങീടുവാൻ വന്നീടുന്നു (2)

മനമുരുകി കരഞ്ഞിടുമ്പോൾ
ദു:ഖിതനായ് ഞാൻ തീരും നേരം (2)
ദു:ഖിതർക്കാശ്വാസമായവനേ
എന്നരികിലുണ്ട് നീയെന്നുമേ (2)

(കണ്ണീരെല്ലാം

രോഗത്താലെ ഞാൻ തളർന്നിടുമ്പോൾ
എൻ രോഗശയ്യയിൽ നാഥനുണ്ട് (2)
പീഡിതനായ് ഞാൻ കേഴും നേരം
പീഡിതനായവൻ ചാരെയുണ്ട് (2)

(കണ്ണീരെല്ലാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

119

കണ്ണുനീർത്താഴ്വരയിൽ
ഞാനേറ്റം വലഞ്ഞീടുമ്പോൾ
കണ്ണുനീർ വാർത്തവനെൻ
കാര്യം നടത്തിത്തരും

നിൻ മനം ഇളകാതെ
നിൻ മനം പതറാതെ
നിന്നോടു കൂടെയെന്നും
ഞാനുണ്ട് അന്ത്യം വരെ (2)

കൂരിരുൾപ്പാതയതോ
ക്രൂരമാം വേദനയോ
കൂടിടും നേരമതിൽ
ക്രൂശിൻ നിഴൽ നിനക്കായ്

(നിൻ മനം ഇളകാതെ

തീച്ചൂള സിംഹക്കുഴി
പൊട്ടക്കിണർ മരുഭൂമി
ജയിലറ ഈർച്ചവാളോ
മരണമോ വന്നിടട്ടേ

(നിൻ മനം ഇളകാതെ

ദാഹിച്ചു വലഞ്ഞു ഞാൻ
ഭാരത്താൽ വലഞ്ഞിടുമ്പോൾ
ദാഹം ശമിപ്പിപ്പവൻ
ദാഹജലം തരുമേ

(നിൻ മനം ഇളകാതെ

ചെങ്കടൽ തീരമതിൽ
നിൻ ദാസൻ കേണതുപോൽ
ചങ്കിനു നേരെ വരും
വൻ ഭാരം മാറിപ്പോകും

(നിൻ മനം ഇളകാതെ

120

കരയുന്ന മിഴികളിൽ കണ്ണീർ തുടയ്ക്കുവാൻ
കാരുണ്യരൂപാവരുമോ
നീറുന്ന ഹൃദയത്തിൽ സാന്ത്വനമേകുവാൻ
ആശ്വാസദായകാ വരുമോ

മാറാത്ത വ്യാധിയായ് നീറും ശരീരത്തിൽ
സൗഖ്യം പകരുവാൻ വരുമോ (2)
നൈരാശ്യമേറി ഞാൻ താണടിഞ്ഞീടുവേ
ആലംബമായി നീ വരുമോ
(കരയുന്ന മിഴികളിൽ
സ്നേഹിതർ പോലുമിന്നെന്നെ പിരിയുമ്പോൾ
സ്നേഹിതനായ് നീ വരുമോ
മാറാത്ത സ്നേഹിതനാണു നീയെന്നതിൽ
വിശ്വസിക്കാൻ കൃപ തരുമോ
(കരയുന്ന മിഴികളിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

121

കർത്താവാണെൻ ഇടയൻ
ഒരു കുറവുമില്ലെനിക്കുലകിൽ
എന്നുമേശുനാമത്തെ പാടി പുകഴ്ത്തിടും
ഞാനെന്നുമനുഗ്രഹം പ്രാപിച്ചിടുമേ
(എന്നുമേശു. .
ആഹാ പാടാം ഹല്ലേലൂയ ഗീതകങ്ങൾ
ഞാനെന്നും സന്തോഷത്തിൽ, വേദനയിൽ (2)

ഭാരങ്ങളേറീടിലും, താങ്ങാനാകാതെ വീണീടിലും(2)
എന്നുമേശുനാമത്തെ പാടി പുകഴ്ത്തിടും
ഞാനെന്നുമനുഗ്രഹം പ്രാപിച്ചിടുമേ
(എന്നുമേശു. .
ആഹാ പാടാം ഹല്ലേലൂയ ഗീതകങ്ങൾ
ഞാനെന്നും സന്തോഷത്തിൽ, വേദനയിൽ (2)

നൈരാശ്യമേറീടിലും
ഞാൻ മിഴിനീരുതൂകീടിലും (2)

എന്നുമേശുനാമത്തെ പാടി പുകഴ്ത്തിടും
ഞാനെന്നുമനുഗ്രഹം പ്രാപിച്ചിടുമേ
(എന്നുമേശു. .
ആഹാ പാടാം ഹല്ലേലൂയ ഗീതകങ്ങൾ
ഞാനെന്നും സന്തോഷത്തിൽ, വേദനയിൽ (2)

രോഗങ്ങളേറീടിലും സ്വന്തബന്ധങ്ങളകന്നീടിലും
എന്നുമേശുനാമത്തെ പാടി പുകഴ്ത്തിടും
ഞാനെന്നുമനുഗ്രഹം പ്രാപിച്ചിടുമേ
(എന്നുമേശു. . .
ആഹാ പാടാം ഹല്ലേലൂയ ഗീതകങ്ങൾ
ഞാനെന്നും സന്തോഷത്തിൽ, വേദനയിൽ (2)

അപവാദമേറീടിലും ഞാനേകനായ് തീർന്നീടിലും
എന്നുമേശുനാമത്തെ പാടി പുകഴ്ത്തിടും
ഞാനെന്നുമനുഗ്രഹം പ്രാപിച്ചിടുമേ
(എന്നുമേശു. . .
ആഹാ പാടാം ഹല്ലേലൂയ ഗീതകങ്ങൾ
ഞാനെന്നും സന്തോഷത്തിൽ, വേദനയിൽ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

122

കർത്താവിൽ നാം എപ്പോഴും സന്തോഷിക്ക
തൻെറ ജീവനാൽ അവൻ നമ്മെ വീണ്ടെടുത്തല്ലോ
ദൈവ കൃപയുടെ ആഴങ്ങൾ അറിഞ്ഞീടുവാൻ
കർത്താവിൽ നാം എപ്പോഴും സന്തോഷിക്ക
(കർത്താവിൽ നാം.......
ഉദരത്തിലെന്നെ മെനഞ്ഞൊരു ദൈവം
ഉണർവിൻ ശക്തിയാൽ നിറച്ചിടുന്നു (2)
ആയെത്ര ഭാഗ്യം എൻ ജീവിതം
കർത്താവിൽ നാം എപ്പോഴും സന്തോഷിക്ക
(കർത്താവിൽ നാം.......
ഭൂലോകവാസം സ്വർഗ്ഗീയമാക്കാൻ
കർത്താവ് നിന്നെ ക്ഷണിച്ചിടുന്നു (2)

സ്വർഗ്ഗീയരാജ്യത്തിനുടയോർ നാം
കർത്താവിൽ നാം എപ്പോഴും സന്തോഷിക്ക
(കർത്താവിൽ നാം.......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

123

കർത്താവിൽ സന്തോഷം അവനെൻ ബലം
പാരിതിൽ പാർക്കുന്ന നാൾ അവനെൻ ബലം
അവനെെ– സന്തേഷം വിശ്രമം നാൾ തോറും
അവനെൻറ സർവ്വവുമേ (2)
(കർത്താവിൽ സന്തോഷം. . .

പലനാൾക്കരുതി ഞാനേകനെന്ന്
അന്നാളിലവനെന്നോടു ചൊല്ലി
ലോകാന്ത്യത്തോളം കൂടെയിരിക്കുന്നോൻ
നിന്നോടു കൂടെയുണ്ട് (2)
(കർത്താവിൽ സന്തോഷം. . .

ബലഹീനനെന്നു ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നൊടു ചൊല്ലി
ശക്തനാക്കുന്നവൻ ബലം പകരുന്നവൻ
നിന്നോടു കൂടെയുണ്ട് (2)
(കർത്താവിൽ സന്തോഷം. . .

സ്നേഹിതരില്ലെന്നു കരുതിയ നാൾ
അന്നാളിലവനെന്നൊടു ചൊല്ലി
നിത്യമാം സ്നേഹത്താൽ നിന്നെ
സ്നേഹിക്കുന്നോൻ
നിന്നോടു കൂടെയുണ്ട് (2)
(കർത്താവിൽ സന്തോഷം. . .

അസാധ്യമെന്നു ഞാൻ കരുതിയ നാൾ
അന്നാളിലവനെന്നൊടു ചൊല്ലി
മനുഷ്യനാൽ അസാധ്യം സാധ്യമാക്കുന്നവൻ
നിന്നോടു കൂടെയുണ്ട് (2)
(കർത്താവിൽ സന്തോഷം. . .

നിന്ദിതനെന്ന് ഞാൻ കരുതിയ നാൾ

അന്നാളിലവനെന്നോടു ചൊല്ലി
ക്ഷീണിച്ചു പോകേണ്ട നിന്നെ മാനിക്കുന്നോൻ
നിന്നോടു കൂടെയുണ്ട് (2)
(കർത്താവിൽ സന്തോഷം. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

124

കർത്താവ് ഭവനം പണിയാതെ വന്നാൽ
നിഷ്ഫലമാകും പ്രയത്നമെല്ലാം
കർത്താവ് നഗരം കാക്കാതെ പോയാൽ
കാവൽ വെറുതെയാകും

കർത്താവ് വിളകൾ നൽകാതിരുന്നാൽ
കൃഷികൾ പാഴ്വേലയാകും
കർത്താവ് സൗഖ്യം നൽകാതിരുന്നാൽ
ചികിൽസാ വിധികൾ വ്യർത്ഥം

കർത്താവ് ജ്ഞാനം നൽകാതിരുന്നാൽ
ജീവിതം കൂരിരുളാകും
കർത്താവ് ദയവായ് ക്ഷമിക്കാതിരുന്നാൽ
പാപം ഭയാനകമാകും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

125

കരുണാമയനേ കരുണാമയനേ
അടിയനീ പൊടിയാണെന്നോർത്തിടണമേ
അലറുന്നീ ആഴിയിൽ എൻ പ്രാണനേ
അണയാതെ എന്നും നീ കാത്തീടണമേ
നിൻ ദയയെന്നും ജീവനാണേ
എൻ ഭയമെല്ലാം മാഞ്ഞുപോയി
നീ അടിച്ചാലും ആർദ്രമാണേ
യേശുവേ കരുണാമയനേ

കരുണാമയനേ കരുണാമയനേ

ക്രൂശിലെനിക്കായ് മരിച്ചവേ
നിന്നേ മുഖാമുഖം കാണുവരെ
വീഴാതെ എന്നെ നയിച്ചിടണമേ
നിൻ ദയയെന്നും ജീവനാണേ
നിൻ കൃപയെന്നും ആശ്രയമേ
എന്നെ വിളിച്ചവനേ
യേശുവേ കരുണാമയനേ

കരുണാമയനേ കരുണാമയനേ
യേശുവേ നീയെന്റെ ഉപാനിധിയേ
എന്നെ അനന്യനായ് കാത്തിടുന്ന
നിൻ സ്നേഹം ഒരു ദിവ്യജ്വാലയാണേ
നിന്നെ അനുഗമിച്ചാൽ
ഞാൻ മരിച്ചാലും ജീവിക്കുമേ
മരണത്തെ ജയിച്ചവനേ
യേശുവേ കരുണാമയനേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

126

കരുണ നിറഞ്ഞ പിതാവേ നീ
ചൊരിയണേ നിന്നുടെ കാരുണ്യം
നിന്നുടെ കരുണാ ധാരകളാൽ
എന്നെ കഴുകണെ നാഥാ നീ
(കരുണ നിറഞ്ഞ. . .

പാപക്കറകളെ എല്ലാം നീ
നന്നായി കഴുകി കളയണമേ (2)
താതാ മാമക പാപങ്ങൾ
ഘോരമെന്നും നിൻ കൺമുമ്പിൽ
നിന്നോടാണേ ദ്രോഹങ്ങൾ
സർവ്വം ചെയ്തത് സർവ്വേശാ
തെറ്റും കുറ്റവും എല്ലാം ഞാൻ

ചെയ്തത് നിന്നുടെ തിരുമുമ്പിൽ

(കരുണ നിറഞ്ഞ. . .

നാഥാ ഒന്നു തുറക്കണമേ

അലിവോടെന്നുടെ അധരങ്ങൾ (2)

താവക ഗീതികൾ പാടിടുവാൻ

വ്യഗ്രത പൂണ്ടുവിറക്കുന്ന

എളിമ നിറഞ്ഞൊരി ഹൃദയത്തിൽ

ഉള്ളുതകർന്നുള്ളനുതാപം

നിരസിക്കല്ലെ കർത്താവേ

കരുണ നിറഞ്ഞ പിതാവേ നീ

(കരുണ നിറഞ്ഞ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

127

കരുണാരൂപനീശോ

വരണേയെന്നാത്മാവിനുള്ളിൽ

കാലങ്ങളായ് ഞാൻ കാത്തിരിപ്പൂ

എന്നന്തരാത്മാവിൽ എഴുന്നള്ളണേ

(കരുണാരൂപനീശോ. . .

സ്നേഹത്തിൻ പാഠങ്ങൾ

എന്നെ പഠിപ്പിച്ചോർ

മരുഭൂവിലെന്നെ ഏകനാക്കി (2)

ദാഹാർത്തനായി ഞാൻ നിൽക്കുമീ ഓരത്ത്

ജീവജലമായ് നീ വന്നിടണേ (2)

(കരുണാരൂപനീശോ. . .

ധാന്യങ്ങളുള്ളവർ ഭോജനമേകാതെ

പാതയോരത്ത് ഞാൻ വീണിടുമ്പോൾ(2)

നല്ല സമരിയാക്കാരൻെറ ഭാവമായ്

ആത്മാവിൽ മന്നയായ് വന്നീടണേ(2)

(കരുണാരൂപനീശോ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

128

കാരുണ്യവാനായ കർത്താവേ ഞാനിതാ

പാപസങ്കീർത്തനം ചെയ്തിടുന്നു

എന്റെ പിഴ നാഥാ എന്റെ പിഴ
ധൂർത്തനാമെന്നുടെ വലിയ പിഴ

(കാരുണ്യവാനായ

ഹൃദയത്തിൻ അശുദ്ധികൾ കഴുകണേ നാഥാ
ദുർവികാരങ്ങളും ദുശ്ചിന്തയും
വക്രവും കുടിലവും വഞ്ചനാപൂർണ്ണവു-
മാകുമെൻ ഹൃദയമെന്നറിയുന്നു ഞാൻ

(കാരുണ്യവാനായ

അങ്ങേക്കെതിരായും സോദരർക്കെതിരായും
തെററുകൾ അനവധി ചെയ്തുപോയ് ഞാൻ
ചിന്തയിൽ വാക്കിലും നിരന്തരം വീഴ്വു ഞാൻ
പ്രവൃത്തിയിലുപേക്ഷയിൽ പിഴച്ചുപോയ് ഞാൻ

(കാരുണ്യവാനായ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

129

കരുതുന്നവൻ ഞാനല്ലയോ
കലങ്ങുന്നതെന്തിനു നീ (2)
കണ്ണുനീരിന്റെ താഴ്വരയിൽ
കൈവെടിയുകയില്ല ഞാൻ നിന്നെ (2)

അബ്രഹാമിന്റെ ദൈവമല്ലയോ
അത്ഭുതം ഞാൻ ചെയ്കയില്ലയോ (2)
ചെങ്കടലിലും വഴിതുറപ്പാൻ
ഞാനിന്നും ശക്തനല്ലയോ (2)

(കരുതുന്ന

എല്ലാവരും നിന്നെ മറന്നാൽ
ഞാൻ നിന്നെ മറന്നിടുമോ (2)
എന്റെ കരത്തിൽ നിന്നെ വഹിച്ചു
എന്നും നടത്തീടും കൃപയിൽ (2)

(കരുതുന്ന

എന്റെ മഹത്വം കാണുക നീ
എന്റെ കയ്യിൽ തരിക നിന്നെ (2)

എന്റെ ശക്തി ഞാൻ നിന്നിൽ പകർന്നു
എന്നും നടത്തീടും കൃപയിൽ

(കരുതുന്ന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

130

കഷ്ടങ്ങൾ സാരമില്ല
കണ്ണുനീർ സാരമില്ല
നിത്യതേജസ്സിൻ കനവോർത്തിടുമ്പോൾ
ഞൊടിനേരത്തേയ്ക്കുള്ള . . .

( കഷ്ടങ്ങൾ

പ്രിയന്റെ വരവിൽ ധ്വനിമുഴങ്ങും
പ്രാക്കളെപ്പോലെ നാം പറന്നുയരും
പ്രാണന്റെ പ്രിയനാം മണവാളനിൽ
പ്രാപിക്കും സ്വർഗ്ഗീയ മണിയറയിൽ

( കഷ്ടങ്ങൾ

യുദ്ധവും ക്ഷാമയും ഭൂകമ്പങ്ങളും
യുദ്ധത്തിൻ ശ്രുതിയും കേൾക്കുന്നില്ലയോ
ഇസ്രായേലിൻ ദൈവം എഴുന്നള്ളുന്നേൻ
യേശുയിൻ ജനമേ ഒരുങ്ങുക നാം.

( കഷ്ടങ്ങൾ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

131

കയ്യടിച്ചു പാടിടാം
കർത്തനെ സ്തുതിച്ചിടാം
സർവ്വ ശക്തി ശബ്ദമോടെ
കീർത്തനങ്ങൾ പാടിടാം (2)

ഭൂമിതന്നടിത്തറ കുലുങ്ങിടട്ടെ മോദമായ്
ഭൂതലത്തിലാകവേ നിറഞ്ഞിടട്ടെഗീതികൾ
ഹാല്ലേലൂയാ (3)

ആർത്തുപാടി നീങ്ങിടും
നദിയിരമ്പൽ പോലെ നാം (2)
കിന്നരങ്ങൾ മീട്ടി

നൽ സ്തുതികളാലപിച്ചിടാം (2)
ഹാല്ലേലൂയാ (3)

സ്തുതികളിൽ വസിച്ചിടും
പരമസ്നേഹ പൂർണ്ണനാം (2)
ക്രിസ്തു നാഥനായ് ദിനം
സ്തുതികൾ വാഴ്ത്തി പാടിടാം (2)
ഹാല്ലേലൂയാ (3)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

132

കർത്താവിലെന്നും എന്റെയാശ്രയം
കർത്തൃസേവയൊന്നാണെൻ ജീവിതം
കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും
കർത്താവിൻ പാദം ചേർന്നു പോകും ഞാൻ

ആർത്തു പാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ
ഇത്ര നൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലൂയാ പാടും ഞാൻ

തൻ സ്വന്തജീവൻ തന്ന രക്ഷകൻ
തള്ളുകില്ല ഏതു ദു:ഖനാളിലും
തൻ തിരുകൈകളിൽ താങ്ങി നടത്തിടും
തൻ സ്നേഹം ചൊല്ലാൻ പോര വാക്കുകൾ

വിശ്വാസത്താൽ ഞാൻ യാത്രചെയ്യുമെൻ
വീട്ടിലെത്തുവോളവും ക്രൂശിൻ പാതയിൽ
വൻ തിര പോലോരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

133

ക്ലേശം സഹിക്കുന്നോർക്കും
വീടു പുലർത്തുന്നോർക്കും
മാതൃകയായുള്ളോനെ

യേശുവിൻ സ്നേഹതാതാ

ആശാരി ജോലി ചെയ്ത്
ഈശോയെ പോററിയോനെ
ആശയോടണയുന്ന
ആശ്രിതരെ കാക്കണേ

മേരിതൻ വല്ലഭനേ
ശുദ്ധത തന്നെ നീയേ
ശുദ്ധരായ് ജീവിച്ചീടാൻ
ദാസരെ കാത്തീടണേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

134

കുഞ്ഞേ നീയെൻ കൈയിൽ ചാഞ്ചാടുമ്പോൾ
നാം കണ്ണിൽ കണ്ണിൽ നോക്കി കളിയാടുമ്പോൾ
ഈശോ വന്നീടുന്നു നമ്മോടൊന്നാകുന്നു
നിന്നെ കയ്യേൽക്കുന്നു ഉമ്മ തന്നീടുന്നു
സ്വർഗ്ഗം നിന്നുള്ളിൽ വന്നല്ലോ രാരാരോ
എന്റെ പുന്നാര തങ്കമേ വാവാവോ

(കുഞ്ഞേ നീയെൻ

കണ്ണീരോടെ ജന്മം നൽകി
എന്റെ കുഞ്ഞാവയായ് നിന്നെ ക   നാൾ
എന്താനന്ദം അന്നാനേരം
ദൈവം സമ്മാനം തന്നൊരു പൈതലേ
കാലം ഒഴുകുമ്പോൾ നിന്നിൽ
ഈശോയും വളരുമല്ലോ
ഞാനേററം ഭാഗ്യവതി

(കുഞ്ഞേ നീയെൻ

എന്നായാലും എന്നെ പിരിയും
മന്നിൽ നല്ലൊരു നിലയിൽ ഉയരും നീ
എന്നാളും നിന്നുള്ളിൽ ഈശോ
തന്റെ സന്തോഷം നൽകി ജീവിക്കും

ലോകം വിളിക്കുമ്പോൾ
നിന്റെ ദൈവത്തെ മറന്നിടല്ലേ
നിന്നാശ്രയമെന്നുമവൻ

(കുഞ്ഞേ നീയെൻ



135

കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ
ഒപ്പിയെടുക്കാൻ വന്നവനാം
ഈശോയേ.... ഈശോയേ
ആശ്വാസം നീയല്ലോ...

(കുഞ്ഞുമനസ്സിൻ

കുഞ്ഞായ് വന്നു പിറന്നവൻ
കുഞ്ഞുങ്ങളാകാൻ പറഞ്ഞവൻ (2)
സ്വർഗ്ഗത്തിൽ ഒരു പൂന്തോട്ടം
നല്ല കുഞ്ഞുങ്ങൾക്കായ് തീർത്തവനേ
നീ വരൂ നീ വരൂ പൂന്തിങ്കളായ് (2)
നീ വരൂ നീ വരൂ പൂന്തെന്നലായ്(2)

(കുഞ്ഞുമനസ്സിൻ

തെറ്റുചെയ്താലും സ്നേഹിക്കും
നന്മകൾ ചൂണ്ടിക്കാണിക്കും (2)
സ്നേഹത്തിൻ മലർത്തേനുണ്ണാൻ
നല്ല കുഞ്ഞുങ്ങളെ ചേർത്തവനേ
നീ വരൂ നീ വരൂ പൂന്തിങ്കളായ് (2)
നീ വരൂ നീ വരൂ പൂന്തെന്നലായ്(2)

(കുഞ്ഞുമനസ്സിൻ



136

കുരിശിൽ നിന്നന്ന് ഞാനീ സ്വരംകേട്ടു
ഇതാണു നിൻ– അമ്മ
പ്രാണപീഡയാൽ പിടയുന്ന നാഥനന്ന്
അന്ത്യസമ്മാനമായ് എനിക്കു നൽകി
അമ്മേ.... അമ്മേ.... അമ്മേ.... അമ്മേ....

(കുരിശിൽ.......

കാനായിൽ വന്നപോൽ എൻ ഹൃദയത്തിൽ
ഇന്നു കടന്നു വന്നീടണേ
അവരുടെ വീഞ്ഞ് തീർന്നുപോയിയെന്ന്
പുത്രനോടൊന്ന് ചൊല്ലീടണേ
അമ്മേ.... അമ്മേ.... അമ്മേ.... അമ്മേ....

(കുരിശിൽ.......

ഒരു കൽഭരണിയാം എന്നിലുള്ള
പാപജലം പുതു വീഞ്ഞാക്കണേ
സ്വർഗ്ഗരാജ്യത്തിൻ രഹസ്യമറിയുവാൻ
മദ്ധ്യസ്ഥമേകണേ സ്വർഗ്ഗരാജ്ഞി
അമ്മേ.... അമ്മേ.... അമ്മേ.... അമ്മേ....

(കുരിശിൽ.......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 137

കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടേ
നിന്നെ വാഴ്ത്തുന്നു ഞങ്ങൾ
നിന്നെ വാഴ്ത്തുന്നു (2)

ത്രാണി പോയിട്ടും ചോര വാർന്നിട്ടും
നിൽക്കുകകയാണല്ലോ കുഞ്ഞാട്
നിൽക്കുകകയാണല്ലോ
(കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടേ)

മുൾമുടി ചൂടീട്ടും ഉള്ളു തകർന്നിട്ടും
നിൽക്കുകകയാണല്ലോ കുഞ്ഞാട്
നിൽക്കുകകയാണല്ലോ
(കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടേ)

കുരിശു ചുമന്നിട്ടും കയ്പു കുടിച്ചിട്ടും
നിൽക്കുകകയാണല്ലോ കുഞ്ഞാട്
നിൽക്കുകകയാണല്ലോ
(കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടേ)

സ്നേഹിതരറ്റിട്ടും യാതനയേറ്റിട്ടും
നിൽക്കുകകയാണല്ലോ കുഞ്ഞാട്
നിൽക്കുകകയാണല്ലോ
(കൊല്ലപ്പെട്ടിട്ടും നിൽക്കും കുഞ്ഞാടേ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

138

കൂടുമ്പോൾ ഇമ്പമുളള കൂടുംബം
കർത്താവ് നാഥനായ കുടുംബം
ഞങ്ങളുടെ കുടുംബം
യേശുവിൻ കുടുംബം
ഞങ്ങളുടെ നാഥൻ യേശു നാഥൻ
(കൂടുമ്പോൾ. . .

പിണക്കമില്ല വാശിയുമില്ല
ക്ഷമ ഞങ്ങൾ തൻ വിജയമന്ത്രം (2)
കൂട്ടായി പ്രവർത്തിച്ചു
കൂട്ടായി സ്തുതിചൊല്ലി
ഒന്നായ് വളരുന്നു
ഞങ്ങളുടെ കുടുംബം യേശുവിൻ കുടുംബം (2)
(കൂടുമ്പോൾ. . .

ദു:ഖങ്ങൾ വന്നാൽ പങ്കുവച്ചോതി
ആശ്വാസം വരുവോളം സ്തുതിപാടും(2)
കൂട്ടായി നിശ്ചയിച്ചു
കൂട്ടായി പ്രവർത്തിച്ചു
നന്നായ് ഫലം കൊയ്തു
ഞങ്ങളുടെ കുടുംബം യേശുവിൻ കുടുംബം (2)
(കൂടുമ്പോൾ. . .

ഞങ്ങളുടെ കുടുംബം യേശുവിൻ കുടുംബം (3)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

139

കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
ദയ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ

ആരാധന ആരാധന
യാഹ്വെന്ന ദൈവത്തിനാരാധന
ആരാധന ആരാധന
ആത്മാവിലും സത്യത്തിലും ആരാധന

കൃപ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
ദയ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
ക്ഷമ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ
നന്മ ലഭിച്ചോരെല്ലാം സ്തുതിച്ചിടട്ടെ (2)

(ആരാധന ആരാധന

മാമ്രേയുടെ തോപ്പിൽ ഇറങ്ങിവന്ന
അബ്രഹാമിൻ ദൈവത്തിനാരാധന
മോറിയാ മലയിൽ നിറഞ്ഞു നിന്ന
ഇസഹാക്കിൻ ദൈവത്തിനാരാധന

(ആരാധന ആരാധന

യാബോക്കെന്ന കടവിൽ ഇറങ്ങിവന്ന
യാക്കോബിന്റെ ദൈവത്തിനാരാധന
കാരാഗൃഹത്തിൽ വീര്യപ്രവർത്തി ചെയ്ത
യോസേപ്പിന്റെ ദൈവത്തിനാരാധന

(ആരാധന ആരാധന

മരുഭൂവിൽ മന്ന ദാനം നൽകിയ
ഇസ്രായേലിൻ ദൈവത്തിനാരാധന
കർമെലെന്ന മലയിൽ അഗ്നി അയച്ച
ഏലിയാവിൻ ദൈവത്തിനാരാധന

(ആരാധന ആരാധന

മിസ്രേം എന്ന ദേശത്തു മുഴങ്ങിനിന്ന
മോശയുടെ ദൈവത്തിനാരാധന
സിംഹത്തിന്റെ കുഴിയിൽ ഇറങ്ങിവന്ന
ദാനിയേലിൻ ദൈവത്തിനാരാധന

(കൃപ ലഭിച്ചോരെല്ലാം



140

ക്രൂശിൽ ക ു ഞാൻ നിൻ സ്നേഹത്തെ
ആഴമാർന്ന നിൻ മഹാ സ്നേഹത്തെ (2)
പകരം എന്തു നൽകും ഞാനിനി
ഹൃദയം പൂർണ്ണമായ് നൽകുന്നു നാഥനെ (2)

സൃഷ്ടികളിൽ ഞാൻ ക ു നിൻ കരവിരുത്
അൽഭുതമാം നിൻ ജ്ഞാനത്തിൻ പൂർണ്ണതയും (2)
പകരം എന്തു നൽകും ഞാനിനി
നന്ദിയാലെന്നും വാഴ്ത്തിടും സൃഷ്ടാവെ (2)

അടിപിണരിൽ ക ു ഞാൻ സ്നേഹത്തെ
സൗഖ്യമാക്കും യേശുവിൻ ശക്തിയെ (2)
പകരം എന്തു നൽകും ഞാനിനി
എന്നാരോഗ്യം നൽകുന്നു താതനായ് (2)

മൊഴിയിൽ കേട്ടു രക്ഷയെൻ ശബ്ദത്തെ
വിടുതൽ നൽകും നിൻ ഇമ്പ വചനത്തെ (2)
പകരം എന്തു നൽകും ഞാനിനി
ദേശത്തെങ്ങും പോകും സുവിശേഷവുമായ് (2)

നിൻ ശരീരം തകർത്തു നീ ഞങ്ങൾക്കായ്
ശുദ്ധ രക്തം ചിന്തി നീ ഞങ്ങൾക്കായ് (2)
പകരം എന്തു നൽകും ഞാനിനി
അന്ത്യത്തോളം ഓർമിക്കും യാഗത്തെ (2)

പകരം എന്തു നൽകും ഞാനിനി
ഹൃദയം പൂർണ്ണമായ് നൽകുന്നു നാഥനെ (2)

പകരം എന്തു നൽകും ഞാനിനി
നന്ദിയാലെന്നും വാഴ്ത്തിടും സൃഷ്ടാവെ (2)

പകരം എന്തു നൽകും ഞാനിനി
എന്നാരോഗ്യം നൽകുന്നു താതനായ് (2)

പകരം എന്തു നൽകും ഞാനിനി
ദേശത്തെങ്ങും പോകും സുവിശേഷവുമായ് (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

141

ക്രൂശിതരൂപനായ് സ്നേഹസ്വരൂപനായ്
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

നിൻ തിരുവചനത്തിൻ മധുരിമ പകരുവാൻ
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

തിരുവത്താഴത്തിൻ ദിവ്യമുഹൂർത്തമായ്
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

മൃതിയെ തോൽപ്പിച്ച് വീ  ുമുയർത്തെന്റെ
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

അദ്ധ്വാനഭാരത്താൽ തളർന്നു ഞാനുറങ്ങുമ്പോൾ
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)

എൻ മനസ്സിൽ നീ വരണേ

രോഗിയെൻ നെടുവീർപ്പിൽ ആശ്വാസദായകനായ്
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

ശാന്തിരൂപനായ് സൗഖ്യദായകനായ്
മനസ്സിൽ നീ വരണേ ദേവാ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

മനസ്സിൽ നീ വരണേ (3)
എൻ മനസ്സിൽ നീ വരണേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

142

ക്ഷമാശീലനാമെന്നേശുവേ
ശാന്തശീലനാമെന്നേശുവേ
കഠിനമാമെൻ ഹൃദയം തവഹൃദയം
പോലെയാക്കണേ

(ക്ഷമാശീല

ദ്രോഹങ്ങൾ സഹിച്ചുഞാൻ തളർന്നിടുമ്പോൾ
കോപത്താലെന്നുള്ളം തിളച്ചിടുമ്പോൾ
കരുണാസ്പർശം നീയേകിടണേ
സൗഖ്യം തരണേ അലിവൊഴുകിടണേ

(ക്ഷമാശീല

ത്യാഗങ്ങൾ സഹിച്ചുഞാൻ വളർത്തിയവർ
ആഴത്തിൽമുറിവേൽപിച്ചകന്നിടുമ്പോൾ
കുരിശിൽ പിടയും നേരവുമങ്ങേ
അധരം അരുളും വചസ്സുരുവിടുവാൻ

(ക്ഷമാശീല

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

143

ക്ഷമിക്കുന്ന സ്നേഹം ദൈവിക ഭാവം
നാഥൻ കൊതിക്കും സ്വഭാവം
ക്ഷമിക്കുന്ന സ്നേഹം സ്വർഗ്ഗീയ ദാനം
മന്നിൽ സമാധാന മാർഗ്ഗം

(ക്ഷമിക്കുന്ന സ്നേഹം

ഏഴേഴ് എഴുപതെന്നാലും
ഏതേതു ദ്രോഹമെന്നാലും (2)
എന്തും മറന്നൊന്നു ചേരാൻ
നമുക്കീശരെ- മനസ്സോടു ചേരാം
ഈശരെ- മനസ്സോടു ചേരാം

(ക്ഷമിക്കുന്ന സ്നേഹം

ശാപം ചൊരിഞ്ഞിടുവോരിൽ
സ്നേഹം തിരിച്ചൊഴുക്കേണം (2)
ദൈവം പൊറുക്കുന്ന പോലെ
നമുക്കപരരെ- പാപം ക്ഷമിക്കാം
അപരരെ- പാപം ക്ഷമിക്കാം

(ക്ഷമിക്കുന്ന സ്നേഹം

ക്രൂശിൽ നാഥനണയ്ക്കും
യാഗം ഫലമണിഞ്ഞീടാൻ (2)
മാപ്പേകിയോതുന്ന വാക്യം
നമക്കന്യോന്യമേറ്റേറ്റു ചൊല്ലാം
അന്യോന്യമേറ്റേറ്റു ചൊല്ലാം

(ക്ഷമിക്കുന്ന സ്നേഹം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

144

ക്ഷമിക്കുവാനാവാത്ത നിമിഷങ്ങളെ
ആത്മീയ ശക്തിയാൽ നിറക്കേണമേ
മറക്കുവാൻ കഴിയാത്ത ദു:ഖങ്ങളെ
മനസ്സിൽ നിന്നു നീ മായ്ക്കേണമേ
യേശുവേ എൻ യേശുവേ

നീ മാത്രമെൻ സഹായം

(ക്ഷമിക്കുവാനാവാത്ത

നീതിക്കുവേണ്ടി ഞാൻ പൊരുതിടുമ്പോൾ
ശത്രുക്കൾ എൻചുറ്റും പെരുകിടുമ്പോൾ
അന്നെന്നെ തറക്കാൻ കുരിശുമായ് വന്നവരെ
സമർപ്പിച്ചിതാ യേശുവിൻ മുമ്പിൽ
പൂർണ്ണമായ് മാപ്പുനൽകുന്നു
യേശുവേ എൻ യേശുവേ
നീ മാത്രമെൻ സഹായം

(ക്ഷമിക്കുവാനാവാത്ത

സ്നേഹമുള്ളോരെന്നു കരുതിയെെ–
ഉള്ളിതെ– യുള്ളം ഞാൻ പങ്കുവെച്ചു
അന്നെന്നെ ചതിക്കാൻ ചതിക്കുഴി തീർത്തവരെ
അനുഗ്രഹിക്കാൻ കരുത്തെനിക്കേകൂ
അവർക്കു ഞാൻ ന നേരുന്നു.
യേശുവേ എൻ യേശുവേ
നീ മാത്രമെൻ സഹായം

(ക്ഷമിക്കുവാനാവാത്ത

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

145

ഗാനാലാപനങ്ങളാൽ
പൂർണ്ണഹൃദയമോടെ ഞാൻ
കർത്താവിനെ പ്രകീർത്തിക്കും
കർത്താവിനെ പ്രകീർത്തിക്കും

(ഗാനാലാപനങ്ങളാൽ. . .

യേശുവേ യേശുവേ യേശുവേ
നമോ നമ (2)
യേശുവേ നമോ നമ
ശ്രീയേശുവേ നമോ നമ (3)

(ഗാനാലാപനങ്ങളാൽ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

146

ചോര വാർന്ന മുഖവും
നീർ നിറഞ്ഞ മിഴിയും
ഊർന്നു വീണ മുടിയിൽ
ഊർന്നിറങ്ങും നിണവും

ഇടിഞ്ഞു താണ തോളിൽ ഭാരമേറും ക്രൂശും
ഏററു നീങ്ങുമീശോ  ക്രൂശിതന്റെ രൂപം

ഒന്നുമല്ല ഞാനീ മന്നിടത്തിലെന്നാൽ
ആർത്തിയോടെ തേടി ലോക സമ്പത്തേറെ

ചേർത്തണച്ചതൊന്നും കൂടെ നിന്നതില്ല
ഒന്നുമില്ല ഇന്നെന്നുൾത്തടത്തിലീശോ
നിന്റെ കൈയിലേകാൻ നിത്യ ജീവൻ നേടാൻ

നിർന്നിമേഷനായി നാഥനെന്നെ നോക്കി
ഉൾവിതുമ്പലോടെ പൊൻകരങ്ങൾ നീട്ടി
മാറോടെന്നെ ചേർത്തണയ്ക്കും നാഥനിൽ  ക    ു

സ്നേഹവായ്പ്പോടെന്നെ പുൽകും താതന്റെ രൂപം
ഞാൻ പൈതലായി ദൈവപൈതലായി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

147

ജീവനേകും  ദിവ്യവചനം
സ്വീകരിച്ചിടുവാൻ
ദൈവമേ  ഹൃദയവയലുകൾ
ഒരുക്കേണമേ  (2)

സാദരം  ഞങ്ങളിന്നിതു
കേട്ടു  നാഥാ
ജീവിതത്തിൽ  പകർത്താൻ
നീ  വരം  നൽകണേ  (2)

ജീവനേകും  ദിവ്യവചനം

സ്വീകരിച്ചിടുവാൻ
ദൈവമേ ഹൃദയവയലുകൾ
ഒരുക്കേണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

148

ജീവീതത്തോണി തുഴഞ്ഞുതുഴഞ്ഞു തളർന്നപ്പോൾ
തുണയായ് വന്നവനേശു
ദു:ഖത്തിൻചുഴിയിൽ മുങ്ങിമുങ്ങി താണപ്പോൾ
തീരം ചേർത്തവനേശു

(ജീവിത...........

വേദനയിൽ ഞാൻ അമർന്നപ്പോൾ
ആശ്വാസം തന്നവനേശു
യാതനയെല്ലാം ആനന്ദമായ്
എന്നിൽ തീർത്തവനേശു

(ജീവിത...........

എ൦– ഘോരദുരിതങ്ങളെല്ലാം
നൻമയായ് മാറ്റിയതേശു
എന്നുമെന്നും തൻ കൈകളിൽ
എന്നെ കാത്തവനേശു

(ജീവിത...........

കുരിശു ചുമന്നു തളർന്നപ്പോൾ
താങ്ങിനടത്തിയതേശു
മിത്രങ്ങൾപോലും ത്യജിച്ചിടുമ്പോൾ
അഭയം നല്കുന്നതേശു

(ജീവിത...........

പാപച്ചേറ്റിൽ വീണലഞ്ഞപ്പോൾ
മോചനമേകിയതേശു
ക്ലേശങ്ങളിൽ മുങ്ങിത്താഴുമെന്നെ
കോരിയെടുത്തവനേശു.

(ജീവിത..........

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

149

ജീവിതമാം അലകടലിൽ തോണിയേറി ഞാൻ
സീയോനിൻ തീരം തേടി യാത്ര പോകുന്നു
വൻതിര വന്നാലും തോണിയുലഞ്ഞാലും
അമരക്കാരനായെ൹ യേശുവുണ്ടല്ലോ (2
കൂരിരുൾ നിറഞ്ഞാലും തീരമകന്നാലും
കരയണച്ചീടാൻ എൻെറ യേശുവുണ്ടല്ലോ(2)
(ജീവിതമാം. . .
കടലിലെ൹ തോണിയുമായ് ഞാൻ അലയുമ്പോൾ
വലയെറിഞ്ഞ് വലയെറിഞ്ഞ് ഞാൻ തളരുമ്പോൾ
ചാരെയണഞ്ഞീടും സാന്ത്വനമേകീടും (2)
വലനിറയാൻ ഇടമെനിക്ക് കാട്ടിത്തന്നീടും
(ജീവിതമാം. . .
ക്ലേശങ്ങളാം തിരകളേറ്റ് ഞാൻ വലയുമ്പോൾ
രോഗങ്ങളാം കാറ്റടിച്ച് എൻ തോണിയുലയുമ്പോൾ
എൻ വിളികേട്ടിടും അരികിലണഞ്ഞീടും (2)
കാറ്റിനേയുംതിരകളേയും ശാന്തമാക്കീടും
(ജീവിതമാം. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

150

ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
ഞാൻ നിന്നെ രക്ഷിച്ച ദൈവം
ഞാൻ നി൹ പാതയിൽ
എന്നും വെളിച്ചമായ്
നിന്നെ നയിക്കുന്ന ദൈവം.

ഭയപ്പെടേണ്ട മകനെ മകളെ
ഞാൻ നി൹ ദൈവമല്ലേ
കരയരുതേ ഇനിയെൻ കൺമണിയെ
ഞാൻ നി൹ കൂടെയില്ലേ
(ഭയപ്പെടേണ്ട
ഞാൻ നിന്നെ സ്നേഹിക്കും ദൈവം

ഞാൻ നിന്നെ പാലിക്കും ദൈവം(2)
ഞാൻ നിെ- മുറിവുകൾ സൗഖ്യപ്പെടുത്തും
സുരജീവദായകൻ ദൈവം (2)

(ഭയപ്പെടേണ്ട

ഞാൻ നിന്നെ ലാളിക്കും ദൈവം
ഞാൻ നിന്നെ ശാസിക്കും ദൈവം(2)
ഞാൻ നിെ- കണ്ണീർതുടച്ചെന്നുംനിന്നെ
ആശ്വസിപ്പിച്ചീടും ദൈവം (2)

(ഭയപ്പെടേണ്ട

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

151

ഞാനുറങ്ങാൻ പോകും മുമ്പായ് നിന-
ക്കേകുന്നിതാ നന്ദി നന്നായ്
ഇന്നു നീ കാരുണ്യപൂർവ്വം, തന്ന
ന കൾക്കൊക്കെയ്ക്കുമായി

നിന്നാഗ്രഹത്തിന്നെതിരായ്, ചെയ്തൊ-
രെൻ കൊച്ചു പാപങ്ങൾ പോലും (2)
എൻ കണ്ണുനീരാൽ കഴുകി, മേലിൽ
പുണ്യ പ്രവൃത്തികൾ ചെയ്യാം (2)

ഞാനുറങ്ങീടുമ്പോഴെല്ലാം എനി-
ക്കാനന്ദ നിദ്ര തരേണം (2)
സർവ്വ ഭയങ്ങളും നീക്കി, നിത്യ
നിർവൃതി തന്നരുളേണം (2)

കന്യകമാതാവുമൊപ്പം, എെ-
കാവൽ മാലാഖയും കൂടി (2)
രാത്രി മുഴുവനുമെന്നെ, നോക്കി
കാത്തു സൂക്ഷിക്കുക വേണം. (2)

(ഞാനുറങ്ങാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

152

ഞാൻ തേടിയതെല്ലാം നേടേ തല്ലെന്നും
ഞാൻ നേടിയതെല്ലാം സ്വർഗ്ഗീയമല്ലെന്നും
ഞാൻ ഓടിയതെല്ലാം വഴിനോക്കിയല്ലെന്നും
ഞാൻ കൈവിട്ടതെല്ലാം ഗുരുതന്നതാണെന്നും
അറിയുന്നു ഞാനീ നിമിഷം
അഭിഷേകമൊഴുകുന്ന നിമിഷം

അന്ധകാരം ചൂഴ്ന്നു നിൽക്കും
എന്റെ ജീവിതം . . .ഓ. . .
അന്ധനായ് ഞാൻ ക തെല്ലാം കൂരിരുൾ മാത്രം
താണടിഞ്ഞു വീണുപോയ
കുഞ്ഞു താരകം . . .ഓ. . .
ഓടിയെത്തി എൻ ചാരെ തോളിലേററുവാൻ
അന്നുമാത്രം ഞാനറിഞ്ഞു
നിന്റെ സാന്ത്വനം . . . ആ സ്നേഹസ്പർശനം
(ഞാൻ തേടിയതെല്ലാം

പൊന്നുഷസ്സിൽ പോയ് മറഞ്ഞു
കൂരിരുൾ ശൈലം . . . ഓ. . .
ആ്യമായ് ഞാൻ ക തങ്ങേ വെൺമുഖശോഭ
ഓടി വന്നെൻ ചാരെ നിന്ന്
ചുംബനം തന്ന് . . . ഓ. . .
ഓമനേ നീ എന്റെ സ്വന്തം എന്നു നീ ചൊല്ലി
ആ മൊഴികൾ എന്റെയുള്ളിൽ ശാന്തി മന്ത്രമായ്
ഞാൻ പൂർണ്ണബിന്ദുവായ്
(ഞാൻ തേടിയതെല്ലാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

153

ഞാനെ– ദൃഷ്ടികളുയർത്തിടുന്നു
എൻ സഹായം എങ്ങുനിന്നുവരും (2)
എൻ സഹായം എ– രക്ഷകനിൽ
വാനവും ഭൂമിയും സൃഷ്ടിച്ച നാഥനിൽ (2)
(ഞാനെ–

എൻ കാൽ വഴുതാനവനനുവദിക്കില്ല
എനിക്കൊരാപത്തും വരുത്തുകില്ല (2)
ഇസ്രായേലിൻ പരിപാലകൻ
മയങ്ങുകില്ലൊരു നാളും ഉറങ്ങുകില്ല (2)

ഓ എൻ യേശുവേ നീ വരണേ
ഇന്നെൻ ജീവിത മാനസത്തിൽ
പെന്തക്കുസ്താനാളിൽ ശിഷ്യരിൽവന്നപോൽ
ഇന്നുനീ ഞങ്ങളിൽ വന്നിടണേ (2)

(ഞാനെൻ

എൻ തണലായി ദൈവം കൂടെയുണ്ടല്ലോ
സൂര്യനോ ചന്ദ്രനോ ദ്രോഹിക്കില്ല (2)
പാപങ്ങളിൽ നിന്നു മോചനം
ജീവനും സമ്പത്തിനും സംരക്ഷണം (2)

(ഞാനെൻ

ഓ എൻ യേശുവേ നീ വരണേ
ഇന്നെൻ ജീവിത മാനസത്തിൽ
പെന്തക്കുസ്താനാളിൽ ശിഷ്യരിൽവന്നപോൽ
ഇന്നുനീ ഞങ്ങളിൽ വന്നിടണേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 154

ഞങ്ങൾ നിൻ നാമത്തിൽ വരുന്നു
ഞങ്ങൾ നിൻതിരുമുമ്പിൽ നോക്കുന്നു
നീമാത്രം സ്തുതികൾക്ക് യോഗ്യനായും
ഞങ്ങൾ നിൻ നാമത്തിൽ വരുന്നു

(ഞങ്ങൾ.....

ഞങ്ങൾ നിൻ നാമത്തിൽഘോഷിക്കും
ഞങ്ങൾ നിൻ ദയയെ വർണ്ണിക്കും
നീ മാത്രം സർവ്വശക്തനുന്നതനും
ഞങ്ങൾ നിൻ നാമത്തിൽഘോഷിക്കും

(ഞങ്ങൾ.....

ഞങ്ങൾ നിെ– നാമത്തിൽ പ്രാർത്ഥിക്കും
ഞങ്ങൾ നിെ– ശക്തിയെഘോഷിക്കും
നീ മാത്രം സർവ്വജ്ഞാനി നീതിമാൻ
ഞങ്ങൾ നിെ– നാമത്തിൽ പ്രാർത്ഥിക്കും

(ഞങ്ങൾ.....

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

155

ഞങ്ങൾ ഒന്നായ് നിന്റെ ജനമായ് സ്തുതികൾ പാടുന്നു
സർവ്വവും നിൻ ദാനമാണെന്നേററുചൊല്ലുന്നു.
നിൻ പ്രമാണവഴികൾ തേടാൻ കൃപകൾ തേടുന്നു
കൃപകൾ തേടുന്നു.

(ഞങ്ങൾ ഒന്നായ്

തുണയായ് വന്നീടണേ കൂടെയു ാകണേ
ഹല്ലേലൂയ. . . ഹല്ലേലൂയ. . . ഹല്ലേലൂയ. . .

ഈ പ്രവാസജീവിത വഴിയിൽ
വെൺമേഘമാകേണമേ (2)
അന്നം തേടുന്നവരുടെ മുമ്പിൽ മന്നയാകേണമേ
ഏകാന്തതയുടെ ഇരുളിൽ അഗ്നി സ്തംഭമാകേണമേ

തുണയായ് വന്നീടണേ കൂടെയു ാകണേ
ഹല്ലേലൂയ. . . ഹല്ലേലൂയ. . . ഹല്ലേലൂയ. . .

പൂർവ്വികന്മാർ ജീവനുതുല്യം കാത്ത വിശ്വാസം (2)
പ്രാർത്ഥന പകരും ഒരുമയിലുണരും
ആത്മീയ സന്തോഷം
പങ്കുവയ്ക്കാൻ സാക്ഷികളാകാൻ
കൂടെയു ാകണേ

(ഞങ്ങൾ ഒന്നായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

156

ഞങ്ങൾ വരവായി യേശുനാഥ–
ദിവ്യപാത പിന്തുടരാൻ

ഞങ്ങൾ പാടീടാം ലോകം മുഴുവനിലും
സുവിശേഷ ഗീതകങ്ങൾ
(ഞങ്ങൾ വരവായി
സ്നേഹത്തിൻ കൈത്തിരികളുമായ്
വിശ്വമാകെ ദീപ്തമാക്കാൻ (2)
സന്താപഹൃത്തിൽ മോദമേകാൻ
സ്നേഹിതർ ഞങ്ങൾ വരവായ് (2)

ഞങ്ങൾ വരവായ് ഞങ്ങൾ വരവായ്
സ്നേഹിതർ ഞങ്ങൾ വരവായ് (2)
ബന്ധിതർക്ക് മോചനം
പീഡിതർക്കാശ്വാസവും (2)
തകർന്ന മനസ്സിന് ശാന്തിയേകാൻ
സ്നേഹിതർ ഞങ്ങൾ വരവായ്. (2)
(ഞങ്ങൾ വരവായി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

158

തമ്പേറിൻ താളത്തോടെ
കൈത്താള മേളത്തോടെ
കർത്താവിനെ സ്തുതിച്ചിടാം
കർത്താവിൻ നാമം വാഴ്ത്തിടാം (2)
ദൈവാധിദൈവത്തിനു സ്തോത്രം ചെയ്‌വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

കർത്താധികർത്താവിനു സ്തോത്രം ചെയ്‌വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

സർവ്വശക്തനു പാടി സ്തോത്രം ചെയ്‌വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

സൃഷ്ടി കർത്താവിന് സ്തോത്രം ചെയ്‌വിൻ

നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

സൗഖ്യദായകന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

ജീവദായകന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

നല്ല ഇടയന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

അപ്പം നൽകുന്നവന് സ്തോത്രം ചെയ്വിൻ
നല്ലവനല്ലോ ദയ എന്നുമുള്ളത് അവൻ
നല്ലവനല്ലോ ദയ എന്നുമുള്ളത്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

159

തിരുനാമ കീർത്തനം പാടുവാനല്ലെങ്കിൽ
നാവെനിക്കെന്തിനു നാഥാ
അപദാനമെപ്പോഴും ആലപിച്ചില്ലങ്കിൽ
അധരങ്ങളെന്തിനു നാഥാ
ഈ ജീവിതമെന്തിനു നാഥാ
(തിരുനാമ കീർത്തനം. . .
പുലരിയിൽ ഭൂപാളം പാടിയുണർത്തുന്ന
കിളികളോടൊന്നു ചേർന്നാർത്തു പാടാം
പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന
കുളിർ കാറ്റിലലിഞ്ഞു ഞാൻ പാടാം
(തിരുനാമ കീർത്തനം. . .
അകലെയാകാശത്ത് വിരിയുന്ന താരതൻ
മിഴികളിൽ നോക്കി ഞാനുയർന്നുപാടാം

വാനമേഘങ്ങളിൽ ഒടുവിൽ നീയെത്തുമ്പോൾ
മാലാഖമാരൊത്തു പാടാം
(തിരുനാമ കീർത്തനം. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

160

തിരുക്കരത്താൽ താങ്ങിയെന്നെ
തിരുരക്തത്താൽ കഴുകണമേ
പെരുമഴ പോൽ പെയ്യട്ടെ (2)
യേശുവിൻ രക്തം യേശുവിൻ രക്തം
യേശുവിൻ തിരുരക്തം

പാപമെല്ലാം മാറിടട്ടെ
ശാപമെല്ലാം നീങ്ങിടട്ടെ (2)
തിരുരക്തത്താൽ കഴുകണമേ (2)
(തിരുക്കരത്താൽ

രോഗമെല്ലാം മാറിടട്ടെ
കഷ്ടമെല്ലാം നീങ്ങിടട്ടെ (2)
തിരുമുറിവിനാൽ സുഖപ്പെടട്ടെ (2)
(തിരുക്കരത്താൽ

കോപമെല്ലാം മാറിടട്ടെ
തി യെല്ലാം നീങ്ങിടട്ടെ (2)
ദൈവസ്നേഹത്താൽ നിറഞ്ഞിടട്ടെ (2)
(തിരുക്കരത്താൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

161

യേശുവേ സ്തോത്രം സ്തോത്രം സ്തോത്രം
യേശുവേ നന്ദി നന്ദി നന്ദി

ത്രിഭുവന രാജ കൈതൊഴുന്നേൻ തവ
ത്രിപ്പാദ പൊൻമലരിൽ ഞങ്ങൾ
തൃപ്പാദ പൊൻമലരിൽ
(ത്രിഭുവന. . .

അഖിലം അറിയും അത്ഭുതമേ

അനന്ത സ്നേഹത്തിനാധരമേ (2)
അവിടന്നല്ലോ അടിയങ്ങൾക്ക്
മധുമയ ജീവിതമേകിടുവോൻ (2)
ഹല്ലേലൂയ ഗീതികളാൽ
അങ്ങേ നാമം വാഴ്ത്തുന്നു ഞങ്ങൾ (2)
(ത്രിഭുവന. . .

ആശകളെല്ലാം പൂവണിക്കും
അഖില കൃപാവര പൂരിതനേ (2)
ആകാശം പോൽ ഉന്നതമല്ലോ
ഈശോ നാഥാ നിൻ കൃപകൾ (2)
ഹല്ലേലൂയ ഗീതികളാൽ
അങ്ങേ നാമം വാഴ്ത്തുന്നു ഞങ്ങൾ (2)
(ത്രിഭുവന. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

162

ദൈവകൃപയിൽ ഞാൻ ആശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ
അനുഗമിച്ചിടും അവനുടെ ചുവടുകളെ
(ദൈവകൃപയിൽ. . .

ഇഹ ലോകമോ തരികില്ലൊരു
സുഖവും മനശാന്തിയതും (2)
എൻെറ യേശുവിൻെറ തിരുസന്നിധിയിൽ
എന്നും ആനന്ദമുണ്ടെനിക്ക് (2)
(ദൈവകൃപയിൽ. . .

എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ (2)
എൻെറ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ (2)
(ദൈവകൃപയിൽ. . .

എൻെറ ആയുസ്സിൻ ദിനമാകെയും
തൻെറ നാമ മഹത്വത്തിനായ് (2)

ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിലണഞ്ഞിടും ഞാൻ (2)
(ദൈവകൃപയിൽ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

163

ദൈവമക്കൾ പാടുന്നു ഹല്ലേലൂയാ ഓശാനാ
ഒന്നായ് ചേർന്നു പാടുന്നു ഹല്ലേലൂയാ ഓശാനാ
കൈകൾ കൊട്ടി പാടുന്നു ഹല്ലേലൂയാ ഓശാനാ
ഉച്ചസ്വരത്തിൽ പാടുന്നു ഹല്ലേലൂയാ ഓശാനാ
ആമോദത്താൽ പാടുന്നു ഹല്ലേലൂയാ ഓശാനാ
ആനന്ദത്താൽ പാടുന്നു ഹല്ലേലൂയാ ഓശാനാ
ആഹ്ളാദത്താൽ പാടുന്നു ഹല്ലേലൂയാ ഓശാനാ
ഓശാനാ ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ

സർവ്വചരാചര സൃഷ്ടാവേ ഹല്ലേലൂയാ ഓശാനാ
പരിപാലകനാം ദൈവമേ ഹല്ലേലൂയാ ഓശാനാ
ഭൂലോകത്തിൻ രാജാവേ ഹല്ലേലൂയാ ഓശാനാ
സ്വർലോകത്തിൻ രാജാവേ ഹല്ലേലൂയാ ഓശാനാ
മാനവരക്ഷകനീശോയേ ഹല്ലേലൂയാ ഓശാനാ
പാപവിമോചകനീശോയേ ഹല്ലേലൂയാ ഓശാനാ
കാരുണ്യത്തിൻ ഉറവിടമേ ഹല്ലേലൂയാ ഓശാനാ
ഓശാനാ ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ

സർവ്വകൃപാവര ദായകനേ ഹല്ലേലൂയാ ഓശാനാ
സൗഖ്യദായകനീശോയേ ഹല്ലേലൂയാ ഓശാനാ
ലോകപാലകനീശോയേ ഹല്ലേലൂയാ ഓശാനാ
ശാന്തി ദായകനീശോയേ ഹല്ലേലൂയാ ഓശാനാ
ശക്തി ദായകനീശോയേ ഹല്ലേലൂയാ ഓശാനാ
മുക്തി ദായകനീശോയേ ഹല്ലേലൂയാ ഓശാനാ
ലോകരക്ഷകനീശോയേ ഹല്ലേലൂയാ ഓശാനാ
ഓശാനാ ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ

പാപമോചനം തന്നവനേ ഹല്ലേലൂയാ ഓശാനാ
പാവനപാത തെളിച്ചവനേ ഹല്ലേലൂയാ ഓശാനാ

പാവനാത്മ സ്നേഹമേ ഹല്ലേലൂയാ ഓശാനാ
വരദാനങ്ങൾ ചൊരിയണമേ ഹല്ലേലൂയാ ഓശാനാ
പുതുജീവനേകിയുണർത്തണമേ ഹല്ലേലൂയാ ഓശാനാ
എന്നും ഞങ്ങളിൽ വാഴണമേ ഹല്ലേലൂയാ ഓശാനാ
തിന്മയിൽനിന്ന് കാക്കണമേ ഹല്ലേലൂയാ ഓശാനാ
ഓശാനാ ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ

താദനു സതദം ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ
പുത്രനു സതദം ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ
ആത്മനു സതദം ഹല്ലേലൂയാ ഹല്ലേലൂയാ ഓശാനാ
ത്രീയേകദൈവമേ ഹല്ലേലൂയ ഹല്ലേലൂയാ ഓശാനാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

164

ദൈവപിതാ – സ്നേഹതാതാ
ആരാധിക്കുന്നിതാ
വാനിടവും പാരിടവും ഒന്നാകെ വാഴ്ത്തുന്നു
നിൻ നാമം വാഴ്ത്തുന്നു

ദൈവ പുത്രാ – സ്നേഹ നാഥാ
ആരാധിക്കുന്നിതാ . . (വാനിടവും .

പാവനാത്മ – സ്നേഹ രൂപാ
ആരാധിക്കുന്നിതാ . . (വാനിടവും .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

165

ദൈവ പിതാവേ അങ്ങയെ ഞാൻ
ആരാധിക്കുന്നു സ്തുതിക്കുന്നു
ജീവനുമെൻെറ സർവ്വസ്വവും നിൻ
മുമ്പിലണച്ചു കുമ്പിടുന്നു (ജീവനുമെൻെറ)

യേശുവേ നാഥാ . . . .
പാവനാത്മാവേ. . . . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

166

ദൈവപിതാവേ അങ്ങയെ ഞങ്ങൾ ആരാധിച്ചീടുന്നിതാ
ദൈവപിതാവേ അങ്ങയെ ഞങ്ങൾ പാടി സ്തുതിക്കുന്നിതാ

യേശുവേ നാഥാ അങ്ങയെ ഞങ്ങൾ ആരാധിച്ചീടുന്നിതാ
യേശുവേ നാഥാ അങ്ങയെ ഞങ്ങൾ പാടി
സ്തുതിക്കുന്നിതാ

പാവനാത്മാവേ അങ്ങയെ ഞങ്ങൾ ആരാധിച്ചീടുന്നിതാ
പാവനാത്മാവേ അങ്ങയെ ഞങ്ങൾ പാടി
സ്തുതിക്കുന്നിതാ

ആരാധന അങ്ങേയ്ക്കാരാധന
ആരാധന അങ്ങേയ്ക്കാരാധന
ആരാധന... ആരാധന...
ആരാധന... ആരാധന...

ത്രിത്വൈകദൈവമേ അങ്ങയെ ഞങ്ങൾ
ആരാധിച്ചീടുന്നിതാ
ത്രിത്വൈകദൈവമേ അങ്ങയെ ഞങ്ങൾ പാടി
സ്തുതിക്കുന്നിതാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

167

ദൈവപിതാവേ എന്നുടെ താതൻ നീ
ദൂതന്മാർ രാപകൽ വാഴ്ത്തിടുന്നു

നന്ദിയാൽ വണങ്ങും തിരുമുമ്പിലിന്നേരം
എന്നുമെന്നും നീ ആരാധ്യനാം (2)

നീ പരിശുദ്ധൻ നീയെന്നും സ്തുത്യൻ
ദൈവമേ നീ മാത്രം യോഗ്യനാം
ആരാധനയും സ്തുതിബഹുമാനവും
സ്വീകരിപ്പാനെന്നും നീ യോഗ്യനാം (2)

യേശുനാഥാ എൻ കർത്തനാം രക്ഷകൻ നീ
ദൂതന്മാർ രാപകൽ വാഴ്ത്തിടുന്നു

(നന്ദിയാൽ വണങ്ങും
(നീ പരിശുദ്ധൻ നീയെന്നും
പാവനാത്മാവേ ആശ്വാസപ്രദൻ നീ
ദൂതന്മാർ രാപകൽ വാഴ്ത്തിടുന്നു
(നന്ദിയാൽ വണങ്ങും
(നീ പരിശുദ്ധൻ നീയെന്നും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

168

ദൈവപിതാവേ നന്ദി
ദൈവ കുമാരാ നന്ദി
ദൈവാത്മരൂപാ നന്ദി
ത്രീയേക നാഥാ നന്ദി

ആരാധനയേകീടുന്നു
സ്തോത്രങ്ങൾ പാടീടുന്നു
ഹല്ലേലൂയ്യാ പാടുന്നു
ത്രീയേക നാഥാ നന്ദി

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

രോഗങ്ങളേകാം നാഥാ
വേദനയും നൽകാം നാഥാ
തീച്ചൂളയിൽ നീറീടുമ്പോൾ

ഹാല്ലേലൂയ്യാ പാടീടാം....

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

ഇല്ലായ്മയിലങ്ങേ കാണാൻ
തിരുമുഖമെൻ മനസ്സിൽ നിറയും
എല്ലാമുള്ളവനല്ലോ നീ
എല്ലാം നൽകുന്നവനല്ലോ.

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

അനുതാപ കണ്ണീർ തൂകാം
പാപക്കറ നീക്കാൻ വരണേ
അകതാരൊരു ദേവാലയമായ്

അർപ്പിക്കാം നാഥനു വാഴാൻ..

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

ഈ ലോകം തീർക്കും കെണിയും
മാലിന്ന്യം പെരുകും വഴിയും
പാപത്തിൻ ഭീതിയുമെല്ലാം
നീ വന്നാൽ പാടേ മാറും..

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

തിരുമുമ്പിൽ വന്നീടുന്നു
തിരുനാമം വാഴ്ത്തീടുന്നു
തരൂ നാഥാ നിൻ ദാനങ്ങൾ
തിരുസവിധേ നിത്യം വാഴാൻ.

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

പരംപൊരുളേ തിരുവചനങ്ങൾ
തവദാസർക്കെന്നും നൽകൂ
പരമോന്നത സ്വർഗ്ഗം പൂകാൻ
തിരുസവിധേ ഭവനം തീർക്കാൻ.

ഹാല്ലേലൂ ഹാല്ലേലൂയ്യാ...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

169

ദൈവപുത്രാ അങ്ങേയ്ക്കാരാധന
യേശുനാഥാ അങ്ങേയ്ക്കാരാധന (2)
തിരുസന്നിധിയിൽ ഇന്നു വന്നീടുവാൻ
കൃപനൽകിയതാം അങ്ങേയ്ക്കാരാധന (2)
ഓശാന. . . . ഹല്ലേലൂയ (4)

സമാധാന പ്രഭുവേ ആരാധന
ആശ്വാസപ്രദനേ ആരാധന
എന്റെ വിടുതലവൻ എന്റെ സൗഖ്യമവൻ
എന്റെ മോചനദ്രവ്യം അവനാരാധന
ഓശാന. . . . ഹല്ലേലൂയ (4)

മാലാഖമാർ പാടിടും ആരാധന

വിശുദ്ധന്മാർ വാഴ്ത്തിടും ആരാധന
എന്റെ മാർഗ്ഗമവൻ എന്റെ സത്യമവൻ
എന്റെ എല്ലാമവൻ അവനാരാധന
ഓശാന. . . . ഹല്ലേലൂയ (4)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

170

ദൈവസന്നിധേ ഞാൻ സ്തോത്രം പാടിടും
ദൈവം നല്കിയ നന്മകൾക്കായ്
ദൈവം ഏകി തൻ സൂനുവേ പാപിയെനിക്കായ്
ഹല്ലേലൂയ ഗീതം പാടും ഞാൻ

പാടി സ്തുതിക്കും ഞാൻ പാടി സ്തുതിക്കും
സ്തോത്ര ഗീതം പാടി സ്തുതിക്കും (2)

അന്ധകാരമെൻ അന്ത:രംഗത്തെ
ബന്ധനം ചെയ്തടിമയാക്കി (2)
ബന്ധുരാഭനാം തൻ സ്വന്ത പുത്രനാൽ
ബന്ധനങ്ങളഴിച്ചുവല്ലോ (2)
(പാടി സ്തുതിക്കും

ശത്രുവാമെന്നെ പുത്രനാക്കുവാൻ
പുത്രനെ കുരിശിലേൽപ്പിച്ചു (2)
പുത്രത്വം നൽകി ഹാ എത്ര സൗഭാഗ്യം
സ്തോത്ര ഗീതം പാടി സ്തുതിക്കും (2)
(പാടി സ്തുതിക്കും

വിളിച്ചു എന്നെ വെളിച്ചമാക്കി
വിളിച്ചവനായി ശോഭിപ്പാൻ (2)
ഒളിവിതറും നൽ തെളിവചനം
എളിയവനെങ്ങും ഘോഷിക്കും (2)
(പാടി സ്തുതിക്കും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

171

ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ
നന്ദിചൊല്ലി തീർക്കുവാനീ ജീവിതംപോരാ

കഷ്ടപ്പാടിൻ കാലങ്ങളിൽ
രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും മതിവരുമോ
(ദൈവസ്നേഹം

സ്വന്തമായി ഒന്നുമില്ല, സർവ്വതും നിൻദാനം
സ്വസ്ഥമായുറങ്ങീടാൻ സമ്പത്തിൽ മയങ്ങാതെ
മണ്ണിൽ സൗഭാഗ്യം നേടാനായാലും
ആത്മം നഷ്ടമായാൽ ഫലമെവിടെ
(ദൈവസ്നേഹം

സ്വപ്നങ്ങൾ പൊലിഞ്ഞാലും
ദു:ഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും
ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ മാറാതൊരുനാളും
അങ്ങെൻമുമ്പേപോയാൽ ഭയമെവിടെ
(ദൈവസ്നേഹം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

172

ദൈവം നമ്മോടുകൂടെ യഹോവയാം
ദൈവം നമ്മോടുകൂടെ എമ്മാനുവേൽ
ദൈവം നമ്മോടുകൂടെ (2)
പൂർവ്വപിതാക്കൾ തൻ കർത്താവായ ദെ
ദെവം നമ്മോടുകൂടെ (2)
മോശക്കും ജനതക്കും ദർശനമേകിയ ദൈവം
നമ്മോടുകൂടെ (2)
ഈജിപ്ത്തിൽ അടിമത്തച്ചങ്ങല നീക്കിയ
ദൈവം നമ്മോടുകൂടെ (2)
വാഗ്ദത്തഭൂമിയെ ജനതക്കു നൽകിയ
ദൈവം നമ്മോടുകൂടെ (2)
വചനം മാംസമായ് മന്നിതിൽ വന്നൊരു
ദൈവം നമ്മോടുകൂടെ (2)
കുരിശിൽ ജീവനെ നമുക്കായ്

ഹോമിച്ച ദൈവം നമ്മോടുകൂടെ (2)
രക്ഷക സ്രോതസാം കൂദാശകൾ വഴി
ദൈവം നമ്മോടുകൂടെ (2)
അൾത്താര വേദിയിൽ അനുദിന വീഥിയിൽ
ദൈവം നമ്മോടുകൂടെ (2)

പാപങ്ങൾ മോചിക്കും രോഗങ്ങൾ നീക്കിടും
ദൈവം നമ്മോടുകൂടെ
ആശ്വാസമേകിടും ആനന്ദമേകിടും
ദൈവം നമ്മോടുകൂടെ

ഇരുളിലും വളവിലും കൂടെ നടന്നിടും
ദൈവം നമ്മോടുകൂടെ
ഇടുങ്ങിയ പാതയിൽ ദൈവരാജ്യം ചേർക്കും
ദൈവം നമ്മോടുകൂടെ (2)

(ദൈവം നമ്മോടുകൂടെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

173

ദൈവമേ നിൻഗേഹമെത്ര മോഹനം
നിൻഗൃഹത്തിൽ വാഴുവോർ ഭാഗ്യവാന്മാർ
(2)
ദൈവമേ നിൻഗേഹമെത്ര മോഹനം. . .

കണ്ണുകൾ നിൻ ദിവ്യശോഭ തഴുകിനിൽപ്പു
കാതുകൾ നിൻവാണിയിൽ മുഴുകിനിൽപ്പു
അന്യഭൂവിൽ ആയിരം ദിനങ്ങളേക്കാൾ
നിൻഗൃഹത്തിലേക ദിവസം കാമ്യമല്ലോ.

(ദൈവമേ നിൻഗേഹമെത്ര

അഖിലലോക നായകന്റെ പാദപീഠം
തിരുവരങ്ങളൂറിനിൽക്കും ദിവ്യഗേഹം
നിത്യജീവനേകിടുന്ന പുണ്യതീർത്ഥം
വാനദൂതർപാടിടും മനോജ്ഞഗാനം

(ദൈവമേ നിൻഗേഹമെത്ര

174

ദൈവാരൂപിയാൽ നിറഞ്ഞിടുവാൻ
മനമിന്നു കാത്തിടുന്നു
അഗ്നിജ്വാലയായ് സ്നേഹനാളമായ്
സ്വർഗ്ഗം താണു വന്നീടണേ

(ദൈവാരൂപിയാൽ....

യേശുനാഥനേ എനിക്കായ് നീ
ശിക്ഷയേറ്റതോർത്തിടുമ്പോൾ (2)
സ്നേഹമേറുന്നേ നാഥാ നിന്നെ ഞാൻ
ജീവനേകി സ്നേഹിക്കുന്നേൻ (2)

(ദൈവാരൂപിയാൽ....

സ്വന്തജീവനെ തന്നു നാഥൻ
സ്നേഹം കാട്ടി തന്നുവല്ലോ (2)
തിരുനിണത്തിനാൽ നാഥാ നീയെന്നെ
വീണ്ടെടുത്തതോർത്തിടുന്നേൻ (2)

(ദൈവാരൂപിയാൽ....

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

175

ദൈവത്താൽ അസാദ്ധ്യമായ് ഒന്നുമില്ലല്ലോ
യഹോവയ്ക്കു കഴിയാത്ത കാര്യമില്ലല്ലോ (2)
യേശുവിന്റെ നാമത്തിൽ സൗഖ്യമു ല്ലോ
യേശുവിന്റെ രക്തത്താൽ ജയമു ല്ലോ (2)

വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണാം
പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവർത്തി കാണാം
ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം
ആശ്രയിച്ചാൽ ദൈവത്തിന്റെ കരുണ കാണാം (2)

അബ്രഹാം യഹോവയെ വിശ്വസിച്ചപ്പോൾ
ദൈവമത് നീതിക്കായ് കണക്കിട്ടല്ലോ (2)
അതിമഹത്തായ പ്രതിഫലം കൊടുത്തു

ബഹുജാതികൾക്കു പിതാവാക്കിത്തീർത്തല്ലോ (2)

(വിശ്വസിച്ചാൽ

യാക്കോബും ദൈവത്തെ ആരാധിച്ചപ്പോൾ
യഹോവയ്ക്കു തക്ക മഹത്വം കൊടുത്തപ്പോൾ (2)
യാക്കോബെന്ന കടവിൽ അനുഗ്രഹമായ്
ഇസ്രായേൽ എന്ന ബഹുമാനം കൊടുത്തു (2)

(വിശ്വസിച്ചാൽ

ഇസഹാക്കിൻ പ്രാർത്ഥനയ്ക്കു മറുപടിയായ്
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു (2)
വാഗ്ദാനങ്ങൾ നിറവേററി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു (2)

(വിശ്വസിച്ചാൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

176

ദൈവത്തെ സ്തുതിപ്പിൻ നിത്യം സ്തുതിപ്പിൻ
പാടി സ്തുതിപ്പിൻ കൈകൊട്ടി സ്തുതിപ്പിൻ (2)

സർവ്വചരാചരം –ദൈവത്തെ സ്തുതിപ്പിൻ

വാനവും ഭൂമിയും –ദൈവത്തെ സ്തുതിപ്പിൻ

സൂര്യനും ചന്ദ്രനും താരാഗണവും
ദൈവത്തെ സ്തുതിപ്പിൻ

കാറ്റേ കടലേ കാട്ടാറുകളേ
ദൈവത്തെ സ്തുതിപ്പിൻ

കാടും മേടും തോടും പുഴയും
ദൈവത്തെ സ്തുതിപ്പിൻ

നീലാകാശമേ മേഘാവലിയേ

ദൈവത്തെ സ്തുതിപ്പിൻ

മിന്നൽപ്പിണരേ അഗ്നിയേ ചൂടേ
ദൈവത്തെ സ്തുതിപ്പിൻ

പർവ്വതനിരയേ പുൽത്തോപ്പുകളേ
ദൈവത്തെ സ്തുതിപ്പിൻ

പൂഞ്ചോലകളേ തിരമാലകളേ
ദൈവത്തെ സ്തുതിപ്പിൻ

മഞ്ഞണി വയലേ മാങ്കാവുകളേ
ദൈവത്തെ സ്തുതിപ്പിൻ

മലർ വാടികളേ വർഷഹിമങ്ങളേ
ദൈവത്തെ സ്തുതിപ്പിൻ

കാലഋതുക്കളേ രാവും പകലും
ദൈവത്തെ സ്തുതിപ്പിൻ

സായന്തനമേ പൊൻ പുലർക്കാലം
ദൈവത്തെ സ്തുതിപ്പിൻ

പൈങ്കിളി ജാലമേ കാലിഗണങ്ങളേ
ദൈവത്തെ സ്തുതിപ്പിൻ

ജലജീവികളേ ഇഴജീവികളേ
ദൈവത്തെ സ്തുതിപ്പിൻ

വാനവദൂതരേ മാനവ ഗണമേ
ദൈവത്തെ സ്തുതിപ്പിൻ

ദൈവിക ജനമേ നിർമ്മലഹൃദയരേ
ദൈവത്തെ സ്തുതിപ്പിൻ
(ദൈവത്തെ സ്തുതിപ്പിൻ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

177

ദൈവത്തെ വാഴ്ത്തി പാടാം
വാനോളമുയർത്തി പാടാം
മോദമോടാർത്തു പാടാം
വാനവരോടൊത്തു കീർത്തനംപാടാം
വാനവരോടൊത്തു കീർത്തനംപാടാം
(ദൈവത്തെ വാഴ്ത്തി

പൊന്നിൻ പ്രഭാതം തന്നിടും നാഥൻ
സ്നേഹത്തിൻ ജ്വാലയെന്നിൽ തൂകിയ നാഥൻ (2)
സ്നേഹിതർക്കായ് ജീവനേകിയനാഥാ
വാഴ്ത്തിടാം നിൻനാമം മോദമായ്
വാഴ്ത്തിടാം നിൻനാമം മോദമായ്
(ദൈവത്തെ വാഴ്ത്തി

അപ്പമായെന്നുമെന്നിൽ വന്നിടുന്നു നീ
അന്യർക്കായ് ജീവനേകാൻ ഓതിടുന്നു നീ (2)
നിth– യീ സ്നേഹത്തിനായ് നന്ദിയേകിടുവാൻ
എന്നുമെന്നുള്ളം കാഴ്ചയേകീടാം
എന്നുമെന്നുള്ളം കാഴ്ചയേകീടാം
(ദൈവത്തെ വാഴ്ത്തി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

178

ദൈവത്തെ വാഴ്ത്തിടുവിൻ
ദൈവനാമം വാഴ്ത്തിടുവിൻ
ദൈവവും മനുജനുമാം
മിശിഹാനാഥനെ വാഴ്ത്തിടുവിൻ

മിശിഹാതൻ പൂജിതമാം
തിരുനാമം വാഴ്ത്തിടുവിൻ
സ്നേഹത്തിന്നുറവിടമാം

തിരുഹൃദയം വാഴ്ത്തിടുവിൻ

പീഠത്തിൽ വാണരുളും
മിശിഹായെ വാഴ്ത്തിടുവിൻ
രക്ഷകനാം മിശിഹാതൻ
ദിവ്യനിണം വാഴ്ത്തിടുവിൻ

വരനിരയാലൊളിവിതറും
ദൈവാത്മാവിനെ വാഴ്ത്തിടുവിൻ
ദൈവത്തിൻ മാതാവാം
കന്യാമേരിയെ വാഴ്ത്തിടുവിൻ

മറിയത്തിൻ നിർമ്മലമാം
ഉത്ഭവം വാഴ്ത്തിടുവിൻ
സ്വർഗ്ഗാരോപിതമാതാവിൻ
തിരുനാമം വാഴ്ത്തിടുവിൻ

നിർമ്മലയാം കന്യകതൻ
വല്ലഭനെ വാഴ്ത്തിടുവിൻ
സിദ്ധരിലും ദൂതരിലും
ദൈവത്തെ വാഴ്ത്തിടുവിൻ

ദൈവത്തെ വാഴ്ത്തിടുവിൻ
ദൈവനാമം വാഴ്ത്തിടുവിൻ
ദൈവവും മനുജനുമാം
മിശിഹാനാഥനെ വാഴ്ത്തിടുവിൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

179

ദൈവത്തിൻ ചൈതന്യമേ
ഞങ്ങളിൽ വന്നു നിറഞ്ഞീടണേ
ദിവ്യമാം ദാനങ്ങളാൽ
ഞങ്ങളെ നവ്യരായ് മാറ്റേണമേ

യേശുവിൻ ചൈതന്യമേ.....

റൂഹായാം ചൈതന്യമേ.....

സ്നേഹത്തിൻ ചൈതന്യമേ.....

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

180

ദൈവത്തിനു സ്തോസ്ത്രം പാടിടുവിൻ
അവൻ നല്ലവനല്ലോ ദയയെന്നുമുള്ളവൻ
എകനായ് മഹാൽഭുതങ്ങൾ ചെയ്തിടുന്നോനേ
എകമായ് വണങ്ങി പാടിടാമെന്നും

പരിപാലകനല്ലോ സർവ്വശക്തനല്ലയോ
നിത്യസ്നേഹമല്ലയോ സ്തുതിയെന്നുമവന്
താനുന്നതനല്ലോ കൃപചെയ്തിടുമല്ലോ
തൻ സന്നിധിയിലെന്നും പ്രമോദമുണ്ടല്ലോ

ജ്ഞാനത്താലാകാശത്തെ വാർത്തെടുത്തവൻ
ഭൂതലത്തെ വെള്ളത്തിങ്കൽ ഉറപ്പിച്ചവൻ
ദീപ.തി നൽകും സൂര്യചന്ദ്രതാരവൃന്ദത്തെ
മോടിയായ് വാനിടത്തിൽ സ്ഥാപിച്ചവൻ
(പരിപാലകനല്ലോ സർവ്വശക്തനല്ലയോ
മേഘങ്ങളെ വാഹനമാക്കിയവൻ
കാറ്റിൻ- പക്ഷത്തിങ്കൽ സഞ്ചരിപ്പവൻ
വെള്ളത്തിൻമേൽ മാളിക നിർമ്മിച്ചവൻ
അഗ്നിയെത്തൻ സേവകരായ് നിയമിച്ചവൻ
(പരിപാലകനല്ലോ സർവ്വശക്തനല്ലയോ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

181

ദൈവാത്മാവാൽ അഭിഷേചിതരാം
കർത്താവിൻ ജനമല്ലോ നാം (2)
സലകയിടത്തും സാക്ഷ്യം നൽകാൻ
നിയുക്തരായവരല്ലോ നാം (2)

പ്രാർത്ഥനയിൽ പുലരാം
അഖിലം പങ്കുവച്ചീടാം
സ്നേഹത്തിൻ വചനം
നമ്മുടെ പ്രമാണമാക്കീടാം

(ദൈവാത്മാവാൽ

മുന്തിരി തന്നിൽ ശാഖകളെല്ലാം
ഒന്നായ് വളരുമ്പോൾ
ഭിന്നതയാകെ വെടിഞ്ഞിട്ടവികല
സ്നേഹത്തിൽ വളരാം (2)
യേശുവിലൊന്നാകാം

പ്രാർത്ഥനയിൽ പുലരാം
അഖിലം പങ്കുവച്ചീടാം
സ്നേഹത്തിൻ വചനം
നമ്മുടെ പ്രമാണമാക്കീടാം

(ദൈവാത്മാവാൽ

ദൈവാത്മാവിൻ ഫലങ്ങളാലെ
സമ്പന്നത നേടാം
ആത്മാവിൻ നിറശക്തിയുണർത്തി
ഒരുമയിലൊന്നാകാം (2)
യേശുവിലൊന്നാകാം

പ്രാർത്ഥനയിൽ പുലരാം
അഖിലം പങ്കുവച്ചീടാം
സ്നേഹത്തിൻ വചനം
നമ്മുടെ പ്രമാണമാക്കീടാം

(ദൈവാത്മാവിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

182

ദിവ്യകാരുണ്യനാഥാ നിൻ ദിവ്യപ്രകാശം
തൂകണമേ എൻ ജീവിതത്തിൽ

ആ ദിവ്യപ്രകാശത്താലെന്നാത്മ നയനങ്ങൾ
തുറന്നീടണേ നിൻ മുഖം ദർശിക്കാൻ
(ദിവ്യകാരുണ്യനാഥാ

ദൈവത്തോടൊപ്പം ആയിരുന്നവൻ
ദാസന്റെ രൂപം ധരിച്ചു (2)
നമ്മോടൊപ്പം ആയിരിക്കുവാൻ
അപ്പമായ് ഭൂവിൽ ഇറങ്ങിവന്നു (2)
(ദിവ്യകാരുണ്യനാഥാ

കുർബാനയായ് തൻ ജീവൻ ചൊരിഞ്ഞു
കുർബാനയിൽ നാമൊന്നായിത്തീരാൻ
ജീവന്റെ സമൃദ്ധി എനിക്കു നൽകി
നിത്യജീവനിലേയ്ക്കെന്നെ നയിക്കാൻ
(ദിവ്യകാരുണ്യനാഥാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

183

ദു:ഖങ്ങൾ നീക്കിടും ദൈവപുത്രൻ
ക്ലേശങ്ങളെല്ലാം അവൻ വഹിക്കും
ബാധയും വ്യാധിയും നീക്കിടുമവൻ
നേരായ മാർഗ്ഗത്തിലാക്കിടുമവൻ
(ദു:ഖങ്ങൾ നീക്കിടും. . .

ഏവരും ദൈവത്തിൻ മുന്നിലല്ലോ
എന്നും ഫലപ്രദ യോഗ്യരാകൂ (2)
ലൗകീക മോഹങ്ങൾ കൈവെടിഞ്ഞാൽ
സൗഭാഗ്യ ദായകൻ എത്തുമുള്ളിൽ (2)
(ദു:ഖങ്ങൾ നീക്കിടും. . .

ഇല്ല തളരില്ല ഉറങ്ങുകില്ല
നിൻ പരിപാലകൻ സർവ്വശക്തൻ (2)
നല്ലവ വെട്ടി ഒരുക്കുമവൻ
തിൻമകൾ ചുട്ടുകരിക്കുമവൻ (2)
(ദു:ഖങ്ങൾ നീക്കിടും. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

184

നാഥാ നിനക്കായ് പാടിപ്പാടിയെൻ

നാവു തളർന്നാൽ തളർന്നീടട്ടെ
നിനക്കായേറെ നടന്നുനടന്നെ–
പാദം തളർന്നാൽ തളർന്നീടട്ടെ (2)

നിന്നെ മാത്രം ധ്യാനിച്ചു ധ്യാനിച്ചു
മനസ്സു തളർന്നാൽ തളർന്നീടട്ടെ
നിെ– വിചാര ഭാരമേറ്റെ–
ബുദ്ധി തളർന്നാൽ തളർന്നീടട്ടെ

നിെ– സ്തോസ്ത്രം ആലപിച്ചിന്നെ–
ആത്മം തളർന്നാൽ തളർന്നീടട്ടെ
നിനക്കായ് ഭാരം ചുമന്നുചുമന്നെ–
ചുമലു തകർന്നാൽ തകർന്നീടട്ടെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

185

നാഥാ സമർപ്പിക്കുന്നു
എന്നെ സമർപ്പിക്കുന്നു
പൂർണ്ണമായ് അർപ്പിക്കുന്നു
കാഴ്ചയായ് അർപ്പിക്കുന്നു

നാഥാ നീ കൈക്കൊള്ളണേ
എന്നെ നീ കൈക്കൊള്ളണേ
പൂർണ്ണമായ് കൈക്കൊള്ളണേ
യാഗമായ് കൈക്കൊള്ളണേ

നാഥാ നീ മറ്റേണമേ
എന്നെ നീ മാറ്റേണമേ
പൂർണ്ണമായ് മാറ്റേണമേ
അങ്ങേതായ് മാറ്റേണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

186

നാഥെ– വാഗ്ദാന വാക്യങ്ങളെൻ
ജീവെ– യാധാരമാകുന്നതാൽ

കയ്യുയർത്തി ഞാൻ കയ്യടിച്ചു ഞാൻ
ആയിരം സ്തോസ്ത്രങ്ങളാലപിക്കും ആഹാ
കയ്യുയർത്തി ഞാൻ കയ്യടിച്ചു ഞാൻ
ആയിരം സ്തോസ്ത്രങ്ങളാലപിക്കും

ഭയപ്പെടേണ്ട തെല്ലും ഭയപ്പെടേണ്ട
കടലല കണ്ടു നീ ഭയപ്പെടേണ്ട
കടലിനെ കാറ്റിനെ ശാസിക്കുവാൻ
കഴിവുള്ള ഞാൻ നിഎ- നാഥനല്ലേ
(നാഥഎ- വാഗ്ദാന...

മരണത്തെ രോഗത്തെ ഭയപ്പെടേണ്ട
മരണത്തെജയിച്ച ഞാൻ ജയംതരില്ലേ
മനസ്സിനു നൊമ്പരമേകിടുന്ന
മനുഷ്യഎ- വാക്കും നീ പേടിക്കേണ്ട
(നാഥഎ- വാഗ്ദാന...

നിനക്കായ്ഞാൻസ്വർഗ്ഗേ നിരന്തരമായ്
പരമപിതാവിനോടു പ്രാർത്ഥിക്കുന്നു
നിരന്തരം നൻമകൾ നൽകിടുന്നു
വരുംകാലമോർത്തു നീ പേടിക്കേണ്ട
(നാഥഎ- വാഗ്ദാന...

ഭയപ്പെടേണ്ട ലോകം തരുന്ന ക്ലേശം
സകലതും ജയിച്ചുഞാൻ മഹത്വമോടെ
ഉലകത്തിൻ അന്തിമ നാൾവരെയും
മകനെ ഞാൻ നിന്നോടുകൂടെയുണ്ട്
(നാഥഎ- വാഗ്ദാന...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

187

നാടുനിരക്കേയലഞ്ഞുനടക്കും
നാടോടിക്കഥ പാടി നടക്കും
മണ്ണിൻ മക്കളേ പോരൂ
മണ്ണിൻ മക്കളേ പോരൂ
ഉറ്റവരില്ല ഉടയവരില്ല

ദു:ഖിതരായി അലഞ്ഞുനടക്കും
മണ്ണിൻ മക്കളേ പോരൂ
മണ്ണിൻ മക്കളേ പോരൂ
നാഥൻെറ ലോകം കാണണ്ടേ
നാഥൻെറ സ്നേഹം തേടണ്ടേ (2)
ആശനശിച്ചുകഴിയുന്നോരെ പോരൂ പോരൂ....
(നാടുനിരക്കേ. . .

ആകാശം മുട്ടെപ്പൊങ്ങും കൊട്ടാരം
കാറ്റൊന്ന് വീശിപ്പോയാൽ വീഴില്ലേ
മനസ്സിൻെറ കോണിൽ വിരിയും സ്വപ്നങ്ങൾ
ജീവിതമൊന്നാടിപ്പോയാൽ കൊഴിയില്ലേ
മാനവരേ ഒരുനാളിൽ പോകേണ്ടോരല്ലേ
ഈ മണ്ണിൻ സ്വർഗ്ഗം വിട്ട് പോകേണ്ടോരല്ലേ (2)
പോകുമ്പോൾ സ്വന്തമായിട്ടൊന്നുമില്ലല്ലോ
ഒന്നുമില്ലല്ലോ
(നാടുനിരക്കേ. . .

തളരാതെ ദൈവഹിതം നീ തേടുമ്പോൾ
വളരൂം നിൻ സൗഭാഗ്യങ്ങൾ ഈ മണ്ണിൽ
വചനങ്ങൾ വഴികൾനീളെ വിതറുമ്പോൾ
സ്വർഗ്ഗത്തിൽ നിറയും നിന്നുടെസമ്പാദ്യം
അവനെന്നും കേൾക്കുന്ന കരുണാമയനല്ലോ
ആഴത്തിൽ നിന്ന് വിളിച്ചാൽ കനിയുന്നവനല്ലേ (2)
തളരുമ്പോൾ തണലായ് എത്താൻ നാഥനുണ്ടരികിൽ
നാഥനുണ്ടരികിൽ
(നാടുനിരക്കേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

188

നല്ലിടയാ നല്ലിടയാ
വല്ലഭനാമെൻ നായകാ

കല്ലുകളും മുള്ളുകളും
എല്ലാം മറന്നിങ്ങു വന്നുനീ

നല്ലിടയാ നല്ലിടയാ
വല്ലഭനാമെൻ നായകാ

സ്വന്തജീവൻ തന്നുപോലും
സന്തതമെന്നെ പാലിപ്പു
നല്ലിടയാ നല്ലിടയാ
വല്ലഭനാമെൻ നായകാ

തേടിയെത്തി എന്നെയും നീ
തോളിലേറ്റി ദയാർദ്രനായ്
നല്ലിടയാ നല്ലിടയാ
വല്ലഭനാമെൻ നായകാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

189

നന്ദി ദൈവമേ... നന്ദി ദൈവമേ
നിത്യവും നിത്യവും നന്ദി ദൈവമേ (2)

അങ്ങുതന്ന ദാനത്തിനായ് നന്ദിയേകിടാം
അങ്ങുതന്ന സ്നേഹത്തിനായ് നന്ദിയേകിടാം
നന്മ രുപനേ നല്ല ദൈവമേ (2)
(നന്ദി ദൈവമേ...

അങ്ങുതന്ന കാഴ്ചക്കായ് നന്ദിയേകിടാം
അങ്ങുതന്ന കേൾവിക്കായ് നന്ദിയേകിടാം
നന്മ രുപനേ നല്ല ദൈവമേ (2)
(നന്ദി ദൈവമേ...

അങ്ങുതന്ന വചനത്തിനായ് നന്ദിയേകിടാം
അങ്ങുതന്ന സുദിനത്തിനായ് നന്ദിയേകിടാം
കരങ്ങൾ കൂപ്പിടാം നന്ദിയേകിടാം (2)
(നന്ദി ദൈവമേ...

അങ്ങുതന്ന ദു:ഖത്തിനായ് നന്ദിയേകിടാം
അങ്ങുതന്ന മോദത്തിനായ് നന്ദിയേകിടാം
നന്മ രുപനേ നല്ല ദൈവമേ (2)
(നന്ദി ദൈവമേ...

അങ്ങുതന്ന രോഗത്തിനായ് നന്ദിയേകിടാം
അങ്ങുതന്ന സൗഖ്യത്തിനായ് നന്ദിയേകിടാം
നന്മ രൂപനേ നല്ല ദൈവമേ (2)

(നന്ദി ദൈവമേ...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

190

നന്ദി നിറഞ്ഞൊരു ഹൃദയവുമായ്
നിൽക്കുന്നു തിരുമുമ്പിൽ യേശുനാഥാ
എണ്ണിയാൽ തീരാത്ത ന കളോർത്ത്
എങ്ങനെ നന്ദി പറയാതിരുന്നിടും (2)
നന്ദി...നന്ദി... നന്ദി...യേശുവേ നന്ദി നന്ദി
നന്ദി...നന്ദി... നന്ദി...ദൈവമേ നന്ദി നന്ദി

(നന്ദി നിറഞ്ഞൊരു

അപ്പനും അമ്മയും നൽകാത്ത സ്നേഹവും
അപ്പനായ് അമ്മയായ് വന്നു നീതന്നു (2
ആരോരും ആശ്രയമില്ലാത്ത നാളിലും
ആശ്വസിപ്പിക്കാനെന്നരികിൽ വന്നു (2)
നന്ദി...നന്ദി... നന്ദി...യേശുവേ നന്ദി നന്ദി
നന്ദി...നന്ദി... നന്ദി...ദൈവമേ നന്ദി നന്ദി

(നന്ദി നിറഞ്ഞൊരു

അതിരുകളില്ലാതെ മതിലുകളില്ലാതെ
ആരിലും സ്നേഹം നീ ചൊരിഞ്ഞിടുന്നു (2)
എഫ്രായിം എന്നുവിളിച്ചു നീയെന്നെയും
വാത്സല്യമൂറുന്ന ഹൃദയമോടെ (2)
നന്ദി...നന്ദി... നന്ദി...യേശുവേ നന്ദി നന്ദി
നന്ദി...നന്ദി... നന്ദി...ദൈവമേ നന്ദി നന്ദി

(നന്ദി നിറഞ്ഞൊരു........

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

191

നസ്രായൻ കർത്താവേ
ലോകത്തിൻ സ്രഷ്ടാവേ
തിരുവചന പൊരുളായ് മണ്ണിൽ
വന്നുപിറന്നവനീശോയെ

പാവനമാം മിശിഹായെ
തിരുവചനതിരുമുമ്പിൽ
അപദാനം വാഴ്ത്തിപാടി
പാടിനമിച്ചു വണങ്ങുന്നു
തിരുവചനം ലോകം
മുഴുവൻ ഘോഷിയ്ക്കാം
സുരഗീതം ലോകത്തെങ്ങും പാടീടാം(2)

(നസ്രായൻ ......

ആ . . . ആ . . . ആ . . .
ഇരുളും ജീവിത വഴിയിൽ
വചനവിളക്കായ് തെളിയണമേ
തകരും ജീവിത മരുഭൂവിൽ
തിരുവചനമൊരുക്കണമേ
ആശ്വാസം പകരും മനസ്സിൽ
ആമോദം പകരും
ആനന്ദം പകരും നാഥാ
ആ പൊൻ തിരുവചനം

(നസ്രായൻ .....

ആ . . . ആ . . . ആ . . .
സഹനതീയിൽ പിടയും
മനസ്സിൽ വചനം പകരണമെ
ഹൃദയത്തിന്നകതാരിൽ വചന
പൂമഴ ചൊരിയണമെ
ശാന്തി വിതച്ചീടും വചനം
സൗഖ്യം നൽകീടും
സായൂജ്യം പകരും നാഥാ
സ്നേഹത്തിൻ വചനം

(നസ്രായൻ .....

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

192

നിൻ ദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു

യേശുവേ എൻ ദൈവമേ
നീയെന്നും മതിയായവൻ
(നിൻ ദാനം. . .

യേശു എനിക്കു ചെയ്ത
നൻമകൾ ഓർത്തിടുകിൽ
നന്ദികൊണ്ടെൻ മനം പാടിടുമേ
സ്തോത്ര ഗാനത്തിൻ പല്ലവികൾ
(നിൻ ദാനം. . .

ദൈവമേ നിൻെറ സ്നേഹം
എത്ര നാൾ തള്ളിനീക്കി
അന്നു ഞാനന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായി
(നിൻ ദാനം. . .

എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എൻെറ ആത്മാവിനു നിത്യ ജീവൻ
എൻെറ യേശു ഒരുക്കിയല്ലോ
(നിൻ ദാനം. . .

നിത്യത ഓർത്തിടുമ്പോൾ എൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സന്തോഷ ജീവിതം
വിശ്വാസക്കണ്ണാൽ ഞാൻ കണ്ടിടുന്നു
(നിൻ ദാനം. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

193

നിൻ തിരുരക്തത്താൽ കഴുകണമേ ഈശോ
നിൻ തിരുഹിതമെന്നിൽ നിറവേറ്റണമേ ഈശോ

പാവനാത്മാവാൽ നിറയ്ക്കണമേ ഈശോ
പാപഭാരങ്ങൾ അകറ്റണമേ ഈശോ
(നിൻ തിരുരക്തത്താൽ കഴുകണമേ ഈശോ)

നൽവരദാനങ്ങൾ നൽകണമേ ഈശോ
നല്ലവഴിക്കെന്നെ നയിക്കണമേ ഈശോ
(നിൻ തിരുരക്തത്താൽ കഴുകണമേ ഈശോ)

അങ്ങേ സ്തുതിച്ചിടുവാൻ വരമേകണമേ ഈശോ
അങ്ങേ വണങ്ങിടുവാൻ കൃപയേകണമേ ഈശോ
(നിൻ തിരുരക്തത്താൽ കഴുകണമേ ഈശോ)

പ്രാർത്ഥിക്കാനെന്നെ പഠിപ്പിക്കണമേ ഈശോ
പ്രാർത്ഥനാവരമെന്നിൽ നൽകണമേ ഈശോ
(നിൻ തിരുരക്തത്താൽ കഴുകണമേ ഈശോ)

വചനമയച്ചെന്നെ സുഖമാക്കണമേ ഈശോ
വചനം ഘോഷിക്കാൻ വിളിയേകണമേ ഈശോ
(നിൻ തിരുരക്തത്താൽ കഴുകണമേ ഈശോ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

194

ആ ആ ആ ആ ആ
നിന്നെ പിരിഞ്ഞ് ഒന്നും ചെയ്യുവാൻ കഴിവതില്ല
നിന്നോടുചേർന്ന് ഇരുന്നിടുമ്പോൾ എൻ ഭാരം മറക്കും

യേശുനാഥനേ പൊന്നുകാന്തനേ
മാർവോടണയും അങ്ങേ ചേർന്നു നിന്നീടും
സാക്ഷിയായിടും കാത്തിരിക്കും ഞാൻ
എന്നന്ത്യം വരേ

എന്റെ സ്തുതിയും ആരാധനയും
അത് നിഷ്ഫലമല്ല
ഓരോ വാക്കിലും ഞാൻ ക ീടുന്നു
നിൻ അത്ഭുതത്തെ

യേശുനാഥനേ പൊന്നുകാന്തനേ
മാർവോടണയും അങ്ങേ ചേർന്നു നിന്നീടും

സാക്ഷിയായിടും കാത്തിരിക്കും ഞാൻ
എന്നന്ത്യം വരേ

എന്റെ പ്രാർത്ഥന വൃഥാവാകില്ല
അതു പ്രാപിക്കും ഞാൻ
എന്റെ ജീവിത ലക്ഷ്യം തെററില്ല
അതു പ്രാപിക്കും ഞാൻ

യേശുനാഥനേ പൊന്നുകാന്തനേ
മാർവോടണയും അങ്ങേ ചേർന്നു നിന്നീടും
സാക്ഷിയായിടും കാത്തിരിക്കും ഞാൻ
എന്നന്ത്യം വരേ

ശത്രു ഉയർന്നാൽ ഭയപ്പെടില്ല
ഞാൻ ഉറച്ചു നിൽക്കും
എന്നിൽ പകർന്ന അഭിഷേകത്താൽ
ഞാൻ ജയം നേടിടും

യേശുനാഥനേ പൊന്നുകാന്തനേ
മാർവോടണയും അങ്ങേ ചേർന്നു നിന്നീടും
സാക്ഷിയായിടും കാത്തിരിക്കും ഞാൻ
എന്നന്ത്യം വരേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

195

നിർമ്മലമായൊരു ഹൃദയമെന്നിൽ
നിർമ്മിച്ചരുളുക നാഥാ
നേരായൊരു നൽ മാനസവും
തീർത്തരുൾകെന്നിൽ ദേവാ

(നിർമ്മലമായൊരു

തവതിരു സന്നിധി തന്നിൽനിന്നും

തള്ളിക്കളയരുതെന്നെ നീ
പരിപാവനനേ എന്നിൽനിന്നും
തിരികെയെടുക്കരുതെൻ പരനേ

(നിർമ്മലമായൊരു

രക്ഷകമാം പരമാനന്ദം നീ
വീണ്ടും നൽകണമെൻ നാഥാ
കൻമഷമിയലാതൊരു മനമെന്നിൽ
ചിൻമയരൂപാ തന്നിടുക

(നിർമ്മലമായൊരു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

196

നിസ്സാരമാ നിസ്സാരമാ
നീറും ദു:ഖങ്ങൾ നിസ്സാരമാ
നാളെ വരുന്ന മഹിമയോർത്താൽ
ഇന്നിൻ ദു:ഖങ്ങൾ നിസ്സാരമാ

വന്ദനം തരും നാളു വരുന്നു
നിന്ദനത്തിൽ നീ ഇന്ന് സന്തോഷിക്കുവിൻ
സന്തോഷിക്കുവിൻ കുഞ്ഞേ സന്തോഷിക്കുവിൻ
നിന്ദനത്തിൽ നീ ഇന്ന് സന്തോഷിക്കുവിൻ

(നിസ്സാരമാ

പാതാളത്തോളം നീ താഴ്ത്തപ്പെടുകിൽ
ആകാശത്തോളം നിന്നെ ദൈവമുയർത്തും
ദൈവമുയർത്തും കുഞ്ഞേ ദൈവമുയർത്തും
ആകാശത്തോളം നിന്നെ ദൈവമുയർത്തും

(നിസ്സാരമാ

മാറാരോഗങ്ങൾ നിന്നെ ഞെരുക്കുമ്പോഴും
സൗഖ്യദായകൻ നിന്റെ ഒപ്പമില്ലയോ
ഒപ്പമില്ലയോ കുഞ്ഞേ ഒപ്പമില്ലയോ
സൗഖ്യദായകൻ നിന്റെ ഒപ്പമില്ലയോ

(നിസ്സാരമാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

197

നിഴലായ് വരുമേ

അവനെപ്പോഴും എന്റെ കൂടെ
നിറയും സ്നേഹമോടെ
നിധിപോലെന്നെ കാത്തിടും

(നിഴലായ് വരുമേ

പാപിയായ് ഞാൻ കേണിടുമ്പോൾ
പാപമെല്ലാം നീക്കിടും
രോഗിയായ് ഞാൻ നൊന്തിടുമ്പോൾ
സൗഖ്യമേകും പാവനൻ
മനമോ വാഴ്ത്തിപ്പാടും
എന്നും മന്നിൽ നിന്റെ നാമം
അവനോ തുടരേ നൽകും
ദാനമെന്നിൽ കനിവു തോന്നി
അവനോ കുരിശുതാങ്ങും
ദിനവും എനിക്കായിതാ

(നിഴലായ് വരുമേ

തളർന്നിടാതെ തകർന്നിടാതെ
ദൈവമെന്നെ കാത്തിടും
വീണിടാതെ താണിടാതെ
ദൈവമെന്നെ പോററിടും
ഹൃദയം ഓർത്തു പാടും
കനിവു നിറയും ദൈവസ്നേഹം
അവനോ തുടരേ നൽകും
ദാനമെന്നിൽ കനിവുതോന്നി
അവനോ കുരിശു താങ്ങും
ദിനവും എനിക്കായിതാ

(നിഴലായ് വരുമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

198

നീ ബലവാനാണെങ്കിലും
നീ ബലഹീനനെങ്കിലും

നീ ആരായിരുന്നാലും
ദൈവം നിന്നെ സ്നേഹിക്കുന്നു

നീ ധനവാനാണെങ്കിലും
നീ ദരിദ്രനാണെങ്കിലും
നീ ആരായിരുന്നാലും
ദൈവം നിന്നെ സ്നേഹിക്കുന്നു

നീ പാപിയാണെങ്കിലും
നീ രോഗിയാണെങ്കിലും
നീ ആരായിരുന്നാലും
ദൈവം നിന്നെ സ്നേഹിക്കുന്നു

നീ ഉയർന്നവനെങ്കിലും
നീ തകർന്നവനെങ്കിലും
നീ ആരായിരുന്നാലും
ദൈവം നിന്നെ സ്നേഹിക്കുന്നു

നീ വിശ്വാസിയെങ്കിലും
നീ അവിശ്വാസിയെങ്കിലും
നീ ആരായിരുന്നാലും
ദൈവം നിന്നെ സ്നേഹിക്കുന്നു

നിൻ മതമേതാണെങ്കിലും
നിൻ ഭാഷയേതെങ്കിലും
നീ ആരായിരുന്നാലും
ദൈവം നിന്നെ സ്നേഹിക്കുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

199

നീ പ്രഭോ എൻ നല്ലിടയൻ
നിതാന്ത കൃപയിൽ നയിപ്പവൻ (2)

സമൃദ്ധമായ പുൽത്തകിടിയിൽ

നയിക്കുകെന്നെ കൃപാകരാ (2)
തെളിഞ്ഞ നീരിൻ അരുവിയിലായ്
നയിക്കുകെന്നെ കൃപാകരാ (2)
(നീ പ്രഭോ എൻ

അനന്തസത്യ ധർമ്മമതിൽ
ശ്രവിക്കുകെന്നെ കൃപാകരാ (2)
കരം പിടിച്ചു നേർവഴിയിൽ
നയിക്കുകെന്നെ കൃപാകരാ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

200

നീലാകാശക്കോണിൽ തൂവെൺമേഘത്തേരിൽ
ആഗതനാകും മിശിഹാനാഥന് സുരഗീതംപാടാം
ആകാശത്തിൻ കീഴിൽ മാനവ രക്ഷകനായി
നിത്യംവാഴും യേശുമഹേശന് ജയഗീതംപാടാം
കരഘോഷത്താൽ കിന്നരവീണകളാൽ
സ്തുതിവചനത്താൽ തിരുഗീതികളാൽ
സൈന്യങ്ങൾതൻ നാഥനു നിത്യം –
കീർത്തനമേകീടാം
(നീലാകാശക്കോണിൽ

നീലാംബരമേ വാരൊളിതിങ്ങും
താരകളേ വാർമഴവില്ലേ
മിന്നൊളിയാൽ പുഞ്ചിരിതൂകും പൊന്നുംകതിരവനേ
കാട്ടാറുകളേ കളകളമോതും അരുവികളേ
പൂങ്കുരുവികളേ ആഴികളേ
ചിന്നിച്ചതറും പൂത്തിരമാലകളേ
വാഴ്ത്തിപ്പാടിടുവിൻ കാഹളമേകിടുവിൻ
സുരഭിലഗീതികളാൽ ഒന്നായ് ചേർന്നിടുവിൻ
ഉന്നതനീശൻ നിത്യമഹോന്നതനേശു മഹേശനവൻ
മന്നിൽ മാനവരക്ഷയൊരുക്കാൻ ജീവൻനൽകിയവൻ
(നീലാകാശക്കോണിൽ

പർവ്വതനിരയേ കണ്ണുകൾചിമ്മും പൂവുകളേ
പൂമ്പാറ്റകളേ തെളിവാനിൽ പാറിനടക്കും
കുഞ്ഞിപ്പറവകളേ

ഭൂവാസികളേ  മഞ്ഞണിവെയിലേ
പകലുകളേ  പുംപുലരികളേ
തൂമഞ്ഞിൻകൂടെ  നടക്കും  കാറ്റേ  പൂങ്കുളിരേ
ആരാധിച്ചിടുവിൻ  പാടിനമിച്ചിടുവിൻ
തിരുമൊഴി  കേട്ടിടുവാൻ  കാതുകളോർത്തിടുവിൻ
എന്നും  നമ്മെ  കാത്തുഭരിക്കും  പാലകനവനല്ലോ
സത്യവെളിച്ചം  പകരാൻ  വഴിയിൽ  വചനവിളക്കല്ലോ
(നീലാകാശക്കോണിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

201

നീങ്ങിപ്പോയെന്റെ ഭാരങ്ങൾ
മാറിപ്പോയെന്റെ ശാപങ്ങൾ
സൗഖ്യമായെന്റെ രോഗങ്ങൾ
യേശുവിൻ നാമത്തിൽ

ഹല്ലേലൂയ്യ ഞാൻ പാടിടും
യേശുവിനെ ആരാധിക്കും
ഹല്ലേലൂയ്യ പാടി വാഴ്ത്തിടും
സർവ്വശക്തനായവനേ

യേശുവിൻ നാമം വിടുതലായി
യേശുവിൻ നാമം രക്ഷയായി
യേശുവിൻ നാമം ശക്തിയായി
യേശുവെന്നെ വീ ടുത്തു
(ഹല്ലേലൂയ്യ ഞാൻ പാടിടും)
യേശുവിൻ രക്തം ശുദ്ധിക്കായി
യേശുവിൻ രക്തം സൗഖ്യമായി
യേശുവിൻ രക്തം കഴുകലായി
യേശു തന്നെ  വിടുതലായി
(ഹല്ലേലൂയ്യ ഞാൻ പാടിടും)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

202

ആരാധന ആരാധന ആരാധന
നീതിസൂര്യനാം ദൈവമേ
നിന്നിലൊന്നായിത്തീർന്നിടുവാൻ
ആരാധന ആരാധന ആരാധന

സ്നേഹരൂപനാം ദൈവമേ
നിന്നിലൊന്നായിത്തീർന്നിടുവാൻ
ആരാധന ആരാധന ആരാധന

ആത്മനാഥനാം ദൈവമേ
നിന്നിലൊന്നായിത്തീർന്നിടുവാൻ
ആരാധന ആരാധന ആരാധന

കാരുണ്യവാനാം ദൈവമേ
നിന്നിലൊന്നായിത്തീർന്നിടുവാൻ
ആരാധന ആരാധന ആരാധന

സൗഖ്യദാതാവാം ദൈവമേ
നിന്നിലൊന്നായിത്തീർന്നിടുവാൻ
ആരാധന ആരാധന ആരാധന

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

203

നീയല്ലാതാരെനിക്കേശുവേ, നീയല്ലാതാരെനിക്ക് (2)
ഹൃദയം നുറുങ്ങുന്ന വേദനകൾ
മനസ്സിൽ പതിഞ്ഞയെൻ മുറിവുകളും
അതെല്ലാം മറക്കാൻ, എല്ലാം ക്ഷമിക്കാൻ
നീയെന്നരികിൽ വരേണം.
ആരാധനാ . . . ആരാധനാ . . . (2)

തിരുമുമ്പിൽ നിൽക്കുവാനാഗ്രഹിച്ചു
തിരുനാമം പാടുവാനാശിച്ചു പോയ്

എന്നിൽ വരേണേ, സൗഖ്യം തരേണേ
നീ മാത്രമെന്നേശുനാഥാ

(തിരുമുമ്പിൽ

ആരാധനാ . . . ആരാധനാ . . . (2)

ഓരോ നിനവിലും കേഴുന്നു ഞാൻ
നിൻ പാദേ വന്നൊന്നു കുമ്പിടുവാൻ
കാരുണ്യനാഥാ, സ്നേഹസ്വരൂപാ
നീയെന്നരികിൽ വരേണേ.

(ഓരോ നിനവിലും

(നീയല്ലാതാരെനിക്കേശുവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

204

നീയെൻ- സങ്കേതവും നീയെൻ- കോട്ടയും
നീയെൻ- പ്രാണനാഥൻ നീയെൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിൻമുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാനെൻ സർവ്വവുമായ് അടിയനിതാ...
അടിയനിതാ ദേവാ... അടിയനിതാ (2)

നീയെൻ- രക്ഷകനും നീയെൻ- വൈദ്യനും
നീയെൻ- ആലംബവും നീയെൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിൻമുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാനെൻ സർവ്വവുമായ്
അടിയനിതാ...
അടിയനിതാ ദേവാ... അടിയനിതാ (2)

നീയെൻ- പാലകനും നീയെൻ- ആശ്വാസവും
നീയെൻ- മറവിടവും നീയെൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയമോടെ
തേടും നിൻമുഖം ജീവകാലമെല്ലാം
സേവിച്ചീടും ഞാനെൻ സർവ്വവുമായ്
അടിയനിതാ...
അടിയനിതാ ദേവാ... അടിയനിതാ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

205

പരമപിതാവിന് സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിയവൻ
പാപങ്ങളാകവെ ക്ഷമിച്ചിടുന്നു
രോഗങ്ങളഖിലവും നീക്കിടുന്നു.

(പരമപിതാവിന്

അമ്മയെപ്പോലെന്നെ ഓമനിച്ചു
അപകട വേളയിൽ പാലിച്ചവൻ
ആഹാരപാനീയമേകിയവൻ
നിത്യമാം ജീവനെ നൽകിടുന്നു

(പരമപിതാവിന്

ഇടയനെപ്പോലെന്നെ തേടി വന്നു
പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമുക്കേകിയവൻ

(പരമപിതാവിന്

കൂടുകളെ കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിൻമേൽ വഹിച്ചു നമ്മെ
നിലം പരിശായി നശിച്ചിടാതെ

(പരമപിതാവിന്

സ്തോത്രം ചെയ്യാം ഹൃദയംഗമായ്
കുമ്പിടാം അവൻ മുമ്പിലാദരവായ്
ഹല്ലേലൂയ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷാകരം

(പരമപിതാവിന്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

206

പരിശുദ്ധൻ മഹോന്നത ദേവൻ
പാരിലെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കും
സ്വർല്ലോക രാജനാം മിശിഹാ
ഹാല്ലേല്ലൂയ (4)

ഹാ..ഹാ..ഹാ...ഹാല്ലേല്ലൂയ
ഹാ..ഹാ..ഹാ...ഹാല്ലേല്ലൂയ
ഹാ..ഹാ..ഹാ...ഹാല്ലേല്ലൂയ
ഹാ..ഹാ..ഹാ...ഹാല്ലേല്ലൂയ

അവനൽഭുത തന്ത്രിയാം ദൈവം
നിത്യതാതനാം വീരനാം ദൈവം
ഉന്നത ദേവൻ നീതിതൻ സൂര്യൻ
രാജാധി രാജനാം മിശിഹാ
ഹാല്ലേല്ലൂയ (4)

കോടാകോടിതൻ ദൂതസൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻ പ്രിയസുതരെ തന്നോടു ചേർക്കാൻ
വേഗം വരുന്നേശു മിശിഹാ
ഹാല്ലേല്ലൂയ (4)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

207

പതിനായിരം പാട്ടുകളാലേ
പരമോന്നതനെ വാഴ്ത്തിടാം
പരം പൊരുളേ പരിപാലകനേ
പരിശുദ്ധാത്മനേ വാഴ്ത്താം
പരമ പ്രകാശനേ വാഴ്ത്താം

പാവനനേ പരിപാലകനേ
ജഗദീശനേ ഈശനേ വാഴ്ത്തിടുവിൻ
കരുണാ മയനേ സുഖദായകനേ
പരിപാലകനേ വാഴ്ത്തിടുവിൻ

പതിനായിരം പാട്ടുകളാലേ
പരമോന്നതനെ വാഴ്ത്തിടാം

മാററണമേ എൻ വ്യാധികളെല്ലാം
നീക്കണമേ എൻ ആധികളെല്ലാം
നൽകണമേ നിൻ ആത്മജനേ
നന്മനിറഞ്ഞൊരു നാളുകളേ

പാവനനേ പരിപാലകനേ
ജഗദീശനേ ഈശനേ വാഴ്ത്തിടുവിൻ
കരുണാ മയനേ സുഖദായകനേ
പരിപാലകനേ വാഴ്ത്തിടുവിൻ

പതിനായിരം പാട്ടുകളാലേ
പരമോന്നതനെ വാഴ്ത്തിടാം

ഈശ്വരനേ ജഗദീശ്വരനേ
ക്രൂശിതനേ പരിപാലകനേ
മാററണമേ എൻ ആകുലമെല്ലാം
അഖലേശ്വരനേ ആത്മജനേ

പാവനനേ പരിപാലകനേ
ജഗദീശനേ ഈശനേ വാഴ്ത്തിടുവിൻ
കരുണാ മയനേ സുഖദായകനേ
പരിപാലകനേ വാഴ്ത്തിടുവിൻ

പതിനായിരം പാട്ടുകളാലേ
പരമോന്നതനെ വാഴ്ത്തിടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

208

പാടാം ഹല്ലേലൂയ സ്തുതിഗീതങ്ങൾ
ഇസ്രയേലിൻ പരിശുദ്ധന്
ആരാധനാസ്തുതി സ്തോത്രങ്ങൾ
ഇമ്മാനുവേലാം പരിശുദ്ധന് (2)

ഭയപ്പെടേ ാ ഭയപ്പെടേ ാ
ഇസ്രായേലേ ഭയപ്പെടേ
നീയെനിക്കെന്നും പ്രിയങ്കരനല്ലേ

ബഹുമാന്യനും അമൂല്യനുമേ
ഉള്ളംകൈയിൽ കൺമണിപോൽ
നിന്നെക്കാക്കും കർത്താവു ഞാനല്ലയോ

ആഴിയിൻ ആഴത്തിൽ വീണുപോയാലും
നിനക്കൊരാപത്തും വരികയില്ല
അഗ്നികുണ്ഡത്തിൽ വീണുപോയാലും
ജ്വാല നിന്നെ വിഴുങ്ങുകില്ല (2)
ഇസ്രയേലിൻ രക്ഷകനും നാഥനും
കർത്താവുമായി ഞാൻ കൂടെയു
(ഭയപ്പെടേ ാ ഭയപ്പെടേ ാ)

മാറാരോഗത്തിൻ പിടിയിലമർന്നാലും
എൻകരം നിന്നെ താങ്ങുമല്ലോ
മരണനിഴൽവീണ താഴ്വരയിൽ
ആത്മാവും കൃപയും ഞാനേകുമല്ലോ
ഇസ്രയേലിൻ രക്ഷകനും നാഥനും
കർത്താവുമായി ഞാൻ കൂടെയു

പാടാം ഹല്ലേലൂയ സ്തുതിഗീതങ്ങൾ
ഇസ്രയേലിൻ പരിശുദ്ധന്
ആരാധനാസ്തുതി സ്തോത്രങ്ങൾ
ഇമ്മാനുവേലാം പരിശുദ്ധന് (2)

ഭയപ്പെടേ ാ ഭയപ്പെടേ ാ
ഇസ്രായേലേ ഭയപ്പെടേ
നീയെനിക്കെന്നും പ്രിയങ്കരനല്ലേ
ബഹുമാന്യനും അമൂല്യനുമേ
ഉള്ളംകൈയിൽ കൺമണിപോൽ
നിന്നെക്കാക്കും കർത്താവു ഞാനല്ലയോ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

209

പാടി വാഴ്ത്തുന്നെല്ലാരും പ്രിയനേ നിൻ
സ്നേഹം ഓർക്കുന്നെല്ലാരും (2)
ആത്മാവിൻ അലരിയിൽ അപദാനമാകും
നവകിന്നരം തൂക്കി ഞങ്ങൾ പാടും

ലോകമാകും ബാബിലോണിൻ
മിഴിനീരിൻ പുഴയോരം തന്നിൽ സ്തുതി പാടുന്നു.
(പാടി വാഴ്ത്തുന്നെല്ലാരും

പൂർവ്വിക യൗസേപ്പ് പൊട്ടക്കിണറിൽ
പൊട്ടിക്കരഞ്ഞോരു വേദനയിൽ (2)
നിൻ കരം നീട്ടി പൊൻ കരം നീട്ടി
സകലതും നന്മയായ് മാററിയല്ലോ
ആ കരമിന്നും ആലംബഹീനരാം
ഞങ്ങളെ താങ്ങി നടത്തിടുന്നു
(പാടി വാഴ്ത്തുന്നെല്ലാരും
തോബിയാസിന്ന് സാറയെ നൽകി
റപ്പായിൽ ദൂതനെ തോഴനാക്കി (2)
കേവലബാലൻ സാമുവേലിന്നെ
വലിയവനാക്കി നിൻ ആലയത്തിൽ
ആ കരമിന്നും ആലംബഹീനരാം
ഞങ്ങളെ താങ്ങി നടത്തിടുന്നു
(പാടി വാഴ്ത്തുന്നെല്ലാരും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

210

പാടിടാം കൊണ്ടാടിടാം
ധീരമായ് മുന്നേറിടാം
ശ്രീയേശു നാമജപമുരുവിടാം
ചേർന്നിടാം ഒന്നായിടാം
ചെന്നിടാമാരാധ്യമാം
പദമലരിൽ വീണു കുമ്പിടാം
നിൻ– സ്നേഹം മതി ഞങ്ങൾക്കു
നിൻ– കരുണയും മതി

വേണ്ട വേണ്ട മന്നിലൊരു രാജ്യവും
മിന്നിമറയും ലോകസുഖങ്ങളും
മിഥ്യതൻ മരുപ്പച്ച തേടിയിനി
അലയുകയില്ലിവർ നിശ്ചയം
നിൻ– രാജ്യം മതി ഞങ്ങൾക്കു

നിഠ– ഭരണവും മതി

വേണ്ട വേണ്ട ഞാനെന്ന ഭാവവും
എഠ– സ്വന്ത ലക്ഷ്യവും മാർഗ്ഗവും
വ്യർത്ഥമാം ലോകതത്വസംഹിതയിൽ
ഇടറുകില്ലിവർ നിശ്ചയം
നിഠ– ജ്ഞാനം മതി ഞങ്ങൾക്കു
നിഠ– വചനവും മതി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

211

പാപബോധവും പശ്ചാത്താപവും
കർത്താവേ എനിക്കേകണേ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേറ്റു ചൊല്ലീടാം

(പാപബോധവും

നീതിമന്യനായ് അന്യരെ താഴ്ത്തി
ദുർവ്വിധികൾ ഞാൻ ചെയ്യില്ല
പാപകാരണം അന്യരാണെന്ന്
ന്യായവാദവും ചെയ്യില്ല

(പാപബോധവും

ആത്മവഞ്ചന ചെയ്തു ഞാനെഠ–
പാപത്തെ പൂഴ്ത്തിവയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്ന്
ചൊല്ലും വിഡ്ഢി ഞാനാകില്ല

(പാപബോധവും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

212

പാട്ടു പാടാം കയ്യടിക്കാം
കഷ്ടതകളേറ്റുചൊല്ലാം ആത്മാവിൽ (2)
സന്തോഷംവന്നിടുമ്പോൾ മിഴിനീരിൽ മുങ്ങിടുമ്പോൾ
താതൻ കൂടെ നിന്നിടും (2)

(പാട്ടു പാടാം

ആയിരം ജീവൻ മന്നിതിൽ പിടയും
നേരത്തും കരുണയോടെ കാക്കും നിന്നെ (2)
തൻ വിശ്വസ്തത നിൻ കവചം
പരിചയുമതുതാൻ
കർത്താവെന്നുടെ കാവൽക്കാരൻ പറയുക നീ (2)
(പാട്ടു പാടാം

മോചകൻ നിത്യം തന്നുടെ കൃപയാൽ
ആപത്തിൻ വഴികളിലും താങ്ങും നിന്നെ (2)
നിൻ സമസ്തവും തൻ കനിവിൻ പ്രതിഫലനവുമായ്
ഈശോ നിന്നുടെ ജീവൽനാഥൻ അറിയുകനീ (2)
(പാട്ടു പാടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

213

പാട്ടു പാടി സ്തുതിക്കാം നമുക്ക്
യേശുവിൻ നാമത്തിന്
ഹല്ലേലൂയ പാടി വാഴ്ത്തിടാം എൻ
രക്ഷകൻ നാമത്തിന്

പാടുവിൻ (3) സ്തുതി പാടുവിൻ
പാടുവിൻ (3) സ്തുതി പാടുവിൻ
(പാട്ടു പാടി

എന്നെ പാപത്തിൽ നിന്നവൻ രക്ഷിച്ചു
എ൭– ക്ലേശമെല്ലാം ക്രൂശിൽ വഹിച്ചു(2
ആത്മാവാൽ നിറച്ചെന്നെ സ്വതന്ത്രനാക്കി
സ്തുതിക്കാൻ എനിക്കവൻ കൃപയും നല്കി
(പാട്ടു പാടി

യേശു തൻ കരതാരുകൾ നീട്ടി
നിത്യ സ്നേഹമോടെന്നെ വിളിച്ചു (2)
ആത്മാവാൽ നിറച്ചെന്നെ സ്വതന്ത്രനാക്കി
സ്തുതിക്കാൻ എനിക്കവൻ കൃപയും നല്കി
(പാട്ടു പാടി

ധൂർത്തനാം മനുജരെ വിളിച്ചു

യേശു തൻ തിരുമാറിലണച്ചു (2)
ആത്മാവാൽ നിറച്ചെന്നെ സ്വതന്ത്രനാക്കി
സ്തുതിക്കാൻ എനിക്കവൻ കൃപയും നല്കി
(പാട്ടു പാടി

ശിഷ്യർ തൻ പാദങ്ങൾ കഴുകി
യേശു സ്നേഹത്തിൻ മാതൃക കാട്ടി
ആത്മാവാൽ നിറച്ചെന്നെ സ്വതന്ത്രനാക്കി
സ്തുതിക്കാൻ എനിക്കവൻ കൃപയും നല്കി
(പാട്ടു പാടി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

214

പാവൻ പാവൻ പാവൻ ഈശ്വർ (2)
സ്വർഗ്ഗമഹിമാ ദിഖാതാ തേരി (2)
സ്തുതി തവ് ഗാത്തി പൃഥ്വി സാരി (2)
ജയ ജയ ജയ പ്രഭു ജയഹോ തേരി (4)

TOP^

215

പാവനം പാവനം യേശു നാമം പാവനം
പാവനമതി പാവനം യേശുനാമം പാവനം
മോഹനം മോഹനം യേശുദർശനം സദാ
മോഹനമതി മോഹനം യേശുദർശനം സദാ
(പാവനം

മാധുര്യമതി മാധുര്യം യേശുവചനം മാധുര്യം (2)
സുന്ദരമതി സുന്ദരം യേശുരൂപം സുന്ദരം (4)
അന്ധത മാററിയ നാമം മന:ക്കണ്ണു തുറപ്പിച്ച നാമം
ഉദ്ദിതനേശുവിൻ നാമം ഉന്നതിയേകുന്ന നാമം
പാവനം പാവനം യേശു നാമം പാവനം
പാവനമതി പാവനം യേശുനാമം പാവനം

ശീതളമതി ശീതളം യേശു സ്നേഹം ശീതളം (2)
ശോഭിതമതി ശോഭിതം യേശുമാർഗ്ഗം ശോഭിതം (4)
എന്റെ വീടു സ്വർഗ്ഗമാക്കും നാമമേ
എന്റെ നാടു നല്ലതാക്കും ദീപമേ

സ്നേഹമേ രാജരാജനേശുവേ
വാഴ്ത്തിടാം ആയിരം പദങ്ങളാൽ
പാവനം പാവനം യേശു നാമം പാവനം
പാവനമതി പാവനം യേശുനാമം പാവനം

സർവ്വദാ സാന്ത്വനം യേശുഹൃദയം സാന്ത്വനം (2)
സാദരമിനി സാദരം സ്തുതികൾ പാടി വാഴ്ത്തിടാം (4)
അന്ധത മാററിയ നാമം മന:ക്കണ്ണു തുറപ്പിച്ച നാമം
ഉദ്ദിതനേശുവിൻ നാമം ഉന്നതിയേകുന്ന നാമം

(പാവനം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

216

പാവനനാം ആട്ടിടയാ
പാതകാട്ടുക നാഥാ
പാവങ്ങൾ ഞങ്ങൾ ആശ്വസിക്കട്ടെ
ദേവാ നിൻ തിരുസന്നിധിയിൽ

(പാവനാം ആട്ടിടയാ. . .

ഇന്നുമുന്നിലിരിക്കുമീയന്നം
നിൻെറ സമ്മാനമല്ലയോ (2)
ഇന്നു ഞങ്ങൾതൻ പാനപാത്രത്തിൽ
നിൻെറ കാരുണ്യജീവനും (2)

(പാവനാം ആട്ടിടയാ. . .

താവകദയ നിൻെറ ശീതള
താഴ്‌വരകളിലെന്നുമേ (2)
യഹോവ ഞങ്ങളെ നീ കിടത്തുന്നു
പ്രാണനിൽ കുളിരേകുന്നു (2)

(പാവനാം ആട്ടിടയാ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

217

പുതിയൊരാത്മാവും പുതിയ ചിന്തയും
ഹൃദയത്തിലേറ്റിപ്പോകാം
ക്രിസ്തുവിൽ നവജാത ശിശുവായ്
പുതിയൊരു പാതയിൽ സഞ്ചരിക്കാം

(പുതിയൊരാത്മാവും

വ്യാജം വെടിഞ്ഞ് സത്യം പുണർന്ന്
ആത്മാവിൽ നിറഞ്ഞവരാകാം
വിശ്വാസമോടെ ആനന്ദമോടെ
യേശുവിൻ പരിമളം നുകരാം (2)
യേശുവിൻ പരിമളം നുകരാം

(പുതിയൊരാത്മാവും

സ്നേഹം പകർന്ന് ധർമ്മം പുണർന്ന്
പുതിയൊരു ശൈലി സ്വീകരിക്കാം
പ്രത്യാശയോടെ പ്രതീക്ഷയോടെ
ക്രിസ്തുവിൻ സാക്ഷികളാകാം
സ്നേഹം പകർന്ന് ധർമ്മം പുണർന്ന്
പുതിയൊരു ശൈലി സ്വീകരിക്കാം
വിവേകമോടെ കാരുണ്യത്തോടെ
ക്രിസ്തുവിൻ സാക്ഷികളാകാം
ക്രിസ്തുവിൻ സാക്ഷികളാകാം

(പുതിയൊരാത്മാവും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

218

പൂർണ്ണമനസ്സോടും പൂർണ്ണഹൃദയമോടും
പൂർണ്ണാത്മാവോടും
ദൈവമേ നിന്നെ ഞാൻ സ്നേഹിക്കുന്നു (2)
പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ
എന്നുമെന്നും നിനക്കാരാധന (2)
ഈലോകമോഹങ്ങളേക്കാൾ
ഈലോക വിജ്ഞാനത്തേക്കാൾ
എല്ലാററിലും ഉപരിയായി
ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു (2)
പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ
എന്നുമെന്നും നിനക്കാരാധന (2)
ഈ ലോകസമ്പത്തിനേക്കാൾ
ഈ ലോക ബന്ധങ്ങളേക്കാൾ
എല്ലാററിലും ഉപരിയായി

ആത്മനേ നിന്നെ ഞാൻ സ്നേഹിക്കുന്നു (2)
പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ
എന്നുമെന്നും നിനക്കാരാധന (2)
(പൂർണ്ണമനസ്സോടും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

219

പൂത്തപുഞ്ചപ്പാടം പൂത്തുലയണ നേരം
ഞങ്ങളോർക്കണുനാഥാ
നന്ദിയോടെ നിന്നെ (2)
കാലവർഷക്കാറ്റിൽ കാടുലയണ നേരം
ഞങ്ങളോർക്കണുനാഥാ
നന്ദിയോടെ നിന്നെ (2)
പാടീടാം പാടീടാം ഹല്ലേലൂയ പാടീടാം(3)
കാട്ടരുവിക്കരയിൽ കലമാനണയണനേരം
മാനണയണനേരം
കാട്ടുപൊന്തക്കൂട്ടിൽ നല്ല കിളികരയണനേരം
കിളികരയണനേരം
ഞങ്ങളോർക്കണുനാഥാ
നന്ദിയോടെ നിന്നെ (2)
കടലുചാകരക്കൊയ്ത്തിൻ കനിവുനൽകണനേരം
കാട്ടുമുല്ലപ്പൂക്കൾ മണമുതിരണനേരം
ഞങ്ങളോർക്കണുനാഥാ
നന്ദിയോടെ നിന്നെ (2)
(പൂത്തപുഞ്ചപാടം

കർക്കിടരാവിൽ കോള് കൊള്ളണനേരം
കോള് കൊള്ളണനേരം
കൈതപ്പൂങ്കൂട്ടം പുഞ്ചിരിക്കണനേരം
പുഞ്ചിരിക്കണനേരം
ഞങ്ങളോർക്കണുനാഥാ
നന്ദിയോടെ നിന്നെ (2)
കാട്ടുമുയലിൻ കൂട്ടം കറുകതിന്നണനേരം
കുഞ്ഞിളംപ്പൂങ്കവിളിൽ അമ്മ മുത്തണനേരം
ഞങ്ങളോർക്കണുനാഥാ

നന്ദിയോടെ നിന്നെ (2)

(പൂത്തപുഞ്ചപാടം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

220

പ്രഭാതത്തിലെന്നെ സമർപ്പിച്ചു നാഥാ
വാഴ്ത്തുന്നു ഞാനും ദിവ്യാപദാനം (2)
ഇതാ ഇന്നു നിന്റെ ദയാധിക്യമല്ലോ
ഉണർത്തുന്നതെന്നെ അനുഗ്രഹിച്ചാലും
ഉണർത്തുന്നതെന്നെ അനുഗ്രഹിച്ചാലും

(പ്രഭാതത്തിലെന്നെ

പിതാവിന്റെ മുമ്പിൽ പ്രസാദിച്ച പുത്രാ
ജീവന്റെ നാഥാ എഴുന്നള്ളിയാലും (2)
സദാ എന്റെയുള്ളിൽ പ്രകാശിച്ചു വാഴൂ
വിളങ്ങട്ടെ ഞാനും നിൻ ജ്വാലയായി
വിളങ്ങട്ടെ ഞാനും നിൻ ജ്വാലയായി

(പ്രഭാതത്തിലെന്നെ

പ്രഭോ നന്ദിയോടെ പ്രകീർത്തിച്ചിടുന്നേ
നീയാണു നാഥൻ ഞാൻ നിന്റെ സ്വന്തം
സദാ നിന്റെ സത്യം പ്രഘോഷിച്ചു പാടാൻ
ഇറങ്ങട്ടെ ഞാനും നീ നയിച്ചാലും
ഇറങ്ങട്ടെ ഞാനും നീ നയിച്ചാലും

(പ്രഭാതത്തിലെന്നെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

221

ആ ആ ആ ആ.......
പ്രപഞ്ചസ്രഷ്ടാവിൻ നാമം
അത്യുന്നതം മഹോന്നതം
സൃഷ്ടി ജാലവൃന്ദങ്ങളേ പാടൂ
കർത്താവിൻ സങ്കീർത്തനം ഓ. . .
കർത്താവിൻ സങ്കീർത്തനം

ആകാശത്തിൻ കീഴിൽ ഏകരാജനായ്
മന്നിടത്തിൽ രക്ഷകനാം യേശു നീ
എല്ലാ നാവും നിൻെറ നാമം കീർത്തിയ്ക്കും

അങ്ങുമാത്രം സർവേശ്വരൻ (2)

ആ ആ ആ ആ.......

മോക്ഷത്തിൻെറ വീഥിയിൽ നീങ്ങിടുവിൻ
മോഹത്തിൻെറ പാത വെടിഞ്ഞിടുവിൻ
മാനസാന്തരപ്പെടുവിനെല്ലാവരും
സ്വർലോകരാജ്യം സമാഗതമായ്
സത്യദൈവപുത്രനാകുമേശുവിനെ
സത്യമായി വിശ്വസിച്ചിന്നാരാധിയ്ക്കാം(2)

(ആകാശത്തിൻ

ആ ആ ആ ആ.......

ലോകത്തിൻെറ തിൻമ കണ്ട് ഭയന്നിടല്ലേ
കാലത്തിൻെറ മാറ്റം കണ്ട് പതറിടല്ലേ
ശക്തനായ ദൈവത്തിെ- തൃക്കൈകളിൽ
രക്ഷയേകും ശക്തിയുണ്ടെന്നോർത്തിടുവിൻ
നിത്യജീവനേകി നമ്മെത്താങ്ങിടുവാൻ

മർത്യനായി ദൈവത്തിെ- കുഞ്ഞാടവൻ

(പ്രപഞ്ചസ്രഷ്ടാവിൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

222

പ്രാർത്ഥനാ ഗാനം പാടി പദതാരിൽനിന്ന് കൈകൾ
കൂപ്പിടുന്നിതാ നാമം വാഴ്ത്തിടുന്നിതാ (2)
വാനിൽ മഴവിൽപോലെ ഉള്ളിൽ തെളിയേണം
നീ പ്രീതനായി ഞങ്ങളെ നിൻ സ്വന്തമാക്കണമേ
ദേവനാദമാക്കണേ

പാവനാത്മനേ തിരുദാനമേകണേ,
പാതയിൽ സദാ പ്രകാശമാകണേ(2)
ആത്മീയജ്ഞാനമേ അലിവോടെ അണയണേ,
ആത്മാവിന്നുള്ളിൽ നീ വാസമാകണേ (2)

(പ്രാർത്ഥനാ ഗാനം പാടി പദതാരിൽനിന്ന് കൈകൾ)

ശ്രേഷ്ഠസ്നേഹിതർ എൻ തോഴരാകണേ,
ആത്മനിഷ്ഠയെൻ ശീലമാക്കണേ (2)
സഹയാത്രികർക്ക് ഞാൻ സ്നേഹം പകർന്നിടും
പാവനദീപമായ് മാറീടണമേ (2)

പ്രാർത്ഥനാ ഗാനം പാടി പദതാരിൽനിന്ന് കൈകൾ
കൂപ്പിടുന്നിതാ നാമം വാഴ്ത്തിടുന്നിതാ (2)
വാനിൽ മഴവിൽപോലെ ഉള്ളിൽ തെളിയേണം
നീ പ്രീതനായി ഞങ്ങളെ നിൻ സ്വന്തമാക്കണമേ
ദേവനാദമാക്കണേ

(പ്രാർത്ഥനാ ഗാനം പാടി പദതാരിൽനിന്ന് കൈകൾ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

223

പ്രാർത്ഥിച്ചാൽ പ്രവർത്തിക്കും ദൈവമു ˘
മുട്ടിയാൽ തുറക്കുന്ന വാതിലു ˘
ചോദിച്ചാൽ നൽകിടുന്ന ദൈവമു ˘
യാചിച്ചാൽ നൽകിടുന്ന താതനു ˘ (2)

കണ്ണുനീർ തുടയ്ക്കുന്ന യേശുവു ˘
കഷ്ടത നീക്കിടുന്ന ദൈവമു ˘
ഭാരങ്ങൾ മാററിടുന്ന താതനു ˘
രോഗങ്ങൾ നീക്കിടുന്ന ദൈവമു ˘ (2)

(പ്രാർത്ഥിച്ചാൽ പ്രവർത്തിക്കും

മാനിച്ചാൽ മാനിക്കുന്ന ദൈവമു ˘
സേവിച്ചാൽ ഉയർത്തുന്ന ദൈവമു ˘
ഖേദിച്ചാൽ കൂടെയുള്ള നാഥനു ˘
ദു:ഖിച്ചാൽ ആശ്വാസത്തിൽ യേശുവു ˘ (2)

(പ്രാർത്ഥിച്ചാൽ പ്രവർത്തിക്കും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

224

പിതാവേ അനന്ത നൻമയാകും പരമോന്നതാ
ഹൃദയം തുറന്നു സ്നേഹമേകും കരുണാമയാ

കൃപയോലും ഏകനാമം പരിപൂജ്യമായിടേണം
തിരുവിഷ്ടമെന്നുമിവിടെ
പ്രിയമാകണം. .. നിറവേറണം.
(പിതാവേ അനന്തനൻമയാകും
ഗുരുനാഥനായി നീ കൂടെയുണ്ടാവുകിൽ
ചെയ്യുന്നതാകെയും ഫലമായിടും
ഭരമേറ്റ കാര്യമേതും ആശ്വാസദായകൻ
മിഴിവോടെ പൂർത്തിയാക്കുവാനും കഴിവേകിടും
(പിതാവേ അനന്തനൻമയാകും
അനുസ്യൂതമാരിലും നീ വന്നുവാഴുകിൽ
ബലഹീന ജീവിതം ജയമാർന്നിടും
ഭയമേതുമേശിടാതെ ഏതേതുക്ലേശവും
അവനായി ഏറ്റുവാങ്ങിടാനും കരുത്തേകിടും
(പിതാവേ അനന്തനൻമയാകും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

225

പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹമേ
ക്രൂശിതനായവനേ നീയെന്നാശ്രയം
എല്ലാരുമെന്നെ പിരിഞ്ഞപ്പോൾ
ആലംബമില്ലാതലഞ്ഞപ്പോൾ
ഒറ്റക്കിരുന്നു കരഞ്ഞപ്പോൾ നീയെൻെറ
ആശ്വാസധാരയായ് വന്നു. (2)
(പെറ്റമ്മ.....

ആ ആ ആ ആ......
എൻ പ്രിയരെല്ലാരുമെന്നെ വെറുത്തു
ആഴമേറും മുറിവുകളെന്നിൽ നൽകി
ഞാൻ. . .ചെയ്യാത്തകുറ്റങ്ങൾ ചുമത്തി
എൻ മനസ്സിൽ ഒരുപാടു വേദനയേകി
നൊമ്പരത്താലെൻെറ ഉള്ളം പുകഞ്ഞു
നീറും നിരാശയിൽ തേങ്ങി
അപ്പോൾ നീയെൻെറ കാതിൽപറഞ്ഞു
നിന്നെ ഞാൻ കൈവെടിയില്ല.

(പെറ്റമ്മ.....

നിൻ . . . വചനങ്ങളെത്രയോ സത്യം
ഈ ലോകത്തിൻ മായാവിലാസങ്ങൾ വ്യർത്ഥം
ഞാൻ നിന്നോടു ചേരട്ടെ നാഥാ. . . .
നീയാണല്ലോ എന്നെ മറക്കാത്തസ്നേഹം

തോരാത്ത കണ്ണീരുമായ്ക്കും യേശുവിൻ
കുരിശോടു ചേർന്നു ഞാൻ നിന്നു
അപ്പോൾ അവനെന്നെ വാരിപ്പുണർന്നു
വാൽസല്യ ചുംബനമേകി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

226

പെറ്റമ്മയേക്കാൾ സ്നേഹിക്കും ദൈവമേ
നീയെത്ര കാരുണ്യവാൻ എൻ
പേരും രൂപവും ചൊല്ലി വിളിക്കുന്ന
നീയെന്നും മതിയായവൻ

(പെറ്റമ്മയേക്കാൾ

നിൻ മുഖഛായയിൽ സൂക്ഷ്മമായി
നിൻ കരത്താലെന്നെ മെനെഞ്ഞെടുത്തു
ആത്മാവും ജീവനും നീ പകർന്നും
എന്നെ ജനിപ്പിച്ചു ഈ ധരയിൽ

(പെറ്റമ്മയേക്കാൾ

പാറപോലെന്നുള്ളം കഠിനമായാൽ
മാംസളമായവ മാറ്റുന്നു നീ
കുറ്റങ്ങളെന്തു ഞാൻ ചെയ്തീടിലും
മാപ്പേകി എന്നെ നീ സ്നേഹിക്കുന്നു

(പെറ്റമ്മയേക്കാൾ

എന്തും ഞാൻ ചിന്തിക്കുംമുമ്പ് തന്നെ
എല്ലാമറിഞ്ഞ് നീ ചെയ്തിടുന്നു
ആദിയും അന്തവും അറിയുന്ന നീ
ശാശ്വത പാതെ നയിക്കുന്നെന്നെ

(പെറ്റമ്മയേക്കാൾ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

227

പൊന്നേശു തമ്പുരാൻ തന്നീടും സ്നേഹം
കണ്ണീരു മായ്ച്ചിടുന്നു
സന്താപത്തീക്കടൽ വറ്റീടും നേരം
സന്തോഷിച്ചുല്ലസിച്ചു

മേഘത്തേരിൽ തനിക്കൊപ്പം ഇരുത്തിടുന്നു
സ്വർഗ്ഗനാട്ടിലേക്കെന്നെ നയിച്ചിടുന്നു
അമ്മപോലുമതിശയിക്കും
തന്റെ സ്നേഹമനുഭവിക്കും
(പൊന്നേശു തമ്പുരാൻ തന്നീടും സ്നേഹം )
പാരിൽ കാണും സൗഭാഗ്യം നേടാൻ
ഞാനെന്റെ ജീവിതം മാറ്റിവച്ചു
സ്നേഹം തേടി മോഹത്തിൽ താണു
പാപത്തിൻ മാർഗ്ഗത്തിൽ ഞാൻ ചരിച്ചു

എന്നാലുമൊട്ടും കോപിക്കാതെ
സ്നേഹത്തോടെന്നെ വീണ്ടെടുത്തു
രക്ഷാദിനത്തിൽ നാഥനണയും
പേടിക്കാതങ്ങെ നോക്കിടും ഞാൻ
(പൊന്നേശു തമ്പുരാൻ തന്നീടും സ്നേഹം )
വാഴ്ത്തിപ്പാടാം ആനന്ദിച്ചാർക്കാം
ആപത്തിൽ കാക്കുന്ന കാരുണ്യത്തെ
സാക്ഷ്യമേകാൻ നാടെങ്ങും പോകാം
പാപത്തിൽ താഴ്ന്നവർക്കാലംബമായ്

തൻ പാതവിട്ട് ദൂരെപ്പോയോരെ
തേടിക്കാണുമ്പോൾ ഉമ്മവയ്ക്കാം
തന്റേടമേറിത്താഴെപ്പോയോരെ
താണിറങ്ങി ഞാനുയർത്താം
(പൊന്നേശു തമ്പുരാൻ തന്നീടും സ്നേഹം )

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

228

ഭയമേതുമില്ലെന്റെ ദൈവം
എന്നെ പരിപാലിച്ചു വളർത്തും (2)
ആനന്ദത്തെളിനീർ ചോലയിൽ
അനുദിനം വഴി നടത്തും. (2)

നീയല്ലോ നല്ലയിടയൻ വഴികാട്ടും സ്നേഹിതൻ
ഓർശലേം നായകാ നിൻ തിരുനാമം പാവനം (2)

ദു:ഖമില്ലെൻ പ്രിയ ദൈവം
എന്റെ വിങ്ങുന്ന നൊമ്പരം നീക്കും (2)
കണ്ണീരു മായ്ച്ചെന്റെ ഉള്ളിൽ എന്നും
കാരുണ്യ പൂന്തേൻ നിറയ്ക്കും (2)
(നീയല്ലോ നല്ലയിടയൻ

ഇല്ല നിരാശയെൻ ദൈവം എന്നെ
തന്നുള്ളം കൈകളിൽ താങ്ങും (2)
സ്വർഗ്ഗത്തിൻ വാതിൽ തുറക്കും എന്നും
സത്യത്തിലൂടെ നയിക്കും. (2)
(നീയല്ലോ നല്ലയിടയൻ
(ഭയമേതുമില്ലെന്റെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

229

ഭൂവാസികളേ യഹോവയ്ക്കാർപ്പിടുവിൻ(2
സന്തോഷത്തോടെ സ്തുതിപാടുവിൻ
സംഗീതത്തോടെ വന്നു കൂടുവിൻ (2)
അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
അവൻ വല്ലഭനല്ലോ സ്തുതി എന്നുമുള്ളത് (2)
(ഭൂവാസികളേ

യഹോവ തന്നെ ദൈവമെന്നറിവിൻ
അവൻ നമ്മെ മെനഞ്ഞുവല്ലോ (2)
അവൻ നമുക്കുള്ളവൻ നാം അവനുള്ളവർ
അവനെ സ്തുതിച്ചിടുവിൻ (2)
അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
അവൻ വല്ലഭനല്ലോ സ്തുതി എന്നുമുള്ളത് (2)
(ഭൂവാസികളേ

യഹോവ തന്നെ വിശ്വസ്തനെന്നറിവിൻ
അവൻ നമ്മെ വിടുവിച്ചല്ലോ (2)
അവൻ നല്ല ഇടയൻ
തൻ- ആടുകൾ നാം
അവനെ സ്തുതിച്ചിടുവിൻ (2)
അവൻ നല്ലവനല്ലേദയ എന്നുമുള്ളത്
അവൻ വല്ലഭനല്ലോ സ്തുതി എന്നുമുള്ളത് (2)
(ഭൂവാസികളേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

230

ഭൂവാസികളും മാലഖവൃന്ദങ്ങളും
ഒന്നായ് പാടുന്നു ഹാല്ലേലൂയ (2)
സ്വർഗ്ഗീയ സീയോനിൻ ദൈവമേ
എൻ രക്ഷകൻ യേശുവേ
പരിപാലകൻ ആത്മനേ ഹാല്ലേലൂയ
(ഭൂവാസികളും

വാനിടവും ഭൂതലവും വാഴ്ത്തുന്നു രക്ഷകനേ
അരുവികളും പറവകളും പാടുന്നു സ്തുതിഗീതം
സൃഷ്ടികളിന്നൊരു മനമോടെ
വാഴ്ത്തുന്നു നിൻ തിരുനാമം
പരിപാലകനായ താതാ നീ കേൾക്കണേ

സ്വർഗ്ഗീയ സീയോനിൻ ദൈവമേ
എൻ രക്ഷകൻ യേശുവേ
പരിപാലകൻ ആത്മനേ ഹാല്ലേലൂയ

മലനിരയും കുളിരലയും വാഴ്ത്തുന്നു പാലകനേ
തരുനിരയും പറവകളും പാടുന്നു സ്തുതിഗീതം
സകലത്തിൻ അധിപതിയാകും
സകലേശാ നിൻ തിരുമുമ്പിൽ
അപദാനം പാടി ഞങ്ങൾ വാഴ്ത്തിടുന്നു
(സ്വർഗ്ഗീയ സീയോനിൻ ദൈവമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

231

മാറിടാത്ത യേശുനാഥൻ
മാററും നിന്റെ വേദന
പാപത്താലും രോഗത്താലും
തളർന്നിടേ കടന്നു വാ
കടന്നു വാ . . .കടന്നു വാ
യേശു നിന്നെ വിളിക്കുന്നു
കടന്നു വാ . . .കടന്നു വാ
യേശു നിന്നെ വിളിക്കുന്നു

ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നു വാ
തളർന്ന നിന്റെ അന്തരാത്മ
ക്ലേശം നീക്കും കടന്നു വാ
കടന്നു വാ . . .കടന്നു വാ
യേശു നിന്നെ വിളിക്കുന്നു
കടന്നു വാ . . .കടന്നു വാ
യേശു നിന്നെ വിളിക്കുന്നു

ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറന്തള്ളും
പാവനൻ തൻ സ്നേഹത്തോടെ
അരികലു ˘ കടന്നുവാ
കടന്നു വാ . . .കടന്നു വാ
യേശു നിന്നെ വിളിക്കുന്നു
കടന്നു വാ . . .കടന്നു വാ
യേശു നിന്നെ വിളിക്കുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

232

മൽപ്രിയനേ എന്നേശുനായകനേ എപ്പോൾ വരും(2
എൻകണ്ണീർ തുടച്ചീടുവാൻ
അങ്ങയെആശ്ലേഷിപ്പാൻ (2)
എന്നേശുവേ വാനമേഘേ വേഗം വന്നീടേണേ (2)

മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ്

വന്നീടുമ്പോൾ (2)
എനിക്കായ് മുറിവേററതാം
ആ പൊന്മുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ പോൽ
വാഞ്ച്ചിക്കുന്നേൻ (2)

വെള്ളവസ്ത്രം ധരിച്ചുയർത്ത വിശുദ്ധ സംഘമതിൽ (2)
ചേർന്നു നിൻ സവിധേ വന്നു
ഹല്ലേലൂയാ പാടുവാൻ
ബുദ്ധയുള്ള നിർമ്മലകന്യക പോൽ ഒരുങ്ങുന്നേ.

സൂര്യചന്ദ്ര താരങ്ങളെക്കടന്നു
സ്വർഗ്ഗനാട്ടിൽ (2)
ആ പളുങ്കു നദി തീരേ
ജീവവൃക്ഷത്തിൻ തണലിൽ
എൻ സ്വർഗ്ഗവീട്ടിൽ എത്തുവാൻ കൊതിച്ചീടുന്നേ
എൻ മണാളാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

233

മനമേ യേശുവിൻ പാദുകമാകൂ
ദിനവും ഈശ്വരസാധനയിൽ
ജനനം പാവനമാക്കിടും നീയും
ധ്യാനമാകും ജീവിതത്തിൻ നിർഝരിയിൽ
(മനമേ യേശുവിൻ

പ്രാർത്ഥനമാത്രം ജല്പനമാക്കിയ
നാവാൽ നിത്യം നീ മൊഴിയും
പ്രഭോ എന്നിൽ കനിയണമേ
പ്രഭോ എന്റെ ഹൃദയത്തിൽ വാഴേണമേ
പ്രഭോ എന്റെ ദു:ഖങ്ങൾ നീക്കേണമേ
(മനമേ യേശുവിൻ

യേശുവിൻ സ്നേഹം ദർശനമാക്കിയ
ജീവൻ എന്നും പൂത്തുനിൽക്കും
പ്രഭോ എന്നിൽ കനിയണമേ
പ്രഭോ നിന്റെ സ്നേഹം ചൊരിയണമേ

പ്രഭോ എന്റെ ദു:ഖങ്ങൾ നീക്കേണമേ

(മനമേ യേശുവിൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

234

മനസ്സിൽ നിറയും മലിനതയെല്ലാം
കഴുകി ധന്യരാകാം
    അപരാധങ്ങൾ നീക്കണമേ
    പാപകടങ്ങൾ മായ്ക്കണമേ

ശത്രുതയെല്ലാം നീക്കി നിതാന്തം
ഹൃദയം ദീപ്തമാക്കാം
    അപരാധങ്ങൾ നീക്കണമേ
    പാപകടങ്ങൾ മായ്ക്കണമേ

ഹൃദയമൊരുക്കാം നാഥനു നിത്യം
നിറയാം ആത്മാവാൽ
    അപരാധങ്ങൾ നീക്കണമേ
    പാപകടങ്ങൾ മായ്ക്കണമേ

ഏകമനസ്സായ് ദിവ്യരഹസ്യം
നിതരാമുൾക്കൊള്ളാം
    അപരാധങ്ങൾ നീക്കണമേ
    പാപകടങ്ങൾ മായ്ക്കണമേ

ആത്മാവിൻ പരിരക്ഷണമതിനി
നിണവും തിരുമെയ്യും
    അപരാധങ്ങൾ നീക്കണമേ
    പാപകടങ്ങൾ മായ്ക്കണമേ

ഉത്ഥാനത്തിനുമതുപോൽ ജീവനും
കാരണമായിടുവാൻ
    അപരാധങ്ങൾ നീക്കണമേ
    പാപകടങ്ങൾ മായ്ക്കണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

235

മനസ്സാകുമോനാഥാ സുഖമാക്കുവാൻ
ഒരുവാക്കുകൽപിച്ചാൽ മതിയാകുമല്ലോ
നീയതെ– ഭവനത്തിൽ വരുവാനെനിക്കില്ല
യോഗ്യത തെല്ലും നാഥാ
ഒരുവാക്കുകൽപിച്ചാൽ മതിയാകൂമല്ലോ
ആപാദചൂഢംഞാൻ സുഖമാകുവാൻ

(മനസ്സാകുമോനാഥാ

അനാഥരല്ല ബലഹീനരല്ല
നീ കൂടെയുള്ളപ്പോൾ ഞങ്ങൾ
വിശ്വാസത്തിൻ ഫലമുളവാകാൻ
കൃപചൊരിയേണമേ നാഥാ (2)

(മനസ്സാകുമോനാഥാ

സദാ വിളിപ്പൂ കൈനീട്ടിനിൽപ്പൂ
നീ വരവേകണേ നാഥാ
ആശ്വാസത്തിൻ കുളിരറിയാനായ്
കൃപചൊരിയേണമേ നാഥാ (2)

(മനസ്സാകുമോനാഥാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 236

മനുഷ്യാ, നീ മണ്ണാകുന്നു
മണ്ണിലേയ്ക്കു മടങ്ങും നൂനം
അനുതാപക്കണ്ണുനീർ വീഴ്ത്തി, പാപപ്പരിഹാരം
ചെയ്തുകൊൾക നീ.

ഫലം നൽകാതുയർന്നു നിൽക്കും,
വൃക്ഷനിരയെല്ലാമരിഞ്ഞു വീഴ്ത്തും
എരിതീയിലെരിഞ്ഞു വീഴും, നീറി
നിറം മാറിച്ചാമ്പലായ്ത്തീരും

(മനുഷ്യാ, നീ മണ്ണാകുന്നു)

ദൈവപുത്രൻ വരുന്നൂഴിയിൽ, ധാന്യക്കളമെല്ലാം
ശുചിയാക്കുവാൻ
നെൻമണികൾ സംഭരിക്കുന്നു, കെട്ട
പതിരെല്ലാം ചുട്ടെരിക്കുന്നു

(മനുഷ്യാ, നീ മണ്ണാകുന്നു)

ആയിരങ്ങൾ വീണുതാഴുന്നു, മർത്യ
മാനസങ്ങൾ വെന്തുനീറുന്നു
നിത്യജീവൻ നൽകിടും നീർച്ചാൽ,
വിട്ടു മരുഭൂവിൽ ജലം തേടുന്നു
(മനുഷ്യാ, നീ മണ്ണാകുന്നു)

സ്വർഗ്ഗരാജ്യമാർഗ്ഗമങ്ങോളം, കൂർത്ത
മുള്ളുമുററിയിരു   ു നില്പൂ
തീനഗരം തീർത്ത മാർഗ്ഗങ്ങൾ വീതി
നിറഞ്ഞു പൂ ചൊരിഞ്ഞു നില്പൂ
(മനുഷ്യാ, നീ മണ്ണാകുന്നു)

ശിലോഹായിൽ ഗോപുരം വീണു,
കൂടെ - നരരേറെ മരിച്ചു വീണു
തപംചെയ്തു വരം നേടായ്കിൽ - നിങ്ങൾ
അതുപോലെ തകർന്നു പോകും.
(മനുഷ്യാ, നീ മണ്ണാകുന്നു)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 237

മൃദുവായ് നീ തൊടുകിൽ
എന്നാത്മം സൗഖ്യം നേടും
ഹൃദയം ഇനിയെന്നും
നിൻ വാസഗേഹമാകും
കൺമുന്നിൽ നീ ഇല്ലെങ്കിലും
വിശ്വാസത്താലെ കാണുന്നു ഞാൻ
(മൃദുവായ്

ആത്മനാശഭീതിയാൽ
നിരാശയിൽ ഞാൻ താഴുമ്പോൾ (2)
അഭയം നീയേകി
മുറിവിൽ നീ തഴുകി
എൻ മോക്ഷം നീയല്ലോ
(മൃദുവായ്

സാദ്ധ്യമല്ലെന്നോർത്തതാം
മഹാത്ഭുതങ്ങൾ നീ ചെയ്തു (2)
ജന്മം നിൻ പാദേ
സ്തുതിയായ് ഞാനേകാം
നിൻ സാക്ഷിയാകും ഞാൻ

(മൃദുവായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

238

മുന്തിരിച്ചെടിതൻ ശാഖയാം ഞാൻ
നിന്നിൽചേർന്നു നിൽക്കുമ്പോൾ
ഏറെ ഫലങ്ങൾ കായ്ക്കുമല്ലോ എൻ
പിതാവിനാനന്ദമേറുമല്ലോ

ആത്മാവിൻ ഫലങ്ങൾ എന്നിൽ ചൊരിഞ്ഞ്
ദൈവസ്വരൂപനാക്കണമേ
എന്നെ സ്നേഹസ്വരൂപനാക്കണമേ

സ്നേഹം, ശാന്തി, ആനന്ദത്താൽ,
ക്ഷമയാൽ, ദയയാൽ, നന്മയാൽ
എൻ ഹൃദയം നിറയ്ക്കേണമേ (2)

(മുന്തിരിച്ചെടിതൻ ശാഖയാം ഞാൻ)

വിശ്വസ്തതയും സൗമ്യതയും
ആത്മസംയമനവും ഏകിയെന്നിൽ
പുതുചൈതന്യം ചൊരിയേണമേ
ആത്മാവിൻ ഫലങ്ങൾ എന്നിൽ ചൊരിഞ്ഞ്
ദൈവസ്വരൂപനാക്കണമേ
എന്നെ സ്നേഹസ്വരൂപനാക്കണമേ

(മുന്തിരിച്ചെടിതൻ ശാഖയാം ഞാൻ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

239

യഹോവായിരേ (4)
യഹോവായിരേ യിരേ യിരേ (2)
തൻമക്കൾക്കായ് ദൈവം കരുതുന്നുതമായ്
ആകുലമോ ഇനിയും യഹോവായിരേ
യഹോവായിരേ യിരേ യിരേ (2)

എൻഹൃദയേ സമാധാനം യഹോവായിരേ
എൻഭവനേ സർവ്വനന്മകളും യഹോവായിരേ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ

(എൻഹൃദയേ

തൻമകനായ് ജീവിക്കും ഞാൻ
തൻവഴിയേ നടക്കും ഞാൻ
തൻവചനം ഘോഷിക്കും ഞാൻ യഹോവായിരേ
യഹോവായിരേ യിരേ യിരേ (2)
എനിക്കുള്ള ആഹാരം യഹോവായിരേ
പാർപ്പിടവും വസ്ത്രവും യഹോവായിരേ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ

(എനിക്കുള്ള

തൻ രൂപം എൻ വാഴ്‌വിലും
തൻ സ്തുതികൾ എൻ നാവിലും
നിരന്തരമായ് സൂക്ഷിക്കും ഞാൻ യഹോവായിരേ

(യഹോവായിരേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

240

യേശു ക്രിസ്തുവിന്നും ജീവിക്കുന്നു
പര ലോകത്തിൽ ജീവിക്കുന്നു
ഇഹ ലോകത്തേക്കായവൻ വീണ്ടുംവരും
രാജ രാജനായ് വാണിടുവാൻ

ഹാ ഹല്ലേലൂയ ജയം ഹല്ലേലൂയ
യേശു കർത്താവ് ജീവിക്കുന്നു (2)

യേശു ക്രിസ്തുവിന്നും ജീവിക്കുന്നു
തിരുവോസ്തിയിൽ ജീവിക്കുന്നു
സ്വയം ഭോജ്യമായ് നൽകി തൻ
സ്നേഹിതരോടത്ത് നിത്യംവസിച്ചിടുവാൻ

ഹാ ഹല്ലേലൂയ ജയം ഹല്ലേലൂയ
യേശു കർത്താവ് ജീവിക്കുന്നു (2)

യേശു ക്രിസ്തുവിന്നും ജീവിക്കുന്നു

സുവിശേഷത്തിൽ ജീവിക്കുന്നു
ഇരുൾ മൂടും വഴികളിൽ മാനവരാശിക്കു
ദീപം പകർന്നീടുവാൻ

ഹാ ഹല്ലേലൂയ ജയം ഹല്ലേലൂയ
യേശു കർത്താവ് ജീവിക്കുന്നു (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 241

യേശുവെൻ സ്വന്തം ഹല്ലേലൂയ
എന്നുടെ ഭാഗ്യം ചൊല്ലിക്കൂടാ
പഴയതെല്ലാം കഴിഞ്ഞു പോം
ക ാലും സർവ്വം പുതിയതായ്

എനിക്കു പാട്ടും പ്രശംസയും
ദൈവകുഞ്ഞാടും കൽക്കുരിശും (2)

യേശുവെൻ സ്വന്തം ഹല്ലേലൂയ
ഈ സ്നേഹബന്ധം നിൽക്കും സദാ
മരണത്തോളം സ്നേഹിച്ചിതാ
നിത്യതയോളം സ്നേഹിക്കും താൻ

എനിക്കു പാട്ടും പ്രശംസയും
ദൈവകുഞ്ഞാടും കൽക്കുരിശും (2)

യേശുവെൻ സ്വന്തം ഹല്ലേലൂയ
ഞാൻ നിൻ സമ്പാദ്യം എൻ രക്ഷകാ
നീയെൻ കർത്താവും സ്നേഹിതനും
ഭാഗഭാക്കാകും സകലതും

എനിക്കു പാട്ടും പ്രശംസയും
ദൈവകുഞ്ഞാടും കൽക്കുരിശും (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 242

യേശുനല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത് (2)
പെരുവെള്ളത്തിൻ ഇരച്ചിൽ പോലെ
സ്തുതിച്ചീടുക നാം അവമ– നാമം (2)
ഹല്ലേലൂയ (4)
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം ശക്തിയും
ബലവുമെന്നേശുവിന് ആമേൻ മഹത്വവും
ജ്ഞാനവും.......
ഹല്ലേലൂയ (4)

ഞാൻയഹോവക്കായ് കാത്തുകാത്തല്ലോ
അവൻ എങ്കലേക്ക് ചാഞ്ഞുകേട്ടല്ലോ
നാശകരമാം കുഴിയിൽനിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി
ഹല്ലേലൂയ (4)
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം ശക്തിയും
ബലവുമെന്നേശുവിന്

എമ– കർത്താവേ എമ– യഹോവേ
നീയൊഴികെയെനിക്കൊരു ന യുമില്ല
ഭൂമിയിലുള്ള വിശുദ്ധ ാരോ
അവരെനിക്ക് ശ്രേഷ്ഠൻമാർ തന്നെ
ഹല്ലേലൂയ (4)
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം ശക്തിയും
ബലവുമെന്നേശുവിന്

എമ– കാൽകളെ പാറമേൽ നിർത്തി
എൻഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു

എൻ കർത്താവിന് സ്തുതികൾ തന്നെ
ഹല്ലേലൂയ (4)
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം ശക്തിയും
ബലവുമെന്നേശുവിന്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

243

യേശു നീ യേശു നീ
മരണത്തെ ജയിച്ചെഴുന്നേററവൻ (2)
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് (2)

കുഞ്ഞാടെ വാഴ്ത്തുവിൻ
അവൻ ജീവൻ നൽകി വീണ്ടെടുത്തല്ലോ (2)
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് (2)

സ്തുതിയും സ്തോത്രവും
എല്ലാം സ്വീകരിപ്പാൻ യോഗ്യനായോൻ നീ (2)
എല്ലാ മുട്ടും മടങ്ങും എല്ലാ നാവും പാടിടും
യേശു മാത്രം കർത്താവെന്ന് (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

244

യേശുവിളിക്കുന്നു ഇന്നും യേശുവിളിക്കുന്നു
അൻപെഴുമാ പൊൻകരങ്ങൾ
നീട്ടി വിളിക്കുന്നു
(യേശുവിളിക്കുന്നു. . .

ഉള്ളം തകർന്നവരേ വാ
ഉൺമയാം എന്നന്തികേ
ഉള്ളലിഞ്ഞാശ്വാസമേകാൻ
ഉള്ളവൻ ഞാനല്ലയോ
(യേശുവിളിക്കുന്നു. . .

ആകുലമാനസരേ വാ

ആലംബഹീനരേ വാ
ആശ്രയം തന്നരുളാം ഞാൻ
ആമോദമേകിടാം ഞാൻ
(യേശുവിളിക്കുന്നു. . .

കണ്ണീരണിഞ്ഞവരേ വാ
മണ്ണിൻെറ മക്കളേ വാ
കൻമഷമാകവേ നീക്കി
കണ്ണുനീരൊപ്പിടാം ഞാൻ
(യേശുവിളിക്കുന്നു. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

245

യേശു വിളിക്കുന്നു (2)
സ്നേഹമോടെ തൻ കരങ്ങൾ നീട്ടി
യേശു വിളിക്കുന്നു
(യേശു വിളിക്കുന്നു. . .

ആകുല വേളകളിൽ
ആശ്വാസം നൽകീടും താൻ
എന്നറിഞ്ഞു നീയും
യേശുവേ നോക്കിയാൽ
എണ്ണമില്ലാ നൻമ നൽകീടും താൻ
(യശു വിളിക്കുന്നു. . .

കണ്ണീരല്ലാം തുടയ്ക്കും
കൺമണിപോലെ കാക്കും
കാർമേഘംപോലെ കഷ്ടങ്ങൾ വന്നാലും
കനിവോടെ നിന്നെ കാത്തിടും താൻ
(യേശു വിളിക്കുന്നു. . .

മനക്ലേശം നേരിടുമ്പോൾ
ബലം നിനക്കു നൽകും
ആ വെള്ളി വെളിച്ചം രക്ഷയുമാകയാൽ
താമസമന്യേ നീ വന്നീടുക
(യേശു വിളിക്കുന്നു. .

സകലവ്യാധിയേയും
സുഖമാക്കും വല്ലഭൻ താൻ
ആരായിരുന്നാലും ഭേദങ്ങളന്യേ
കൃപയാലെ സ്നേഹം നൽകീടും താൻ
(യേശു വിളിക്കുന്നു. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

246

യേശു യേശു യേശുവേ
യേശു നാമം പാവനം
യേശു നാമം പാടുന്നു
യേശു നാമംവാഴ്ത്തുന്നു
(യേശു യേശു. . .

സർവ്വ ശക്ത നാഥനേ
സർവ്വ രക്ഷദായകാ
സർവ്വ പാപ മോചകാ
അങ്ങേ നാമം വാഴ്ത്തുന്നു
(യേശു യേശു. . .

ലോകത്തിൻ പ്രകാശമേ
കൂരിരുൾ നീക്കണേ
ദിവ്യ ദീപ്തി ചിന്തണേ
ദിവ്യകാന്തി നൽകണേ
(യേശു യേശു. . .

വചനമാർഗ്ഗം കാട്ടണേ
വചന ശക്തി നൽകണേ
ദിവ്യ വചന ശക്തിയാൽ
ദാസർ രക്ഷ നേടട്ടെ
(യേശു യേശു. . .

നിർമ്മലമാം മനസ്സതിൽ
നിന്നെയുൾകൊണ്ടിടാൻ
ഒന്നു തൊട്ടുണർത്തണേ
എൻമനമെൻ നാഥനെ

(യേശു യേശു. . .

മനസ്സിനുള്ളിൽ മൃദുലമാം
ദൈവസ്വരം കേട്ടിടാൻ
മനസ്സലിഞ്ഞു നൽകണേ
കരുണയോടെ നിൻകൃപ

(യേശു യേശു. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

247

യേശുവേ എൻ ദൈവമേ
യേശുവേ എൻ സ്നേഹമേ
യേശുവേ യേശുവേ
യേശുവേ എൻ നാഥനേ

(യേശുവേ എൻ

നിന്നിലൊന്നായി തീർന്നീടുവാൻ
നിൻ– ആത്മാവാൽ നിറയുന്നുഞാൻ
നിൻ– വരദാനമൊഴുകീടുവാൻ
നിൻ– തിരുമുമ്പിലണയുന്നു ഞാൻ

(യേശുവേ എൻ

നിൻ– കുരിശിൻ– വഴിയേ വരാൻ
നിന്നെ അനുഗമിച്ചീടുന്നു ഞാൻ
നിൻ– ഉത്ഥാന മഹിമാവിനാൽ
നിന്നിലാനന്ദിച്ചീടുന്നു ഞാൻ

(യേശുവേ എൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

248

യേശുവേ നീയെനിക്കായ്
ഇത്രയേറെ സ്നേഹമേകാൻ
അടിയനുയോഗ്യതയായ് എന്തുകണ്ടുനീ
സ്നേഹമേ നിൻഹൃദയം ക്ഷമയുടെ സാഗരമോ
ന കൾക്കു നന്ദിയേകാൻ എന്തുചെയ്യും ഞാൻ

(യേശുവേ നീയെനിക്കായ്

മനസ്സുഖമെങ്ങുപോയി എനിക്കില്ല ശാന്തിതെല്ലും
നിമിഷസുഖം നുകരാൻ കരളിനു ദാഹമെന്നും

സഹനങ്ങളേറുംനേരം തിരഞ്ഞില്ല നിന്നെ നാഥാ
പകയുടെ തീക്കനലാൽ മുറിവുകളേറിയെന്നിൽ
ഈശോ പറയുനീ ഞാൻയോഗ്യനോ
(യേശുവേ നീയെനിക്കായ്

നിരന്തരമെൻ കഴിവിൽ അഹങ്കരിച്ചാശ്രയിച്ചു
പലരുടെ സൻമനസ്സാൽ ഉയർന്നതു ഞാൻ മറന്നു
അടച്ചൊരു കോട്ടപോലായ് ഹൃദയത്തിൻവാതിലെന്നും
എളിയവർ വന്നിടുമ്പോൾ തിരക്കിെ– ഭാവമെന്നും
ഈശോ പറയുനീ ഞാൻയോഗ്യനോ
(യേശുവേ നീയെനിക്കായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

249

യേശുവിൽ നാമൊരു നവജനമായ്
യേശുവിനാൽ ദൈവതനയരുമായ്
യേശുവിൽ ദൈവികജനപദമായ്
യേശുവിലൊന്നായ് തവതനുവായ്

ഒന്നായ് നമ്മളൊന്നായ്
ദിവ്യാത്മാവിലൊന്നായ്
രാജപുരോഹിതജനമായ്
പുത്തൻ സൃഷ്ടികളായ്

മൗലികശിലയാണേശു
ആ ശിലയോടൊന്നായ് ചേർന്നു
ദേവാലയമായ് പണിയും
ജീവൽ ശിലകൾ നമ്മൾ
(ഒന്നായ് നമ്മളൊന്നായ്

മുന്തിരിച്ചെടിയാണേശു
ആ ചെടിയിൽ ശാഖകൾ നമ്മൾ
അവനിൽ ചേർന്നുവസിച്ചാൽ
സൽഫലമേന്തും നമ്മൾ
(ഒന്നായ് നമ്മളൊന്നായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

250

യേശുവിൻ മാധുര്യമേറും ഹൃദയമേ
നിൻമുമ്പിലാദരവോടെ നിൽപ്പൂ (2)
ഈ സമൂഹത്തിന്റെ ദൈവവും കർത്താവും
നീയാണെന്നേററു ചൊല്ലുന്നു ഞങ്ങൾ (2)

അങ്ങേയ്ക്കു പ്രീതിദമായവ ചെയ്യുവാൻ
ഞങ്ങളെ നീ തന്നെ അനുഗ്രഹിക്കൂ (2)
അങ്ങേയ്ക്കു വേദന ചേർക്കുന്നതൊന്നുമേ
ചെയ്യാതിരിക്കുവാൻ നീ തുണയ്ക്കൂ (2)

നിൻ സമാധാനവും ശാന്തിയുമെന്നെന്നും
ഈ സമൂഹത്തിൽ ചൊരിഞ്ഞിടേണം (2)
ഞങ്ങളിലാരും നിൻ നേർവഴി വിട്ടെന്നും
പോകുവാൻ നീയിടയാക്കീടല്ലേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

251

യേശുവിൻ രക്തത്താലഭിഷേകം
പരിശുദ്ധ രക്തത്താലഭിഷേകം
സൗഖ്യത്തിൻ രക്തത്താലഭിഷേകം
ജീവന്റെ രക്തത്താലഭിഷേകം

കഴുകണമേ എന്നെ കഴുകണമേ
തിരുരക്തത്താലെന്നെ കഴുകണമേ
എൻ ഹൃദയം  അങ്ങു കഴുകണമേ
എൻ മുറിവുകൾ അങ്ങ് ഉണക്കണമേ
എന്റെ ആത്മം അങ്ങു കഴുകണമേ
എൻ പാപമെല്ലാം മായ്ക്കണമേ
    കഴുകണമേ എന്നെ കഴുകണമേ
    തിരുരക്തത്താലെന്നെ കഴുകണമേ

പരിശുദ്ധി എന്നിലെന്നും നിറഞ്ഞിടുവാൻ
പരിശുദ്ധ രക്തത്താലിന്നു നിറയ്ക്കണമേ
ജീവരക്തത്താൽ നിറയ്ക്കണമേ

ദൈവീക ജീവനിൽ നിറഞ്ഞിടുവാൻ
കഴുകണമേ എന്നെ കഴുകണമേ
തിരുരക്തത്താലെന്നെ കഴുകണമേ

വിടുതലിൻ രക്തം അങ്ങ് ഒഴുക്കണമേ
ശാപത്തിൻ ബന്ധനം അങ്ങ് അഴിയ്ക്കണമേ
യേശുവിൻ രക്തം ഒഴുക്കണമേ
സാത്താൻ കോട്ടകൾ തകർന്നിടട്ടെ
കഴുകണമേ എന്നെ കഴുകണമേ
തിരുരക്തത്താലെന്നെ കഴുകണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

252

യേശുവിനെപ്പോലെയാകണം
എനിക്കേശുവിനെപ്പോലെയാകണം
നാടുനീളെ നന്മചെയ്തു പോയ നാഥനാം
യേശുവിനെപ്പോലെയാകണം

ജനതതിമേൽ അലിവുതോന്നി അപ്പമേകിയോൻ
രോഗികളെ കൈപിടിച്ചു സൗഖ്യമാക്കിയോൻ
പാപികളിൽ കരുണകാട്ടി രക്ഷ നൽകിയോൻ
യേശുനായകൻ, ജീവദായകൻ

നാൽപ്പതുനാൾ ഉപവസിച്ചു തപസ്സുചെയ്തവൻ
അനുദിവും പ്രാർത്ഥനയിൽ നിരതനായവൻ
അഗതികൾക്ക് കരുണയോടെ അപ്പമേകിയോൻ
യേശുനായകൻ, ജീവദായകൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

253

രക്ഷകനേശുവേ എന്നിൽ വന്നീടണേ
എൻ മനസ്സിലെ ഭാരങ്ങൾ ദു:ഖങ്ങൾ
നീയകറ്റീടണേ
ആദികാലം മുതൽ ഊറി നിന്നീടുന്ന
ഭീതി, ഉത്കണ്഼ഠ, തി , നിരാശകൾ
ആശയാക്കീടണേ

(രക്ഷകനേശുവേ

കോപ നീരസങ്ങൾ ദ്വേഷ്യ വൈരാഗ്യങ്ങൾ
സർവ്വവുമെഎ- ഹൃത്തിൽ നിന്നൂറ്റി നീ
സ്നേഹം നിറയ്ക്കണേ

(രക്ഷകനേശുവേ

നിന്നെ മറന്നു ഞാൻ വീണ്ടും വീണ്ടും ചെയ്ത
ദുഷ്പ്രവൃത്തി തൻ പ്രേരണ നീക്കി നീ
ശുദ്ധനാക്കണമേ

(രക്ഷകനേശുവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

254

രക്തകോട്ട തിരു രക്തകോട്ട
രക്തകോട്ട എനിക്ക് ചുററും
പടുത്തുയർത്തണമേ
ശക്തന്മാരാം ദൂതന്മാരെ
എനിക്ക് ചുററും കാവലിനായി
നല്കീടണമേ

രക്തം രക്തം യേശുവിൻ
മോചനമേകും യേശുവിൻ രക്തം (2)

കർത്താവൊഴികേതും മുന്നിൽ
ഉഛിഷ്ടംപോലെ (2)
നഷ്ടങ്ങൾ മൂല്യം തെല്ലും
പതറില്ലിനിമേലിൽ (2)

രോഗം മാറട്ടെ തീരാവ്യധികൾ നീങ്ങട്ടെ (2)
സൗഖ്യത്തിൻ ശക്തി എഎ- ദേഹിയിൽ നിറയട്ടെ (2)

കെട്ടുകൾ പൊട്ടട്ടെ എഎ- കെട്ടുകൾ പൊട്ടട്ടെ
കൈകൊട്ടി പാടട്ടെ ഞാൻ ദൈവീക ഗീതങ്ങൾ (2)

രക്തകോട്ട തിരു രക്തകോട്ട
രക്തകോട്ട എനിക്ക് ചുററും
പടുത്തുയർത്തണമേ
ശക്തന്മാരാം ദുതന്മാരെ
എനിക്ക് ചുററും കാവലിനായി
നല്കീടണമേ

രക്തം രക്തം യേശുവിൻ
മോചനമേകും യേശുവിൻ രക്തം (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

255

വാ വാ യേശുനാഥാ
വാ വാ സ്നേഹനാഥാ
ഹായെൻ ഹൃദയം
തേടീടും സ്നേഹമേ നീ
ഓ. . . .സ്നേഹമേ നീ
(വാ വാ യേശുനാഥാ. . .
നീയെൻ പ്രാണനാഥൻ
നീയെൻ സ്നേഹ രാജൻ (2)
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ
ഓ. . .സ്നേഹവുമേ
(വാ വാ യേശുനാഥാ. . .
പാരിലിലിതുപോൽ....... വാനിലിലിതുപോൽ (2)
നീയൊഴിഞ്ഞുള്ളൊരാനന്ദം ചിന്തിച്ചീടാൻ
ഓ. . .ചിന്തിച്ചീടാൻ
(വാ വാ യേശുനാഥാ. . .
പൂക്കൾക്കില്ല പ്രഭ
തേൻ മധുരമല്ല (2)
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല
ഓ. . .വർണ്ണ്യമല്ല

(വാ വാ യേശുനാഥാ. . .

വേണ്ട പോകരുതേ
നാഥാ നിൽക്കണമേ (2)
തീർത്തുക്കൊളളാം ഞാൻ
നല്ലൊരു പൂമണ്ഡപം
ഓ. . .പൂമണ്ഡപം

(വാ വാ യേശുനാഥാ. . .

ആധിചേരുകിലും
വ്യാധിനോവുകിലും
നീയരികിലെന്നാലെനിക്കാശ്വാസമേ
ഓ. . .ആശ്വാസമേ

(വാ വാ യേശുനാഥാ. . .

ശാന്തിയിൽ നീന്തി നീന്തി
കാന്തിയിൽ മുങ്ങി മുങ്ങി
നിന്നിൽ ഞാനുമേ എന്നിൽ നീ ഇങ്ങനെ നാം
ഓ. . .ഇങ്ങനെ നാം

(വാ വാ യേശുനാഥാ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

256

വാഗ്ദത്തം ചെയ്തവൻ വാക്കു മാറുമോ (2)
ഇല്ല, ഇല്ല , ഒരിക്കലുമില്ല (2)
അവൻ വാക്കു മാറുകില്ല.
ഇല്ല, ഇല്ല , ഒരിക്കലുമില്ല (2)
അവൻ വാക്കു മാറുകില്ല.

എന്നെ തകർപ്പാൻ ശത്രുവിൻ കരം
എന്റെ മേൽ ഉയർന്നെന്നാലും
ഉററവർ പോലും ശത്രുക്കൾ പോലെ
എന്റെ നേരെ തിരിഞ്ഞെന്നാലും (2)
ഇല്ല, ഇല്ല , ഞാൻ തളരുകയില്ല
ഇല്ല, ഇല്ല , ഞാൻ പതറുകയില്ല (2)
എന്റെ യേശു ജീവിക്കുന്നു. (2)

പ്രതികൂല കാററെൻമേൽ അടിച്ചീടിലും
എന്റെയുള്ളം കലങ്ങീടിലും
ഒരിക്കലും ഉയരില്ല എന്നു വിധിച്ച്
ഏവരും മാററീടിലും (2)
ഇല്ല, ഇല്ല , ഞാൻ കുലുങ്ങുകയില്ല
ഇല്ല, ഇല്ല, ഞാൻ വീഴുകയില്ല (2)
എന്റെ യേശു കൂടെയു ്. (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

257

വരിക വരിക യേശുവേ
എന്നിൽ വന്നു നിറയൂ നീ
ഹൃദയവാതിൽ തുറന്നിടുന്നു ഞാൻ
പാവനാത്മാവാൽ നിറയ്ക്കു നീ (2)

അയോഗ്യമാനസനാണ് ഞാൻ
എങ്കിലും നിൻ കൃപയേകണേ
ആനന്ദമേകിടണേ എന്നിൽ
ആശ്രിതവത്സലാ കാത്തിടേണേ

(വരിക വരിക

കൈക്കുഞ്ഞിനെ അമ്മ പുണരുംപോൽ
നിൻകൈകളാലെന്നെ പുണരണേ
നിൻരൂപമേകുവാൻ വന്നിടുക
പാവനാത്മാവാൽ നിറയ്ക്കു നീ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

258

വരൂ അരുണോദയമേ വരൂ അലയാഴികളേ
പാടാം മതിമറന്നാടാം നമുക്കിനി
നാഥനെ വരവേൽക്കാം
ഹല്ലേലൂയ ഹല്ലേലൂയ ഹല്ലേലൂയ

പൂക്കളെ പൂങ്കിളികളെ പരനേശുവെ വാഴ്ത്തുവാൻ
പൂക്കും കൈതകളോരം ചേർന്ന് പോരൂ കുളിരലയായ്
ആദിയിലഖിലം സൃഷ്ടിച്ചവന്

സ്തുതിയേകീടാം സ്തുതിയേകീടാം
ഹല്ലേലൂയ ഹല്ലേലൂയ ഹല്ലേലൂയ

പുഴകളെ പൂങ്കുലകളെ
നിങ്ങൾ പരിമളം കൊ ുവാ
കാക്കും നാഥനെ ഓർക്കാനിനിയൊരു
ഗീതം തീർത്തിടാം
ആദിയിലഖിലം സൃഷ്ടിച്ചവന്
സ്തുതിയേകീടാം സ്തുതിയേകീടാം
ഹല്ലേലൂയ ഹല്ലേലൂയ ഹല്ലേലൂയ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

259

വന്ദനം വന്ദനം സർവ്വലോകാധിപനേശുവേ വന്ദനം
വന്ദനം വന്ദനം രാജാധിരാജാ
യേശുവേ വന്ദനം

പാടാം ഹല്ലേലൂയ്യാ
ജയ് ജയ് ഹല്ലേലൂയ്യാ
സ്തോത്രം ഹല്ലേലൂയ്യാ
ഓശാന ഹല്ലേലൂയ്യാ (2)

കരുണക്കടലേ മഹിമയിൻ രാജാ
യേശുവേ വന്ദനം
സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനുമായ
യേശുവേ വന്ദനം
(പാടാം ഹല്ലേലൂയ്യാ

വഴിയും സത്യവും ജീവനുമായ
യേശുവേ വന്ദനം
സകല ചരാചരവും വണങ്ങിടുന്ന
യേശുവേ വന്ദനം
(പാടാം ഹല്ലേലൂയ്യാ

ജീവന്റെ ജലവും വെളിച്ചവുമായ
യേശുവേ വന്ദനം
ഉറപ്പുള്ള പാറയും കോട്ടയുമായ
യേശുവേ വന്ദനം

(പാടാം ഹല്ലേലൂയ്യാ

അത്ഭുതമന്ത്രി വീരനാം ദൈവം
യേശുവേ വന്ദനം
സമാധാനപ്രഭുവേ നിത്യനാം രാജ
യേശുവേ വന്ദനം

(പാടാം ഹല്ലേലൂയ്യാ

പരമോന്നതനേ ലോകരക്ഷകനേ
യേശുവേ വന്ദനം
ഉന്നതനുയർന്നവൻ ശാശ്വതവാസീ
യേശുവേ വന്ദനം

(പാടാം ഹല്ലേലൂയ്യാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

260

വാനിടവും ഭൂതലവും
ഒന്നായ് ചേർന്നു പാടിടുമേ (2)
കണ്ണുകൾ പൂട്ടി നിങ്ങൾ
കർത്താവിൻ കാരുണ്യം കാണാതായാൽ
കൈകൊട്ടിപ്പാടിടുമേ
കല്ലും മേടും ഹല്ലേലൂയ (2)
ഓ. . . ഓ. . . ഒന്നായ് പാടും ഹല്ലേലൂയ (2)

(വാനിടവും ഭൂതലവും. . .

കല്ലുപോലുള്ള മനം മാറ്റി
പുത്തൻ മനമണിഞ്ഞ് (2)
മർത്ത്യന് നൻമചെയ്താലതു നല്ല
ദൈവസ്തുതിതന്നെയായ് (2)
ഓ. . . ഓ. . . ഒന്നായ് പാടും ഹല്ലേലൂയ (2)

(വാനിടവും ഭൂതലവും. . .

ഉള്ളത്തിൽ മൂടിവയ്ക്കും പാപങ്ങൾ
എറ്റുപറഞ്ഞിടുകിൽ (2)
ഇന്നോളം കണ്ടിടാത്തോരാനന്ദത്താൽ
ഹല്ലേലൂയ പാടിടാം (2)
ഓ. . . ഓ. . . ഒന്നായ് പാടും ഹല്ലേലൂയ (2)

(വാനിടവും ഭൂതലവും. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

261

വിളികേട്ടുണർന്നിടാം അണിചേർന്നു നീങ്ങിടാം
സ്നേഹത്തിൻ സുവിശേഷമായ്മാറാം(2)
പാവനാത്മാവിൻെറ ശക്തിയാൽ എന്നെന്നും
ഉണർന്നിടാം യേശുവിൻ യുവജനമായ് (2)
ഗുരുവരുളുമ്പോളാഴങ്ങളിൽ വലയെറിയാം....
വലയെറിയാം....
ദൈവരാജ്യത്തിനായ് സോദരെ നേടിടാം
നേടിടാം...

(വിളികേട്ടുണർന്നിടാം

അനുഗമിക്കാം നിത്യസ്നേഹസ്വരൂപനെ
ആത്മാവിലാനന്ദദായകനെ (2)
സ്നേഹത്തിൻ ഗീതികൾ അനുനിമിഷം പാടാം
ജീവൻെറ സുവിശേഷമായ് മാറാം (2)

(വിളികേട്ടുണർന്നിടാം

വിശ്വാസമെന്നെന്നും പരിചയായ് തീർത്തിടാം
സോദരെ നേടാം വചനവുമായ് (2)
നിർമ്മല ഹൃത്തിലെ സ്നേഹവുമായ്
ഈശനെ നമ്മുക്കെന്നും പഘോഷിച്ചീടാം (2)

(വിളികേട്ടുണർന്നിടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

262

വിശ്വസിക്കുന്നു ഞാനെൻ കർത്താവിൻ കൃപയിൽ
വിശ്വസിക്കുന്നു ഞാനെൻ കർത്താവിൻ ദയയിൽ
വിശ്വാസത്തോടെ പ്രാർത്ഥിച്ചീടുമ്പോൾ
വിശ്വസ്തനായവൻ തൻ മഹത്വം കാണും ഞാൻ (2)

രോഗമകററി സൗഖ്യം പകരാൻ
യേശുവെന്റെ ചാരെയു ല്ലോ
ദു:ഖമകററി സന്തോഷമേകാൻ
റൂഹായെന്റെ ഉള്ളിലുമു ്

(വിശ്വസിക്കുന്നു ഞാനെൻ

ദാരിദ്ര്യപീഢ, ഉള്ളിന്റെ ഭാരം,
നിശ്ചയം നീ ദൂരെയകററും
യേശുവെത്ര നല്ലവൻ നിത്യം
നീ മാത്രം രക്ഷകനും.

(വിശ്വസിക്കുന്നു ഞാനെൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

263

വീണുപോകും വേളകളിൽ
വീ ുമൊന്നു നോക്കുക നീ
വീ െ ടുത്ത യേശുനാഥൻ
വീ ും നിന്നെ വിളിച്ചിടുന്നു

ആത്മധൈര്യം ചോർന്നിടാതെ
ആത്മനിന്ദ തോന്നിടാതെ
ആത്മാവിൻ ശക്തിയാലെ
മുന്നേറുകെൻ മകനേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

264

വെളിച്ചം പകരണമേ വെളിവ് നിറക്കണമേ
വിവേകമേകണമേ വിജ്ഞാനദായകനെ

(വെളിച്ചം......

നിന്നെ പൂർണ്ണമായറിവാൻ
ഈയറിവാലെ നിറയാൻ (2)
നിറഞ്ഞ അറിവിൽ വളരാൻ
ഈശ്വരകൃപയാൽ നിറയാൻ (2)

(വെളിച്ചം......

എന്നെ പൂർണ്ണമായ് കാണാൻ
എൻ പരിമിതികൾ അറിയാൻ (2)
എൻ ദൗർബല്യങ്ങൾ അകറ്റാൻ
ധാർമ്മിക ശക്തിയിൽ വളരാൻ (2)

(വെളിച്ചം......

എൻ സോദരരെ കാണാൻ
സോദര സ്നേഹത്തിൽ വളരാൻ (2)

നിൻമുഖമവരിൽ കാണാൻ
അവർക്കായ് അർപ്പിതമാകാൻ (2)

(വെളിച്ചം......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

265

ഹല്ലേലൂയ സ്തുതി പാടിടും ഞാൻ
വൻകൃപയെന്നും ഓർത്തിടും ഞാൻ(2)
പരിശുദ്ധനെ കരുണാനിധിയേ
സ്തുതികൾക്കെല്ലാം യോഗ്യനായവനെ (2)

(ഹല്ലേലൂയ

സകലത്തെയും സൃഷ്ടിചെയ്തവനെ
സകലത്തിനും പരിപാലകനെ (2)
സകലരിലും പരമോന്നതനെ
സർവ്വശക്തനും സർവ്വജ്ഞാനിയുമേ (2)

(ഹല്ലേലൂയ

കരുണയും ദയയും ഉള്ളവനെ
മനസ്സലിയുന്ന മഹാപ്രഭുവേ (2)
വാത്സല്യത്തോടെന്നെ ചേർത്തവനെ
മാറാത്ത സ്നേഹം പകർന്നവനെ (2)

(ഹല്ലേലൂയ

ആദിയും അന്ത്യവും ആയവനെ
ഉറപ്പുള്ള പാറയും കോട്ടയുമേ (2)
വഴിയും സത്യവുമായവനെ
ഏകരക്ഷാമാർഗ്ഗമായവനെ (2)

(ഹല്ലേലൂയ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

266

ഹേ പ്രഭു ദർശൻ ദോ മേരെ ദിൽ മേം ആവോ

തൂഹി പ്രഭു ജീവൻ ദാതാ - ഹം പർ ദയാ കരോ

തൂഹി പ്രഭു ശാന്തി ദാതാ - ഹം പർ ദയാ കരോ

തൂഹി പ്രഭു മുക്തി ദാതാ - ഹം പർ ദയാ കരോ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

267

റാഫാ . . . യഹോവാ . . .എന്നെ സൗഖ്യമാക്കും
ശമ്മാ. . . യഹോവാ. . . .എങ്ങും അവനു ˘
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ, എന്താനന്ദം (2)

സർവ്വശക്തനാണല്ലോ എന്റെ ദൈവം
ഇല്ലില്ലാ അസാദ്ധ്യമായൊന്നുമില്ല (2)
അഖിലാണ്ഡത്തെ നിർമ്മിച്ചവൻ
എൻ പിതാവല്ലോ, എന്താനന്ദം (2)
(സർവ്വശക്തനാണല്ലോ
റാഫാ . . . യഹോവാ . . .എന്നെ സൗഖ്യമാക്കും
ശമ്മാ. . . യഹോവാ. . . .എങ്ങും അവനു ˘ (2)
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ, എന്താനന്ദം (2)
(സർവ്വശക്തനാണല്ലോ
ശാലേം . . .യഹോവാ . . എന്റെ സമാധാനം
നിസ്സേം . . .യഹോവാ . . .എന്റെ ജയക്കൊടിയാം. (2)
(ഈ ദൈവം എന്റെ ദൈവം . . . .
റൂഹേം. . .യഹോവാ . . . എന്റെ നല്ല ഇടയൻ
ഹീരേം. . .യഹോവാ . . .എനിക്കായ് കരുതുന്നു
(ഈ ദൈവം എന്റെ ദൈവം . . . .
മഹ്ഹതേം . . . യഹോവാ . . . എന്നെ ശുദ്ധനാക്കും
സിത്തനേം . . . യഹോവാ . . . എന്റെ നീതിയായവൻ
(ഈ ദൈവം എന്റെ ദൈവം . . . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

268

സഹനം ദൈവത്തിൻ സ്നേഹം
സഹനം ജീവന്റെ മാർഗ്ഗം (2)
വിശുദ്ധീകരണം ആത്മരക്ഷ
സഹനം നൽകുന്ന ദാനം (2)
(സഹനം

യേശുവേ യേശുവേ (8)

തോരാത്ത ദു:ഖത്തിൻ

തിരകളിൽ മുങ്ങുമ്പോൾ
തോഴനായ് എൻ നാഥൻ കൂടെയു ്  (2)
കൺമണീ എൻ കൃപ
നിന്നിലുെ  പ്പൊഴും
എന്നുരച്ചെന്നോടു കൂടെയു ്. (2)

യേശുവേ യേശുവേ (8)

(സഹനം

ചോദിപ്പോർക്കൊക്കെയും
ദാനമായ് നൽകിടുന്ന
കാരുണ്യ മൂർത്തിയാം തമ്പുരാനേ (2)
ഏഴയാമെന്നുടെ തീരാത്ത ദു:ഖങ്ങൾ
ഏറെറടുത്തീടേണേ യേശുനാഥാ (2)

യേശുവേ യേശുവേ (8)

(സഹനം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

269

സമയം  സമാഗതമായ്
സകലരും  അനുതപിക്കാൻ
സർവ്വം  സമർപ്പിക്കുവാൻ
സകലരുമണഞ്ഞിടുവിൻ

(സമയം  സമാഗതമായ്

അനുതാപിയെ  ചേർത്തണയ്ക്കാൻ
അനുഗമിക്കാൻ  ഒരുക്കീടുവാൻ
ആത്മാവിനാൽ  നിറച്ചീടുവാൻ
ആഗതനായവൻ  വിളിച്ചിടുന്നു  (2)

(സമയം  സമാഗതമായ്

തിരുവഴിവിട്ട്  മരുഭൂവിലലയുന്ന
പാപം  വെടിഞ്ഞിടുവിൻ
സ്വയമേ  ചമക്കുന്ന  ഗേഹം  വെടിഞ്ഞ്
തിരുഗൃഹേ  വാണിടുവിൻ
തിരുജീവൻ  നേടിടുവിൻ  (സ്വയമേ

(സമയം  സമാഗതമായ്

തെളിനീരു നിറയുന്ന സന്നിധാനംവിട്ട്
ജലമില്ലാക്കുളം തീർക്കാതെ (2)
തിരുജീവജലധാര സന്നിധാനത്തിൽ
പുതുജീവനണഞ്ഞിടുവിൻ (2)
നവസൃഷ്ടിയായിടുവിൻ
(സമയം സമാഗതമായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

270

സങ്കീർത്തന മാലകൾ പാടി
നാഥന്റെ തിരുമുമ്പിലൊന്നായ്
താളമേളങ്ങളോടെ സ്തുതിക്കാം
നിൻ പൊൻവീണകളാം ഞങ്ങൾ
(സങ്കീർത്തന

ആശ്വാസമേകാൻ വരേണം
സദാ സ്വർഗ്ഗീയ ദാനം തരേണം (2)
എൻ കൊച്ചു ഹൃദയത്തിൽ വാഴേണം
അന്ത്യം വരേ ഇരിക്കേണം എന്റെ
അന്ത്യം വരേ ഇരിക്കേണം
(സങ്കീർത്തന മാലകൾ. . .

ചേറ്റിൽ പിറന്നൊരീ പൂക്കൾ
നിന്റെ പാദത്തിൽ നീൽക്കുമീ മക്കൾ(2
ഗീതമായ് അർപ്പിക്കും പൂക്കളെല്ലാം
പൂജയായ് തീരട്ടെയെന്നും ദിവ്യ
പൂജയായ് തീരട്ടെയെന്നും
(സങ്കീർത്തന മാലകൾ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

271

സന്തോഷം (2)
ആത്മാവിലെപ്പോഴും സന്തോഷം
ആനന്ദം (2)
ആത്മാവിലെപ്പോഴും ആനന്ദം
നാഥന്റെ സന്തോഷം നമ്മിൽ കുടികൊള്ളാനും
ആ ദിവ്യസന്തോഷം പൂർണ്ണത നേടാനും(2)

അരുളിയ വചനം അനുസരിച്ചിടാൻ
നൽകിയ വഴിയേ പിൻഗമിച്ചിടാം (2)
പരസ്പരം സ്നേഹമോടെ പങ്കുവച്ചുവളർന്നീടുകിൽ
(സന്തോഷം (2). . .

നാഥൻെറ നാമത്തിൽ ക്ലേശം സഹിച്ചിടുമ്പോൾ
ക്രൂശിൻെറ ഭാരത്താൽ മാനസം കേഴുമ്പോൾ (2)
ആദിമ സഭയെ അനുകരിച്ചിടാം
തിരുഹിതമെന്നും കാത്തിരുന്നിടാം (2)
നിരന്തരം സ്തുതികളേന്തി ദൈവചിത്തമറിഞ്ഞീടുകിൽ
(സന്തോഷം (2). . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

272

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കിമ്പ നാമം

(ശ്രീയേശുനാമം

എല്ലാ നാമത്തിലും മേലായ നാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങും നിൻ
തിരുമുമ്പിൽ വല്ലഭത്വമുള്ള നാമം

(ശ്രീയേശുനാമം

എണ്ണമില്ലാപാപം എന്നിൽനിന്നുംനീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്തു
എന്നേക്കുമായ് മായ്ച്ചു തന്ന
ഉന്നത– വന്ദ്യനാമം

(ശ്രീയേശുനാമം

പാപപരിഹാരാർത്ഥം പാതകരെ തേടി
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യനാമം

(ശ്രീയേശുനാമം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

273

സർവ്വശക്തനായൊരു നല്ല ദൈവമേ
സർവ്വനന്മയും ഞങ്ങൾ ചേർന്നു പാടീടാം (2)
അലയാഴി മീതെ നീ പാത തീർത്തതും
മൃതനായ ലാസറിനെ ഉയർപ്പിച്ചതും
ഓർത്തോർത്ത് ഞങ്ങൾ നിന്നെ പാടി സ്തുതിക്കും
കയ്യടിച്ച് കയ്യടിച്ച് പാടി പുകഴ്ത്തും
(സർവ്വശക്തനായൊരു)
കുരുടൻെറ കണ്ണുകൾക്ക് കാഴ്ച നൽകിയും
ചെകിടൻെറ കാതുകൾക്ക് കേൾവി നൽകിയും (2)
മുടന്തൻെറ കാലുകൾക്ക് ജീവനേകിയും
മൂകൻെറ അധരത്തെ പ്രാപ്തമാക്കിയും(2
നീ നടന്നതോർത്ത് ഞങ്ങൾ പാടിസ്തുതിക്കും
കയ്യടിച്ച് കയ്യടിച്ച് പാടി പുകഴ്ത്തും
(സർവ്വശക്തനായൊരു)
പിഞ്ചുകിടാങ്ങളെ അനുഗ്രഹിച്ചും
പാപിനി ആയവൾക്ക് മാപ്പ് നൽകിയും(2
സാത്താൻെറ ബാധകളെ ഒഴിവാക്കിയും
തളർവാതരോഗികളെ സൗഖ്യമാക്കിയും(2
നീ നടന്നതോർത്ത് ഞങ്ങൾ പാടിസ്തുതിക്കും
കയ്യടിച്ച് കയ്യടിച്ച് പാടി പുകഴ്ത്തും
(സർവ്വശക്തനായൊരു)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

274

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ (2)

എൻെ ദേഹവും എൻെ ദേഹിയും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എൻെ ജീവനും എൻെ സ്നേഹവും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ചിന്തയും എെ– ബുദ്ധിയും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ഹൃത്തടം എെ– മാനസം
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ഇച്ഛയും എൻ പ്രതീക്ഷയും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ശക്തിയും എെ– സിദ്ധിയും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– സൗഖ്യവും എെ– രോഗവും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ദു:ഖവും എെ– മോദവും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ആശയും എൻ നിരാശയും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

എെ– ആധിയും എെ– വ്യാധിയും
നീയെനിക്കു തന്നതൊക്കെയും (സർവ്വ...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

275

സീയോൻ യാത്രയതിൽ
മനമേ ഭയമൊന്നും വേ ിനിയും (2)
അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം കൂടെയുള്ളതാൽ (2)
(സീയോൻ യാത്ര
ഒന്നിനെക്കുറിച്ചിനിയും എനിക്കാകുല ചിന്തയില്ല (2)
ജീവമന്ന തന്നവൻ എന്നും

ശ്രേഷ്ഠമായ് പാലിക്കുമേ (2)
അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം കൂടെയുള്ളതാൽ (2)
(സീയോൻ യാത്ര
ലോകത്തിന്നാശ്രയമേ ഇനി വേ ാ നിശ്ചയമായ് (2)
ദൈവത്തിന്നാശ്രയമേ അത് ഒന്നെനിക്കാശ്രയമേ (2)
അബ്രഹാമിൻ ദൈവം ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം കൂടെയുള്ളതാൽ (2)
(സീയോൻ യാത്ര

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

276

സ്തോത്രഗാനങ്ങൾ പാടിപ്പുകഴ്ത്തീടുമേ
എല്ലാ നാളിലും എൻ ജീവിതത്തിൽ (2)

നിന്‍ ദയ എൻ പ്രാണനെ
കാത്തുകൊണ്ടതാം (നിന്‍ ദയ......
എന്‍ അധരം നിന്നെ കീർത്തിക്കുമേ
എന്‍ ജീവകാലമെല്ലാം പുതുഗാനത്താൽ
അതുല്യ നാമത്തെ സ്തുതിച്ചീടുമേ
(സ്തോത്രഗാനങ്ങൾ
നിന്‍ നാമമല്ലോ എന്നും
എന്‍ ആശ്രയം (നിന്‍ നാമ.....
നിന്നിൽമാത്രം ഞാനെന്നും ആനന്ദിക്കും
നിന്നിലല്ലോ നിത്യ ജീവ ഉറവ
ജീവ വഴിയും നീ മാത്രമല്ലോ
(സ്തോത്രഗാനങ്ങൾ
നിന്‍ വലംകൈ എന്നെ താങ്ങിനടത്തും (2)
എന്‍ കാലുകൾ തെല്ലും ഇടറിടാതെ
എന്‍ ഗമനത്തെ സുസ്ഥിരമാക്കൂ
നിന്‍ വഴിയേ ഞാൻ നടക്കുവാനായ്
(സ്തോത്രഗാനങ്ങൾ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

277

സ്തുതി സ്തുതി എൻമനമേ
സ്തുതികളിലുന്നതേ
നാഥൻ നാൾതോറും ചെയ്ത നൻമകളെയോർത്ത്
പാടുക നീ എന്നും മനമേ (2)
(സ്തുതി സ്തുതി. . .

അമ്മയെപ്പോലെ നാഥൻ
താലോലിച്ചണച്ചിടുന്നു (2)
സമാധാനമായ് കിടന്നുറങ്ങാൻ
തൻെറ മാർവ്വിൽ ദിനം ദിനമായ് (2)
(സ്തുതി സ്തുതി. . .

കഷ്ടങ്ങളേറിടിലും
എനിക്കേറ്റമടുത്ത തുണയായ് (2)
ഘോരവൈരിയിൽ നടുവിലവൻ
മേശ നമുക്കൊരുക്കുമല്ലോ (2)
(സ്തുതി സ്തുതി. . .

ഭാരത്താൽ വലഞ്ഞീടിലും
തീരാരോഗത്താൽ അലഞ്ഞീടിലും (2)
പിളർന്നീടുമൊരടിപ്പിണരാൽ
തന്നീടുന്നു രോഗ സൗഖ്യം (2)
(സ്തുതി സ്തുതി. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

278

സ്തുതിച്ചു പാട് നീ ദൈവനാമത്തിൽ
നിന്റെ ജീവിതത്തിൽ നീയിന്നൽഭുതം കാണും.

ആഹാ എന്റെ ദൈവമേ നിന്നെ സ്തുതിച്ചുപാടി
ഞാൻ ദൈവകൃപയാൽ എന്നും നിറഞ്ഞിടട്ടെ!

കരമടിച്ചു പാട് നീ ദൈവനാമത്തിൽ
നിന്റെ കുടുംബത്തിൽ നീയിന്നൽഭുതം കാണും.
(ആഹാ എന്റെ ദൈവമേ

സ്തുതിച്ചു പാട് നീ ദൈവനാമത്തിൽ

നിന്റെ ശത്രുക്കൾ നിന്നെ പ്രഹരിക്കില്ല
(ആഹാ എന്റെ ദൈവമേ
സഹിച്ചു പാട് നീ ദൈവനാമത്തിൽ
നിന്റെ ജോലിയിൽ  നീയിന്നൽഭുതം കാണും
(ആഹാ എന്റെ ദൈവമേ
ദൈവസന്നിധേ നീ നിലവിളിക്കേ
നിന്നെ കരുണയോടെ ദൈവം വാരിപ്പുണരും
(ആഹാ എന്റെ ദൈവമേ
സ്തുതിച്ചു പാട് നീ വിശ്വാസത്തോടെ
നിന്റെ രോഗപീഢകൾ ദൈവം സൗഖ്യപ്പെടുത്തും.
(ആഹാ എന്റെ ദൈവമേ
സ്തുതിച്ചു പാട് നീ കണ്ണീരോടെ
നിന്റെ ദൈവം നിനക്കായ് നീതി നടത്തിത്തരും.
(ആഹാ എന്റെ ദൈവമേ
സ്തുതിച്ചു പാട് നീ വിശുദ്ധിയോടെ
നിന്നിൽ അനുഗ്രഹപ്പൂമഴ ദൈവം ചൊരിയും
(ആഹാ എന്റെ ദൈവമേ
സ്തുതിച്ചു പാട് നീ പ്രതിസന്ധിയിൽ
നിന്റെ ദൈവം നിനക്കിന്നുത്തരം നൽകും
(ആഹാ എന്റെ ദൈവമേ
താളമേളത്താൽ നീ പാടിസ്തുതിക്കേ
നിന്റെ ദൈവനാമത്തിൽ നീയൽഭുതം കാണും
(ആഹാ എന്റെ ദൈവമേ
സ്തുതിച്ചു പാട് നീ കരമുയർത്തി
നിന്റെ കരം പിടിച്ചു ദൈവം വഴിനടത്തും
(ആഹാ എന്റെ ദൈവമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

279

സ്തുതിച്ചു സ്തുതിച്ചു പാടിടാം യേശുനാമത്തെ
രക്ഷകനും നാഥനുമാം സ്നേഹനാഥനെ
വാനദൂതരൊന്നുചേർന്നാമോദത്തോടെ
ഇമ്മാനുവേലേശുവെ സ്തുതിച്ചു പാടിടാം (2)

ഒന്നായ് ചേർന്നു പാടിടാം
മനമുയർത്തി പാടിടാം

സ്തുതികളിൽ വസിച്ചിടും
നാഥനെ വാഴ്ത്താം. (2)

കാനായിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കി
അഞ്ചപ്പം കൊ യ്യായിരങ്ങൾക്കാഹാരമേകി
മിഴിയടഞ്ഞ പഥികനന്ന് കാഴ്ചയുമേകി
ചെവിയടഞ്ഞ മനുജനന്ന് കേൾവിയുമേകി
ഇന്നുമെൻ ജീവിത ഭാരമതേറിയാൽ
ചാരെയണഞ്ഞതങ്ങേററു വാങ്ങുവാൻ (2)
സത്യമായെത്തുമെൻ യേശുനായകൻ (2)
(സ്തുതിച്ചു സ്തുതിച്ചു

ബേതസ്ഥായിലെ രോഗിക്കന്ന് സൗഖ്യമേകിയോൻ
സ്നേഹിതർക്കുവേ ി സ്വന്ത ജീവനേകിയോൻ
പാപികൾ തിരഞ്ഞുവന്ന പാപമോചകൻ
മൃത്യവെ ജയിച്ചുയർത്തമർത്യനായവൻ
ആരും സഹായമില്ലാതെയായ് മാറുമ്പോൾ
ആശയില്ലാതെയലഞ്ഞിടും വേളയിൽ
താങ്ങായ് തണലായ് നാഥനെത്തിടും
(സ്തുതിച്ചു സ്തുതിച്ചു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 280

സ്തുതിപ്പിൻ സ്തുതിപ്പിൻ
എന്നും സ്തുതിച്ചീടുവിൻ
യേശു രാജാധി രാജാവിനെ
ഈ പാർത്തലത്തിൽ സൃഷ്ടികർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ
(ഈ പാർത്തലത്തിൽ....

ആ ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ (2)
(ഈ പാർത്തലത്തിൽ....

അവൻ വരുന്ന നാളിൽ
എന്റെ കരം പിടിച്ച്
തന്റെ മാർവ്വോടണച്ചിടുമേ (2)
ആ സമൂഹമതിൽ അന്നു കർത്തനുമായ്

ആർത്തുഘോഷിക്കും സന്തോഷത്താൽ(2)

ആ ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ (2)
(ഈ പാർത്തലത്തിൽ....

എന്‍- പാപങ്ങളെ മുറ്റും കഴുകിടുവാൻ
തന്‍- ജീവനെ നൽകിയവൻ (2)
വീണ്ടും വന്നിടുമേ മേഘവാഹനത്തിൽ
കോടാനുകോടി തൻ ദൂതരുമായ് (2)
(വീണ്ടും വന്നിടുമേ

ആ ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ (2)
(ഈ പാർത്തലത്തിൽ....

കൺകൾ കൊതിച്ചിടുന്നേ
ഉള്ളം തുടച്ചിടുന്നേ
നാഥാ നിന്നുടെ വരവിനായി
പാരിൽ കഷ്ടതകൾ ഏറുംദിനംതോറുമേ
കാന്താ, വേഗം നീ വന്നിടണേ
(പാരിൽ കഷ്ടതകൾ

ആ ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ (2)
(ഈ പാർത്തലത്തിൽ....

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

281

സ്തുതിപ്പിൻ സ്തുതിപ്പിൻ നൻമസ്വരൂപനാം
കർത്താവിനെ സ്തുതിപ്പിൻ
(സ്തുതിപ്പിൻ. . .)

സർവ്വലോകങ്ങളും രാജാധിരാജനാം
കർത്താവിനെ സ്തുതിപ്പിൻ
(സ്തുതിപ്പിൻ. . .)

തൻതിരുമന്ദിരം തന്നിലായ് നിത്യവും
കർത്താവിനെ സ്തുതിപ്പിൻ

(സ്തുതിപ്പിൻ. . .)
വാനവിതാനത്തിൽ ശക്തിപ്രതാപനാം
കർത്താവിനെ സ്തുതിപ്പിൻ
(സ്തുതിപ്പിൻ. . .)
വീര്യപ്രവർത്തികൾ ചെയ്ത മഹോന്നത
കർത്താവിനെ സ്തുതിപ്പിൻ
(സ്തുതിപ്പിൻ. . .)
എങ്ങും നിറഞ്ഞീടും തൻ മഹത്വങ്ങളാൽ
കർത്താവിനെ സ്തുതിപ്പിൻ
(സ്തുതിപ്പിൻ. . .)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

282

സ്തുതിപ്പിൻ...സ്തുതിപ്പിൻ...സ്തുതിപ്പിൻ..
കർത്താവിനെ സ്തുതിപ്പിൻ (2)
ആരാധ്യ നാഥനാം
കർത്താവിനെ സ്തുതിപ്പിൻ
ആത്മാവിനാൽ നിറഞ്ഞ്
കർത്താവിനെ സ്തുതിപ്പിൻ
(സ്തുതിപ്പിൻ...
എൻ രക്ഷയും എൻ കോട്ടയുമാം
എൻ മാർഗ്ഗവും എൻ ദീപവുമാം
(ആരാധ്യനാഥനാം
എൻ ശക്തിയും എൻ പരിചയുമാം
എൻ സത്യവും എൻ നീതിയുമാം
(ആരാധ്യനാഥനാം
എൻ സ്നേഹവും എൻ ജീവനുമാം
എൻ ബലവും എൻ അഭയവുമാം
(ആരാധ്യനാഥനാം
എൻ ദേഹവും എൻ ദേഹിയുമാം
എൻ സൗഖ്യവും എൻ ശാന്തിയുമാം
(ആരാധ്യനാഥനാം
കർത്താവിനെ സ്തുതിപ്പിൻ

ആത്മാവിനാൽ നിറഞ്ഞ്
കർത്താവിനെ സ്തുതിപ്പിൻ

(സ്തുതിപ്പിൻ...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

283

സ്വർഗ്ഗനാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്തവീട്ടിൽ ചേർത്തിടുവാൻ
മമ നാഥനെ ഒന്നു കാണുവാൻ
ദിനം കാത്തു പാർത്തിടുന്നു (2)

(സ്വർഗ്ഗനാട്ടിലെൻ

മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ (2)
ഒരുനാളും നീ പിരിയാതെന്നെ
കരുതുന്നു കൺമണി പോൽ (2)

(സ്വർഗ്ഗനാട്ടിലെൻ

നല്ല നാഥനെ നിനക്കായി ഞാൻ
വേല ചെയ്യുമന്ത്യം വരെ (2)
അല്ലൽ തീർന്നു നിൻ സവിധേ
വരാതില്ല പാരിൽ വിശ്രമവും (2)

(സ്വർഗ്ഗനാട്ടിലെൻ

കർത്തൃകാഹളം വാനിൽ കേൾക്കുവാൻ
കാംക്ഷിച്ചീടുന്നേ പ്രിയനേ (2)
ആശയേറുന്നേ നിന്നെക്കാണുവാൻ
ആമേൻ യേശുവേ വരണേ (2)

(സ്വർഗ്ഗനാട്ടിലെൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

284

സ്നേഹ തൂവാല കൊ ു തുടയ്ക്കാം
എന്റെ ഈശോയെ നിൻ പൂമുഖം
സ്ഹേപൂമാല ഞാൻ കൊരുക്കാം
ഈശോയെ നിൻ മാറിൽ ചാർത്താൻ

വാവാ സ്നേഹരാജാവെ
എന്നെന്നും എന്നുള്ളിൽ വാഴാൻ
വാവാ സ്നേഹത്തിൻ പൂനിലാവെ
എന്നുള്ളിൽ വെൺശോഭയേകാൻ

സ്നേഹ തൂലിക കൊ ു കുറിക്കാം
എന്റെ ഈശോയെ നിൻ കീർത്തനം (2)
സ്നേഹ തൂവലാൽ ഞാൻ ഒരുക്കാം
എന്റെ ഈശോയെ ഒരു വെൺ കിരീടം
എന്റെ ഈശോയെ ഒരു വെൺ കിരീടം

സ്നേഹ പൊൻ ദീപം ഞാൻ തെളിക്കാം
എന്റെ ഈശോയെ നീ വരും വഴിയിൽ
സ്നേഹ പൂന്തെന്നൽ വിശറിയൊരുക്കാം
ഈശോയ്ക്ക് ഇളം തെന്നലേകാൻ
(വാവാ സ്നേഹരാജാവെ
സ്നേഹപൂമണ്ഡപം ഞാനൊരുക്കാം
എന്റെ ഈശോയെ നിനക്കു വസിക്കാൻ
സ്നേഹ പൂത്താലം ഞാൻ നിരത്താം
എന്റെ ഈശോയെ വരവേൽക്കുവാനായ്
(വാവാ സ്നേഹരാജാവെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

285

സ്നേഹമാകാൻ സ്നേഹമേകുവാൻ
സ്നേഹനാഥൻ വിളിച്ചിടുന്നിതാ (2)
ജീവന്റെ കാവലായ് തീർന്നിടുവാൻ
സ്നേഹനാഥൻ വിളിച്ചിടുന്നിതാ (2)
വിളികേട്ടിടാം അണിചേർന്നിടാം
വിളികേട്ടുണർന്നു നാഥനോടുചേർന്നിടാം (2)

കനിവോലുമൊരുവാക്കിൽ
ആശ്വാസമേകുവാൻ
അലിവേറുമൊരുനോക്കിൽ പ്രത്യാശയേകുവാൻ
ക്രൂശിതനാഥന്റെ കരുണാർദ്ര സ്നേഹം

വിളിച്ചിടുന്നിതാ . . . ആ. . . ആ
വിളിച്ചിടുന്നിതാ . . .ആ . . .  ആ
വിളികേട്ടിടാം അണിചേർന്നിടാം
വിളികേട്ടുണർന്നു നാഥനോടുചേർന്നിടാം(2

മുറിവേററു പിടയുമ്പോൾ സാന്ത്വനമേകിടാം
നീറുന്ന ജീവനിൽ സൗഖ്യം പകർന്നിടാം
ക്രൂശിത രൂപന്റെ കൃപയാർന്ന സ്നേഹം
വിളിച്ചിടുന്നിതാ . . . ആ. . . ആ
വിളിച്ചിടുന്നിതാ . . .ആ . . .  ആ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 286

സാഗരങ്ങളെ ശാന്തമാക്കിയോൻ
ശക്തനായവൻ കൂടെയുണ്ട് (2)

ഇന്നുമെന്നെ– കൂടെയുണ്ട്
കൂടെയുണ്ട് നാഥൻ
ഭയപ്പെടില്ല ഞാൻ ഭയപ്പെടില്ല (2)

ജീവിതത്തിലൊരു നാളും സംഭ്രമിക്കില്ല
കർത്താവാണെന്നെ– ദൈവം (2)
അവനെന്നെസഹായിക്കും ശക്തനാക്കും
വലം കയ്യാൽ താങ്ങി നിർത്തും (2)

(ഇന്നുമെന്നെ– .......
(സാഗരങ്ങളെ

ജീവിതത്തിലൊരുനാളും നിശബ്ദനാകില്ല
യേശുവാണെന്നെ– ദൈവം (2)
ഞാനെന്നും ഘോഷിക്കും സത്യമായും
ക്രൂശിലെ ദിവ്യയാഗം (2)

(ഇന്നുമെന്നെ– .......
(സാഗരങ്ങളെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 287

സൃഷ്ടികളേ സ്തുതി പാടുവിൻ
നാഥനെ വാഴ്ത്തിടുവിൻ
മഹിമകൾ തിങ്ങും ഇഹപരമേ നിത്യം
പാടിപ്പുകഴ്ത്തീടുവിൻ

(സൃഷ്ടികളേ. . .

വാനിടമേ ദൈവദൂതരേ
നാഥനെ വാഴ്ത്തിടുവിൻ
അംബരമേ ജലസഞ്ചയമേ
നിത്യം പാടിപ്പുകഴ്ത്തീടുവിൻ

(സൃഷ്ടികളേ. . .

ഉന്നത ശക്തികരേവരും
നാഥനെ വാഴ്ത്തിടുവിൻ
പകലവനേ വിൺ പനിമതിയേ
നിത്യം പാടിപ്പുകഴ്ത്തീടുവിൻ

(സൃഷ്ടികളേ. . .

മിന്നും താരസമൂഹമേ
നാഥനെ വാഴ്ത്തിടുവിൻ
മഞ്ഞും മഴയും മാരുതനും
നിത്യം പാടിപ്പുകഴ്ത്തീടുവിൻ

(സൃഷ്ടികളേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

288

അമല മനോഹരി അമ്മേ
വചനത്തികവിൻ നിറവേ (2)
അനുദിനമീ യാചനകൾ
കൈക്കൊള്ളണമേ തായേ നീ (2)

(അമല മനോഹരി

ദു:ഖത്തിൻ നിഴലിൽ വന്നിടുമ്പോഴും
കഷ്ടതകളിലും നീ തണലായ് (2)
വേദനയിൽ നീ ആശ്വാസത്തിൻ
വചനം നൽകണമീ ദാസരിൽ (2)

(അമല മനോഹരി

രോഗാവസ്ഥയിൽ വീണിടുമ്പോഴും
അമ്മേ നിൻ മിഴി തുറന്നിടണേ (2)
ഉൽക്കണ്ഠയിൽ നീ വിശ്വാസത്തിൻ
വചനം നൽകണമീ ദാസരിൽ (2)

(അമല മനോഹരി

മരണാവസ്ഥയിൽ ആയിടുമ്പോഴും
ആനന്ദം കണ്ടെത്താൻ കനിയണമേ (2)
ബലഹീനതയിൽ ധൈര്യപ്പെടുത്തി
ശക്തരാക്കീടണമീ ദാസരേ (2)

(അമല മനോഹരി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

289

അമ്മ മേരിയോടൊപ്പം ആരാധിക്കുന്നു
ലോകത്തിന്റെ നാഥനെ ആരാധിക്കുന്നു (2)
മർത്യൻ തീരെ നൽകില്ല രക്ഷ മണ്ണിലും
യേശു മാത്രം നൽകുന്നു നിത്യമാം രക്ഷ

(അമ്മ മേരിയോടൊപ്പം

രാവു തെല്ലും ഉറങ്ങാതെ നാഥനെ വാഴ്ത്തുവിൻ
രാവും പകലും നാഥനെ ആരാധിക്കുന്നു

(അമ്മ മേരിയോടൊപ്പം

സെറാഫുകൾ ആരാധിക്കും പരിശുദ്ധനെ
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിച്ചീടും

(അമ്മ മേരിയോടൊപ്പം

ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകളൊഴിയും ആരാധനയിങ്കൽ

(അമ്മ മേരിയോടൊപ്പം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

290

അമ്മേ അമ്മേ തായേ

അമ്മയ്ക്കേക മകനെ
ആത്മാവിലും സത്യത്തിലും ആരാധിയ്ക്കുന്നു

അമ്മേ അമ്മേ തായെ
അപ്പമില്ലാതാകുമ്പോൾ
അപ്പത്തിൽ വാഴുന്നോനെ
ഞാൻ ആരാധിയ്ക്കുന്നു

അമ്മേ അമ്മേ തായെ
മനസ്സിൻ ഭാരം കൂടുമ്പോൾ
ശിരസ്സിൽ മുൾമുടി അണിഞ്ഞവനെ
ഞാൻ ആരാധിയ്ക്കുന്നു

അമ്മേ അമ്മേ തായെ
ഹൃദയം നീറി പുകയുമ്പോൾ
തിരുഹൃദയത്തിൻ
രാജനെ ഞങ്ങൾ ആരാധിയ്ക്കുന്നു

അമ്മേ അമ്മേ തായെ
പ്രലോഭനങ്ങൾ പെരുകുമ്പോൾ
പരീക്ഷിയ്ക്കപ്പെട്ടവനെ
ഞാൻ ആരാധിയ്ക്കുന്നു

അമ്മേ അമ്മേ തായെ
കയ്യും മെയ്യും തളരുമ്പോൾ
കൈകാലുകളിൽ മുറിവേറ്റോനെ ആരാധിയ്ക്കുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

291

ഇടനെഞ്ചിലെരിയുന്ന കനലിന്റെ ചൂടേററ്
കൊഴിയുന്ന കണ്ണുനീർ മുത്തെടുത്ത്
അമ്മേ നിനക്കായ് ഞാൻ കോർത്തൊരുക്കി
അൻപത്തി മൂന്നുമണി ജപമാല (2)

കണ്ണീരിൽ കനിയുന്നൊരമ്മയല്ലേ
ഹൃദയത്തിൻ ആശ്വാസ ഗീതമല്ലേ
ഹൃദയേശ്വരനാം നിൻ മകനെൻ
കൈകളിൽ നൽകിയോരമ്മയല്ലേ
അമ്മേ നിൻ സ്നേഹലാളനങ്ങൾക്കായ്
ഞാൻ നിനക്കേകുന്ന ജപമാല (2)

അമലയാം അമ്മതൻ പുണ്യമല്ലേ
സ്നേഹത്തിൻ സാഗരതിരകളല്ലേ
നിത്യസഹായത്തിൻ വാതിലല്ലേ
ഒരു നാളുമണയാത്ത ദീപമല്ലേ
എന്നെ നിൻമകനേശുവിൽ ചേർക്കാൻ
എന്നുള്ളം നൽകുന്ന ജപമാല (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

292

എളിമയെന്ന പരമപുണ്യം തരണമിന്നമ്മേ
നിന്റെ ചെറിയ മക്കൾക്ക് (2)
നിന്റെ ചെറിയ മക്കൾക്ക് (4)

ദൈവദൂതനോടു നാഥാ അടിമയെന്നിതാ
ചൊന്ന ദൈവജനനിയേ (2)
ചൊന്ന ദൈവജനനിയേ (4)
(എളിമയെന്ന പരമപുണ്യം

തകർക്കും നിഗളമൊക്കെ
ദൈവമിങ്ങനെ റൂഹാ
നിറഞ്ഞരുളി നീയല്ലോ (2)
നിറഞ്ഞരുളി നീയല്ലോ (4)
(എളിമയെന്ന പരമപുണ്യം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

293

എന്നമ്മയെയോർക്കുമ്പോൾ മാതാവേ
നിന്നെ ഞാനോർക്കുന്നു മിഴിനീരോടെ
വ്യാകുലമാതാവേ നിന്നെ ഞാൻ ക    ത്
ആദ്യമാ കൺകളിലാ. . . .
പ്രാർത്ഥന ഒഴുകുന്ന മിഴിനീരിലാ. . .

പൊട്ടിയിട്ടും കൂട്ടിക്കെട്ടിയ പഴയൊരു
ജപമാല വീട്ടിലു ായിരുന്നു
സഹനത്തിൽ ഈശോയെ പിരിയാത്തൊരമ്മ തൻ
ഹൃദയസ്പന്ദനം അതിൽ കേട്ടിരുന്നു
എന്റെ യാത്രതൻ താളമതായിരുന്നു
(എന്നമ്മയെയോർക്കുമ്പോൾ
നന്മ നിറഞ്ഞ മറിയമെ ചൊല്ലവേ
നാവിന്റെ പിഴയവൾ തീർത്തിടുന്നു
മാതാവിൻ വഴിയിലൂടെ ഈശോയിലെത്തുന്ന
കുറുക്കു വഴിയവൾ അറിഞ്ഞിരുന്നു.
(എന്നമ്മയെയോർക്കുമ്പോൾ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

294

എത്രയും ദയയുള്ള മാതാവേ നിൻ
സങ്കേതം തേടി വരുന്നു ഞങ്ങൾ
നിൻ ചാരത്തോടിയണഞ്ഞവരെ നീ
ഒരു നാളും കൈവിടില്ലല്ലോ തായേ
ഒരു നാളും കൈവിടില്ലല്ലോ തായേ
(എത്രയും ദയയുള്ള
ശരണം ഗമിപ്പൂ നിൻ തൃപ്പാദത്തിൽ
കരുണതൻ നിറകുടമാകുമമ്മേ (2)
കനിവോടെ ഇവരെ നീ കാക്കണമേ
കന്യകമാരുടെ റാണി നീയേ (2)
(എത്രയും ദയയുള്ള
നെടുവീർപ്പും കണ്ണീരും കൈമുതലായ്
അലയുമീ പാപികൾ തനയരല്ലോ (2)
അതിരില്ലാ തിൻ ദയാ വായ്പിലിതാ
അഭയത്തിനണയുന്നു സാധു ശീലർ (2)
(എത്രയും ദയയുള്ള
അവതാരം ചെയ്തൊരു വചനത്തിെ–
അമലയാം അംബികേ ന പൂർണ്ണേ
അവനിയിൽ സുതരുടെ യാചനകൾ

അലിവോടെ കേട്ടു നിന്നഭയമേകൂ
(എത്രയും ദയയുള്ള

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

295

കനിവോലുമമ്മേ കന്യാംബേ
കനിവേകുമാശ്രയമേ
സകലേശനമ്മേ ധന്യാംബേ
സുവിശേഷ താരകമേ
മരിയേ നിർമ്മലേ മരിയേ കീർത്തിതേ
(കനിവോലു........

ആദിമ വാക്യം ആഗത വാക്യം
ഉൾക്കൊള്ളും നേരം
ഇതാ നിൻ ദാസി നിന്നുടെ ഇഷ്ടം
എന്നുര ചെയ്തവളേ (2)
മരിയേ നിർമ്മലേ മരിയേ കീർത്തിതേ
(കനിവോലു........

ക്രൂശിൻ കീഴെ നെയ്ത്തിരി പോലെ
കത്തിയെരിഞ്ഞവളേ
സ്വജീവൻ വെടിയാൻ സുതനോടൊപ്പം
അർപ്പിതയായവളേ (2)
മരിയേ നിർമ്മലേ മരിയേ കീർത്തിതേ
(കനിവോലു........

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

296

കർമ്മലസുമമേ നറുതേൻ കുടമേ
സ്വർഗ്ഗകുമാരനെ പെററുവളർത്തിയ
നിർവൃതി തൻ നിറകുടമേ (2)

കന്യകേനിൻ ഉദരത്തിലല്ലോ
വചനം മാംസമായ് കതിർചൊരിഞ്ഞു
നിന്നാത്മാവിൻ തടത്തിലല്ലോ
വാഗ്ദാനസൂനം ഇതൾവിരിഞ്ഞു
(കർമ്മലസുമമേ

കന്യകേ നിൻ മടിത്തട്ടിലെന്നും
ഞങ്ങൾക്കിരിക്കാൻ ഇടം തരില്ലേ
മുള്ളുകൾക്കിടയിൽ പുഞ്ചിരിതൂകും
നീയൊരു പുഷ്പസുഗന്ധമല്ലേ

(കർമ്മലസുമമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

297

കർമ്മലസുമമേ നിർമ്മലസുമമേ
നിത്യവിശുദ്ധേ കർമ്മലറാണീ
നിർദ്ധനരാകും നിൻ സുതരിവരിൽ
എന്നും താങ്ങും തണലും നീ
എന്നും താങ്ങും തണലും നീ

(കർമ്മലസുമമേ

ഈശോ മിശിഹാ തൻ തിരുവചനങ്ങൾ
കൈക്കൊണ്ടവളേ കനകാംബികയേ
പാപച്ചേറ്റിൽ വീഴാതിവരെ
പാലിക്കണമേ പാവന ജനനീ

(കർമ്മലസുമമേ

നിൻ തിരുമുമ്പിൽ യാചന ചെയ്യും
ഈ മക്കളെ നീ തള്ളരുതമ്മേ
നിൻ പദമലരിൽ ചേർക്കണമിവരെ
നിത്യാനന്ദം പകരണമലിവാൽ

(കർമ്മലസുമമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

298

കുരിശിൻ ചുവട്ടിലെ അമ്മതൻ നൊമ്പരങ്ങൾ
ആരോടു ഞാനൊന്നു പറയും (2)
നമുക്കായെന്നും യേശുവിൻ മുമ്പിൽ
കേഴുന്നൊരമ്മയെ വിളിക്കാൻ (2)
അമ്മേ മരിയേ. . . അമ്മേ മരിയേ. . .(2)

തള്ളിപ്പറഞ്ഞൊരാ മക്കളെയെന്നും
മാറോടു ചേർക്കുന്നൊരമ്മേ (2)
ജീവിതത്തിൽ എന്നും അനുഗ്രഹം നേടാൻ

അമ്മതൻ പ്രാർത്ഥന മാത്രം (2)
അമ്മേ മരിയേ. . . അമ്മേ മരിയേ. . .(2)

ലോകം മുഴുവൻ പാപത്താൽ നിറയുമ്പോൾ
കരയുന്നോരമ്മയെ വിളിക്കാൻ (2)
സഹനത്തീയിൽ മനമിടറുമ്പോൾ
അമ്മതൻ സാന്ത്വനം മാത്രം (2)
അമ്മേ മരിയേ. . . അമ്മേ മരിയേ. . .(2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

299

ചൊല്ലുന്ന നിമിഷം മാതാവിൻ ചാരെ
ചെല്ലുന്നു ജപമാല വഴിയായ്
കൈയ്യിലിരിക്കുന്ന ഉണ്ണീശോയുടെ
ചാരെയീ ഞാനുമിരിക്കും
എന്തു നല്ലമ്മ എന്നുടെയമ്മ
എനിക്കും ഈശോയ്ക്കും ഒരേയമ്മ

മാലാഖ നിരതൻ സ്തുതിസാഗരത്തിൽ
എൻ സ്വരമരുവിയായ് ചേരും (2)
നൈരാശ്യവനിയിൽ പ്രത്യാശപകരും
പനിനീർ പുഷ്പങ്ങൾ വിടരും (2)
എന്തു നല്ലമ്മ എന്നുടെയമ്മ
എനിക്കും ഈശോയ്ക്കും ഒരേയമ്മ

അകതാരിലേകും ആത്മസുഗന്ധം
സ്നേഹത്തിലൊന്നായ ബന്ധം (2)
മാനവർക്കെന്നും മാദ്ധ്യസ്ഥമേകി
സഹരക്ഷകയായി നിൽപ്പൂ (2)
എന്തു നല്ലമ്മ എന്നുടെയമ്മ
എനിക്കും ഈശോയ്ക്കും ഒരേയമ്മ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

300

ജയ്ഹോ തേരീ മറിയം മാതാ (2)

ആയേ ഹം സബ് ചരണ് തുമ്ഹാരി (2)
ജയ്ഹോ തേരീ മറിയം മാതാ

മറിയം മാതാ ശാന്തി കി റാണി (2)
ജയ്ഹോ തേരീ മറിയം മാതാ (2)

മറിയം മാതാ ജഗ് കല്യാണി (2)
ജയ്ഹോ തേരീ മറിയം മാതാ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

301

ജപമാല കൈകളിലേന്തി
അണിചേർന്നു ഞങ്ങൾ വരുന്നു
നൻമനിറഞ്ഞവൾക്കെന്നും സ്വസ്തി
അധരങ്ങളാലപിക്കുന്നു.
അമ്മേ എന്റെ ആശ്രയമേ
എന്റെ അമ്മേ ആശ്രയമേ (2)
(ജപമാല

ഹൃദയത്തിൽ ദൈവത്തിൻ വചനം
സംഗ്രഹിച്ചവളെന്നും ധന്യ
വചനത്തെ മാംസം ധരിക്കാൻ
സമർപ്പണം ചെയ്തവൾ വന്ദ്യ
അമ്മേ എന്റെ ആശ്രയമേ
എന്റെ അമ്മേ ആശ്രയമേ (2)
(ജപമാല

പരിശുദ്ധ അമ്മേ മരിയേ
പാപികൾ മക്കൾ വിളിപ്പൂ
ഇപ്പോഴും മരണ നേരത്തും
പ്രാർത്ഥിച്ചിടണേ ഞങ്ങൾക്കായ്
അമ്മേ എന്റെ ആശ്രയമേ
എന്റെ അമ്മേ ആശ്രയമേ (2)
(ജപമാല

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

302

ജ്ഞാനത്തിൻ ഇരിപ്പിടമേ
ദൈവനാമത്തിൻ ഇരിപ്പിടമേ
സ്നേഹത്തിൻ പൊൻമലരേ
ദൈവസ്നേഹത്തിൻ പൊൻമലരേ
അമ്മേ ദൈവമാതാവേ
അമ്മേ എന്റെ ദൈവമാതാവേ
ആവേ ആവേ ആവേ മരിയ
പാപികൾക്കാശ്രയമേ അമ്മേ
രോഗികൾക്കാലംബമേ
കരുണതൻ നിറകുടമേ
ഞങ്ങൾക്കു സങ്കേതമേ
(അമ്മേ ദൈവ.....
വഴിയറിയാതലയുന്ന മക്കൾക്ക്
സ്വർഗ്ഗീയവാതിലായ് തീർന്നവളേ
ഉഷകാല താരകമേ സ്വർഗ്ഗരാജ്ഞി
ഞങ്ങളെ ഈശോയിൽ ചേർക്കണമേ
(അമ്മേ ദൈവ......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

303

ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

നിൻ തിരുസവിധേ മുട്ടുകുത്തും
പാവങ്ങളിവർക്കായ് പ്രാർത്ഥിക്കണേ
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

പാപത്തിൻ പിടിയിൽ അമർന്നിടുമീ
പാരിന്റെ മദ്ധ്യസ്ഥയാകേണമേ
ത്രീലോകരാജ്ഞി മേരി അമ്മേ

പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

കാലത്തിൻ മാററങ്ങൾ തിരിച്ചറിയാൻ
കർത്താവിലേയ്ക്ക് നടന്നീടുവാൻ
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

കുർബാനയായ്ത്തീർന്ന കർത്താവിനെ
ഹൃദയത്തിലെന്നും പൂജിക്കുവാൻ
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

കരുണതന്നവതാരം ആക്കേണമേ
ദിവ്യകാരുണ്യത്തിൽ വളർത്തേണമേ
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

വ്യഥയാർന്ന മനസ്സിൽ സുഖമേകുവാൻ
നിൻ പുത്രനോടൊന്നുണർത്തിക്കണേ
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

എൻ ചിത്തമെന്നും രക്ഷകനിൽ
ആനന്ദിച്ചീടാൻ തുണയേകണേ
ത്രീലോകരാജ്ഞി മേരി അമ്മേ
പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

ത്രീയേക ദൈവമീ സാധുവിലും
വൻകാര്യം ചെയ്യാൻ പ്രാർത്ഥിക്കണേ

ത്രീലോകരാജ്ഞി മേരി അമ്മേ

പ്രാർത്ഥിക്കണേ നീ ഞങ്ങൾക്കായ്

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

304

ദൈവപുത്രന്റെ ജനനീ നാഥേ
ത്രിലോകരാജ്ഞീ ദൈവമാതേ
സെഹിയോൻശാലയിൽ പ്രാർത്ഥിച്ച നാഥേ
ഞങ്ങൾക്കായമ്മേ പ്രാർത്ഥിക്കണേ

അമ്മേ അമ്മേ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ (2)

കഥനക്കടലിൽ വീണുഴലുമ്പോൾ
കുരിശുവഹിച്ചു തളർന്നിടുമ്പോൾ (2)
കാൽവരിയാത്രയിൽ ആശ്വാസമേകിയ
കരുണതൻ കടലേ അമ്മേ (2)

(ദൈവപുത്രന്റെ

ഇരുളിലലയും വേളകളിൽനാം
മനസ്സുതകർന്നു കരഞ്ഞിടുമ്പോൾ
ജീവിതപാതയിൽ അഭയമരുളാൻ
വരികയില്ലേ നീ അമ്മേ (2)

(ദൈവപുത്രന്റെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

305

നന്മ നേരുമമ്മ വിണ്ണിൻ രാജ കന്യ
ധന്യ സർവ്വവന്ദ്യ, മേരി ലോകമാതാ(2)
കണ്ണിലുണ്ണിയാകും ഉണ്ണിയേശു തൻ–
അമ്മയായ ദേവീ, മേരി ലോകമാതാ

മാതാവേ മാതാവേ മന്നിൽ ദീപംനീയേ
നീയല്ലോ നീയല്ലോ നിത്യ സ്നേഹധാര
ആശാപൂരം നീയേ ആശ്രയതാരംനീയേ
പാരിൻതായ നീയേ മേരി ലോകമാതാ

(നന്മ നേരുമമ്മ

പാവങ്ങൾ പൈതങ്ങൾ പാദം കൂപ്പിനിൽപ്പൂ

സ്നേഹത്തിൻ കണ്ണീരാൽ പൂക്കൾ തൂകി നിൽപ്പൂ
കുമ്പിൾ നീട്ടും കയ്യിൽ
സ്നേഹം തൂകും മാതാ
കാരുണ്യാധി നാഥാ മേരി ലോകമാതാ

(നന്മ നേരുമമ്മ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

306

നീയെൻെറ വെളിച്ചം
ജീവൻെറ വെളിച്ചം
നീയെന്നഭയമല്ലേ അമ്മേ
നീയെന്നഭയമല്ലേ
കൈവെടിയരുതേ കന്യാമറിയമേ
കനിവിൻ കേതാരമേ അമ്മേ
കനിവിൻ കേതാരമേ

(നീയെൻെറ വെളിച്ചം. . .

എൻെറ ഹൃദയം തളരും നേരം
എനിക്ക് താങ്ങായ് നിൽക്കേണമേ (2)
നിൻെറ ദയതൻ കൈപടവിൽ നീ
എന്നെ ഇരുത്തേണമേ
അമ്മേ കനിവിൻ കേതാരമേ

(നീയെൻെറ വെളിച്ചം. . .

അപമാനത്തിൻ അഗ്നിയിലെരിയും
ഇടയകന്യക ഞാൻ (2)
ഈ ശരപഞ്ജരം വെടിയാൻ കനിയൂ
യേശുമാതാവേ
അമ്മേ കനിവിൻ കേതാരമേ

(നീയെൻെറ വെളിച്ചം. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

307

നിൻ ദിവ്യപാദം തേടുന്നു ഞങ്ങൾ
പരിശുദ്ധ മാതാവേ അമ്മേ പാപികൾക്കാശ്രയമേ
നിൻ ദിവ്യപാദം തേടുന്നു ഞങ്ങൾ
നിത്യസഹായം നീയേ അമ്മേ പാപികൾക്കാലംബമേ

അമ്മേ അമലേ ജപമാല റാണി
പ്രാർത്ഥിക്കണമേ കന്യാംബികേ (2)

ജീവിതഭാര ചുമടേന്തി ഞങ്ങൾ
വലയുന്നു മിഴിനീരുമായ്
കരുണാർദ്ര സ്നേഹമെ അലിവോടെയെന്നും
മിഴിനീർ തുടച്ചീടണെ
അമ്മേ, മിഴിനീർ തുടച്ചീടണെ
അമ്മേ അമലേ ജപമാല റാണി
പ്രാർത്ഥിക്കണമേ കന്യാംബികേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

308

നിന്റെ സ്നേഹമേലങ്കിയാൽ
അമ്മേ എന്നെ പുതപ്പിക്കണേ
നിൻ സുതന്റെ രക്തക്കുളത്തിൽ
അമ്മേ എന്നെ കുളിപ്പിക്കണേ (2)

കുളിപ്പിക്കണേ എന്നെ പുതപ്പിക്കണേ
എന്നും കുളിപ്പിക്കണേ എന്നെ പുതപ്പിക്കണേ (2)
ക്രൂശിൻ മാറിൽ ഞാനുറങ്ങട്ടേ (4)

സ്വർഗ്ഗ താതനുയർത്തിയ സ്ത്രീയെന്നെ
തഴുകുമ്പോൾ സ്നാനം പൂർണ്ണമാകും
ആ സ്നാനത്തിൻ ശേഷമെൻ
നാഥനെക്കാണുമ്പോൾ ആനന്ദം പൂർണ്ണമാകും

ആനന്ദം റൂഹയായി ആത്മാഭിഷേകമായി
എന്നെച്ചുററിപ്പറന്നുയരും
നിന്നോടൊപ്പം സ്തുതി പാടീടുമ്പോൾ
എന്നും ശാലോം ശാലോം ഉള്ളിൽ ശാലോം ശാലോം (2)

നിന്റെ സ്നേഹമേലങ്കിയാൽ
അമ്മേ എന്നെ പുതപ്പിക്കണേ
നിൻ സുതന്റെ രക്തക്കുളത്തിൽ
അമ്മേ എന്നെ കുളിപ്പിക്കണേ (2)

കുളിപ്പിക്കണേ എന്നെ പുതപ്പിക്കണേ
എന്നും കുളിപ്പിക്കണേ എന്നെ പുതപ്പിക്കണേ (2)
ക്രൂശിൻ മാറിൽ ഞാനുറങ്ങട്ടേ (4)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

309

നിൻ തകർച്ചയിൽ ആശ്വാസമേകാൻ
നിൻ തളർച്ചയിൽ ഒന്നുചേരാൻ
നിന്നെ താരാട്ട് പാടി ഉറക്കാൻ
ഇതാ .. .ഇതാ നിൻ അമ്മ (2)
(നിൻ തകർച്ചയിൽ

സ്നേഹത്തോടെന്നെ ഉദരത്തിൽ വഹിച്ചവളല്ലോ
ത്യാഗത്തോടെന്നെ കരങ്ങളിൽ താങ്ങിയോളല്ലോ
നിൻ വേദനയിൽ നിൻ സഹനത്തീയിൽ
തിങ്ങിവിതുമ്പും നിൻ ഹൃദയക്കോണിൽ
നിർമ്മലസ്നേഹത്തെളിനീരു നൽകാൻ
ഇതാ. . . . ഇതാ നിൻ അമ്മ (2)
(നിൻ തകർച്ചയിൽ

തിരുക്കുടുംബത്തിൻ നാഥയാണമ്മ
തിരുസഭയുടെ നാഥയാണമ്മ
നിത്യം പരിശുദ്ധ മറിയമാമമ്മ
ഇതാ. . . . ഇതാ നിൻ അമ്മ (2)
(നിൻ തകർച്ചയിൽ

പാപികൾക്കെന്നെന്നും ആശ്രയമായവളല്ലോ
പാപിക്കായെന്നും പ്രാർത്ഥിക്കുന്നവളല്ലോ
പാപച്ചേറ്റിൽ നീ പിടയുമ്പോൾ
സാന്ത്വനമേകാൻ നിൻ കണ്ണീരൊപ്പാൻ
നിന്നെയെന്നും മാറോടു ചേർക്കാൻ
ഇതാ. . . . ഇതാ നിൻ അമ്മ (2)
(നിൻ തകർച്ചയിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

310

നിത്യവിശുദ്ധയാം കന്യാമറിയമേ

നിൻ നാമം വാഴ്ത്തപ്പെടട്ടെ
നന്മ നിറഞ്ഞനിൻ സ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ

(നിത്യവിശുദ്ധയാം

കാറ്റുവിതച്ചു കൊടുങ്കാറ്റു കൊയ്യുന്ന
മേച്ചിൽ പുറങ്ങളിലൂടെ (2)
അന്തിക്കിടയനെ കാണാതലഞ്ഞീടും
ആട്ടിൻ പറ്റങ്ങൾ ഞങ്ങൾ, മേയും
ആട്ടിൻ പറ്റങ്ങൾ ഞങ്ങൾ.

(നിത്യവിശുദ്ധയാം

ദു:ഖിതർ ഞങ്ങൾക്കായ് വാഗ്ദാനം കിട്ടിയ
സ്വർഗ്ഗ കവാടത്തിൻ മുമ്പിൽ (2)
മുൾമുടി ചൂടി കുരിശു ചുമന്നിതാ
മുട്ടി വിളിക്കുന്നു ഞങ്ങൾ, ഇന്നും
മുട്ടി വിളിക്കുന്നു ഞങ്ങൾ

(നിത്യവിശുദ്ധയാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

311

മറിയത്തോടൊത്തു ധ്യാനിച്ചിടാം

ദൈവാത്മാവാൽ നിറഞ്ഞിടാം

മറിയത്തോടൊത്ത് ജീവിച്ചിടാം

ദൈവാത്മാവിൽ വളർന്നിടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

312

മേരിമനോജ്ഞേ ദേവമാതാവേ
പാപികൾക്കാശ്രയം നീയേ
ഞങ്ങൾക്കഭയം നീയേ (2)

(മേരിമനോജ്ഞേ. . .

നിർമ്മലമാം നിൻ ചേവടിയിൽ
ആശ്രയം തേടിവന്നീപഥികർ
സ്വർഗ്ഗീയ ഭാഗ്യം തേടുന്നു ഞങ്ങൾ

ആനയിക്കൂ ഞങ്ങളെ (2)

(മേരിമനോജ്ഞേ. . .

പാപത്തിൻ ചുഴിയിലലയുന്നു ഞങ്ങൾ
ആലംബമെന്യേ കേണിടുന്നു
പൊൻകരം നീട്ടി ശാന്തി തൻ നാട്ടിൽ
ആനയിക്കൂ ഞങ്ങളെ (2)

(മേരിമനോജ്ഞേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

313

ലോകത്തിൻ അമ്മയാം മേരി മാതേ
അടിയങ്ങൾക്കേകണെ നിൻ ആശ്രയം
കരതലം നീട്ടി നീ കാത്തിടേണെ
അടിയങ്ങൾക്കായെന്നും പ്രാർത്ഥിക്കേണെ

അമ്മേ അമ്മേ മേരി മാതാവെ
അമ്മേ അമ്മേ ആശ്രയമേകണമെ

(ലോകത്തിൻ അമ്മയാം

അല്ലലിൽ ജീവിതം ഉലഞ്ഞിടുമ്പോൾ
ആഴക്കടലിൽ ഞാൻ വീണിടുമ്പോൾ (2)
ആലംബഹീനർക്ക് അമ്മയായ് നീയെന്നും
ആശ്രയമേകിടണെ (2)

അമ്മേ അമ്മേ മേരി മാതാവെ
അമ്മേ അമ്മേ ആശ്രയമേകണമെ

(ലോകത്തിൻ അമ്മയാം

രോഗശയ്യയിൽ കിടന്നിടുമ്പോൾ
വേദനയിൽ ഞാൻ കേണിടുമ്പോൾ (2)
മിഴിനീർ തുടയ്ക്കുവാൻ ആശ്വാസമേകുവാൻ
നീയെന്നും വന്നീടണെ

അമ്മേ അമ്മേ മേരി മാതാവെ
അമ്മേ അമ്മേ ആശ്രയമേകണമെ

(ലോകത്തിൻ അമ്മയാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

314

നിൻ വിനയം ഇഹലോകം
അതിമോദം വാഴ്ത്തുന്നു

സമുദ്ര താരമേ മേരിമാതേ
സ്വർഗ്ഗ തീരമേ മേരിമാതേ
ത്യാഗരൂപമേ മേരിമാതേ
സ്നേദീപമേ മേരിമാതേ (2)
നിൻസഹനം സുരലോകം
സ്തുതിയോടെ ഓർക്കുന്നു
നിൻ വിനയം ഇഹലോകം
അതിമോദം വാഴ്ത്തുന്നു (2)

(സമുദ്ര താരമേ

വിനയാന്വിതരെ കനിവോടെ
ദൈവമുയർത്തും എന്നതിന്
ഈ മണ്ണിൽ കൺമുൻപിൽ മേരിയൊരടയാളം
മേരിയൊരടയാളം മണ്ണിൽ മേരിയൊരടയാളം
വിശ്വസിക്ക ഹൃദയതലത്തിൽ മേരിയൊരടയാളം
നിൻസഹനം സുരലോകം
സ്തുതിയോടെ ഓർക്കുന്നു
നിൻ വിനയം ഇഹലോകം
അതിമോദം വാഴ്ത്തുന്നു (2)

(സമുദ്ര താരമേ

ദൈവത്തിൻ തിരുമുമ്പിൽ എളിയൊരു ദാസി
ദൈവത്തിൻ കനിവാൽ നീ സ്വർഗ്ഗറാണി
പാപികളാകും മാനവമക്കൾക്കെന്നും
പാവനമാകും മാർഗ്ഗം രാജകന്യേ

(നിൻസഹനം സുരലോകം

(സമുദ്ര താരമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

315

സൗമ്യേ, സിന്ധുയാത്ര മാതാവേ,

സുസ്മിത പ്രഭാമയീ മുദാ
പ്രാർത്ഥനയാം പൂവുകൾ മുമ്പിൽ
അർച്ചനയായേകിടുന്നിതാ
യാത്രികർ ഞങ്ങൾ യാത്രികർ
ധരയിൽ തീർത്ഥയാത്രികൾ
സഹായിയായിടൂ സദാ
സഹചാരിയായിടൂ സദാ
(സൗമ്യേ, സിന്ധുയാത്ര

നോവുറങ്ങും മാനസത്തിൻ
നടവഴിയിൽ വന്നു നീ (2)
സാന്ത്വന തൂവാല സ്പർശം
ഏകിടുന്ന വേളയിൽ
ഓർത്തിടുന്ന നാളുകൾ
ഓമനസുതൻ ചാരെയായി
കാലിമേയും തൊഴുത്തിലും
കാൽവരി തൻ മുറിവിലും
അമ്മയായ് നിറഞ്ഞു നീ
വേദനകൾ ഏററു നീ

സൗമ്യേ, സിന്ധുയാത്ര മാതാവേ,
സുസ്മിത പ്രഭാമയീ മുദാ (2)

കാററിലും കടലലയിലും
കാലമാം വൻ ചുഴിയിലും (2)
ആർത്തിര വന്നീടുമ്പോൾ
ജീവിതമാം നൗകയെ
സാഗരം നിൻ കൈകളിൽ
നൽകിടുമ്പോൾ ഞങ്ങളിൽ
സാന്ത്വനമായ് ശാന്തിയായ്
താരമായ് തെളിഞ്ഞിടൂ
സന്തതം നയിച്ചീടൂ ദിവ്യഭാവമേകിടൂ.

സൗമ്യേ, സിന്ധുയാത്ര മാതാവേ,
സുസ്മിത പ്രഭാമയീ മുദാ

പ്രാർത്ഥനയാം പൂവുകൾ മുമ്പിൽ
അർച്ചനയായേകിടുന്നിതാ
യാത്രികർ ഞങ്ങൾ യാത്രികർ
ധരയിൽ തീർത്ഥയാത്രികൾ
സഹായിയായിടൂ സദാ
സഹചാരിയായിടൂ സദാ
(സൗമ്യേ, സിന്ധുയാത്ര

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

316

സ്വസ്തി മരിയേ അമ്മേ അമലേ
അമ്മേ സ്വസ്തി അമലേ സ്വസ്തി (2)
അമ്മേ അമലേ സ്വസ്തി
കനിവിൻ പൊരുളേ സ്വസ്തി
നിന്നപദാനം വാഴ്ത്തിപ്പാടാൻ
അങ്ങേ മക്കൾ അണിചേരുന്നു
(അമ്മേ അമലേ. . .

തരണേ നിൻ അകതാരിൽ
ഞങ്ങൾക്കെന്നും ശരണം അമ്മേ (2)
വരണേ നിലവിളി കേൾക്കും നേരം
അപകട വഴിയിൽ തായേ (2)

അമ്മേ ശരണം തരണേ അഭയം
വരണേ അരികെ തരണേ കൃപ നീ (2)
(അമ്മേ അമലേ. . .

നൻമനിറഞ്ഞവളമ്മേ
ചൊരിയണമേ നിൻ കൃപകൾ (2)
കരുണാരൂപിണി അംബികയേ
വത്സല തായേ വരണേ (2)

അമ്മേ ശരണം തരണേ അഭയം
വരണേ അരികെ തരണേ കൃപ നീ (2)
(അമ്മേ അമലേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

317

ആദി ചൈതന്യമേ ആത്മ ചൈതന്യമേ
പരിശുദ്ധാത്മാവേ പറന്നിറങ്ങണമേ (2)
ആദ്യനൂററാ ിൽ പെന്തക്കുസ്താനാളിൽ
അഭിഷേകമാരി ചൊരിഞ്ഞവനേ
നിറയണമേ വന്നു നിറയണമേ
ഹല്ലേലൂയ പാടുമീ ദാസരിൽ (ആദ്യ..

ശൂന്യമാമെൻ ജീവിതത്തിനു രൂപമേകുവാൻ
ദൈവസ്നേഹമായ് നീവരണെ പരിശുദ്ധാത്മാവേ(2
തരിശുനിലമാം ഹൃത്തടത്തിൽ
കുളിർതെന്നലായ് വരണേ
ജീവജലമായ് നീ നിറയൂ പരിശുദ്ധാത്മാവേ
(ആദ്യനൂററാ ിൽ

സ്വർത്ഥജഡമോഹങ്ങളെ ചാമ്പലാക്കുവാൻ
ആത്മഫലങ്ങളായ് നീവരണെ പരിശുദ്ധാത്മാവേ (2
നിത്യജീവനിലേക്കെന്നെ നയിച്ചീടുവാൻ വരണേ
ദാനവരങ്ങളായ് നീ നിറയൂ പരിശുദ്ധാത്മാവേ
(ആദി ചൈതന്യമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

318

ആത്മാവിൻ തീനാളങ്ങൾ മഴയായ് പെയ്യട്ടെ (2)
ആദിമസഭയുടെ കൂട്ടായ്മയിൽ
ആത്മാവിൻ തീമഴ പെയ്തതുപോൽ
(ആത്മാവിൻ തീനാളങ്ങൾ
വചനം ഘോഷിക്കുമീ വേളയിൽ
നിൻ നാമം പാടുമീ കൂട്ടായ്മയിൽ
(ആത്മാവിൻ തീനാളങ്ങൾ
ദാഹിച്ചു പ്രാർത്ഥിക്കും നിൻദാസരിൽ
നാഥനെ വാഴ്ത്തുമീ കൂട്ടായ്മയിൽ
(ആത്മാവിൻ തീനാളങ്ങൾ
ആത്മാവിലാരാധിക്കും നിൻദാസരിൽ
ആത്മാവിൽ പ്രാർത്ഥിക്കും കൂട്ടായ്മയിൽ
(ആത്മാവിൻ തീനാളങ്ങൾ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

319

അഭിഷേകം അഭിഷേകം
അഗ്നിമഴ പെയ്തിറങ്ങും അഭിഷേകം (2)
അഗ്നിനാവുകൾ എന്മേൽ പതിക്കുകയായ്
അഗ്നിജ്വാലകൾ എന്മേൽ നിറയുകയായ് (2)

യേശുവിൻ വരവിൻ സമയമായ്
അവൻ ലോകത്തെ മുഴുവൻ ഉണർത്തുകയായ് (2)
തന്റെ മണവാട്ടിയാകും തിരുസഭയെ
കൈകൾ നീട്ടി ഒരുക്കുകയായ് (2)

അഭിഷേകം അഭിഷേകം
അഗ്നിമഴ പെയ്തിറങ്ങും അഭിഷേകം (2)

കണ്ണുകൾ കാണാത്തവർ കാണും
മുടന്തുള്ളവരോ കുതിച്ചുയരും (2)
യേശുവിൻ ശക്തി കവിഞ്ഞൊഴുകി
രോഗികൾക്കെല്ലാം സുഖം പകരും

അഭിഷേകം അഭിഷേകം
അഗ്നിമഴ പെയ്തിറങ്ങും അഭിഷേകം (2)
അഗ്നിനാവുകൾ എന്മേൽ പതിക്കുകയായ്
അഗ്നിജ്വാലകൾ എന്മേൽ നിറയുകയായ് (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

320

ആദിയിൽ ആകാശവും അജ്ഞിതഭൂതലവും
ഉണരും പ്രശാന്തവേളയിൽ നിറഞ്ഞ ചൈതന്യമേ
പരിശുദ്ധാത്മാവേ നിറഞ്ഞുകവിയണമേ (2)

സ്വർഗ്ഗം തുറന്നിറങ്ങി വരൂ പുതുമഴയായ് പെയ്തിറങ്ങൂ
ശ്ലീഹന്മാരിലിറങ്ങിയപോൽ സ്നേഹാഗ്നിയായ് പടരൂ
ആത്മീയ മന്നയായ് ഈ സമൂഹത്തിൽ പൊഴിയൂ

ഫറവോയിൽ നിന്നടിമജനത്തെ
രക്ഷിച്ചവനാം ആത്മാവേ

മോശയ്ക്കും അഹറോനും പുത്തൻജീവൻ
നൽകിയൊരാത്മാവേ (2)

സ്വർഗ്ഗം തുറന്നിറങ്ങി വരൂ
പുതുമഴയായ് പെയ്തിറങ്ങൂ
ശ്ലീഹന്മാരിലിറങ്ങിയപോൽ
സ്നേഹാഗ്നിയായ് പടരൂ
ആത്മീയ മന്നയായ് ഈ സമൂഹത്തിൽ പൊഴിയൂ

ജോർദാൻ നദിയിൽ വെൺപ്രാവായ്
പറന്നിറങ്ങിയൊരാത്മാവേ ദൈവഹിതത്താൽ
ക്രൂശുവഹിക്കാൻ ശക്തി പകർന്നൊരാത്മാവേ (2)
(സ്വർഗ്ഗം തുറന്നിറങ്ങി വരൂ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

321

അരൂപിയാൽ നിറയാൻ കവിയാൻ
വരുന്നിതാ ഞങ്ങൾ
അരൂപി തൻ വരവും കൃപയും
കരുത്തുമേകണമേ
ആ.. ആ.. ആ...
(അരൂപിയാൽ

അനാഥരായ് വിടുകില്ല
അറിഞ്ഞുകൊള്ളൂ നിങ്ങൾ
അയച്ചിടും മമ താതൻ
സത്യാത്മാവിനെയെന്നും
ആ.. ആ.. ആ...
(അരൂപിയാൽ

സഹായകൻ അണയുമ്പോൾ
സദാ വസിച്ചവനുള്ളിൽ
അനുസ്മരിപ്പിച്ചീടും
അനന്തമാമെൻ വചനം
ആ.. ആ.. ആ...
(അരൂപിയാൽ

അസ്വസ്ഥരായലയാതെ
ഭയം വെടിഞ്ഞുണരേണം
പ്രശാന്തി ഞാൻ പകരുന്നു
പ്രമോദ മാനസരാകൂ
ആ.. ആ.. ആ...

(അരൂപിയാൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

322

ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മമാരികൊണ്ട് നിറക്കേണമേ–ഇന്നാത്മ
സന്തോഷം....

ദൈവത്തിൻ– തേജസ്സിന്നിവിടെ
പ്രകാശിക്കവേണം വെളിച്ചമായ്
പാപത്തിൻ– എല്ലാ അന്ധകാരവും
എല്ലാ ഉള്ളത്തിൽനിന്നും നീങ്ങിപ്പോകട്ടെ

(ആത്മസന്തോഷം

സ്വർഗ്ഗസന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മശക്തിയാലെന്നെ നടത്തേണമേ
കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളേയും
മെഴുകുപോലിന്ന് ഉരുക്കേണമേ

(ആത്മസന്തോഷം

ആത്മനിലങ്ങളെ ഒരുക്കീടുവാൻ
സ്വർഗ്ഗസീയോനിലെ വിത്തുവിതപ്പാൻ
നല്ലവണ്ണമതു ഫലം കൊടുപ്പാൻ
ആത്മതുള്ളികൊണ്ട് നനയ്ക്കേണമേ

(ആത്മസന്തോഷം

വെളിച്ചങ്ങൾ വീശുന്നു
അന്ധകാരം മാറുന്നു
ദൈവത്തിൻ– ആത്മാവുള്ളിലാകുമ്പോൾ
മായയായ ലോകത്തിൽ

ഞാൻ ചേർന്നു നിൽക്കാതെ
എൻ രക്ഷകനാം യേശുവിൽ ഞാനാശ്രയിച്ചീടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

323

ആത്മാവാണെൻ സഹായകൻ
ഇപ്പോഴും എപ്പോഴും എല്ലായിപ്പോഴും
എന്നോടൊപ്പം ആയിരിക്കുന്നവൻ
ആത്മാവാണെൻ സഹായകൻ (2)

എൻ ബലഹീനതയിൽ ആത്മാവെന്നെ സഹായിക്കുന്നു
എൻ ശരീരത്തിൻ വാസനകൾ
ആത്മാവെടുത്തു മാററുന്നു (2)

പ്രാർത്ഥിക്കാനെന്നെ പഠിപ്പിക്കുന്നു
സ്നേഹിക്കുവാനും ക്ഷമിക്കാനും
വചനത്താലെന്നെ നിറയ്ക്കാനും
ആത്മാവെന്നെ സഹായിക്കുന്നു
(ആത്മാവാണെൻ സഹായകൻ

ദൈവത്തിൻ നിഗൂഢ രഹസ്യങ്ങൾ
ആത്മാവെന്നിൽ പകർന്നിടുന്നു
ബുദ്ധിയും ബോദ്ധ്യവും ദൈവീകശക്തിയും
ആത്മാവെന്നിൽ ചൊരിഞ്ഞിടുന്നു (2)
(ആത്മാവാണെൻ സഹായകൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

324

ആത്മാവേ പരിശുദ്ധാത്മാവേ (2)
എൻ ഹൃദയത്തിൽ വാഴും ആത്മാവേ
നിറയണമേ എന്നിൽ നിറയണമേ
ജീവജലത്തിൻ അരുവിയായ്
നിറഞ്ഞു കവിഞ്ഞൊഴുകണമേ
സ്നേഹാഗ്നി ജ്വാലയായ്
എന്നിൽ കത്തിപ്പടരണമേ
(ആത്മാവേ

ദൈവത്തിന്നാലയം ഞാനല്ലോ

ദൈവത്തിൻ കൂടാരം ഞാനല്ലോ
ദൈവജനം നാം ദൈവമകൻ ഞാൻ
ദൈവത്തിന്നോമനക്കുട്ടൻ ഞാൻ

(ആത്മാവേ

ദൈവവും മനുഷ്യനും ഒന്നായ നിമിഷം
പാപിയാം ഞാൻ ദൈവസുതനായ് മാറി
പിതാവെന്നോടുകൂടെ പുത്രനെന്നോടുകൂടെ
സ്വർഗ്ഗരാജ്യം എന്നിൽത്തന്നെ

(ആത്മാവേ

ദൈവാത്മാവെന്നിൽ നിറഞ്ഞപ്പോൾ
ദൈവസ്നേഹം എന്നിൽ ചൊരിഞ്ഞപ്പോൾ
ദൈവാത്മാവെ- ആത്മാവിൽലയിച്ചു
ആബാ പിതാവെന്നു ഞാൻ വിളിച്ചു

(ആത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

315

ഉണർവ്വിൻ കൊടുങ്കാറ്റേ നീ വീശണമേ വീ ും (2)
തളരും മനസ്സുകളിൽ നീ
പുതിയൊരു ജീവൻ നൽകണമേ (2)
വീ ും എനിക്കു നൽകണമേ
പുതിയൊരു പെന്തക്കുസ്താ
അഭിഷേകത്തിൻ കൈകൾ എന്നിൽ നീട്ടണമേ

(ഉണർവ്വി.......

അഗ്നിയയ്ക്കണമേ പരിശുദ്ധാത്മാവേ (2)
ശക്തിയയ്ക്കണമേ പരിശുദ്ധാത്മാവേ (2)
ആദിയിലെപ്പോൽ ജനകോടികളെ വീ ുമുണർത്തണമേ
അത്ഭുതങ്ങളും അടയാളങ്ങളും വീ ും നൽകണമേ
അഭിഷേകത്തിൻ കൈകൾ എന്നിൽ നീട്ടണമേ

(ഉണർവ്വി.......

സൗഖ്യം നൽകണമേ പരിശുദ്ധാത്മാവേ(2)
ബന്ധനമഴിയട്ടെ പരിശുദ്ധാത്മാവേ (2)
മാറാ......തീരാ ...വ്യാധികളെല്ലാം
സൗഖ്യം പ്രാപിക്കട്ടെ
തളർന്ന കൈകാൽ മുട്ടുകളെല്ലാം

സൗഖ്യം പ്രാപിക്കട്ടെ
അഭിഷേകത്തിൻ കൈകൾ എന്നിൽ നീട്ടണമേ
(ഉണർവ്വി.......

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

326

ഉണർവ്വിന്നേകാൻ പറന്നിറങ്ങൂ പരിശുദ്ധാത്മാവേ
കഥനങ്ങൾ നീങ്ങാൻ വചനത്തിൻ ജീവൻ
പകർന്നു നൽകണമേ
ദൈവമേ പകർന്നു നൽകണമേ (2)

ഉന്നത ശക്തിയാം ആത്മാവേ
മന്നിതിൽ നീയെഴുന്നള്ളണമേ
ജീവനേകിടാൻ സൗഖ്യമേകിടാൻ
ശാന്തിയേകിടാൻ നീ വരണേ (2)

സ്വർഗ്ഗം തുറന്ന് സ്വർഗ്ഗീയ തീയേ
നീ ഞങ്ങളിൽ വരണേ
ഉണർവ്വിന്റെ കാററായ് ഉയിരേകും കാററായ്
നീ ഞങ്ങളിൽ നിറയൂ (2)

ഉന്നത ശക്തിയാം ആത്മാവേ
മന്നിതിൽ നീയെഴുന്നള്ളണമേ
ജീവനേകിടാൻ സൗഖ്യമേകിടാൻ
ശാന്തിയേകിടാൻ നീ വരണേ (2)

ഉണർവ്വിന്റെ പ്രഭുവേ ഉലകത്തിൻ പ്രഭുവേ
സന്തോഷമേകേണമേ പാപങ്ങൾ നീക്കാൻ
നന്മകളേകാൻ പറന്നിറങ്ങണമേ (2)
(ഉണർവ്വിന്നേകാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

327

എന്നിൽ വാഴും ത്രിത്വമേ
എന്നിൽ കത്തിപ്പടരണമേ (2)
എന്നിൽ വാഴും ആത്മാവേ

എന്നിൽ കത്തിപ്പടരണമേ (2)

എന്നിൽ വാഴും പിതാവേ
ദൈവസ്നേഹം ചൊരിയണമേ
എന്നിൽ വാഴും യേശുവേ
ദൈവസ്നേഹം ചൊരിയണമേ
എന്നിൽ വാഴും ആത്മാവേ
ദൈവസ്നേഹം ചൊരിയണമേ
എന്നിൽ വാഴും ത്രിത്വമേ
എന്നിൽ കത്തിപ്പടരണമേ

കൃപയ്ക്കുമേൽ കൃപ ചൊരിയണമേ
കൃപാവരം ചൊരിയണമേ
തിരുരക്തത്താൽ കഴുകണമേ
പുതിയൊരു ഹൃദയം നൽകണമേ
അശുദ്ധിയാകെയകററണമേ
മാംസളഹൃദയം നൽകണമേ
എന്നാത്മാവിൽ പടരണമേ
മന:സ്സാക്ഷിയിൽ പടരണമേ
അബോധമനസ്സിൽ പടരണമേ
ഉപബോധമനസ്സിൽ പടരണമേ
സുബോധമനസ്സിൽ പടരണമേ
ഇന്ദ്രിയങ്ങളിൽ പടരണമേ
ആസക്തികളിൽ പടരണമേ
ചിന്തകളിൽ പടരണമേ
ഭാവനയിൽ പടരണമേ
എന്നിൽ കത്തിപ്പടരണമേ

എന്നിൽ വാഴും ആത്മാവേ
ദൈവസ്നേഹം ചൊരിയണമേ
എന്നിൽ വാഴും ആത്മാവേ
സമാധാനം നൽകണമേ
എന്നിൽ വാഴും ആത്മാവേ
ആനന്ദം നൽകണമേ

എന്നിൽ വാഴും ആത്മാവേ
ക്ഷമയാലെന്നെ നിറയ്ക്കണമേ
എന്നിൽ വാഴും ആത്മാവേ
ദയയാലെന്നെ നിറയ്ക്കണമേ
എന്നിൽ വാഴും ആത്മാവേ
നന്മയാലെന്നെ നിറയ്ക്കണമേ
എന്നിൽ വാഴും ആത്മാവേ
വിശ്വസ്തത നൽകണമേ
എന്നിൽ വാഴും ആത്മാവേ
സൗമ്യത നൽകണമേ

എന്നിൽ വാഴും ആത്മാവേ
ആത്മസംയമനം നൽകണമേ
എന്നിൽ വാഴും ആത്മാവേ
ധ്യാനത്താൽ നിറയ്ക്കണമേ
എന്നിൽ വാഴും ആത്മാവേ
വിവേകം നൽകണമേ
എന്നിൽ വാഴും ആത്മാവേ
അറിവുകൊ ു നിറയ്ക്കണമേ
എന്നിൽ വാഴും ആത്മാവേ
ഉപദേശം നൽകണമേ
എന്നിൽ വാഴും ആത്മാവേ
ശക്തിയാൽ നിറയ്ക്കണമേ
എന്നിൽ വാഴും ആത്മാവേ
ദൈവഭയം നൽകണമേ
എന്നിൽ വാഴും ആത്മാവേ
ആത്മധൈര്യം നൽകണമേ

എന്നിൽ വാഴും ആത്മാവേ
ജ്ഞാനവചനം നൽകണമേ
എന്നിൽ വാഴും ആത്മാവേ
വിവേകവചനം നൽകണമേ
എന്നിൽ വാഴും ആത്മാവേ
വിവേചനവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ

ഭാഷാവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
പ്രവചനവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
വ്യാഖ്യാനവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
വിശ്വാസവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
രോഗശാന്തിവരം നൽകണമേ

എന്നിൽ വാഴും ആത്മാവേ
അത്ഭുവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
ശുശ്രൂഷവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
പ്രബോധന വരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
പ്രാർത്ഥനാവരം നൽകണമേ
എന്നിൽ വാഴും ആത്മാവേ
വരദാനങ്ങൾ നൽകണമേ
എന്നിൽ വാഴും ആത്മാവേ
വരദാനങ്ങൾ നൽകണമേ
എന്നിൽ വാഴും ആത്മാവേ
എന്നിൽ കത്തിപ്പടരണമേ
എന്നിൽ കത്തിപ്പടരണമേ
എന്നിൽ കത്തിപ്പടരണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

328

ഓ പാവനാത്മാവേ പറന്നിറങ്ങേണമേ
നിൻ വിശുദ്ധി എന്റെ ഹൃത്തിൽ
ഇന്നു നീ നിറയ്ക്കണേ (3)

ഓ സർഗ്ഗശക്തിയേ, ശക്തിയെന്നിലേകണേ
ദൈവസ്തുതി പാടിടാൻ

എന്നിൽ സ്നേഹം നൽകണേ (2)

(ഓ പാവനാത്മാവേ (3)

ഓ സ്വർഗ്ഗകനലേ, നാവിലെന്നെ തൊടണേ
യേശുനാമം പുണ്യനാമം
നാവിലെന്നും ഘോഷിക്കാം (2)

(ഓ പാവനാത്മാവേ (3)

ഓ സ്വർഗ്ഗസൗഖ്യമേ, സൗഖ്യമെനിക്കേകണേ
നിത്യജീവൻ നൽകിടുന്ന
രക്ഷയെനിക്കേകണേ (2)

(ഓ പാവനാത്മാവേ (3)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

329

ഓ..പാവനാത്മാവേ
ശൂന്യത നിറയുമീ താഴ്‌വരയിൽ
ജീവനില്ലാത്ത എൻ ജീവിതത്തിന്മേൽ
വീശിടുക
വീ ും ജീവനേകുക
വീ ും ശക്തിയേകുക
പാവനാത്മാവേ നീ എന്നിൽ നിറഞ്ഞിടുക

ഓ..പാവനാത്മാവേ ദാഹങ്ങളേറെയുള്ള എൻ മനസ്സിൽ
മോഹങ്ങളേറെയുള്ള എൻ ഹൃദയത്തിൽ നിറഞ്ഞീടുക
വീ ും സ്നേഹം നൽകുക
എന്റെ ദാഹം തീർക്കുക
പാവനാത്മാവേ നീ എന്നിൽ നിറഞ്ഞീടുക

ഓ..പാവനാത്മാവേ
മുള്ളുകൾ നിറയും എൻ മരുഭൂവിൽ പാപങ്ങളേറെയുള്ള
എൻ ജഢത്തിന്മേൽ തീയിടുക
വീ ും ശുദ്ധി നല്കുക
വീ ും അഗ്നി നൽകുക പാവനാത്മാവേ
നീ എന്നിൽ നിറഞ്ഞീടുക

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

330

ജീവജലത്തിൻ അരുവിയൊഴുക്കും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

നിത്യസഹായം ഞങ്ങൾക്കേകും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

പാപബോധം ഞങ്ങൾക്കേകും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

നീതിബോധം ഞങ്ങൾക്കേകും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

വചനം കേൾക്കാൻ ഹൃദയമൊരുക്കും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

കൂട്ടായ്മകളിൽ നിറഞ്ഞു നിൽക്കും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

ജീവജലത്തിൻ അരുവിയൊഴുക്കും
പരിശുദ്ധാത്മാവേ
ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

ഞങ്ങളിൽ വന്നു നിറയണമേ
വരദാനങ്ങൾ ചൊരിയണമേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

331

ജീവിക്കും ദൈവത്തിൻ അരൂപിയേ
നവ്യമായെന്നിൽ പതിക്കേണമേ
ഉരുക്കിയെന്നെ നീ വാർത്തെടുക്കൂ
സ്നേഹം നിറച്ചെന്നെ ഉപയോഗിക്കൂ

(ജീവിക്കും ദൈവത്തിൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

332

ജോയേൽ പ്രവാചകൻ വഴിയായ്
വാഗ്ദാനം ചെയ്തതുപോൽ
ഈ ദാസരിൽ നിറഞ്ഞീടുവാൻ
ആത്മാവിനെ വർഷിക്കണമേ

കർത്താവാം ദൈവമേ വാഗ്ദാനംപോൽ
ആത്മാവിനെ വർഷിക്കണമേ
ഹാല്ലേല്ലൂയാ ഹാല്ലേല്ലൂയാ ഹാല്ലേല്ലൂയാ
സ്തോസ്ത്രം ആമേൻ (2)

(ജോയേൽ പ്രവാചകൻ

വൃദ്ധൻമാരിൽ നവസ്വപ്നവും
യുവജനനിരയിൽ ദർശനവും (2)
അടയാളങ്ങളും അൽഭുതവും
സകലരിലും നവജീവിതവും
ഉളവായിടാൻ അരുളിയ പോൽ
ആത്മാവിനെ വർഷിക്കണമേ

(കർത്താവാം ദൈവമേ...

വിശ്വാസത്തിൽ നിലനിൽപ്പും
ചൈതന്യത്തിൽ ഉന്നതിയും (2)
സാക്ഷികളാവാൻ ഉൾബലവും
അഭിഷേകത്തിൻ സൽഫലവും
വരദാനങ്ങളും ഏകിടുവാൻ
ആത്മാവിനെ വർഷിക്കണമേ

(കർത്താവാം ദൈവമേ...

(ജോയേൽ പ്രവാചകൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

333

കർത്താവേ നിന്നാത്മാവാൽ
നിറച്ചീടണേ നിറച്ചീടണേ
സമുദ്രം ജലത്താൽ കവിഞ്ഞിടുമ്പോലെ
നിൻ ജ്ഞാനത്താൽ നിറച്ചീടണേ.... നിറച്ചീടണേ

ജ്ഞാനം ശക്തി വിവേകം ഭക്തി
നമ്മിൽ മഴപോൽ ചൊരിഞ്ഞിടണേ
അറിവ് നീതി ശാശ്വത ശാന്തി
മഞ്ഞുപോൽ നമ്മിൽ അലിഞ്ഞിടട്ടെ

(കർത്താവേ

ദൈവഭയം ആത്മശക്തി
നമ്മിൽ തീ പോലാളും സ്നേഹം
ദയ ബുദ്ധി വിശ്വാസം നന്മ
മഞ്ഞുപോൽ നമ്മിൽ അലിഞ്ഞിടട്ടെ

(കർത്താവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

334

കർത്താവിൻ പ്രിയദാസിയാം
അമ്മയിൽ നിറഞ്ഞുകവിഞ്ഞവനേ
പരിശുദ്ധാത്മാവേ. . . ഞങ്ങളിൽ നിറഞ്ഞീടണേ
പരിശുദ്ധാത്മാവേ. . . ഞങ്ങളിൽ നിറഞ്ഞീടണേ

പാവനാത്മാ സ്നേഹസ്വരൂപാ
ആവസിക്കൂ . . . വ്യാപരിക്കൂഅഭിഷേകം ചെയ്യൂ (2)

(കർത്താവിൻ പ്രിയദാസിയാം

റൂഹായേ നീ എന്റെ ഉള്ളത്തിൽ
ഒരു ചെറുകടുകുപോൽ കിടന്നത് (2)
ഞാനറിയാതെ പോയ്, എന്നിട്ടുമെന്നെ
പിരിയാതെ സ്നേഹിച്ചു നീ (2)

(പാവനാത്മാ സ്നേഹസ്വരൂപാ

നീയെന്നെ ഇത്ര ആഴത്തിൽ

സ്നേഹിച്ചതറിഞ്ഞതാം നിമിഷം (2)
അനുതാപ കണ്ണുനീരെന്റെ
ഹൃദയത്തിൽ നിറഞ്ഞുവല്ലോ (2)
(പാവനാത്മാ സ്നേഹസ്വരൂപാ
(കർത്താവിൻ പ്രിയദാസിയാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

335

തന്നാലും നാഥാ ആത്മാവിനെ
ആശ്വാസ ദായകനേ
തന്നാലും നാഥാ നിൻ ജീവനെ
നിത്യ സഹായകനെ
(തന്നാലും നാഥാ
അകതാരിലുണർവിന- പനിനീരു തൂകി
അവിരാമമൊഴുകി വരൂ
വരദാന വാരിധേ ഫലമേകുവാനായ്
അനുസ്യൂതമൊഴുകി വരൂ (2)
(തന്നാലും നാഥാ
പാപവും പുണ്യവും വേർതിരിച്ചേകുന്ന
ജ്ഞാനമായ് ഒഴുകിവരൂ
ആത്മീയസന്തോഷം ദാസരിൽനൽകുന്ന
സ്നേഹമായ് ഒഴുകി വരൂ (2)
(തന്നാലും നാഥാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

336

ദൈവാരൂപിയേ സ്നേഹജ്വാലയായ്
സ്വർഗ്ഗത്തിൽനിന്നും നീ വരൂ
അഗ്നിനാളമായ് നവ്യജീവനായ്
ഞങ്ങളിൽ വന്നുവാണിടൂ

ശ്ലീഹന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ

ശാന്തിയേകുന്ന ദിവ്യസന്ദേശം

മാനസാന്തര മാർഗ്ഗമായി (2)
യേശുവേക വിമോചകൻ എന്ന്
വിശ്വമാകെ ഉദ്ഘോഷിക്കാൻ (2)

അത്ഭുതങ്ങളും രോഗശാന്തിയും
യേശുവിൻ തിരുനാമത്തിൽ
സാദ്ധ്യമായെന്നും ഈ സമൂഹത്തിൽ
ദൈവരാജ്യം വളർന്നിടാൻ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

337

പരിശുദ്ധ റൂഹായേ പാവനത്മാവേ
എന്നിൽ നിറയേണമേ അകതാരിൽ നിറയേണമേ
അശുദ്ധിയകറ്റേണമേ അലിവു നിറയേണമേ
അഗ്നിയാലെന്നെ നിറയ്ക്കേണമേ
ആത്മം ശുദ്ധീകരിക്കേണമേ
റൂഹായേ കനിയേണമേ
കുളിർ തെന്നൽ വീശേണമേ

ദൈവസ്നേഹം നൽകേണമേ
പാപബോധം നൽകേണമേ
നീതിബോധം നൽകേണമേ
ന്യായവിധികൾ നൽകേണമേ
ഹൃദയം തുറക്കേണമേ വചനം നിറയ്ക്കേണമേ
ജ്ഞാനം പകരണമേ ആനന്ദമേകീടണേ
റൂഹായേ കനിയേണമേ
കുളിർ തെന്നൽ വീശേണമേ

സത്യാത്മവേ വരേണമേ
സത്യത്തിൻ പൂർണ്ണതയേകേണമേ
ചിന്തകൾ ഉയർത്തണമേ സ്വർഗ്ഗീയമാക്കേണമേ
ദർശനമേകേണമേ ദൈവദർശനമേകേണമേ
യേശുവോടൊന്നാകുവാൻ പാവനാത്മാവേ വരൂ....
റൂഹായേ കനിയേണമേ
കുളിർ തെന്നൽ വീശേണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

338

പരിശുദ്ധാത്മാവാം ദൈവമേ
അങ്ങേയ്ക്കാരാധന
പിതാവാനും പുത്രനും
സമനായ ദൈവമേ
അങ്ങേയ്ക്കാരാധന (2)

പിതാവിടേ- യും പുത്രടേ- യും സ്നേഹമേ
അങ്ങേയ്ക്കാരാധന
സ്നേഹം സ്നേഹം സ്നേഹദാതാവേ
അങ്ങേയ്ക്കാരാധന (2)

പിതാവിടേ- യും പുത്രടേ- യും ജീവനേ
അങ്ങേയ്ക്കാരാധന
ജീവൻ ജീവൻ ജീവദാതാവേ
അങ്ങേയ്ക്കാരാധന (2)

പിതാവിനും പുത്രനും സമനായദൈവമേ
അങ്ങേയ്ക്കാരാധന
ത്രിത്വത്തിൽ മൂന്നാമനാം ദൈവമേ
അങ്ങേയ്ക്കാരാധന (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

339

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമേയെ- ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ

(പരിശുദ്ധാത്മാവേ.....

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാര വിരിപ്പു മാറ്റിടും

ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന
മോഹന ദിവ്യ ഗാനമേ

(പരിശുദ്ധാത്മാവേ.....

വിണ്ടുണങ്ങി വരണ്ട മാനസം
കണ്ട വിണ്ണിൻ തടാകമേ
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ

(പരിശുദ്ധാത്മാവേ.....

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

340

പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
വരണേ വരണേ വരണേ
കൃപാവരം തരണേ കൃപാവരം തരണേ
തരണേ തരണേ തരണേ

വിശുദ്ധഗ്രന്ഥം നിറഞ്ഞു നിൽക്കും പരിശുദ്ധാത്മാവേ
വചനത്തിൻ വ്യാഖ്യാനം നൽകും പരിശുദ്ധാത്മാവേ
വിശ്വാസത്തിൻ ഉറപ്പു നൽകും പരിശുദ്ധാത്മാവേ
വിശ്വസ്ഥതയിൽ എന്നെ നയിക്കും പരിശുദ്ധാത്മാവേ

(പരിശുദ്ധാത്മാവേ. . .

വിശുദ്ധി നൽകി വിരസതമാററും പരിശുദ്ധാത്മാവേ
വരങ്ങളാലെ വളർത്തിടുന്ന പരിശുദ്ധാത്മാവേ
സാഹോദര്യസ്നേഹമൊഴുക്കും പരിശുദ്ധാത്മാവേ
ശ്രുതിമധുരത്തിൻ ഗാനം നൽകും പരിശുദ്ധാത്മാവേ

(പരിശുദ്ധാത്മാവേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

341

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു (2)

(പരിശുദ്ധാത്മാവേ

ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിലെന്ന പോൽ ആത്മാവേ
അധികബലം തരണേ (2)

(പരിശുദ്ധാത്മാവേ

ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താ൯- ശക്തിയെ ജയിച്ചീടുവാൻ
ധീരതയോടെ നിൻ സേവ ചെയ്യാൻ
അഭിഷേകം ചെയ്തിടണേ (2)

(പരിശുദ്ധാത്മാവേ

കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നീടുവാൻ
വിൺമഴയെ വീണ്ടുമയക്കണമേ
നിൻ ജനമുണർന്നിടുവാൻ (2)

(പരിശുദ്ധാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

342

പരിശുദ്ധാത്മാവേ വരമേഴും നൽകും
പരിശുദ്ധാത്മാവേ വരണമേ
ഹൃദയത്തിൽ വന്നു നിറയണമേ
മനതാരിൽ വന്നു വാഴണമേ

(പരിശുദ്ധാത്മാവേ

വചനത്തിൻ മന്ന വിതറണമേ
എ൬- പദതാരിൽ ദീപ്തിചൊരിയണമേ(2
ദുരിതത്തിൽ വന്നു പതിയണമേ, എ൬- വ്യഥകളിൽ
സൗഖ്യം നൽകണമേ (2)

(പരിശുദ്ധാത്മാവേ

പതനത്തിൽ എന്നെ കാക്കണമേ
നി൬- കരമേകി താങ്ങി നിർത്തണമേ(2)
മരുഭുവിൽ വെള്ളം പകരണമേ, എ൬- ഹൃദയത്തിൽ
വാസം കൊള്ളണമേ (2)
മരണത്തിൽ എ൬- അരികിലായ് വന്ന്

ആശ്വാസ രാഗം മീട്ടണമേ
വിധിനാളിൽനിറ– കരുണതൻ കൺകൾ
ഒരു വട്ടം എന്നിൽ പതിയണമേ
(പരിശുദ്ധാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

343

പരിശുദ്ധാത്മാവേ സഹായകാ
നിരന്തരമെന്നെ സഹായിക്കണേ
നിത്യവും കൂടെ വസിക്കുന്നോനെ
അഭിഷേകത്തിൻ അഗ്നി നിറച്ചീടണേ

ആത്മീയശക്തി അഭിഷേക അഗ്നി
എന്നിൽ നിറഞ്ഞു കവിയണമേ
സെഹിയോനിൽ നിറഞ്ഞ ദൈവാത്മാവേ
എന്നിൽ കത്തിപ്പടരണമേ

എന്നുള്ളിൽ നിറയുന്ന ദൈവീകശക്തി
ലൗകീകശക്തിയെ തകർത്തിടുന്നു (2)
പാപ, നീതി, ന്യായ, ബോധ്യങ്ങൾ
ഹൃത്തിൽ നിറച്ചെന്നെ അഭിഷേചിക്കൂ (2)

വചനം പഠിക്കുവാൻ കൃപ ചൊരിയണമേ
അനുസ്മരിച്ചീടാനും വരമരുളൂ (2)
ദൈവപുത്രനു സാക്ഷ്യമേകാൻ
അഭിഷേക അഗ്നിയെ ജ്വലിപ്പിച്ചിടൂ (2)

പരിശുദ്ധാത്മാവേ സഹായകാ
നിരന്തരമെന്നെ സഹായിക്കണേ
നിത്യവും കൂടെ വസിക്കുന്നോനെ
അഭിഷേകത്തിൻ അഗ്നി നിറച്ചീടണേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

344

പാവനാത്മാ വരദായകാ (4)

ദേദോ അപ്നെ ജ്യോതി ദാൻ (3)

പാവനാത്മാ വരദായകാ

ദേദോ അപ്നെ ശാന്തി ദാൻ (3)
പാവനാത്മാ വരദായകാ

ദേദോ അപ്നെ മുക്തി ദാൻ (3)
പാവനാത്മാ വരദായകാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

345

പാവനാത്മാവേ എൻ ജീവദായകനേ
ഇറങ്ങി നീ വാ, നിറഞ്ഞു നീ വാ
എന്റെ ഹൃദയത്തിൽ

(പാവനാത്മാവേ

സീനായ്മാമലയിൽ ഇറങ്ങിവന്നവനേ (2)
ആത്മദാഹം തീർക്കുവാനായ്
ഇറങ്ങിവാ ദേവാ

(പാവനാത്മാവേ

രോഗപീഢകളിൽ മാനസവ്യാധികളിൽ (2)
സൗഖ്യവും ശാന്തിയും കനിഞ്ഞരുളി
എന്നെ നയിക്കണമേ

(പാവനാത്മാവേ

നിന്നുടെ വരദാനങ്ങൾ എന്നിൽ നിറക്കണമേ(2)
ലോകശക്തിയെ ജയിച്ചിടുവാനായ്
വിൺമഴ പൊഴിക്കണമേ

(പാവനാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

346

പാവനാത്മാവേ നീ വന്ന നേരം
ഞാനൊരു പുത്തൻ മനുഷ്യനായി
നീയെൻറയുള്ളം തുറന്ന നേരം
ഞാനൊരു സംഗീത രാഗമായി

(പാവനാത്മാവേ. . .

എങ്ങുപോയാത്മാവിൻ ഭീതിയെല്ലാം

എങ്ങു പോയ് നീറും നിരാശയെല്ലാം
പൊന്നിളം വെയിലിൽ വെൺമഞ്ഞു പോലെ
നിന്നിലതെല്ലാം അലിഞ്ഞു പോയി
(പാവനാത്മാവേ. . .

വൈരമെൻ ചിത്തം കവർന്നിരുന്നു
മിഥ്യയെൻ മാർഗ്ഗം നയിച്ചിരുന്നു
നിൻ ദിവ്യരൂപം പതിഞ്ഞ നേരം
ഞാനാകെ നീയായ് പകർന്നുപോയി
(പാവനാത്മാവേ. . .

വിശ്വാസമാണെൻ വിളക്കു മുന്നിൽ
സ്വർലോകമാണെൻ പ്രതീക്ഷ മന്നിൽ
ഞാനിന്നു നിന്നിൽ ലയിച്ചിടുമ്പോൾ
നീയെന്നിൽ ഞാനായ് ജീവിക്കുന്നു
(പാവനാത്മാവേ. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

347

പാവനാത്മാവേ പറന്നിറങ്ങണമേ....(2)
സ്തുതിക്കുവാൻ.....പാടുവാൻ.....
പുകഴ്ത്തുവാൻ.....നയിക്കുവാൻ.....(2)
പാവനാത്മാവേ പറന്നിറങ്ങണമേ....(2)

ക്ഷമിക്കുവാൻ.....മറക്കുവാൻ....
ത്യജിക്കുവാൻ.....സഹിക്കുവാൻ....(2)
പാവനാത്മാവേ പറന്നിറങ്ങണമേ...(2)
(പാവനാത്മാവേ പറന്നിറങ്ങണമേ....)

ദൈവപിതാവിന് ആരാധന....
ദൈവപിതാവിന് ആരാധന....
ദൈവപിതാവിന് ആരാധന....
ദൈവപിതാവിന് ആരാധന....(2)

ഹാലേലു ഹാലേലു ഹാലേലു ഹാലേലു
ഹാലേലു ഹാലേലുയാ.....(2)
യേശുനാഥന് ആരാധന...
യേശുനാഥന് ആരാധന...

യേശുനാഥന് ആരാധന...
യേശുനാഥന് ആരാധന......(2)

ഹാലേലു ഹാലേലു ഹാലേലു ഹാലേലു
ഹാലേലു ഹാലേലുയാ.....(2)

പരിശുദ്ധാത്മാവിന് ആരാധന...
പരിശുദ്ധാത്മാവിന് ആരാധന...
പരിശുദ്ധാത്മാവിന് ആരാധന...
പരിശുദ്ധാത്മാവിന് ആരാധന...(2)

ഹാലേലു ഹാലേലു ഹാലേലു ഹാലേലു
ഹാലേലു ഹാലേലുയാ.....(2)
പാവനാത്മാ............വേ പറന്നിറങ്ങണമേ...
പാവനാത്മാ....................വേ പറന്നിറങ്ങണമേ...

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

348

പാവനാത്മാവേ പരിശുദ്ധനേ
പാവനസ്നേഹത്തിൻ അടയാളമേ(2)
പാപികൾ ഞങ്ങളിൽ നിറയേണമേ
പാരിതിൽ ദീപമായ് തെളിയേണമേ(2)
ഹാലേലുയ്യ ഹാലേലുയ്യ (4)

തളരും ജീവിത മരുഭൂമിയിൽ
തെളിനീരുറവയായ് ഒഴുകി വരൂ(2)
ആത്മാവിൽ പുതുജന്മം തരൂ
ആത്മീയാനന്ദം പകർന്നു തരൂ
ആത്മാവേ പാവനാത്മാവേ
അഭിഷേകമായ് നിറയേണമേ(2)
ഹാലേലുയ്യ ഹാലേലുയ്യ(4)
(പാവനാത്മാവേ പരിശുദ്ധനേ)

നിത്യജീവന്റെ നിറകുടമേ
നിത്യസഹായകനാം ദൈവമേ(2)
വിശ്വാസത്തിൻ വഴി വിളക്കേ
വിജ്ഞാനം നീ പകർന്നു തരൂ(2)

ആത്മാവേ പാവനാത്മാവേ
വരദാനങ്ങൾ ചൊരിയണമേ(2)
ഹാലേലൂയ്യ ഹാലേലൂയ്യ (4)
(പാവനാത്മാവേ പരിശുദ്ധനേ)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

349

പരിശുദ്ധാത്മാവേ ശക്തിയാലെയിന്ന്
നിറയ്ക്കണെ നാഥാ ശക്തരായിത്തീരാൻ (2)

ആത്മസന്തോഷം കൊ ്
നിറയ്ക്കണെ പ്രിയനെ
ആത്മചൈതന്യം എന്നിൽ
പകരുക പരനെ
ജയത്തോടെ ജീവിതം
ധരയിൽ ഞാൻ ചെയ്യുവാൻ (2)
(പരിശുദ്ധാത്മാവേ ശക്തിയാലെയിന്ന്)

തിരുകൃപയല്ലോ ശരണമതെന്നിൽ
വൻകടങ്ങളകറ്റാൻ കഴിവുള്ള പരനെ (2)

ആത്മസന്തോഷം കൊ ്
നിറയ്ക്കണെ പ്രിയനെ
ആത്മചൈതന്യം എന്നിൽ
പകരുക പരനെ
ജയത്തോടെ ജീവിതം
ധരയിൽ ഞാൻ ചെയ്യുവാൻ (2)
(പരിശുദ്ധാത്മാവേ ശക്തിയാലെയിന്ന്)

മായയാമീ ലോക തൻസുഖങ്ങളെല്ലാം
മറന്നു ഞാൻ ഓടുവാൻ തിരുരാജ്യം ചേരാൻ (2)

ആത്മസന്തോഷം കൊ ്
നിറയ്ക്കണെ പ്രിയനെ
ആത്മചൈതന്യം എന്നിൽ
പകരുക പരനെ

ജയത്തോടെ ജീവിതം
ധരയിൽ ഞാൻ ചെയ്യുവാൻ (2)
(പരിശുദ്ധാത്മാവേ ശക്തിയാലെയിന്ന്)
കുശവന്റെ കൈയ്യിൽ കളിമണ്ണുപോലെന്നെ
പണിയുക പരനെ തിരുഹിതംപോലെ (2)

ആത്മസന്തോഷം കൊ ്
നിറയ്ക്കണെ പ്രിയനെ
ആത്മചൈതന്യം എന്നിൽ
പകരുക പരനെ
ജയത്തോടെ ജീവിതം
ധരയിൽ ഞാൻ ചെയ്യുവാൻ (2)
(പരിശുദ്ധാത്മാവേ ശക്തിയാലെയിന്ന്)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

350

പാവനാത്മാവേ നീ വരേണമേ
മാനസ മണിക്കോവിലിൽ
നായകാ, ഞങ്ങൾ നാവിനാലങ്ങേ
സ്നേഹസംഗീതം പാടുന്നു

നിൻ പ്രകാശത്തിൻ രശ്മിയാലെെ–
അന്ധകാരമകറ്റണേ (2)
നിെ– ചൈതന്യശോഭയാലുള്ളം
സുന്ദരമാക്കി തീർക്കണേ
സുന്ദരമാക്കി തീർക്കണേ
(പാവനാത്മാവേ

രോഗമുള്ളവ സൗഖ്യമാക്കുക
ഭീതിയിൽ ധൈര്യം നൽകുക (2)
ആറിപ്പോയതിൽ ചൂടു നൽകുക
വാടുന്നേതും നനയ്ക്കുക
വാടുന്നേതും നനയ്ക്കുക
(പാവനാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

351

പുതിയൊരു ജനനം നല്കും പരിശുദ്ധാത്മാവേ
പുതിയൊരു ശക്തിയിലുണരാൻ
കൃപ നീ ചൊരിയണമേ
പരിശുദ്ധാത്മാവേ എന്നിൽ നിറയണമേ
നിറഞ്ഞുകവിയണമേ, കവിഞ്ഞൊഴുകണമേ

ജോർദാൻ നദിയിലന്ന് പറന്നിറങ്ങിയപോൽ
വരദാനങ്ങളുമായ് ആഗതനാകണമേ
മാലിന്യങ്ങളകററി, അന്ധതയെല്ലാം നീക്കി
വിശ്വാസത്തിലുറയ്ക്കാൻ കൃപ നീ ചൊരിയണമേ
പരിശുദ്ധാത്മാവേ എന്നിൽ നിറയണമേ
നിറഞ്ഞുകവിയണമേ, കവിഞ്ഞൊഴുകണമേ

സെഹിയോൻ ശാല തന്നിൽ
തീനാവെന്നത് പോൽ
പാവന സ്നേഹവുമായ് ആഗതനാകണമേ
സഹനം നിറയും ധരയിൽ
ധീരതയോടെ ചരിക്കാൻ
അഗ്നിയിൽ സ്നാനം നൽകാൻ
കൃപ നീ ചൊരിയണമേ
പരിശുദ്ധാത്മാവേ എന്നിൽ നിറയണമേ
നിറഞ്ഞുകവിയണമേ, കവിഞ്ഞൊഴുകണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

352

പെന്തക്കുസ്തനാളിൽ മുൻമഴപെയ്യിച്ച
പരമപിതാവേ പിൻമഴ നല്ക
പിൻമഴപെയ്യേണം മാലിന്യം മാറേണം
നിൻജനമുണർന്ന് വേലചെയ്യുവാൻ
(പെന്തക്കുസ്തനാളിൽ

മുട്ടോളമല്ല അരയോളം പോരാ
വലിയൊരു ജീവനദിയൊഴുക്കാൻ
നീന്തിയിട്ടല്ലാതെ കടപ്പാൻ വയ്യാത്ത
നീരുറവ ഇന്നു തുറക്ക നാഥാ

(പെന്തക്കുസ്തനാളിൽ

ചലിക്കുന്ന എല്ലാ പ്രാണികളുമിന്ന്
ചലനമുണ്ടാക്കി ജീവൻ പ്രാപിക്കാൻ
ചൈതന്യംനൽകേണം നവജീവൻവേണം
നിത്യതയിലെത്തി ആശ്വസിച്ചിടാൻ

(പെന്തക്കുസ്തനാളിൽ

സൈന്യത്താലെയല്ല ശക്തിയാലെയല്ല
ദൈവത്തിന്‍– ആത്മശക്തിയാലത്രേ
ആർത്തു പാടി സ്തുതിക്കാം
ഹല്ലേലൂയപാടാം ആണിക്കല്ല് കയറ്റാം
തിരുസഭ പണിയാം

(പെന്തക്കുസ്തനാളിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

353

വിശുദ്ധിതൻ ഉറവിടമാകും പരിശുദ്ധാത്മാവേ
വിശ്വസികൾ തൻ കൂട്ടായ്മയിലേ–
യ്ക്കെഴുന്നള്ളീടണമേ എഴുന്നള്ളീടണമേ

പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
വരിക വരിക ഞങ്ങളിൽ നീ പരിശുദ്ധാത്മാവേ (2)

ആനന്ദത്തിൻ തെളിനീരാലെ
ആശ്വാസ ദായക വന്നീടണേ (2)
വറ്റിവരണ്ട ഹൃദയങ്ങളിൽ
ജീവന്‍– അരുവിയായ് ഒഴുകിടൂ നീ

(പരിശുദ്ധാത്മാവേ

വരങ്ങളും ഫലങ്ങളും ദാനങ്ങളുമേകി
നിൻ ദാസരെ നീ ശക്തരാക്കൂ (2)
യേശുവിൻ സുവിശേഷ വേലകൾക്കായ്
ഞങ്ങളെ ഇന്നു നീ പ്രാപിതരാക്കൂ

(പരിശുദ്ധാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

354

യേശു നാഥന്റെ വാഗ്ദാനമേ
ദൈവീക ചൈതന്യമേ (2)
ത്രിത്വത്തിൽ മൂന്നാമനാം ദൈവമേ
ഞങ്ങളിൽ നിറയണമേ (2)

ശക്തിയിൽ അഭിഷേകം
അഗ്നിയിൽ അഭിഷേകം
വിശുദ്ധിയിൽ അഭിഷേകം
ദാസരിൽ ഏകണമേ (2)

ഏലിയായിൽ നിറഞ്ഞവനേ
ഏലീശായിൽ കവിഞ്ഞവനേ
സ്വർഗ്ഗീയ വാഗ്ദാന ചൈതന്യമേ
അഭിഷേകം ചെയ്തിടണേ (2)

(ശക്തിയിൽ അഭിഷേകം

ദാനിയേലിൽ നിറഞ്ഞവനേ
ദാവീദിൽ കവിഞ്ഞവനേ
സ്വർഗ്ഗീയ വാഗ്ദാന ചൈതന്യമേ
അഭിഷേകം ചെയ്തിടണേ (2)

(ശക്തിയിൽ അഭിഷേകം

ശ്ലീഹന്മാരിൽ നിറഞ്ഞവനേ
കന്യാമറിയത്തിൽ കവിഞ്ഞവനേ
സ്വർഗ്ഗീയ വാഗ്ദാന ചൈതന്യമേ
അഭിഷേകം ചെയ്തിടണേ (2)

(ശക്തിയിൽ അഭിഷേകം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

355

യേശുക്രിസ്തുവിൻ വാഗ്ദാനമേ പരിശുദ്ധാത്മാവേ
ദാസരാം ഞങ്ങൾ കാത്തിരിപ്പൂ
നിറഞ്ഞാടാൻ വരണേ (2)

സ്വർഗ്ഗത്തിൻ വാതിൽ തുറക്കണമേ
ഭൂതലത്തെ ഉണർത്താൻ എഴുന്നള്ളണേ
പരിശുദ്ധരായ് ഞങ്ങൾ മാറീടുവാൻ

കൊടും തീയായ് കത്തി പടരണമേ (2)

മോദമേകാൻ അഴൽ നീക്കാൻ
പരിശുദ്ധാത്മാവേ വരണേ
ശാന്തിയേകാൻ ഉണർവേകാൻ
പരിശുദ്ധാത്മാവേ വരണേ
(സ്വർഗ്ഗത്തിൻ വാതിൽ
സൗഖ്യമേകാൻ ഉയിരേകാൻ
പരിശുദ്ധാത്മാവേ വരണേ
ഐക്യമേകാൻ ഉയർത്തീടാൻ
പരിശുദ്ധാത്മാവേ വരണേ
യേശുക്രിസ്തുവിൻ വാഗ്ദാനമേ പരിശുദ്ധാത്മാവേ
ദാസരാം ഞങ്ങൾ കാത്തിരിപ്പൂ
നിറഞ്ഞാടാൻ വരണേ (2)
(സ്വർഗ്ഗത്തിൻ വാതിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

356

റൂഹയിൽ ഞാൻ സ്നാനം ചെയ്തു
ഹല്ലേലൂയ പാടാം

ഹല്ലേലൂയ (3) പാടാം
ഹല്ലേലൂയ പാടാം

വരങ്ങളെന്നിൽ നിറഞ്ഞൊഴുകി
ഹല്ലേലൂയ പാടാം
അത്ഭുതം ഞാനിന്നു കണ്ടു
ഹല്ലേലൂയ പാടാം
റൂഹ തെ– ഫലങ്ങളേകി
ഹല്ലേലൂയ പാടാം
പാപമെല്ലാം നീങ്ങിയെന്നിൽ
ഹല്ലേലൂയ പാടാം
താപമെല്ലാം മാറിയല്ലോ
ഹല്ലേലൂയ പാടാം

ആനന്ദത്തിൽ ആറാടി ഞാൻ
ഹല്ലേലൂയ പാടാം
രോഷമെന്നിൽ ലേശമില്ല
ഹല്ലേലൂയ പാടാം

ഭീതിയെന്നിൽ നിന്നു നീങ്ങി
ഹല്ലേലൂയ പാടാം
സ്നേഹത്തിൽ ഞാൻ മുങ്ങിടുന്നു
ഹല്ലേലൂയ പാടാം
ശാന്തിയിൽ ഞാൻ നീന്തിടുന്നു
ഹല്ലേലൂയ പാടാം
പാടുക നാം മോദമോടെ
ഹല്ലേലൂയ പാടാം
താളമേള ലയങ്ങളോടെ
ഹല്ലേലൂയ പാടാം
ദൈവത്തിനു സ്തോത്രമെന്നും
ഹല്ലേലൂയ പാടാം
എന്നുമെന്നും ജീവിതത്തിൽ
ഹല്ലേലൂയ പാടാം
ഒന്നുചേർന്നു യേശുവിനായ്
ഹല്ലേലൂയ പാടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

357

ശുദ്ധാത്മാവേ വന്നെന്നുള്ളിൽ വാസം ചെയ്യണെ
സത്യാത്മാവേ നിത്യതയിലെത്തുവോളവും
ജീവനൂതുക ജീവദായകാ
ജീവനാളമായ് എരിഞ്ഞുതീരുവാൻ

പാപം, നീതി, ന്യായവിധി ബോധമേകിടാൻ
ഈ ശാപഭൂവിൽ പെന്തക്കോസ്തിൽ വന്നൊരാത്മാവെ
ജീവനൂതുക ജീവദായകാ
ജീവനാളമായ് എരിഞ്ഞുതീരുവാൻ

കല്ലായുള്ള ഹൃദയങ്ങൾ ഉരുക്കീടണെ
ഹല്ലേലൂയ ഗീതം പാടാൻ ഒരുക്കീടണെ
ജീവനൂതുക ജീവദായകാ
ജീവനാളമായ് എരിഞ്ഞുതീരുവാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

358

സഹായകൻ പരിശുദ്ധാത്മാവേ (2)
പറന്നിറങ്ങുക ദാസരിലായ്
ദൈവപിതാവിൻ വാഗ്ദാനമെ
ചൊരിയണമെ വൻ അഭിഷേകം (2)

പരിശുദ്ധാത്മാവെ പറന്നിറങ്ങണമെ
ദാനവരങ്ങൾ നീ ദാസർക്കേകണമെ (2)

ഭീരുത്വത്തിൻ ചങ്ങല മാററി
ധൈര്യം നൽകി നയിക്കണമെ (2)
ആകുല ചിന്തകളാകെയകററി
വിശ്വാസത്തിൻ വരമേകൂ (2)

പരിശുദ്ധാത്മാവെ പറന്നിറങ്ങണമെ
ദാനവരങ്ങൾ നീ ദാസർക്കേകണമെ (2)

കല്ലായുള്ളൊരു ഹൃദയം മാററി
നിർമ്മലമാനസമേകണമെ (2)
തിരുവചനം പാലിച്ചതിലെന്നും
നിലനിൽക്കാനായ് വരമേകൂ (2)
(സഹായകൻ പരിശുദ്ധാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

359

കണ്ണീരൊപ്പും ദൈവവേലകൾ നൽകീടണമേ നാഥാ
വിടുതൽനൽകും ശുശ്രൂഷകളെ നൽകീടണമേ ഈശോ(2
അത്ഭുതങ്ങൾ ക ീടുവാനായി കൺകൾ തുറക്കണമേ
അടയാളങ്ങൾ ക ു ഞങ്ങൾ ആർത്തുവിളിക്കട്ടെ (2)
(കണ്ണീരൊപ്പും.. .. ..

മുഖ്യദൂതാ മിഖായേലെ യുദ്ധം ചെയ് തീടണേ
സത്താൻ കോട്ടകൾ തകർത്തീടുവാനായ്
പൊരുതണമേ എന്നും (2)
എന്റെ കാവൽ മാലാഖേ ഉണർന്നെഴുന്നേൽക്കൂ
സംരക്ഷണത്തിൻ കോട്ടകൾ തീർത്ത്
കാവൽ നിൽക്കണമേ, കാവൽ നിൽക്കണമേ (2)
(കണ്ണീരൊപ്പും.. .. ..
സ്വർഗ്ഗദൂതാ ഗബ്രിയേലേ ദൂതുമായി വന്നീടണേ
വചനത്തിനഭിഷേകവുമായി  അരികിൽ വരേണമേ
വിശുദ്ധ റാഫേൽ മാലാഖയേ കടന്നു വന്നീടണേ
കുടുംബത്തെ തകർക്കും തിന്മകൾ മാററാൻ
യുദ്ധം ചെയ്യണമേ (2)
(കണ്ണീരൊപ്പും.. .. ..

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

360

ആത്മാവിൽ നിറയുന്ന സങ്കീർത്തനം
അകതാരിൽ നിന്നുയരും
സ്തുതികീർത്തനം
ഓരോ അണുവിലും കുടികൊള്ളും ചൈതന്യമേ
ഒരുവേള പോലും ഞാൻ
പിരിയാതെ പാടിടാം

ആരാധന യേശുവേ ആരാധന യേശുവേ
ആരാധന യേശുവേ ആരാധന യേശുവേ

സങ്കീർത്തനങ്ങളും സ്തുതികീർത്തനങ്ങളും
സർവ്വേശ സൂനുവെ പാടിടുന്നു (2)
സ്വർഗ്ഗ സിംഹാസന സന്നിധേ പാടുന്ന
സ്വർഗ്ഗീയ ദൂതരോടൊത്തു ഞങ്ങൾ (2)
സ്വർഗ്ഗീയ സംഗീതം പാടിടാം

ആരാധന യേശുവേ ആരാധന യേശുവേ
ആരാധന യേശുവേ ആരാധന യേശുവേ

സ്വർഗ്ഗീയ മന്നയായി ആത്മീയ ഭോജ്യമായി
ആരാധ്യ നാഥനെ വന്നീടണേ (2)
ആത്മാവിൻ ദാഹം തീർക്കുവാൻ കനിയൂ
അങ്ങിൽ ലയിച്ചു ഞാൻ ജീവിച്ചിടാൻ (2)
അങ്ങേ സ്തുതിച്ചു ഞാൻ പാടിടാം

ആത്മാവിൽ നിറയുന്ന സങ്കീർത്തനം
അകതാരിൽ നിന്നുയരും സ്തുതികീർത്തനം
ഓരോ അണുവിലും കുടികൊള്ളും ചൈതന്യമേ
ഒരുവേള പോലും ഞാൻ പിരിയാതെ പാടിടാം

ആരാധന യേശുവേ ആരാധന യേശുവേ
ആരാധന യേശുവേ ആരാധന യേശുവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

361

ആത്മാവിൽ വരമരുളിയാലും
ആപാദം കനിവരുളിയാലും
യേശുവെന്നാത്മാവിൽ ആദ്യസങ്കീർത്തനം
പാടുന്ന ദിവ്യസ്വരൂപം
ഭൂലോകപാപങ്ങളെല്ലാമകററുന്ന
കൈവല്യ സൂര്യപ്രകാശം
(ആത്മാവിൽ
ഈ വിശ്വമാകെ . . . നിന്നെ സ്തുതിപ്പൂ (2)
ഹാല്ലേലൂയ. . . ഹാല്ലേലൂയ. . .

ധ്യാനജപനാദം പുതിയ വെളിവേകി

തിരുവചന ഗീതം പുതിയ വഴി കാട്ടി (2)
ആ മാർഗ്ഗമാണെന്റെ ആലംബമെന്നും
അഖിലജന മഹിതമനസ്സറിയുന്നിതെന്നും
ആ ശക്തിയെന്നെ നയിക്കുന്നു നിത്യം
പാടുന്നു പാടുന്നിതാവേശമായ്

(ആത്മാവിൽ

പ്രാർത്ഥനയിലൂടെ സുകൃതവഴി നേടി
തിരുനടയിലെല്ലാം ഒലിവിലകളാടി
ആ ശാന്തിയാണെന്റെ ആത്മാവിലെന്നും
തമസ്സകലുമമല മനസ്സറിയുന്നിതെന്നും
ഈ സത്യമെന്നെ ഉണർത്തുന്നു നിത്യം
പാടുന്നു പാടുന്നിതാവേശമോടെ

(ആത്മാവിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

362

ആത്മാവിനാൽ നിറഞ്ഞ് ശക്തരാകുവിൻ
യെറുസലേം യൂദയ സമരിയായിലും
ഭൂമിതൻ അതിർത്തിവരെ സാക്ഷിയാകുവിൻ
സാക്ഷിയാകുവിൻ എനിക്കു സാക്ഷിയാകുവിൻ (2)

പരസ്പരം സ്നേഹമോടെ വർത്തിക്കുവിൻ
ഐക്യത്തിലൊന്നായ് മുന്നേറുവിൻ (2)
ആത്മാവിലാശക്തിയിൽ ജീവിക്കുവിൻ
പാവനാത്മനാലിന്നു സാക്ഷ്യമേകുവിൻ (2)
(ആത്മാവിനാൽ നിറഞ്ഞ്. . .

പാവനാത്മനാൽ സ്നേഹം സ്വീകരിക്കുവിൻ
ദൈവവചനമേന്തി പ്രബുദ്ധരാകുവിൻ(2)
പ്രാർത്ഥനയിൽ നിങ്ങൾ പങ്കുചേരുവിൻ

കൂട്ടായ്മയിൽ എനിക്കു സാക്ഷ്യമേകുവിൻ

(ആത്മാവിനാൽ നിറഞ്ഞ്. . .

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

363

ആത്മാവിനെ തരൂ ദേവാ ആത്മാവിനെ നേടാൻ
അതുമാത്രം മതിയെനിക്ക് മഹിലെന്നീശോയെ

തരൂ നാഥാ തരികെനിക്കായ്
നിന്നാത്മശക്തി തരൂ
അതുമാത്രം മതിയെനിക്ക്
മഹിലെന്നീശോയെ

സ്നേഹിച്ചു സ്നേഹമായ് നിന്നെ നൽകുവാൻ
നിൻദിവ്യ സ്നേഹത്തിൽ എന്നും ജീവിക്കുവാൻ
ആത്മാവിനെ തരിക ആത്മഫലങ്ങൾ തന്നിടൂ
ഭൂവിലെന്നും നിന്നുടെ സാക്ഷ്യമേകാൻ
ശക്തിയേകിടൂ.

പാപത്തിൻ ബന്ധനം പാടെ മാററിടുവാൻ
ഒരു നവസൃഷ്ടിയായ് എന്നും ജീവിക്കുവാൻ
ആത്മാവിനെ തരിക
ആത്മവരങ്ങൾ തന്നിടൂ
കുരിശിൽ പിടയും നിൻ ദാഹമകററാൻ
ശക്തിയേകിടൂ.

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

364

ആത്മാവിന്നാഴങ്ങളിൽ അറിഞ്ഞു നിൻ ദിവ്യസ്നേഹം
നിറഞ്ഞ തലോടലായി എന്നുമേശുവേ
മനസ്സിൻ ഭാരമെല്ലാം നിന്നോട് പങ്കുവച്ചു
മാറോടെന്നെ ചേർത്തണച്ചു

എന്തോരാനന്ദം. . . എന്തോരാനന്ദം

(ആത്മാവിന്നാഴങ്ങളിൽ

ഒരുനാൾ നാഥനെ ഞാൻ തിരിച്ചറിഞ്ഞു

തീരാത്ത സ്നേഹമായ് അരികിൽ വന്നു

ഉള്ളിന്റെ ഉള്ളിൽ നീ കൃപയായ് മഴയായ്

നിറവാർന്നൊരനുഭവമായ്

എന്തോരാനന്ദം. . . എന്തോരാനന്ദം

(ആത്മാവിന്നാഴങ്ങളിൽ

അന്നന്നു വന്നീടുന്നോരാവശ്യങ്ങളിൽ

സ്വർഗ്ഗീയ സാന്നിദ്ധ്യം ഞാനനുഭവിച്ചു

എല്ലാം നന്മയ്ക്കായ് മാററുന്ന നാഥനെ

പിരിയാത്തൊരാത്മീയ ബന്ധം

എന്തോരാനന്ദം. . . എന്തോരാനന്ദം

(ആത്മാവിന്നാഴങ്ങളിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

365

ആത്മാവുണരുന്ന നിമിഷം

ആനന്ദദായക നിമിഷം

കണ്ണീർ തുടക്കാൻ മാറോട് ചേർക്കാൻ

ഈശോ എഴുന്നള്ളും നിമിഷം

ഇത് ആരാധനയുടെ നിമിഷം (2)

ആരാധിച്ചിടുന്നു ഞങ്ങൾ

പാടി നമിക്കുന്നു ഞങ്ങൾ (2)

നിൻ തിരുമുമ്പിൽ നിന്നീടുമ്പോൾ

നിൻേറതായ് തീർന്നിടുമ്പോൾ (2)

ദു:ഖങ്ങളില്ല ഭാരങ്ങളില്ല

പ്രത്യാശ ഒന്നു മാത്രം നാഥാ

ആനന്ദപൂരിതം ആത്മം

(ആരാധിച്ചിടുന്നു

നീ തന്ന നൻമയെല്ലാം

നന്ദിയോടോർത്തിടുമ്പോൾ(2)

സ്നേഹ സ്വരൂപാ നിറയുന്നു മനസ്സിൽ

സ്നേഹത്തിൻ സ്തുതിഗീതകം നാഥാ

ആരാധനാ സ്തോത്ര ഗാനം

(ആരാധിച്ചിടുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

366

സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യാം
ദൈവത്തിൻ സ്നേഹത്തിൽ ഉറച്ചുനിൽക്കാം
പാവന സ്നേഹം നുകർന്നീടാം
ആ സ്നേഹമേവർക്കും പകർന്നീടാം

ചെങ്കടൽ ക ു ഭയം വേ
മരുവിൽ ദൈവം കൂട്ടിനില്ലേ
തളരാതെ താങ്ങി നടത്തുമവൻ
സകലം കാക്കും ദൈവമവൻ

രക്ഷയും കോട്ടയും അവനല്ലയോ
ജീവന്റെ മാർഗ്ഗവും അവനല്ലയോ
സത്യവും സ്നേഹവും അവനല്ലയോ
നീതിയും നിയമവും അവനല്ലയോ

(ചെങ്കടൽ ക ു

ആത്മവിൻ രക്ഷയ്ക്കായ് ഉതകും
നന്മകൾ ചെയ്തീടാൻ ഉണരാം
പാപത്തിൻ കെട്ടുകൾ തകർക്കാൻ
ജീവന്റെ നാഥനെ നേടിടാം

(ചെങ്കടൽ ക ു

ലോകത്തിൻ ശക്തിയെ ഭയക്കേ
ലോകത്തെ ജയിച്ചവൻ കൂടെയു ˇ
ക്രൂശുകൾ ഏറുമ്പോൾ പതറേ
ക്രൂശിതനായവൻ കൂടെയു ˇ

രക്ഷയും കോട്ടയും അവനല്ലയോ
ജീവന്റെ മാർഗ്ഗവും അവനല്ലയോ
സത്യവും സ്നേഹവും അവനല്ലയോ
നീതിയും നിയമവും അവനല്ലയോ

(ചെങ്കടൽ ക ു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

367

വാ വാ യേശു ദേവാ
ദർശനം നീയെനിക്കേകൂ (2)
നീയേ ജഗത്തിൻ ജീവദാതാവ് (2)
ആത്മാവിൽ വരുമോ
സൗഖ്യം നൽകീടുമോ
പാരിൻ രാജ രാജ
വാ വാ യേശു ദേവാ
ദർശനം നീയെനിക്കേകൂ (2)
നീയേ ജഗത്തിൻ മുക്തിദാതാവ് (2)
ആത്മാവിൽ വരുമോ
സൗഖ്യം നൽകീടുമോ
പാരിൻ രാജ രാജ
വാ വാ യേശു ദേവാ
ദർശനം നീയെനിക്കേകൂ (2)
നീയേ ജഗത്തിൻ ശാന്തിദാതാവ് (2)
ആത്മാവിൽ വരുമോ
സൗഖ്യം നൽകീടുമോ
പാരിൻ രാജ രാജ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

368

വിടുതലിൻ ആത്മാവേ എന്നിൽ നിറയണമേ

അഗ്നിതൻ അഭിഷേകമായ് എന്നിൽ പടരണമേ (2)

പാപമെല്ലാം ചാമ്പലാക്കണമേ

കൃപയാൽ ജ്വലിപ്പിക്കണേ

ഓ അഗ്നി അഭിഷേകമേ (2)

കാറ്റായ് വീശണമേ

തീക്കാറ്റായ് വീശണമേ

ഇസ്രായേലിൻ പ്രകാശമേ

അഗ്നിയായ് ജ്വലിക്കണമേ

പരിശുദ്ധാത്മാവേ ഒരു ജ്വാലയായ് മാറണമേ (2)

എന്നിൽ കത്തിപ്പടരണമേ

മുള്ളുകളെല്ലാം ദഹിച്ചിടട്ടെ

ഹൃത്തിൽ വന്നു വസിച്ചിടണേ (2)

(ഓ അഗ്നി അഭിഷേകമേ (2)

ശ്ലീഹരിൽ നിറഞ്ഞ ആത്മാവേ

എന്നിൽ നിറയണമേ

പരിശുദ്ധാത്മാവേ ഒരു ജ്വാലയായ് മാറണമേ (2)

അഗ്നിയാൽ സ്നാനം ചെയ്യണമേ പുതുസൃഷ്ടിയായ്
എന്നെ മാറ്റണമേ

സാക്ഷിയായ് ഉയർത്തണമേ (2)

(ഓ അഗ്നി അഭിഷേകമേ (2)

(വിടുതലിൻ ആത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

369

യഹോവ യിരേ

ദാദാവാം ദൈവം

നീ മാത്രം മതിയെനിക്ക്

യഹോവ റാഫാ

സൗഖ്യദായകൻ

തൻ അടിപ്പിണരാൽ സൗഖ്യം

യഹോവ ക്ഷമ്മാ

കൂടെയിരിക്കും

നൽകുമവൻ ആവശ്യങ്ങൾ

നീ മാത്രം മതി, നീ മാത്രം മതി

നീ മാത്രം മതിയെനിക്ക് (2)

യഹോവ ഇലോഹിൻ

സൃഷ്ടാവാം ദൈവം

നിൻ വചനത്താൽ ഉളവായെല്ലാം

യഹോവ ഇയോൻ

അത്യുന്നതൻ നീ

നിന്നെപ്പോലെ മറ്റാരുമില്ല

യഹോവ ശാലോം

എൻ സമാധാനം

നൽകി നിൻ ശാന്തി എന്നിൽ

നീ മാത്രം മതി, നീ മാത്രം മതി

നീ മാത്രം മതിയെനിക്ക് (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

370

യേശുവിൻ സ്നേഹത്തിൽ എന്നും വസിച്ചീടുവാൻ
വൻകൃപയേകിടണേ

ഭിന്നത വിദ്വേഷം ഇല്ലാതെ ജീവിക്കുവാൻ
വൻകൃപയേകിടണേ

ലോകം, പാപം, പിശാചെന്നെ തൊടുകയില്ല - 2

ദുഷ്ട ഘോരശത്രു എന്നെ കാണുകയില്ല - 2

അങ്ങേ ചിറകിൻ മറവിലാണു ഞാൻ

എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ

ഇന്നലെ മിന്നിയ ഉന്നതശ്രേഷ്ഠന്മാർ

അന്യരായിന്നു മന്നിൽ

എന്നാലോ ......സാധു ഞാൻ സന്നിധേ നിന്നതോ

പൊന്നേശുവേ കൃപയാൽ

(ലോകം, പാപം

നിർത്തിയതാണെന്നെ നിന്നതല്ല ഞാനും

എത്ര സ്തുതിച്ചീടേണം

നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ എത്രനാൾ
കാത്തിടേണം

(ലോകം, പാപം

ഒന്നിക്കുമൊരുനാൾ സ്വർഗ്ഗകൂടാരത്തിൽ

വന്ദിക്കും ഞാനന്നാളിൽ

എന്നിനി പ്രിയന്റെ പൊന്മുഖം കാണും ഞാൻ
എന്നാശയേറിടുന്നേ

(ലോകം, പാപം

യേശുവിൻ സ്നേഹത്തിൽ എന്നും വസിച്ചീടുവാൻ
വൻകൃപയേകിടണേ

ഭിന്നത വിദ്വേഷം ഇല്ലാതെ ജീവിക്കുവാൻ
വൻകൃപയേകിടണേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

371

യേശു കർത്താവാണെന്നും

യേശു ദൈവമാണെന്നും

ഞാൻ വിശ്വസിക്കുന്നു

ഞാൻ പ്രഖ്യാപിക്കുന്നു (2)

യേശുവേ രക്ഷകാ

കർത്താവേ നാഥനേ (2)

നീ സ്രഷ്ടാവാണെന്നും

നീ പാലകനാണെന്നും

ഞാൻ വിശ്വസിക്കുന്നു

ഞാൻ പ്രഖ്യാപിക്കുന്നു (2)

ഓ എന്റെ ദൈവമേ

ഓ എന്റെ കർത്താവേ

ആരാധന അങ്ങേയ്ക്കാരാധന (2)

നീ അധിപതിയാണെന്നും

നീ ഉടയവനാണെന്നും

ഞാൻ വിശ്വസിക്കുന്നു

ഞാൻ പ്രഖ്യാപിക്കുന്നു (2)

ഓ എന്റെ ദൈവമേ

ഓ എന്റെ കർത്താവേ

ആരാധന അങ്ങേയ്ക്കാരാധന (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

372

വിമലേ അംബികേ നിന്നുടെ സവിധേ

അഭയം തേടി വരുന്നു ഞാൻ

എന്നുടെയർച്ചന യാചനയെല്ലാം

കൈക്കൊള്ളണമേ തായേ നീ. . .

കൈക്കൊള്ളണമേ തായേ നീ

അഴലാമാഴിയിൽ ആഴാതെന്നെ

അലിവെഴുമമ്മേ കാത്തരുൾക (2)

പാപകരിനിഴൽ വീശും നേരം

കൃപയുടെ കതിരുകൾ ചൊരിയണമേ (2)

(വിമലേ അംബികേ

മന്നിതിൽ ജീവൻ വെടിയുന്നേരം

വിണ്ണിലണഞ്ഞു ദാസൻ ഞാൻ (2)

നിന്നോടൊന്നായ് ഈശനെ വാഴ്ത്താൻ

തുണയേകണമേ നാഥേ നീ (2)

(വിമലേ അംബികേ

മന്നിതിൽ ജീവൻ വെടിയുന്നേരം

വിണ്ണിലണഞ്ഞു ദാസൻ ഞാൻ (2)

നിന്നോടൊന്നായ് ഈശനെ  വാഴ്ത്താൻ
തുണയേകണമേ നാഥേ നീ  (2)

(വിമലേ അംബികേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

373

കന്യക മേരി അമ്മേ കാവൽ മാലാഖമാരേ
നിത്യവും കാത്തീടണേ കൂടെ നടന്നീടണേ
സാത്താനെ ദൂരെ അകററീടണേ

ആവേ മരിയ ആവേ മരിയ
കന്യക മേരി അമ്മേ (2)
ആവേ ആവേ ആവേ മരിയ (2)

സ്വർഗ്ഗമെരുക്കിയ സ്വർണ്ണാലയമേ
സൃഷ്ടാവിന്നാലയമേ
പാലിക്കും ദൈവത്തെ പാലൂട്ടി
താരാട്ടു പാടിയ പുണ്യതായേ (2)

ആവേ മരിയ ആവേ മരിയ
കന്യക മേരി അമ്മേ (2)
ആവേ ആവേ ആവേ മരിയ (2)

സ്വർഗ്ഗവും ഭൂമിയും കൂട്ടിവിളക്കും
യാക്കോബിൻ ഗോവണി നീയേ
കർത്താവിൻ ദാസി ഞാൻ എന്നൊരു വാക്കിനാൽ
രക്ഷതൻ അമ്മയും നീ
ആവേ മരിയ ആവേ മരിയ
കന്യക മേരി അമ്മേ (2)
ആവേ ആവേ ആവേ മരിയ (2)

നന്മനിറഞ്ഞവളെന്നു മാലാഖ
ചൊല്ലിയതെത്ര സത്യം
സാത്താന്റെ തന്ത്രങ്ങളെല്ലാം തകർക്കാൻ
നിന്നോളം ആരു ശക്ത (2)

ആവേ മരിയ ആവേ മരിയ
കന്യക മേരി അമ്മേ (2)
ആവേ ആവേ ആവേ മരിയ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

374

എന്റെ യേശുവെ പോലുന്നതനാരുള്ളൂ
തന്റെ സ്നേഹമാരാൽ വർണ്ണിപ്പാനാവുമോ
കൃപയൊഴുകിടും അളവില്ലാതെ
ദയയേകിടും അവനധികം

എത്രനല്ല ദൈവം നസ്രായനായ യേശു
വിശ്വസിച്ചാൽ ദൈവത്തിൻ മഹത്വം കാണും
ആരാധിച്ചാൽ വിടുതൽ
അത്ഭുതത്തിൻ കരങ്ങൾ
വീക്ഷണത്തിൽ വ്യാപരിക്കും ദൈവശക്തിയാൽ

കുരുടനും മുടന്തനും സൗഖ്യമാകുന്നു
ബധിരന്മാർ യേശുവിന്റെ സ്വരം കേൾക്കുന്നു
കുഷ്ഠരോഗം മാറിയവർ സ്തുതിച്ചിടുന്നു
രക്തസ്രാവക്കാരി ശക്തി തൊട്ടറിയുന്നു

കടലിന്മേൽ നടന്നവൻ സൃഷ്ടാവാം ദൈവം
കാററിനെ അടക്കിടുന്ന സർവ്വശക്തനും
ലാസറിനെ ഉയിർപ്പിച്ച ജീവനാഥനും
പാപികൾക്കു രക്ഷയേകും പരിശുദ്ധനും

(എത്ര നല്ല ദൈവം

കരയുന്നോർക്കവനെന്നും കരുണാമയൻ
കഴുതമേൽ കയറിയ രാജരാജനും
ദരിദ്രനെ കുപ്പയിൽ നിന്നുയർത്തുന്നവൻ
ഏഴകളെ കുഴിയിൽ നിന്നേററുമവൻ

(എത്ര നല്ല ദൈവം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

375

എൻ യേശുവേ നാഥനേ വരണേ
നിൻ കാരുണ്യം എന്റെ മേൽ ചൊരിയണേ
സ്നേഹമായ് ശാന്തിയായ് ക്ഷമയായ് നിറയണേ (2)

നീയെന്റെ ശക്തിയും നീയെന്റെ ബലവും
നീയെന്റെ പ്രാണനും, നീയെൻ ദൈവം

എന്റെ ആത്മാവും ജീവനും നൽകുന്നു
നിൻ നാമത്തെ ഉയർത്തി ഞാൻ പാടുന്നു
സ്തുതിയും മഹത്വവും സ്തോത്രവും അർപ്പിക്കുന്നു

നീയെന്റെ ശക്തിയും നീയെന്റെ ബലവും
നീയെന്റെ പ്രാണനും, നീയെൻ ദൈവം

എൻ ഭാരങ്ങൾ കണ്ണുനീരായ് ഒഴുകുന്നു
എൻ മാനസം വേദനയിൽ ഉരുകുന്നു
നീറുമെൻ ജീവനെ നൽകി ഞാൻ പാടുന്നു
പ്രതികൂലമാകുമെൻ ചിന്തകൾ നേരെയും
വിശ്വാസവടി ഞാൻ നീട്ടിടുമേ (2)
നീയെന്റെ ശക്തിയും നീയെന്റെ ബലവും
നീയെന്റെ പ്രാണനും, നീയെൻ ദൈവം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

376

ആഹാ പാടാം പാടാം നാഥനു ജയസങ്കീർത്തനം

ആഹാ പാടാം പാടാം നാഥനു പുതുസങ്കീർത്തനം

ദൈവത്തിൻ ജനമേ അനുതാപത്തോടെ

കർത്താവിന്നരുളീടും വചനം കേട്ടീടൂ (2)

ആബാ ദൈവത്തിന്റെ രാജ്യം തേടാം

തിരുനാമം വാഴ്ത്തിപ്പാടീടാം

ആദ്യം ദൈവത്തിന്റെ നീതി തേടാം

തിരുവചനം എങ്ങും ഘോഷിക്കാം

ദൈവം തന്റെ കാരുണ്യത്തിൻ സ്നേഹമേകി

എന്നെന്നും നമ്മെ കാക്കുന്നു

നിത്യം ജീവൻ നൽകീടുന്ന ശാന്തി തൂകി

എന്നെന്നും നമ്മെ പോററുന്നു

(ആഹാ പാടാം പാടാം

അദ്ധ്വാനിക്കുന്നോരെ വരികെന്റെ ചാരത്തായ്

ഭാരം വഹിപ്പോരെ വരികെന്റെ ചാരത്തായ് (2)

ആശ്വാസം നൽകീടുന്നോനരുളുന്നു

ആനന്ദത്തിൻ സ്നേഹമേകി ചൊല്ലുന്നു

ദൈവത്തിൻ ചാരത്തെന്നും നിന്നീടാം

(ആഹാ പാടാം പാടാം

ലോകം മുഴുവൻ പോകാം, കർത്താവിൻ തിരുവചനം

സകല ജനത്തിനുമേകാം കൃപയേകും തിരുവചനം (2)

സർവ്വസൃഷ്ടി ജാലമാർത്തു പാടുവിൻ

രക്ഷകന്റെ നാമം കീർത്തിച്ചീടുവിൻ

ആരാധിച്ചാ നാമം വാഴ്ത്തീടാം

(ആഹാ പാടാം പാടാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

377

നീയെന്റെ സ്വന്തം ഞാൻ നിന്റെ ദൈവം
എൻ കുഞ്ഞേ കൺമണിയേ ജീവന്റെ ജീവനല്ലേ.
മിഴികൾ നനയാൻ ഇടവരികില്ല
ദിനവും നൽകാം എൻ സ്നേഹം ഞാൻ
ഞാൻ കരുതും കൈവെള്ളയിൽ

(നീയെന്റെ സ്വന്തം

നീ പോകും വഴിയിൽ കാവലായെന്നും
ഞാൻ നിന്റെ കൂടെ നടക്കാം
നീയെനിക്കെന്നും പ്രിയങ്കരനല്ലോ
നീയെന്റെ ഓമനക്കുട്ടൻ

(നീയെന്റെ സ്വന്തം

ഞാൻ നൽകും വചനം മായാതെയെന്നും
മനസ്സിന്റെ കോണിൽ നീ കാത്തീടണം
ഈ മണ്ണിൽ വളരാൻ വിജയങ്ങൾ തുടരാൻ
എന്നോടു ചേർന്നു നീ നിൽക്കൂ

(നീയെന്റെ സ്വന്തം

അലിവുള്ള സ്നേഹം തോരാതെയേകാം
നീയെന്റെ കൂടെ വന്നാൽ
മുറിവിൽ തലോടി കദനങ്ങൾ നീക്കി
നിന്നുള്ളിൽ ഞാനെന്നും വാഴാം

(നീയെന്റെ സ്വന്തം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

378

അരൂപിയെ അയച്ചീടണേ

അഭിഷേക പെരുമഴ പൊഴിച്ചീടണേ (2)
സ്വർഗ്ഗപിതാവേ കനിയണമേ
സ്വർഗ്ഗം ഇവിടെ തുറക്കണമേ (2)
അരൂപിയെ അയച്ചീടണേ
അഭിഷേക പെരുമഴ പൊഴിച്ചീടണേ (2)

ഓ പൊഴിച്ചീടണേ അഭിഷേക പെരുമഴ പൊഴിച്ചീടണേ
ഓ തുറന്നീടണേ സ്വർഗ്ഗം തുറക്കണമേ (2)

യേശുവിൽ വെളിപ്പെട്ട ആത്മാവേ
മറിയത്തിൽ നിറഞ്ഞ ആത്മാവേ (2)
ശിഷ്യരെ നയിച്ച ആത്മാവേ
സഭയുടെ ശക്തിയാം ആത്മാവേ (2)
ഈ സഭയിൽ സ്വർഗ്ഗം തുറന്നീടണമേ (2)

ഓ പൊഴിച്ചീടണേ അഭിഷേക പെരുമഴ പൊഴിച്ചീടണേ
ഓ തുറന്നീടണേ സ്വർഗ്ഗം തുറക്കണമേ (2)

പ്രാർത്ഥിക്കാൻ പഠിപ്പിക്കും ആത്മാവേ
മാധ്യസ്ഥം യാചിക്കും ആത്മാവേ (2)
പാപബോധം നൽകും ആത്മാവേ
ജീവൻ നൽകും ആത്മാവേ (2)
പുതുജന്മം ഞങ്ങൾക്കേകണമേ (2)

ഓ പൊഴിച്ചീടണേ അഭിഷേക പെരുമഴ പൊഴിച്ചീടണേ
ഓ തുറന്നീടണേ സ്വർഗ്ഗം തുറക്കണമേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

379

മാലാഖേ മാലാഖേ എന്റെ കാവൽ മാലാഖേ
സംരക്ഷയ്ക്കായ് ശുശ്രൂഷയ്ക്കായ്

വേഗം വരേണമേ
കർത്താവിന്നുടെ സൈനിക നിരയേ മാലഖമാരേ
സ്വർഗ്ഗത്തിന്റെ ദൂതൻമാരേ മാലാഖമാരേ
ദൈവമക്കളെ കാത്തിടാനായ് വേഗം വരേണമേ
സംരക്ഷകരായ് ശുശ്രൂഷകരായ് സേവ ചെയ്യണമേ
(മാലാഖേ

വചനത്തിന്റെ വാളുമേന്തി പറന്നിറങ്ങണമേ
സാത്താനേയും തിന്മകളേയും ദൂരെയകററണമേ (2)
ദൈവമക്കളോടൊന്നു ചേർന്നു പാടാൻ വരേണമേ
ദൈവത്തിൻ തിരുനാമം വാഴ്ത്തി ആരാധിച്ചിടാം
(മാലാഖേ

ക്രോവേന്മാരേ സ്രാപ്പേന്മാരേ ജ്ഞാനാധിക്യരേ
ഭദ്രാസനരേ അധികാരികളേ താത്വികന്മാരേ
ബലവാന്മാരേ മുഖ്യദൂതരെ ദൈവദൂത ഗണമേ
സംരക്ഷകരായ് ശുശ്രൂഷകരായ് വേഗം വരേണമേ
(മാലാഖേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

380

കാണുന്നു ഞാൻ വിശ്വാസത്താൽ
എൻ മുമ്പിൽ ചെങ്കടൽ ര ാകുന്നു (2)
കാണാത്ത കാര്യങ്ങൾ കൺമുമ്പിലെന്ന പോൽ
വിശ്വസിച്ചീടുന്നു എൻ കർത്താവേ (2)
(കാണുന്നു ഞാൻ

യെരിഹോ മതിലുകൾ ഉയർന്നുനിന്നാൽ
അതിൻ വലിപ്പം സാരമില്ല (2)
ഒന്നിച്ചു നാം ആർപ്പിട്ടെന്നാൽ
വന്മതിലുകൾ വീഴും കാൽച്ചുവട്ടിൽ (2)
(കാണുന്നു ഞാൻ

അഗ്നിയിൻ നാളങ്ങൾ വെള്ളത്തിന്നോളങ്ങൾ
എന്നെ തകർക്കുവാൻ സാദ്ധ്യമല്ല (2)

അഗ്നിയിലിറങ്ങി വെള്ളത്തിൽ നടന്ന്
കൂടെ വരുവാൻ കർത്തനു ˘ (2)
(കാണുന്നു ഞാൻ

നാലുനാളായാലും നാററം വമിച്ചാലും
കല്ലറ മുമ്പിൽ കർത്തൻ വരും (2)
വിശ്വസിച്ചാൽ നീ മഹത്വം കാണും
സാത്താന്റെ പ്രവർത്തികൾ തകർത്തിടുമേ (2)
(കാണുന്നു ഞാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

381

വിടുതലിൻ ദൈവമെ ആരാധന
സൗഖ്യദായകനെ ആരാധന (2)
ആരാധന എന്നെന്നും ആരാധന
യേശു രാജനെന്നെന്നും ആരാധന

ആരാധന എന്നെന്നും ആരാധന
യേശു രാജനെന്നെന്നും ആരാധന (2)
വിടുതലിൻ ദൈവമെ ആരാധന
സൗഖ്യദായകനെ ആരാധന (2)

ആരാധന എന്നെന്നും ആരാധന
യേശു രാജനെന്നെന്നും ആരാധന (2)

രാജാധിരാജനെന്നെന്നും ആരാധന
ദേവാധിദേവനെന്നും ആരാധന (2)
ആരാധന എന്നെന്നും ആരാധന
യേശു രാജനെന്നെന്നും ആരാധന (2)

സ്നേഹമാം ദൈവമേ ആരാധന
ജീവദായകനേ ആരാധന (2)

ആരാധന എന്നെന്നും ആരാധന
യേശു രാജനെന്നെന്നും ആരാധന (2)

We worshiping you  We worshiping you

We worshiping you  O Lord

We worshiping you  (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

382

ആരാധ്യൻ യേശുപരാ
വണങ്ങുന്നു ഞാൻ പ്രീയനേ
തേജസ്സെഴും നിൻമുഖമെൻ ഹൃദയത്തിനാനന്ദമേ (2)
നിൻ കൈകൾ എൻ കണ്ണീർ
തുടയ്ക്കുന്നതറിയുന്നു ഞാൻ (2)

ആരാധ്യൻ യേശുപരാ
വണങ്ങുന്നു ഞാൻ പ്രീയനേ
തേജസ്സെഴും നിൻമുഖമെൻ ഹൃദയത്തിനാനന്ദമേ
നിൻ കരത്തിൻ ആശ്ലേഷം
പകരുന്നു ബലം എന്നിൽ (2)

ആരാധ്യൻ യേശുപരാ
വണങ്ങുന്നു ഞാൻ പ്രീയനേ
തേജസ്സെഴും നിൻമുഖമെൻ ഹൃദയത്തിനാനന്ദമേ
മാധുര്യമാം നിൻ മൊഴികൾ
തണുപ്പിക്കുന്നെൻ ഹൃദയം (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

383

നിൻപാദം പുണർന്നു ഞാൻ ഒന്ന് ആരാധിക്കട്ടെ
എൻ കരങ്ങൾ തിരുപ്പാദേ ഞാൻ ഒന്നു ചേർത്തുവയ്ക്കട്ടെ
നൻമ ചെയ്തു സഞ്ചരിച്ച പാദങ്ങൾ ഒന്നു ചുംബിച്ചീടട്ടെ
ജീവന്റെ നാഥനാം യേശുവേ എന്റെ തമ്പുരാനേ

ഉത്ഥാനം ചെയ്തവനേ ഞങ്ങൾ ആരാധിക്കുന്നു
മരണത്തെ ജയിച്ചവനെ ഞങ്ങൾ ആരാധിക്കുന്നു (2)

ആണിയേറ്റ ദിവ്യപാദം സ്നേഹമോടെ പുണർന്നീടട്ടെ
കൈകൾ നീട്ടി നിൻതിരുമാറിൽ എന്നെ ചേർത്തിടണേ (2)
ദൈവസ്നേഹം നിറച്ചിടേണേ
അഭിഷേകങ്ങൾ ചൊരിഞ്ഞിടേണേ
ഉത്ഥാനത്തിൻ അത്ഭുതശക്തി എന്നിൽ നിറക്കണേ (2)
(നിൻപാദം പുണർന്നു ഞാൻ

ഭയന്നിടേ എന്നു മൊഴിഞ്ഞ്
വചനത്തിൻ അഭിഷേകാഗ്നി
ഹൃദയത്തിൽ ആഴമായി പതിയാൻ കൃപ ചൊരിയൂ (2)
മനസ്സിൻ ഭാരം നീക്കിടേണേ ആത്മശക്തി നൽകിടേണേ
ഉത്ഥാനത്തിൻ അത്ഭുതശക്തി എന്നിൽ നിറക്കണേ (2)
(നിൻപാദം പുണർന്നു ഞാൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

384

കർത്താവിൻ സ്നേഹത്തിൽ എന്നും വസിച്ചീടുവാൻ
വൻകൃപയേകീടണേ
ഭിന്നത, വിദ്വേഷം ഇല്ലാതെ ജീവിപ്പാൻ
നൽവരം നൽകീടണേ
(കർത്താവിൻ സ്നേഹത്തിൽ

ലോകം പാപം പിശാചെന്നെ തൊടുകയില്ല
ദുഷ്ടഘോര ശത്രു എന്നെ കാണുകയില്ല (2)
അങ്ങേ ചിറകിൻ മറവിലാണു ഞാൻ
എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ (2)

ഇന്നലെ മിന്നിയ ഉന്നതശ്രേഷ്ഠന്മാർ
അന്യരായിന്നു മന്നിൽ (2)

എന്നാലൊ സാധു ഞാൻ
സന്നിധി നിന്നതോ
പൊന്നേശുവേ കൃപയാൽ (2)

ലോകം പാപം പിശാചെന്നെ തൊടുകയില്ല
ദുഷ്ടഘോര ശത്രു എന്നെ കാണുകയില്ല (2)
അങ്ങേ ചിറകിൻ മറവിലാണു ഞാൻ
എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ (2)

നിർത്തിയതാണെന്നെ നിന്നതല്ല ഞാൻ
എത്ര സ്തുതിച്ചിടണം (2)
നിന്ദ പരിഹാസം ഏറെ സഹിച്ചു ഞാൻ
എത്ര നാൾ കാത്തീടണം (2)

ലോകം പാപം പിശാചെന്നെ തൊടുകയില്ല
ദുഷ്ടഘോര ശത്രു എന്നെ കാണുകയില്ല (2)
അങ്ങേ ചിറകിൻ മറവിലാണു ഞാൻ
എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ (2)

ഒന്നിക്കുമൊരുനാൾ സ്വർഗ്ഗകൂടാരത്തിൽ
വന്ദിക്കും ഞാനന്നാളിൽ (2)
എന്നിനി പ്രിയന്റെ പൊൻമുഖം കാണും ഞാൻ
എന്നാശയേറിടുന്നേ (2)

ലോകം പാപം പിശാചെന്നെ തൊടുകയില്ല
ദുഷ്ടഘോര ശത്രു എന്നെ കാണുകയില്ല (2)
അങ്ങേ ചിറകിൻ മറവിലാണു ഞാൻ
എന്റെ വിശ്വാസം വർദ്ധിപ്പിക്കണേ (2)

385

ഭൂമിയിൽ ഏറെക്കാലം ജീവിച്ചിരിക്കുവാനായ്
മാതാപിതാക്കൻമാരെ ബഹുമാനിക്ക നിന്റെ
മാതാപിതാക്കൻമാരെ ബഹുമാനിക്ക

വാഗ്ദാനം കൽപനയായി ദൈവത്തിൻ
വാഗ്ദാനം കൽപനയായി

കൂരിരുട്ടിൽ വിളക്ക് അണയാതിരിക്കുവാനായ്
മാതാപിതാക്കൻമാരെ ശപിക്കരുതേ നിന്റെ
മാതാപിതാക്കൻമാരെ ശപിക്കരുതേ

(വാഗ്ദാനം

വീടിന്റെ അടിത്തറ ഇളകാതിരിക്കുവാനായ്
അമ്മയെ സ്നേഹിക്ക നീ എന്നും നിന്റെ
അമ്മയെ സ്നേഹിക്ക നീ

(വാഗ്ദാനം

വീട്ടിൽ സമാധാനം നിലിനിൽക്കുവാനായ്
ഒരുമിച്ചു പ്രാർത്ഥിക്കണം വീട്ടിലെന്നും
ഒരുമിച്ചു പ്രാർത്ഥിക്കണം

(വാഗ്ദാനം

മക്കളെ ഓർത്തു നീ വിലപിക്കാതിരിക്കാനായ്
പ്രാർത്ഥിക്കാൻ പഠിപ്പിക്കണം അവരെ നീ
പ്രാർത്ഥിക്കാൻ പഠിപ്പിക്കണം

(വാഗ്ദാനം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

386

ആത്മാവേ അഗ്നിയായ് നിറയണമേ
പാപത്തിൻ ശക്തിമേൽ നിൻ അഗ്നി അയയ്ക്കൂ
രോഗത്തിൻ ശക്തിമേൽ നിൻ അഗ്നി അയയ്ക്കൂ
ശാപത്തിൻ ശക്തിമേൽ നിൻ അഗ്നി അയയ്ക്കൂ
ആത്മാവാം ദൈവമേ അഗ്നി അയയ്ക്കൂ

മുള്ളുകളും മുൾച്ചെടികളുമെല്ലാം
അഗ്നിയിലെരിഞ്ഞീടും
അരുളിയപോലെ അഗ്നി ഇറക്കി
വിശുദ്ധി നൽകേണമേ

പാപങ്ങളാൽ വന്ന ദോഷങ്ങളെന്നിൽ
ഭരണം ചെയ്തിടുന്നു
പാപം ചെയ്യാൻ മോഹം നൽകി
ശക്തിയായി ഉണർത്തിടുന്നു

ലോകം മുഴുവൻ പാപത്തിന്റെ
വിനകൾ നിറഞ്ഞീടുന്നു
മാനവരെല്ലാം നാശത്തിന്റെ
നിഴലിൽ കഴിയുന്നു.

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

387

ആരാധിക്കും എന്റെ ദൈവത്തെ
ഞാൻ പൂർണ്ണ മനസ്സോടെ
ആരാധിക്കും എന്റെ ദൈവത്തെ
ഞാൻ പൂർണ്ണ ഹൃദയമോടെ
ആരാധിക്കും എന്റെ ദൈവത്തെ
ഞാൻ പൂർണ്ണ ശക്തിയോടെ

ദാനിയേലേപോൽ സഹനത്തീയിലും
ആരാധിക്കും എന്റെ ദൈവത്തെ
ദാവീദിനേപോൽ എന്നെ ഞാൻ മറന്നിട്ട്
ആരാധിക്കും എന്റെ ദൈവത്തെ
സന്തോഷം വന്നാലും സന്താപം വന്നാലും
ആരാധിക്കും എന്റെ ദൈവത്തെ

ശ്ലീഹന്മാരെപോൽ പീഢനമേൽക്കുമ്പോഴും ആരാധിക്കും
എന്റെ ദൈവത്തെ
ലോകത്തിൽ എകനായ് നിന്ദനമേൽക്കുമ്പോഴും

ആരാധിക്കും എന്റെ ദൈവത്തെ

വൈരികളെതിർത്താൽ ജീവനെ മറന്നു ഞാൻ
ആരാധിക്കും എന്റെ ദൈവത്തെ

കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ആരാധിക്കും എന്റെ ദൈവത്തെ
രോഗത്തിൻ നേരത്തും ക്ലേശത്തിൻ നടുവിലും
ആരാധിക്കും എന്റെ ദൈവത്തെ

കഷ്ടങ്ങൾ നീങ്ങുവാൻ രോഗങ്ങൾ മാറുവാൻ
ആരാധിക്കും എന്റെ ദൈവത്തെ

ആരാധിക്കും എന്റെ ദൈവത്തെ

ഞാൻ പൂർണ്ണ മനസ്സോടെ
ആരാധിക്കും എന്റെ ദൈവത്തെ

ഞാൻ പൂർണ്ണ ഹൃദയമോടെ
ആരാധിക്കും എന്റെ ദൈവത്തെ

ഞാൻ പൂർണ്ണ ശക്തിയോടെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

388

പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
വരദാനത്തിൻ അഭിഷേകം
കൊ ന്നെ നിറയ്ക്കണമേ
പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
ലോകത്തിന്മേൽ വിജയം
നേടാൻ ധീരതയേകണമേ

ജലപ്പരപ്പിൽ ചലിച്ചു നിന്നൊരുപരിശുദ്ധാത്മാവേ
ജനകോടികളിൽ ജ്വലിച്ചുനിന്നൊരു പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
വരദാനത്തിൻ അഭിഷേകം
കൊ ന്നെ നിറയ്ക്കണമേ
പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ

ലോകത്തിന്മേൽ വിജയം
നേടാൻ ധീരതയേകണമേ

ഏലിയായിൽ കത്തിജ്വലിച്ചോരു പരിശുദ്ധാത്മാവേ
ഏലീശായിൽ ഇരട്ടിയേകിയ പരിശുദ്ധാത്മാവേ
ദാനിയേലിൽ ശക്തിപകർന്നൊരു പരിശുദ്ധാത്മാവേ
എന്റെയുള്ളിൽ നിറഞ്ഞു കവിയൂ പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
വരദാനത്തിൻ അഭിഷേകം
കൊ ന്നെ നിറയ്ക്കണമേ
പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
ലോകത്തിന്മേൽ വിജയം
നേടാൻ ധീരതയേകണമേ

സാവൂളിനെ പൗലോസാക്കിയ പരിശുദ്ധാത്മാവേ
ശ്ലീഹന്മാരെ ബലപ്പെടുത്തിയ പരിശുദ്ധാത്മാവേ
രക്തസാക്ഷിയിൽ ശക്തിയേകിയ പരിശുദ്ധാത്മാവേ
എന്റെയുള്ളിൽ നിറഞ്ഞു കവിയൂ പരിശുദ്ധാത്മാവേ

പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
വരദാനത്തിൻ അഭിഷേകം
കൊ ന്നെ നിറയ്ക്കണമേ
പരിശുദ്ധാത്മാവേ പരിശുദ്ധാത്മാവേ
ലോകത്തിന്മേൽ വിജയം
നേടാൻ ധീരതയേകണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

389

പരിശുദ്ധാത്മാവേ പറന്നിറങ്ങണമേ..
ശ്ലീഹന്മാരിൽ നിറഞ്ഞതുപോൽ
അഭിഷേകം ചെയ്യണമേ
നിറയണമേ നിറയണമേ
കവിയണമേ കവിഞ്ഞൊഴുകണമേ

ജോർദ്ദാൻ നദിക്കരയിൽ
പ്രാവിൻ രൂപത്തിൽ വന്ന്
അഭിഷേകമായ്ത്തിർന്ന പാവനാത്മാവേ
ലോകസുഖമേകും
അശുദ്ധിയിൽ നിന്നും കാത്തുരക്ഷിച്ചനുഗ്രഹമേകണമേ

പെന്തക്കുസ്താനാളിൽ
കൊടുങ്കാറ്റിൻ വേഗത്തിൽ
അഗ്നിനാളമായ്ത്തീർന്ന പാവനാത്മാവേ
നിന്നിൽ വിശ്വസിക്കുന്ന
ഈ സമൂഹത്തിൽ നീ അനുഗ്രഹമഴയായ്
പെയ്തിറങ്ങണമേ

സ്വർഗ്ഗം തുറക്കുന്നതും
ദൈവം ഇരിക്കുന്നതും
കാണുവാനെൻ
ഉൾക്കണ്ണു തുറക്കണമേ
സ്തേഫാനോസിനെപ്പോൽ
എന്നുമെന്നും ഞങ്ങളെ സത്യത്തിന്റെ
സാക്ഷികളാക്കണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

390

ഞങ്ങൾക്കല്ല കർത്താവേ
ഞങ്ങൾക്കല്ല കർത്താവേ
മഹത്വം മഹത്വം യേശുവിന്
കളിമൺപാത്രങ്ങൾ ഞങ്ങൾ
അയോഗ്യദാസരാം ഞങ്ങൾ
ബലഹീനരാകും ഞങ്ങളെ ഉയർത്തിയ
യേശുവിനാണെന്നും മഹത്വം
മഹത്വം മഹത്വം യേശുവിന് (2)

വീണാലുടയുന്ന മൺപാത്രങ്ങൾ
തകരാതെ കാത്തതും നീയല്ലോ

നട്ടതു നനച്ചതും ഏറെ പേരെന്നാലും
വളർത്തിയതോ നിൻ കരങ്ങളല്ലോ (2)
മഹത്വം മഹത്വം യേശുവിന് (2)

ലോകം എന്നെ ഉയർത്തിടുമ്പോൾ
എന്നെ അറിയുന്ന എന്റെ ദൈവമേ
യോഗ്യതയായെനിക്കൊന്നുമില്ല
എന്റെ സർവ്വവും നീ തന്ന ദാനമല്ലോ
മഹത്വം മഹത്വം യേശുവിന് (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

391

ആരാധനയിൻ നായകനെ
അങ്ങേ ഞാൻ ആരാധിക്കും
അഭിഷേകത്തെ തരുന്നവനെ
അങ്ങേ ഞാൻ ആരാധിക്കും
ഹല്ലേലൂയ്യ ഹല്ലേലൂയ്യ
ഹല്ലേലൂയ്യ ആമ്മേൻ

ആശ്വാസം നീയേ ആശ്രയം നീയേ
അങ്ങേ ഞാൻ ആരാധിക്കും
ഇമ്പവും നീയേ ഇണയില്ലാ നാമമേ
അങ്ങേ ഞാൻ ആരാധിക്കും

അങ്ങേ ഞാൻ ആരാധിക്കും
എന്നേശുവേ അങ്ങേ ഞാൻ ആരാധിക്കും
ഹല്ലേലൂയ്യ ഹല്ലേലൂയ്യ
ഹല്ലേലൂയ്യ ആമ്മേൻ

കരുണയും നീയേ ക്ഷമയും നീയേ
അങ്ങേ ഞാൻ ആരാധിക്കും
സ്നേഹവും നീയേ സൗഖ്യവും നീയേ
അങ്ങേ ഞാൻ ആരാധിക്കും
അങ്ങേ ഞാൻ ആരാധിക്കും

എന്നേശുവേ അങ്ങേ ഞാൻ ആരാധിക്കും
ഹല്ലേലൂയ്യ ഹല്ലേലൂയ്യ
ഹല്ലേലൂയ്യ ആമ്മേൻ

ചിന്തയും നീയേ ആശയും നീയേ
അങ്ങേ ഞാൻ ആരാധിക്കും വഴിയും നീയേ സത്യവും നീയേ
അങ്ങേ ഞാൻ ആരാധിക്കും
അങ്ങേ ഞാൻ ആരാധിക്കും
എന്നേശുവേ അങ്ങേ ഞാൻ ആരാധിക്കും

ഹല്ലേലൂയ്യ ഹല്ലേലൂയ്യ
ഹല്ലേലൂയ്യ ആമ്മേൻ

വഴിയും നീയേ സത്യവും നീയേ
അങ്ങേ ഞാൻ ആരാധിക്കും

ജീവനും നീയേ രക്ഷയും നീയേ
അങ്ങേ ഞാൻ ആരാധിക്കും
അങ്ങേ ഞാൻ ആരാധിക്കും

എന്നേശുവേ അങ്ങേ ഞാൻ ആരാധിക്കും

ഹല്ലേലൂയ്യ ഹല്ലേലൂയ്യ
ഹല്ലേലൂയ്യ ആമ്മേൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

392

എന്നെ നിത്യതയോടടുപ്പിക്കുന്ന
എല്ലാ അനുഭവങ്ങൾക്കും നന്ദി
എന്നെ നല്ല ശിഷ്യനാക്കിടുന്ന
എല്ലാ കുരിശുകൾക്കും നാഥാ നന്ദി
എല്ലാ തോൽവികൾക്കും നാഥാ നന്ദി

നിന്റെ മുഖം കാണുവാൻ
അതു നിമിത്തമായി
എല്ലാ കണ്ണുനീരിനും നാഥാ നന്ദി
നിന്റെ സാന്നിദ്ധ്യമറിയാൻ ഇടയായി

താഴ്‌വരയിൽ മുള്ളുകളിൽ
പനിനീർ പൂ പോൽ
ശോധനയിൽ ചൂളയതിൽ പൊന്നുപോലെ
ഉയർച്ചയിലും താഴ്ചയിലും
മരണത്തിലും ജീവനിലും
നിൻ സാന്നിദ്ധ്യം മതി
നാഥാ നിൻ സാന്നിദ്ധ്യം മതി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

393

രാത്രിയിലുള്ള നിന്റെ കരുതലിനും
രാവിലെയുള്ള നിന്റെ വിശ്വസ്തതക്ക്യും
എന്തുയോഗ്യത എനിക്കെന്തുയോഗ്യത
യേശുവിന്റെ ദാനമല്ലാതെന്തുയോഗ്യത

ഞാനവന്റെ മുമ്പിൽ താണിരുന്നപ്പോൾ
എന്നെ മൊത്തമായും സമർപ്പിച്ചപ്പോൾ
കരുതുന്നവൻ എന്നെ കാക്കുന്നവൻ
എന്റെ യേശുവല്ലാതാരുമല്ലല്ലോ

അബ്രഹാമിന്റെ ദൈവം വിശ്വസ്തനല്ലോ
മോശയുടെ ദൈവം സൗഖ്യമേകുന്നു
ദാനിയേലിന്റെ ദൈവം വാക്കു മാറാത്തോൻ
ഹന്നായുടെ ദൈവം കണ്ണുനീർമാറ്റും

യേശുനാഥന്റെ വരവടുത്തുപോയി
മാനസാന്തരത്തിന്റെ സമയമായി
നമുക്കുപോകാം യേശുനാഥന്റെകൂടെ
ധൈര്യത്തോടെ നിൽക്കാം ന്യായാസനത്തിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

394

അമലമനോഹരി അമ്മേ

അവിടുത്തെ സ്നേഹത്തിൻ മടിയിൽ

തലയൊന്നു ചായ്ക്കാൻ

കൊതിക്കുന്നെൻ ഉള്ളം

അരികിൽ നീ വരണമേ

(അമലമനോഹരി

കാനായിലെ ആ ഭവനം

വീഞ്ഞു തീർന്ന നേരം (2)

യേശുവിൻ മുമ്പിൽ നിൻ തിരുസ്നേഹം

മാദ്ധ്യസ്ഥത്തിൻ പൂമഴയേകി (2)

(അമലമനോഹരി

ശോകാദ്രശൂന്യം ഹൃദയം

സ്നേഹത്തിൻ വീഞ്ഞില്ല തെല്ലും (2)

യേശുവിന്നമ്മേ നീവരൂ വേഗം

സ്നേഹത്തിന്റെ പൂന്തണലേകാൻ (2)

(അമലമനോഹരി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

395

പരിശുദ്ധാത്മാവേ

എന്നിലൂടെ ഒഴുകണമേ

അഭിഷേകം പകരണമേ

ഇന്നീ സഭയിൽ നിറയണമേ

(പരിശുദ്ധാത്മാവേ

എന്നിലെ തടസ്സങ്ങൾ ഞാൻ നീക്കാം

എന്നിലെ അശുദ്ധികൾ ഞാൻ നീക്കാം (2)

(പരിശുദ്ധാത്മാവേ

ആദിമസഭയിൽ പകർന്നതുപോൽ

അളവില്ലാതിന്നു പകരണമേ (2)

(പരിശുദ്ധാത്മാവേ

ഉള്ളിലെ മുറിവുകൾ ഉണക്കണമേ

ഹൃദയത്തിൻ വേദന അകററണമേ (2)

(പരിശുദ്ധാത്മാവേ

പാപികൾക്കനുതാപം വരുത്തണമേ

തണുത്തവരിൽ അഗ്നി പകരണമേ (2)

(പരിശുദ്ധാത്മാവേ

ആദ്യസ്നേഹം വിട്ടുമാറിയവർ

മടങ്ങിവരാൻ ശക്തിയയക്കേണമേ (2)

(പരിശുദ്ധാത്മാവേ

അത്ഭുതങ്ങൾ അടയാളങ്ങളും

അതിശക്തമായിന്നു വെളിപ്പെടട്ടെ (2)

(പരിശുദ്ധാത്മാവേ

അടിമനുകങ്ങളെ തകർന്നണമേ

ദേശത്തിൽ വിടുതൽ നീ അയക്കണമേ (2)

(പരിശുദ്ധാത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

396

ആത്മാവേ ശുദ്ധാത്മാവേ

ആകാശം പിളർന്ന് നീ വന്നീടണേ

സ്നേഹത്തിൻ പൂർണ്ണതയിൽ എന്നും വളരുവാൻ

സ്നേഹിതാ സഖിയായി കൂടെ നീ നിൽക്കണേ

(ആ ആ

ഉന്നതത്തിൽ നിന്നും വരും ആത്മാവേ

ഉന്നതത്തിലേക്കെന്നെ ഉയർത്തേണമേ

ഉന്മത്തനായ് ഞാനിന്നു മാറിടാതെ

ഉത്തമസാക്ഷിയാക്കി മാററീടണേ

(ഉന്നതത്തിൽ

ഉണരൂ എന്നിലെ ആത്മാവേ

ഉണർത്തേണമേ എൻ ആത്മാവിനെ (2)

(ഉന്നതത്തിൽ

ഉയർച്ചയും പതർച്ചയും ഉൾക്കൊള്ളുവാൻ

ഉയിർപ്പിന്റെ ഉന്നമനത്തിൽ വളർന്നീടുവാൻ

ഉരുക്കുപോലെ എന്നെയും വാർത്തീടണേ

ഉപദേശദായകാ നയിച്ചീടണേ

(ഉയർച്ചയും പതർച്ചയും

ഉണരൂ എന്നിലെ ആത്മാവേ

ഉണർത്തേണമേ എൻ ആത്മാവിനെ (2)

(ഉന്നതത്തിൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

397

എന്റെ ഭാരം ചുമക്കുന്നവൻ . . .യേശു

എന്നെ നന്നായ് അറിയുന്നവൻ . . യേശു

സുഖമുള്ള കാലത്തും കണ്ണുനീർ നേരത്തും

യേശു മാത്രം മതി (2)

യേശു എന്റെ സ്നേഹിതൻ

യേശു എന്റെ പ്രാണപ്രിയൻ

(സുഖമുള്ള കാലത്തും

എന്റെ ദേഹം ക്ഷയിച്ചിടട്ടെ

യേശു കൈവിടില്ല

ഞാൻ ഏകനായ് തീർന്നിടട്ടെ

യേശു മാറുകില്ല

(സുഖമുള്ള കാലത്തും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

398

ആരാധിച്ചീടുവാനായി അങ്ങേ സന്നിധി തന്നിൽ

ചേരുന്നു പാടുന്നു നാമം വാഴ്ത്തുന്നു (2)

മാലാഖമാരോടു ചേർന്നിന്നു ഞങ്ങൾ

സർവ്വേശ്വരാ നിൻ നാമം വാഴ്ത്തുന്നു

(ആരാധിച്ചീടുവാനായി

ഏശയ്യ ക കനലേ, ഏലിയ നേടിയ കനിവേ (2)

മണ്ണിലും വിണ്ണിലും നിന്നെ വാഴ്ത്തുന്നു (2)

(ആരാധിച്ചീടുവാനായി

താബോറിൽ തളിരിട്ട കൃപയേ

തളരുമ്പോൾ തണലായ കരമേ (2)

പാരിലും ഭൂവിലും നാമം വാഴ്ത്തുന്നു

പാരിലും ഈ ഭൂവിലും നിൻനാമം വാഴ്ത്തുന്നു

(ആരാധിച്ചീടുവാനായി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

399

സ്ലീവാ സ്ലീവാ സ്ലീവാ വിജയക്കൊടിയല്ലോ

സഹനങ്ങളിലും ദു:ഖങ്ങളിലും തുണയല്ലോ

സഹനങ്ങളിലും ദു:ഖങ്ങളിലും തുണയല്ലോ

സ്ലീവാ സ്ലീവാ സ്ലീവാ വന്ദിച്ചിടുമ്പോൾ

ശാന്തതയും സ്വസ്ഥതയും  നിറയുന്നു (2) ഉള്ളിൽ

ശാന്തതയും സ്വസ്ഥതയും  നിറയുന്നു

സ്ലീവാ സ്ലീവാ സ്ലീവാ ചിഹ്നം ചൂടുമ്പോൾ

ഉന്നതവിജയം പാപ പരീക്ഷയിലെപ്പോഴും (2)

ആഹാ. . .

ഉന്നതവിജയം പാപ പരീക്ഷയിലെപ്പോഴും

സ്ലീവാ സ്ലീവാ സ്ലീവാ ചുവടിലിരിക്കുമ്പോൾ

നൈരാശ്യത്തിൻ ചുടുവെയിലും ആറുന്നു (2)

ഓഹോ

നൈരാശ്യത്തിൻ ചുടുവെയിലും ആറുന്നു

സ്ലീവാ സ്ലീവാ സ്ലീവാ ചിറകായ് അണിയുമ്പോൾ

സ്വർഗ്ഗത്തിൻ സീയോനിൽ നാം ചേരുന്നു (2)

എന്നും

സ്വർഗ്ഗത്തിൻ സീയോനിൽ നാം ചേരുന്നു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

400

ബാവാ പുത്രൻ റൂഹായേ

നിത്യമഹോന്നത ദൈവമേ

നിൻ രാജ്യം ഭൂവിൽ വരണം

നിൻ തിരുഹിതമതു പുലരേണം (2)

അത്യുന്നതനാം കർത്താവല്ലോ

ബാവാ പുത്രൻ റൂഹാ

നിത്യം വാഴും കർത്താവല്ലോ

ബാവാ പുത്രൻ റൂഹാ

(ബാവാ പുത്രൻ റൂഹാ

ആ. . . ആ. . .

നിത്യമഹോന്നത സൃഷ്ടാവല്ലോ

ബാവാ പുത്രൻ റൂഹാ

സത്യമഹോന്നത രക്ഷകനല്ലോ

ബാവാ പുത്രൻ റൂഹാ

ആദിയുമന്തവുമായവനല്ലോ

ബാവാ പുത്രൻ റൂഹാ

സർവ്വശക്തപരിപാവനനല്ലോ

ബാവാ പുത്രൻ റൂഹാ

(ബാവാ പുത്രൻ റൂഹാ

സർവ്വചരാചര പാലകനല്ലോ

ബാവാ പുത്രൻ റൂഹാ

സകലകൃപാവരദായകനല്ലോ

ബാവാ പുത്രൻ റൂഹാ

സൈന്യാധിപനാം കർത്താവല്ലോ

ബാവാ പുത്രൻ റൂഹാ

ത്രിത്വമേക പരിപൂജിതനല്ലോ

ബാവാ പുത്രൻ റൂഹാ

(ബാവാ പുത്രൻ റൂഹാ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

401

ആനന്ദമു ാനന്ദമു ˘
എനിക്കാത്മാവിൽ ആനന്ദമു ˘
ആനന്ദമു ാനന്ദമു ˘
എനിക്കേശുവിൽ ആനന്ദമു ˘ (2)

ഹാല്ലേലൂയ്യ പാടീടും ഞാൻ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ (2)

വചനം നൽകുന്ന ശക്തിയു ˘
പ്രാർത്ഥിക്കുമ്പോഴാത്മ നിറവു ˘ (2)
യേശുനാഥനെയാരാധിക്കുമ്പോൾ
അവനെനിക്കായ് നൽകുന്ന വിടുതലു ˘

ഹാല്ലേലൂയ്യ പാടീടും ഞാൻ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ (2)

കഷ്ടതയിൽ ദൈവ കരുതലു ˘
യേശുനാമത്തിൽ പ്രത്യാശയു ˘ (2)
രോഗങ്ങൾ വന്നാലും ക്ലേശങ്ങൾ വന്നാലും
യേശുവിൻ രക്തത്താൽ സൗഖ്യമു ˘

ആനന്ദമു ാനന്ദമു ˘
എനിക്കാത്മാവിൽ ആനന്ദമു ˘

ആനന്ദമു  ാനന്ദമു  ്
എനിക്കേശുവിൽ ആനന്ദമു  ് (2)

ഹാല്ലേലൂയ്യ പാടീടും ഞാൻ
ഹാല്ലേലൂയ്യ ഹാല്ലേലൂയ്യ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

402

അനുഗ്രഹമാകും ഞാൻ അനുഗ്രഹമാകും
യേശുവിൻ നാമത്തിൽ ഞാൻ അനുഗ്രഹമാകും
ജയമെനിക്കു  ് തോൽവിയെനിക്കില്ല
പരിശുദ്ധ നാമത്തിൽ ഞാൻ അനുഗ്രഹമാകും
(അനുഗ്രഹമാകും

കാണാത്ത കണ്ണുകൾ ക  ീടട്ടെ
പാടാത്ത നാവുകൾ പാടിടട്ടെ (2)
പ്രത്യാശയോടെൻ കണ്ണുകൾ കാണുന്നു
യേശുനാഥൻ ഉയർത്തിടുന്നു (2)
(അനുഗ്രഹമാകും

തീച്ചൂളയെന്നെ തൊടുകയില്ല
ഇരച്ചിടും വെള്ളമെന്നെ മൂടുകില്ല (2)
എനിക്കു മുമ്പേ കടന്നു പോയവൻ
പാതകൾ എനിക്കായ് തെളിച്ചിടുന്നു (2)
(അനുഗ്രഹമാകും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

403

ദൈവം തന്നതല്ലാതൊന്നും ഇല്ലയെന്റെ ജീവിതത്തിൽ
ദൈവത്തിന്റെ സ്നേഹം പോലെ മറ്റൊന്നില്ല പാരിടത്തിൽ
ഇന്നോളം ദൈവമെന്നെ കാത്തതോർത്തുപോവുകിൽ
എത്രകാലം ജീവിച്ചെന്നാലും നന്ദിയേകിത്തീരുമോ

ദൈവം തന്നതല്ലാതൊന്നും ഇല്ലയെന്റെ ജീവിതത്തിൽ

ദൈവത്തിന്റെ സ്നേഹം പോലെ മറ്റൊന്നില്ല പാരിടത്തിൽ

മെഴുതിരിനാളം തെളിയുമ്പോൾ
നീയെൻ ആത്മാവിൽ പ്രകാശമായ്
ഇരുളലമൂടും ഹൃദയത്തിൽ
നിന്റെ തിരുവചനം ദീപ്തിയായ്
കാൽവരിക്കുന്നെൻ മനസ്സിൽ
കാണുന്നിന്നു ഞാൻ
ക്രൂശിതന്റെ സ്നേഹരൂപം ഓർത്തുപാടും ഞാൻ
ഓ എന്റെ ദൈവമേ, പ്രാണന്റെ ഗേഹമെ
നിന്നിൽ മറയട്ടെ ഞാൻ

ദൈവം തന്നതല്ലാതൊന്നും ഇല്ലയെന്റെ ജീവിതത്തിൽ
ദൈവത്തിന്റെ സ്നേഹം പോലെ മറ്റൊന്നില്ല പാരിടത്തിൽ

എന്റെ സങ്കടത്തിൽ പങ്കുചേരും
ദൈവം ആശ്വാസം പകർന്നിടും
എന്നിൽ സന്തോഷത്തിൻ വേളയേകും
എന്നുമെന്നും നന്മയേകിടും
പിഴവുകളേറ്റുച്ചൊന്നാൽ ക്ഷമയരുളും
തിരുഹൃദയം എനിക്കായ് തുറന്നുതരും
ഓ എന്റെ ദൈവമെ ജീവന്റെ മാർഗ്ഗമെ
നിന്നോടു ചേരട്ടെ ഞാൻ

(ദൈവം തന്നതല്ലാതൊന്നും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

## 404

ഇലപൊഴിയും കാലങ്ങൾക്കപ്പുറം
തളിരണിയും കാലമു   തോർക്കണം
കവിളിലൂടൊഴുകുന്ന കണ്ണീരിനപ്പുറം
പുഞ്ചിരിയുെ   ന്നതും ഓർക്കണം

പ്രത്യാശയോടെ നീ ദൈവത്തെ നോക്കിയാൽ
ഉത്തരം നൽകുമെന്നറിഞ്ഞിടേണം
അവനുത്തരം നൽകുമെന്നറിഞ്ഞിടേണം

(ഇലപൊഴിയും

കയ്പാർന്ന വേദനകൾക്കപ്പുറം
മധുരത്തിൻ സൗഖ്യമു   തോർക്കണം (2)
മാനത്തെ കാർമേഘമപ്പുറം
സൂര്യപ്രഭയുടെ   ന്നതോർക്കണം
വിശ്വാസത്തോടെ നീ ദൈവത്തെ നോക്കിയാൽ
ഉത്തരം നൽകുമെന്നറിഞ്ഞിടേണം
അവനുത്തരം നൽകുമെന്നറിഞ്ഞിടേണം

(ഇലപൊഴിയും

ഇരുളാർന്ന രാവുകൾക്കുമപ്പുറം
പുലരിതൻ ശോഭയു   തോർക്കണം (2)
കലിതുള്ളും തിരമാലയ്ക്കപ്പുറം
ശാന്തി നൽകുമേശുവു   തോർക്കണം
വിശ്വാസത്തോടെ നീ ദൈവത്തെ നോക്കിയാൽ
ഉത്തരം നൽകുമെന്നറിഞ്ഞിടേണം
അവനുത്തരം നൽകുമെന്നറിഞ്ഞിടേണം

(ഇലപൊഴിയും

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

405

കരുണയുള്ള ദൈവം കരുണ കാട്ടും ദൈവം
കരുണമാത്രം കരളിനുള്ളിൽ കരുതിവച്ച ദൈവം

കരുണയുള്ള ദൈവം കരുണ കാട്ടും ദൈവം
കരുണമാത്രം കരളിനുള്ളിൽ കരുതിവച്ച ദൈവം (2)
മറക്കരുതേ മറക്കരുതേ
കരുണ കാട്ടുവാൻ നീ മടിക്കരുതേ

തളർന്നവരെ താങ്ങുവാൻ നീ മറക്കരുതേ
ദൈവം നിന്നെ വീഴാതെ താങ്ങിയില്ലേ (2)
ദരിദ്രനോടു ദയകാട്ടാൻ മറക്കരുതേ
സർവ്വ സ്വത്തും ദാനമാണെന്നോർക്കണമേ (2)
മറക്കരുതേ മറക്കരുതേ
കരുണ കാട്ടുവാൻ നീ മടിക്കരുതേ

അനാഥരെയും വിധവകളെയും മറക്കരുതേ
അഭയമേകി സംരക്ഷിക്കാൻ മടിക്കരുതേ (2)
വിശന്നവനായ് രോഗിയായ് നിന്റെ മുന്നിൽ
യേശുവരും നീയതൊട്ടും മറക്കരുതേ
ദരിദ്രനായ് രോഗിയായ് നിന്റെ മുന്നിൽ
യേശുവരും നീയതൊന്നും മറക്കരുതേ

കരുണയുള്ള ദൈവം കരുണ കാട്ടും ദൈവം
കരുണമാത്രം കരളിനുള്ളിൽ കരുതിവച്ച ദൈവം
മറക്കരുതേ മറക്കരുതേ
കരുണ കാട്ടുവാൻ നീ മടിക്കരുതേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

406

കാറേ കടലേ വാ
ദൈവത്തെ സ്തുതിപ്പിൻ
മഴയേ മേഘമേ വാ
ദൈവത്തെ സ്തുതിപ്പിൻ (2)

മാമലയാറുകളേ . . . പൂമലർവാടികളേ (2)
പൈങ്കിളി ജാലങ്ങളെ
കർത്താവിനെ സ്തുതിപ്പിൻ
പൈങ്കിളി ജാലങ്ങളെ

കർത്താവിനെ സ്തുതിപ്പിൻ

കാറേറ  കടലേ വാ
ദൈവത്തെ സ്തുതിപ്പിൻ
മഴയേ മേഘമേ വാ
ദൈവത്തെ സ്തുതിപ്പിൻ

ആത്മാവിന്നാനന്ദം നീ
ആശ്രിതർക്കാശ്വാസം നീ (2)
വാനവ ഭോജനം നീ
മാധുരി സാരവും നീ (2)

കാറേറ  കടലേ വാ
ദൈവത്തെ സ്തുതിപ്പിൻ
മഴയേ മേഘമേ വാ
ദൈവത്തെ സ്തുതിപ്പിൻ

കണ്ണീരിൻ താഴ്വരയിൽ
അലയുന്ന നിന്റെ മക്കൾ (2)
കരയുന്നു നിന്നെ നോക്കി
കനിവാർന്നലിയണമേ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

407

കോടാനുകോടി പാപം മറന്നെന്നെ
മാറോടു ചേർത്തവനേ
നെഞ്ചിൽ നെരിപ്പോടു കത്തുന്ന നേരം
നെഞ്ചോടണച്ചവനേ
വററാത്ത സ്നേഹമേ നിന്നെ നുകരുവാൻ
എത്തുന്നു ആശയോടെ ഞാൻ (2)

(കോടാനുകോടി പാപം

എത്രമാത്രമെന്നെ നീ കരുതുന്നുംെ ന്നു ഞാൻ
ചോദ്യമുന്നയിച്ച നാളിലും
സാദ്ധ്യമായ രീതിയിൽ കൈവിരിച്ചു ക്രൂശിൽ നീ
ഇത്രയേറെ എന്നു മൊഴിഞ്ഞു (2)

(കോടാനുകോടി പാപം

വീ ുമൊന്നു നോക്കവെ ക തില്ല ആണികൾ
ക്രൂശിനോടു നിന്നെ ചേർക്കുവാൻ
ആണിയല്ല സ്നേഹമാണു
ക്രൂശിൽ നിന്നെ ചേർത്തതെന്ന്
ഓർത്തു കൺനിറഞ്ഞു നിൽക്കയായ്

(കോടാനുകോടി പാപം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

408

ക്രൂശിൻ നിഴലിൽ നീറും മുറിവിൽ
മനം പാടി നിൻ സ്തോത്രം
വീഴും വഴിയിൽ താഴും ചുഴിയിൽ
മിഴി തേടി നിൻ രൂപം
ഇടം വലവും ഇരുൾ പെരുകി
ഇല്ല വേറൊരാളെന്നെ
ഒന്നു താങ്ങുവാൻ നാഥാ (2)

ക്രൂശിൻ നിഴലിൽ നീറും മുറിവിൽ
മനം പാടി നിൻ സ്തോത്രം

സീയോൻ വഴിയിൽ സ്നേഹം തിരഞ്ഞ്
ഒരുപാട് നീറി ഞാൻ
ഭാരം ചുമന്നും രോഗം സഹിച്ചും
മിഴിനീര് തൂകി ഞാൻ
മുള്ളിൽ കുടുങ്ങി തേങ്ങിക്കരയും

ഒരു പാവമാണേ ഞാൻ
എന്നെത്തിരക്കി തേടി വരുവാൻ
പ്രിയനേശു നീ മാത്രം

ക്രൂശിൻ നിഴലിൽ നീറും മുറിവിൽ
മനം പാടി നിൻ സ്തോത്രം

ന്യായം ശ്രവിക്കാൻ ആളില്ലാതെയായ്
ഞാനെന്റെ നാവടക്കി.
നീതി ലഭിക്കും വേദിയില്ലാതായ്
വിധിയേററുവാങ്ങി ഞാൻ
പിഴ നിരത്തി തോളിൽ ചുമത്താൻ
പ്രിയ സ്നേഹിതരും ചേർന്നു
എന്നെ കുരുക്കാൻ തീർത്ത കെണികൾ
പ്രിയനേശു ഭേദിച്ചു.

ക്രൂശിൻ നിഴലിൽ നീറും മുറിവിൽ
മനം പാടി നിൻ സ്തോത്രം
വീഴും വഴിയിൽ താഴും ചുഴിയിൽ
മിഴി തേടി നിൻ രൂപം
ഇടം വലവും ഇരുൾ പെരുകി
ഇല്ല വേറൊരാളെന്നെ
ഒന്നു താങ്ങുവാൻ നാഥാ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

409

മാലഖമാരൊത്തു വാഴും
സ്വർഗ്ഗീയ നിമിഷമീയാരാധന
വാനവദൂതരോടൊപ്പം
ത്രിത്വത്തെ വാഴ്ത്തുമീയാരാധന (2)

സെറാഫുകൾ തൻ രാജാവെ
ആരാധന ആരാധന ആരാധന
വിണ്ണിൽ വിളങ്ങുന്ന വെൺതാരമെ
ആരാധന ആരാധന ആരാധന
പൊൻമുഖം കാണുന്നു നിൻ ശോഭ കാണുന്നു
ഉൾത്തടം പാടുമീയാരാധന (2)

സ്വർഗ്ഗീയ മന്നയെ, ആരാധന
ജീവന്റെ അപ്പമേ, ആരാധന
തിരുവോസ്തി രൂപനേ, ആരാധന
ഉൾത്തടം പാടുമീയാരാധന (2)
സെറാഫുകൾ തൻ രാജാവെ
ആരാധന ആരാധന ആരാധന
വിണ്ണിൽ വിളങ്ങുന്ന വെൺതാരമെ
ആരാധന ആരാധന ആരാധന

ദ്രോവേൻമാർ പാടുന്നു, ആരാധന
സ്രാപ്പേൻമാർ പാടുന്നു, ആരാധന
ഓർശ്ലേമിൻ നാഥന്, ആരാധന
ഉൾത്തടം പാടുമീയാരാധന (2)
മാലഖമാരൊത്തു വാഴും
സ്വർഗ്ഗീയ നിമിഷമീയാരാധന
വാനവദൂതരോടൊപ്പം
ത്രിത്വത്തെ വാഴ്ത്തുമീയാരാധന (2)

സെറാഫുകൾ തൻ രാജാവെ
ആരാധന ആരാധന ആരാധന
വിണ്ണിൽ വിളങ്ങുന്ന വെൺതാരമെ
ആരാധന ആരാധന ആരാധന (2)

410

ഓ ദിവ്യമാം സ്നേഹമേ
ഓ ദിവ്യകാരുണ്യമേ (2)
തിരുവത്താഴ മേശയിലെ സമ്മാനമേ (2)
ആരാധന പാടാം മാലാഖമാരൊപ്പം
ജീവന്റെ തിരുഭോജ്യമേ (2)

എന്നുമെന്നും കൂടെയിരിപ്പാൻ
അപ്പമായ് തീർന്നവനേ (2)
എന്റെ സ്നേഹിതനാകുന്ന സ്നേഹമേ
ആരാധന നിനക്കാരാധന

(ഓ ദിവ്യമാം

ആത്മാവിനൾത്താര തന്നിൽ
നിന്നെ ഞാരാധിക്കാം (2)
എന്റെ ജീവനായ്ത്തീരുന്ന സ്നേഹമേ
ആരാധന നിനക്കാരാധന

(ഓ ദിവ്യമാം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

411

പ്രവാചകൻ എസെക്കിയേൽ ക ജീവനദിയേ
ആത്മബലം നൽകീടും ജീവനദിയേ
ബലിപീഠത്തിൽനിന്നും ഉറവയാർന്നൊഴുകി
ജീവനേകി ശുദ്ധിനൽകും ദിവ്യനദിയേ
ഏലിയായിൽ വന്നുനിറഞ്ഞ പരിശുദ്ധാത്മാവേ
ഏലീശായിൽ കത്തിജ്വലിച്ചൊരു പരിശുദ്ധാത്മാവേ
ദാനിയേലിനു ശക്തി പകർന്നൊരു പരിശുദ്ധാത്മാവേ
രക്തസാക്ഷികളാഞ്ഞു പുൽകിയ പരിശുദ്ധാത്മാവേ

(പ്രവാചകൻ എസെക്കിയേൽ

ദൈവത്തിന്റെ ചാരെ നടന്നൊരു നേരം
ആ ദിവ്യനദിയെന്റെ പാദം നനച്ചു

മുട്ടോളമായ് പിന്നെയരയോളമായ്
ശിരസ്സോളമായ് ഞാൻ നീന്തിത്തുടിച്ചു.
(പ്രവാചകൻ എസെക്കിയേൽ
ഈ നദിതൻ ഇരുകരയും ജീവവൃക്ഷം ക ു
ഇലപൊഴിയാതെ രോഗശാന്തി പകർന്നുനിൽക്കുന്നു
നിത്യഫലം ഏകിടുന്നു ജീവനേകി നടത്തിടുന്നു
ആത്മശക്തി പകർന്നിടുന്നു ആത്മബലിയായ്
(പ്രവാചകൻ എസെക്കിയേൽ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

412

അക്കരെ നാട്ടിലെ നിത്യഭവനമെത്രയോ മോഹനമേ (2)

നിത്യനാം ദൈവത്തോടൊത്തുള്ള

വാസമതെത്രയോ ആനന്ദമേ

കണ്ണുനീരില്ലൊരു കഷ്ടപ്പാടുമില്ലൊരു

ദു:ഖവുമില്ലവിടെ

രോഗവുമില്ലൊരു വ്യാധിയുമില്ലൊരു

ഭീതിയുമില്ലവിടെ

(അക്കരെ നാട്ടിലെ

മണ്ണിലെൻ ജീവിതം കഷ്ടമാണെങ്കിലും

ദു:ഖമെനിക്കില്ലല്ലോ

വിണ്ണിലെ ജീവിതം ഓർത്തിടും നേരമെൻ

മാനസം മോഹിക്കുന്നേ

ദൈവമു ല്ലോ ദൂതരു ല്ലോ

വിശുദ്ധരുമു വിടെ

ത്യാഗം സഹിച്ചുതൻ ജീവിതം കൊടുത്തതാം

ശിഷ്യരുമു വിടെ

(അക്കരെ നാട്ടിലെ

സൂര്യനും ചന്ദ്രനും നക്ഷത്രവുമൊന്നുമേ

വേ യെനിക്കവിടെ

ദൈവകുഞ്ഞാടാകും ക്രിസ്തുവിൻ തേജസായ്

മിന്നിവിളങ്ങീടുമേ

മുത്തിനാൽ നിർമ്മിതമായ

പുരത്തിലേക്കെത്തിടാൻ ഓടീടുന്നേ

പ്രത്യാശ നാടിനെ കാണുവാൻ എന്നുള്ളിൽ

അത്യാശ ഏറിടുന്നേ

(അക്കരെ നാട്ടിലെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

413

ആത്മനദി എന്നിലേക്കൊഴുക്കുവാനായ്

ആവലോടെ ഞാനും കാത്തിരുന്നപ്പോൾ

ആത്മനാഥൻ എന്നോട് തൻ കരുണ കാട്ടി

ആത്മനദി എന്നിലേയ്ക്കവനൊഴുക്കി

ആത്മനദി എന്റെ പാദങ്ങൾ നനച്ചപ്പോൾ

ആനന്ദത്താൽ എന്റെയുള്ളം തുളുമ്പിപ്പോയി

പുതിയൊരു ശക്തി എന്നിലേക്കെൻ നാഥൻ

അനുനിമിഷം പകർന്നുതുടങ്ങി

ആത്മനദി എന്റെ മുട്ടോളമെത്തിയപ്പോൾ

ആകുലം മറന്നു ഞാൻ ആരാധിച്ചപ്പോൾ

അത്യന്തശക്തിയാലെൻ മൺകൂടാരമങ്ങ്

പന്തുപോലെ പൊങ്ങി പൊങ്ങിത്തുടങ്ങി

ആത്മനദി എന്റെ അരയോളമെത്തി

ആരുമറിയാത്തൊരു ഭാഷ ഞാൻ ചൊല്ലി

മനുഷ്യരോടല്ലെൻ ദൈവത്തോടു തന്നെ

അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി

ആത്മനദി എന്റെ ശിരസ്സോളമെത്തി എൻ

പാദങ്ങൾ തറയിൽ ഉറയ്ക്കാതെയായ്

ദേഹത്തിനു തെല്ലും ഭാരമില്ലാതെയായി

ആത്മനദിയിൽ ഞാൻ നീന്തിത്തുടങ്ങി

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

414

ആത്മാവിൻ ശക്തി അത്യുന്നത ശക്തി

പരിശുദ്ധാത്മ ശക്തി എന്നിൽ നിറയട്ടെ

എന്നിൽ നിറയട്ടെ സഭയിൽ നിറയട്ടെ

ലോകം മുഴുവൻ കത്തിപ്പടരട്ടെ (2)

ആദിമസഭയിൽ നിറഞ്ഞപോലെ

അഭിഷേകം കാററായ് വീശണമേ

പാപശക്തിയെ തകർത്തിടാൻ

ലോകശക്തിയെ തകർത്തിടാൻ

അഭിഷേകത്താൽ എന്നെ നിറയ്ക്കണമേ

ശ്ലീഹന്മാരിൽ നിറഞ്ഞപോലെ

അഭിഷേക തീക്കാററായ് വീശണമേ

രോഗശക്തിയെ തകർത്തിടാൻ

ശാപശക്തിയെ തകർത്തിടാൻ

അഭിഷേകത്താൽ എന്നെ നിറയ്ക്കണമേ

ജോർദ്ദാൻ നദിയിൽ ഇറങ്ങിവന്നതുപോൽ

അഭിഷേകത്തിൻ നിറവായ് നീ വരണേ

സാത്താൻ ശക്തിയെ തകർത്തിടാൻ

ബന്ധനമെല്ലാം അഴിച്ചിടാൻ

അഭിഷേകത്താൽ എന്നെ നിറയ്ക്കണമെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

415

ബലഹീനതയിൽ ബലമേകി

ബലവാനായോൻ നടത്തിടുന്നു

കൃപയാലേ കൃപയാലേ

കൃപയാൽ അനുദിനവും

(കൃപയാലേ

എന്റെ കൃപ നിനക്കുമതി

കർത്താവിൻ തിരുവചനം

അനശ്വരമാം വചനമതേകി

അതിശയമായ് നടത്തിടുന്നു

(കൃപയാലേ

യഹോവയെ കാത്തിരിപ്പോൻ

ശക്തിയെ പുതുക്കീടും

കഴുകനെപ്പോൽ ചിറകടിച്ചുയരും

തളർന്നുപോകാതെ ഓടീടും

(കൃപയാലേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

416

കാലത്തിൻ അടയാളങ്ങൾ

കണ്ണുതുറന്നു ക ിടുവിൻ

കാലമതിനുടെ അന്ത്യത്തിൽ

കർത്താവിൻ വരവാഗതമായ്

ലോകത്തിൽ ജനകോടികളിൽ

സുവശേഷത്തീ പടരുന്നു

ലോകമതിനുടെ രക്ഷകനെ

ദർശിക്കാൻ അണിചേരുന്നു

(കാലത്തിൻ

മാതാവിൻ സന്ദേശങ്ങൾ

മാനവരോടായ് കേഴുന്നു

പാപവഴികളുപേക്ഷിപ്പിൻ

പാപികൾക്കായി പ്രാർത്ഥിപ്പിൻ

(കാലത്തിൻ

ലാസലെററും ഫാത്തിമയും

മജുഗോറിയായും ചൊല്ലുന്നു

ലോകം ഈ വിധം പോയീടിൽ

നാശത്തിൽ ചെന്നെത്തീടും

(കാലത്തിൻ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

417

കാൽവരിക്കുന്നിലേയ്ക്കു പോകാം

ക്രിസ്തുവിൻ പിന്നാലെ ക്രൂശുമേന്തി

പാപത്തിൻ പരിഹാരം ചെയ്യുവാനായ്

മൃത്യു വരിച്ചു ജീവിക്കുവാൻ

(കാൽവരിക്കുന്നിലേയ്ക്കു

സ്വർഗ്ഗം പ്രാപിച്ചു മാലാഖമാരൊത്തു

ത്രിത്വൈക ദൈവത്തെ ദർശിക്കേണം (2)

അവിടുത്തെ  മഹിമകൾ പാടിപ്പുകഴ്ത്തേണം

നിത്യാനന്ദത്തിൽ ലയിച്ചീടേണം (2)

(കാൽവരിക്കുന്നിലേയ്ക്കു

ചൊരിയണേ നാഥാ നിൻ വരദാനങ്ങൾ

പാപികളിൽ ഞങ്ങളിൽ കനിവോടെ നീ (2)

മാനവരേവരും നിൻ കൃപയാൽ

സ്വർഗ്ഗം പ്രാപിക്കുവാൻ ഭാഗ്യമേകും (2)

(കാൽവരിക്കുന്നിലേയ്ക്കു

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

418

കർത്താവേ കരം നീട്ടണമേ

അങ്ങേ പരിശുദ്ധ ദാസനാം

യേശുവിന്റെ നാമത്തിൽ

രോഗശാന്തികൾ നിറയാൻ

അടയാളങ്ങൾ കാണാൻ
അത്ഭുതങ്ങൾ സംഭവിക്കാൻ
ശക്തി അയക്കണമേ
ആഗതമാകട്ടെ വേഗം പുതിയ പന്തക്കുസ്ത
ആഗതമാകട്ടെ വേഗം പുതിയ പന്തക്കുസ്ത

പാപശക്തികൾ പടുത്തുയർത്തിയ
പ്രസ്ഥാനങ്ങൾ തകരട്ടെ
അഭിഷേകാഗ്നിയിലെരിഞ്ഞു നീറി
ചാമ്പലായി പോകട്ടെ
കത്തട്ടെ തീ കത്തട്ടെ കത്തി കത്തി പടരട്ടെ
അഭിഷേകത്തിൻ ജ്വാലകളാലെ
ആഗതമാകട്ടെ വേഗം പുതിയ പന്തക്കുസ്ത
ആഗതമാകട്ടെ വേഗം പുതിയ പന്തക്കുസ്ത

ദുഷ്ടശക്തികൾ പകർന്നു നൽകിയ
പാഷണ്ഡതകൾ തകരട്ടെ
ജ്ഞാനശക്തിയിൽ ഉടഞ്ഞു ചിതറി
സർവ്വം നീങ്ങി പോകട്ടെ
കത്തട്ടെ തീ കത്തട്ടെ കത്തി കത്തി പടരട്ടെ
അഭിഷേകത്തിൻ ജ്വാലകളാലെ
ആഗതമാകട്ടെ വേഗം പുതിയ പന്തക്കുസ്ത
ആഗതമാകട്ടെ വേഗം പുതിയ പന്തക്കുസ്ത

419

കർത്താവിന്റെ കരബലം പൂർണ്ണമായ് വെളിപ്പെടും

അത്ഭുതങ്ങൾ സംഭവിക്കട്ടെ

കർത്താവിന്റെ കരബലം പൂർണ്ണമായ് വെളിപ്പെടും

അടയാളങ്ങൾ  സംഭവിക്കട്ടെ

ഇന്നിവിടെ ഈ നിമിഷം

ദൈവശക്തി വെളിപ്പെടട്ടെ (2)

ഇന്നും ജീവിക്കുന്ന

യേശുവിന്റെ സാന്നിദ്ധ്യത്തെ

ജനതകൾ ക ിടട്ടെ (2)

സത്യവിശ്വാസ മാർഗ്ഗത്തിലായിരങ്ങൾ

കൂട്ടമായ് ചേർന്നിടട്ടെ (2)

തിരുസഭ ഉണരട്ടെ

ദൈവജനം ഉണർന്നിടട്ടെ

ഇന്നും ജീവിക്കുന്ന

യേശുവിന്റെ സാന്നിദ്ധ്യത്തെ

ജനതകൾ ക ിടട്ടെ (2)

ഈജിപ്തിൽ മോശയുടെ

കരങ്ങളാൽ വെളിപ്പെട്ട

അത്ഭുതങ്ങൾ സംഭവിക്കട്ടെ

(ഇന്നിവിടെ

ബാബിലോണിൽ ദാനിയേലിൻ

വാക്കുകളിൽ വെളിപ്പെട്ട

ജ്ഞാനശക്തി  ഒഴുകിടട്ടെ

(ഇന്നിവിടെ

പത്രോസിന്റെ നിഴലിൽ

സൗഖ്യശക്തി വ്യാപരിച്ച

അത്ഭുതങ്ങൾ സംഭവിക്കട്ടെ

(ഇന്നിവിടെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

420

പുതിയൊരു ജീവിതമിനി ഞങ്ങൾ

പണിയും ദൈവകൃപയാലെ

കർത്താവെന്നും വാഴുന്ന ഭവനമൊരുക്കീടും

ഞങ്ങൾ സ്വർഗ്ഗം ഒരുക്കീടും

സ്നേഹത്തിൽ പറഞ്ഞിടും

സ്നേഹത്തോടെ നൽകീടും

സ്നേഹത്തോടെയല്ലാതെ പെരുമാറുകയില്ല

ഒരുമിച്ചുള്ള ജീവിതം

ഒരുമയിൽ തന്നെ ജീവിക്കും

ഒരുമിച്ചു   ുറങ്ങും, ഞങ്ങൾ വേർപിരിയില്ലാ

കുറവുകളൊന്നും നോക്കില്ല

അയോഗ്യതയൊന്നും നോക്കില്ല

സഭയെ യേശു സ്നേഹിച്ചതുപോൽ

സ്നേഹിക്കും ഞാൻ

ക്ഷമിക്കുക തന്നെ ചെയ്തീടും

കോപത്തെ മരിപ്പിക്കും

ഏററം നല്ലതു തമ്മിൽ കരുതി

സ്നേഹിക്കും ഞാൻ

പ്രാർത്ഥന ഇനിമേൽ മുടങ്ങില്ല

വചനധ്യാനം നിർത്തില്ല

ഒരുമിച്ചെത്തും പ്രാർത്ഥിക്കും, ഇനി മാററമില്ല

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

421

രോഗികളെ സുഖമാക്കുന്ന ശക്തി

കർത്താവിൻ അൽഭുത ശക്തി

ദൈവജനത്തിൻ മീതെയിപ്പോൾ

നിറഞ്ഞു കവിഞ്ഞിടട്ടെ (2)

യേശുവിൻ നിന്നും ശക്തി പുറപ്പെട്ട്

സൗഖ്യം വിടുതൽ ഇന്നീ ജനതയിലൊഴുകട്ടെ! (2)

ബന്ധനങ്ങൾ അഴിയട്ടെ അടിമത്തങ്ങൾ മാറട്ടെ

യേശുവിന്റെ നാമത്തിൽ വിടുതൽ പ്രാപിച്ചീടട്ടെ (2)

സൗഖ്യദായകനേശുവേ കൈകൾ നീട്ടണമേ

വിടുതൽ പ്രാപിക്കാൻ

ഞങ്ങൾ സൗഖ്യം നേടീടാൻ (2)

യേശുവിൻ തിരുമുറിവാലെ വ്യാധികൾ മാറട്ടെ

ദൈവശക്തിയാൽ രോഗാണുക്കൾ ഇല്ലാതാകട്ടെ (2)

ബന്ധനങ്ങൾ അഴിയട്ടെ അടിമത്തങ്ങൾ മാറട്ടെ

യേശുവിന്റെ നാമത്തിൽ വിടുതൽ പ്രാപിച്ചീടട്ടെ (2)

യേശുവിൻ തിരുരക്തത്താൽ മോചിതരാകട്ടെ

പാപത്തിന്റെ കെട്ടുകളെല്ലാം തകർന്നു വീഴട്ടെ (2)

വചനശക്തിയാൽ സാത്താൻ സൈന്യം ബന്ധിതരാകട്ടെ

ക്രൂശിൻ കീഴെ തിന്മകൾ കത്തി ചാമ്പലാകട്ടെ (2)

രോഗികളെ സുഖമാക്കുന്ന ശക്തി

കർത്താവിൻ അൽഭുത ശക്തി

ദൈവജനത്തിൻ മീതെയിപ്പോൾ

നിറഞ്ഞു കവിഞ്ഞിടട്ടെ

യേശുവിൻ നിന്നും ശക്തി പുറപ്പെട്ട്

സൗഖ്യം വിടുതൽ ഇന്നീ ജനതയിലൊഴുകട്ടെ! (2)

ബന്ധനങ്ങൾ അഴിയട്ടെ അടിമത്തങ്ങൾ മാറട്ടെ

യേശുവിന്റെ നാമത്തിൽ വിടുതൽ പ്രാപിച്ചീടട്ടെ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

422

ഉയരത്തിലെ കാററിവിടെ അടിച്ചീടട്ടെ

സ്വർഗ്ഗത്തിലെ തീയിവിടെ കത്തട്ടെ

അന്യഭാഷയെല്ലാവരും ചൊല്ലീടട്ടെ

ആനന്ദത്താലാർത്തുപാടി സ്തുതിച്ചീടട്ടെ

അന്ത്യകാലമായല്ലോ അന്ത്യനാളടുത്തല്ലോ

പറന്നുപോകാൻ ആത്മശക്തി ഏറ്റെടുത്തീടാം

പുത്രന്മാരും പുത്രിമാരും പ്രവചിക്കട്ടെ

യൗവ്വനക്കാർ ദർശനങ്ങൾ ക ീടട്ടെ

വൃദ്ധന്മാരും സ്വപ്നങ്ങൾ ക ീടട്ടെ

ആത്മമാരി എങ്ങുമേ പെയ്തീടട്ടെ

(അന്ത്യകാലമായല്ലോ

പാപബോധത്താൽ ജനം കരഞ്ഞീടട്ടെ

നീതിബോധത്താൽ ജനം നിറഞ്ഞീടട്ടെ

ന്യായവിധിയുടെ ന്ന് ഓർത്തീടട്ടെ

ആത്മനദി എങ്ങുമേ ഒഴുകീടട്ടെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

423

ആത്മാവേ ആത്മാവേ നിത്യസഹായകനേ
ആനന്ദം നൽകണമേ ആനന്ദദായകനേ (2)
അതിരുകളോളം അനുഗ്രഹവചസ്സുകളരുളീടുവാനായി
അയക്കണമേ എന്നെ അഭിഷേകം ചെയ്യണമേ

(ആത്മാവേ ആത്മാവേ

വിശ്വാസത്തിൽ തീക്ഷ്ണതയും
സ്നേഹത്തിൽ പരിപൂർണ്ണതയും
സഹനത്തിൽ പരിശീലനവും
ക്ഷമയും നീ നൽകണമേ (2)

പാപം നിറഞ്ഞ പാരിതിൽ

പാപബോധം നൽകണമേ

പാവനാത്മാവേ എന്നെ ശുദ്ധീകരിക്കണമേ (2)

(ആത്മാവേ ആത്മാവേ

വിജ്ഞാനം നീ നൽകണമേ

വിശുദ്ധിയാലെ വളർത്തണമേ

പ്രാർത്ഥനതൻ പുതുശക്തിയും

കൃപയും നീ ചൊരിയണമേ (2)

വചനത്തികവായ് ജീവിതം

നന്മപൂരിതമാക്കണമേ

പാവനാത്മാവേ നിൻ സാക്ഷിയാക്കണമേ (2)

(ആത്മാവേ ആത്മാവേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

424

ആത്മാവേ കനിയണമേ

അഭിഷേകം ചൊരിയണമേ

അഗ്നിജ്വാല പോലെ ഇടിമുഴക്കത്തോടെ

അഗ്നിനാവുകളെന്നിൽ പതിയണമേ

ജാതികൾ തിരുമുമ്പിൽ വിറക്കും വണ്ണം

തന്റെ നാമത്തെ വൈരികൾക്ക് വെളിപ്പെടുത്താൻ

തീയിൽ ചുള്ളി കത്തുംപോലെ നീ ഇറങ്ങണമേ

വെള്ളം തിളക്കുന്നപോലെ നീ കവിയണമേ

(ആത്മാവേ കനിയണമേ

മലകൾ തിരുമുമ്പിൽ  ഉരുകുംവണ്ണം

നീ ആകാശം  കീറിയെന്മേൽ ഇറങ്ങണമേ

ആലയം പുകകൊ   ു നിറഞ്ഞപോലെ

അഗ്നിയാലെന്റെ ഉള്ളം നീ നിറക്കണമേ

(ആത്മാവേ കനിയണമേ

ഇസ്രായേൽ ജനത്തിന്റെ വിടുതലിനായ്

പ   ് മോശമേലാ തീ പകർന്ന് കൊടുത്തവനേ

തീയിൽ മുൾപ്പടർപ്പ് കത്തുംപോലെ ഇറങ്ങണമേ
വെള്ളം തിളക്കുന്നപോലെ നീ കവിയണമേ
(ആത്മാവേ കനിയണമേ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

425

യേശു നാമം എന്റെ ആശ്രയം
ആശയറ്റ നേരമെന്റെ ആശ്വാസം
നിൻ വചനമാരി തൂകി നീ
എന്റെ വേദനകൾ സൗഖ്യമാക്കണേ

ബെത്‌സൈദാ കുളക്കരയിലെ രോഗിപോൽ
ഞാൻ തളർന്നവനാകുന്നു
നിന്റെ കരുണ തേടുന്നൂ
വൈകല്ലേ.... എന്റെ മോചകാ..

എന്നെ ചുറ്റും ആയിരങ്ങൾക്കിടയിലായി
എന്നെത്തന്നെ നോക്കി നിൽക്കും വേറൊരുവൻ
അത് യേശുവായിരുന്നു
എന്റെ രക്ഷയായിരുന്നു
അവൻ എന്റെ ശിക്ഷയേറ്റു വാങ്ങിനിന്നു
(ബെത്‌സൈദാ കുളക്കരയിലെ

ചാട്ടവാറു കൊ ു പ്രഹരമേൽക്കവേ
ചീറ്റിയില്ല കോപമെന്റെ നായകൻ
അവൻ ശാന്തനായിരുന്നു
അതു ശക്തിയായിരുന്നു
അവൻ എന്റെ കോപത്തീയണച്ചു നിന്നു
(ബെത്‌സൈദാ കുളക്കരയിലെ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

426

യേശുവിനെ കാണേണം

എനിക്കേശുവിനെ കാണേണം

തീവ്രമായാശിപ്പൂ ഞാൻ

എനിക്കേശുവിനെ കാണേണം

സ്നേഹപിതാവേ കണ്ണുകൾ തുറന്നു തരേണേ

പരിശുദ്ധാത്മാവേ കണ്ണുകൾ തുറന്നു തരേണേ

എനിക്കേശുവിനെ കാണേണം

എനിക്കേശുവിനെ കാണേണം

സ്നേഹപിതാവേ കാതുകൾ തുറന്നു തരേണേ

പരിശുദ്ധാത്മാവേ കാതുകൾ തുറന്നു തരേണേ

എനിക്കേശുവിനെ കേൾക്കേണം

എനിക്കേശുവിനെ കേൾക്കേണം

സ്നേഹപിതാവേ ഹൃത്തടം തുറന്നു തരേണേ

പരിശുദ്ധാത്മാവേ ഹൃത്തടം തുറന്നു തരേണേ

എനിക്കേശുവിനെ ആസ്വദിക്കേണം

എനിക്കേശുവിനെ ആസ്വദിക്കേണം

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

427

എൻ പ്രിയൻ വലംകരത്തിൽ പിടിച്ചെന്നെ

നടത്തിടുന്നു ദിനം തോറും

സന്തോഷവേളയിൽ സന്താപവേളയിൽ

എന്നെ കൈവിടാതെ അനന്യനായ്

പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ
പ്രതികൂലമനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
പ്രലോഭനമനവധി വന്നീടിലും

എൻ കാന്തൻ കാത്തിടും
എൻ പ്രിയൻ പോററിടും
എൻ നാഥൻ നടത്തിടും അന്ത്യം വരെ (2)

കെരുപ്പു തോട്ടിലെ  വെള്ളം വററിയാലും
കാക്കയിൻ വരവോ നിന്നീടിലും (2)
സറാഫത്തൊരുക്കി ഏല്യാവെ പോററിയ
എൻ പ്രിയനെന്നെയും പോററിക്കൊള്ളും

പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ
പ്രതികൂലമനവധി വന്നീടിലും
വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ
പ്രലോഭനമനവധി വന്നീടിലും

എൻ കാന്തൻ കാത്തിടും
എൻ പ്രിയൻ പോററിടും
എൻ നാഥൻ നടത്തിടും അന്ത്യം വരെ (2)

മണ്ണോടു മണ്ണായ്  ഞാനമർന്നു പോയാലും

എൻ കാന്തനേശു കൈവിടില്ല (2)

എന്നെ ഉയർപ്പിക്കും വെൺശരീരത്തോടെ

കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ

പതറുകയില്ല ഞാൻ പതറുകയില്ല ഞാൻ

പ്രതികൂലമനവധി വന്നീടിലും

വീഴുകയില്ല ഞാൻ വീഴുകയില്ല ഞാൻ

പ്രലോഭനമനവധി വന്നീടിലും

എൻ കാന്തൻ കാത്തിടും

എൻ പ്രിയൻ പോററിടും

എൻ നാഥൻ നടത്തിടും അന്ത്യം വരെ (2)

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

428

മാനുഷാ നീ ലോകമഖിലം നേടിയെന്നാലും

നിന്നാത്മനാശം വന്നുപോയാലെന്തുനേടും

ആത്മാവിനു പകരമായിട്ടെന്തു നൽകും നീ

ഈ ലോക സമ്പത്തൊന്നു ചേർന്നാൽ

തികയുമോ വിലയായ് (2)

ഒരുവനെന്നെ അനുഗമിക്കാൻ

അഭിലഷിച്ചിടുകിൽ തന്നെ

പൂർണ്ണമായി സംത്യജിച്ചു ശൂന്യനായിടണം (2)

അനുദിനം തൻ കുരിശെടുത്തതി മോദമോടെ

ഞാൻ നടന്നോരാ വഴിയിലെന്നെ പിൻഗമിച്ചിടണം

(മാനുഷാ നീ

ജീവനെ പരിരക്ഷ ചെയ്യാൻ അഭിലഷിച്ചിടുകിൽ

അതു നിത്യമായി നഷ്ടമായിടുമെന്നു കരുതിടുവിൻ (2)

എനിക്കായ് തൻ ജീവനൊരുവൻ നഷ്ടമാക്കിടിലോ

അതു നിത്യമായി നേടുമെന്നും വിശ്വസിച്ചിടാം

(മാനുഷാ നീ

TOP^ | MOTHER MARY | HOLY SPIRIT | ADORATION | PRAISE

429